# തുന്നിച്ചേർക്കാത്ത വിരൽ



രണ്ടാം പതിപ്പ്

കാവല്ലൂർ മുരളീധരൻ

# തുന്നിച്ചേർക്കാത്ത വിരൽ

**THUNNICHERKKATHA VIRAL**
Malayalam Language

*by*
**Kaavalloore Muraleedharan**

Rights reserved with the Publisher

First Published: May 2025
Second Edition: July 2025

*Published by*
**Sahithi Publications**
Ishara Complex, Elavumthitta, Pathanamthitta
www.sahithisangama.com
sahithipublications2021@gmail.com
**Tel: +91 8547357890, +91 9048834001**
Reg. No. PTM/TC/23/2022

*Cover designed by*
**Cockroach Studio**

*Printing*
**Nirmala Offset Printers**
Nirmala College Road, Chalakudy
Email: nirmalaplus@gmail.com

This work may not be translated or copied in whole or in part without the written permission of the author, except for brief excerpts in connection with reviews or scholarly analysis.

ISBN: 978-93-94587-61-8

**Price: ₹ 200**

# തുന്നിച്ചേർക്കാത്ത വിരൽ

**കാവല്ലൂർ മുരളീധരൻ**

**സാഹിതി പബ്ലിക്കേഷൻസ്**
**പത്തനംതിട്ട**
**ഫോൺ: +91 8547357890, +91 9048834001**



## കാവല്ലൂർ മുരളീധരൻ

തൃശ്ശൂർ, ഇരിങ്ങാലക്കുടയ്ക്കടുത്ത്, പടിയൂരിൽ ജനനം. അച്ഛൻ കാവല്ലൂർ രാംപറമ്പിൽ വേലായുധൻ, അമ്മ വള്ളിക്കുട്ടി. നാലു സഹോദരിമാർ രാജേശ്വരി, അംബിക, പരിമള, താര. പടിയൂർ ഡോൺബോസ്കോ ഇപി സ്കൂൾ, പടിയൂർ സെന്റ് സെബാസ്റ്റിയൻ അപ്പർ പ്രൈമറി സ്കൂൾ, കൽപ്പറമ്പ് ബിവിഎം ഹൈസ്കൂൾ എന്നിവടങ്ങളിൽ സ്കൂൾ പഠനം. ഇരിങ്ങാലക്കുട ക്രൈസ്റ്റ് കോളേജിൽ ബിരുദപഠനം, പുല്ലൂർ ഐടിസിയിൽ നിന്ന് സെക്രട്ടേറിയൽ പ്രാക്ടിസും പഠിച്ചു.

മൂന്നു വർഷം മുംബൈയിൽ വിവിധ ജോലി. സൗദി അറേബ്യയിൽ ഔദ്യോഗിക ജീവിതം തുടരുന്നു. ഭാര്യ ബിന്ദു, മക്കൾ മീര, മീനാക്ഷി.

***വിലാസം:***
ആരണ്യകം, കാവല്ലൂർ രാംപറമ്പിൽ വീട്
പടിയൂർ 680688, ഇരിങ്ങാലക്കുട, തൃശ്ശൂർ ജില്ല.
ഫോൺ: 00919447466923 00966507855402
E-mail: kvmuran@gmail.com

# സമർപ്പണം

അച്ഛനും അമ്മയ്ക്കും

# അവതാരിക

**നാ**ട്ടിൻപുറത്തുകാരന്റെ മനസ്സ് നന്മകളാൽ സമൃദ്ധം എന്ന് ഒറ്റവാചകത്തിൽ പ്രതികരിക്കട്ടെ!

അനുഭവങ്ങളെ താലോലിക്കുന്നവർ ഹരിതസ്മരണകളുടെ കലവറകളായി ധന്യത പുൽകുന്നു. അനുഭവം അനുഭവകാലത്തിന് അതീതമായി സ്മൃതി കുസുമങ്ങളാകുന്ന വിസ്മയത്തിൽ നന്മയുടെ, തരളതയുടെ, ലാവണ്യത്തിന്റെ മരുപ്പച്ചകൾ ആനന്ദസന്ദായകമായി മാറുന്നു.

ഗൃഹാതുരത്വത്തിന്റെ ദർപ്പണക്ഷമത അദൃശ്യകഥാപാത്രമായി ഈ ആഖ്യാനവൈഭവത്തെ സമ്പുഷ്ടമാക്കുന്നു. ബന്ധങ്ങളിൽ ഓരോ നിശ്ചിത നിമിഷത്തിലും സ്വയംഭൂവായി ഭവിക്കുന്ന സൗഹൃദകുടുംബബന്ധങ്ങളുടെ മണ്ഡലം മാറിമറിയുന്നു. ജീവിതത്തിന്റെ ആഴവും പരപ്പും നിർണ്ണയിക്കുന്ന ഒരു സചേതനവികാരമണ്ഡലം അവിടെ രൂപപ്പെടുന്നു. ഇതിന്റെ അതിരുകളും എലുകുകളും നാം സ്വയം തീരുമാനിക്കുന്നു. നമുക്ക് ലഭിക്കുന്നതിനെ വിപുലപ്പെടുത്താൻ നമുക്കാവും. ബന്ധങ്ങളിൽ നിറവ്, തികവ്, പൂർണ്ണത എന്നതിലാണ് ആത്മനിർവൃതി.

ഈ ഓർമ്മച്ചുരുളുകൾ അഴിയുമ്പോൾ അത്തരം ആത്മനിർവൃതിയുടെ ആലിപ്പഴപ്പെയ്ത്താണ് അനുഭൂതമാകുന്നത് പ്രവാസിയുടെ മനസ്സിൽ ഒരു ഉല എപ്പോഴും കത്തിക്കൊണ്ടിരിക്കുന്നുണ്ട്. ഉലയിൽ കാറ്റു കടത്തിവിടുമ്പോൾ ഏത് ലോഹത്തിന്റെയും കാഠിന്യം ജ്വലിച്ച്, പഴുത്ത്, ചുവന്ന്, ഒരു വിഷാദമൂർച്ഛയ്ക്ക് തയ്യാറെടുക്കുന്നു. അപ്പോഴാണ് ലോഹാർ ഒരു വലിയ കൂടംകൊണ്ട് ആഞ്ഞടിക്കുന്നത്. പ്രവാസിമനസ്സിന്റെ ഉള്ളകത്തിൻ ഈ പ്രക്രിയ നടന്നുകൊണ്ടേയിരിക്കുന്നു.

ഇവിടെ പതം വരുത്തി അടിച്ച് രൂപപ്പെടുത്തുന്നത് വൈയക്തിക വികാരഭാരങ്ങളുടെ സഹനപർവ്വങ്ങളാകാം. എന്നാൽ സ്വന്തത്തിനപ്പുറം സമസ്തവേദനകളിലേക്ക് വ്യാപരിക്കുന്ന ഹൃദയാലുക്കൾ ചുറ്റുപാടുകളിലെ കാടും കളയും കറുപ്പും വെളുപ്പും എല്ലാം സ്വാംശീകരിക്കാറുണ്ട്. അത്തരക്കാരുടെ ഉലയിൽ കത്തിത്തെളിയുന്നത് വിശ്വപീഢകളുടെ പരിച്ഛേദങ്ങളാണ്.

കഥാകാരൻ തന്റെ മനസ്സിന്റെയും അപരമനസ്സകളുടെയും അവതുവക്താരമായി മാറുന്നു.

അത് ഒരു ദർശനത്വരയല്ല, കാപട്യമില്ലാത്ത, സ്വാർത്ഥതാകലുഷിതമല്ലാത്ത മനസ്സിന്റെ ജൈവപരിണാമം ആയിരിക്കാം. ജീവിതവെട്ടത്തിലെ penumbra-യും umbra-യും തിരിച്ചറിയാനാകാറില്ല. എങ്കിലും ആരണ്യകാണ്ഡമില്ലാത്ത രാമായണം ഇല്ലാത്തതുപോലെ, ജീവിതത്തിലെ പരീക്ഷണകാലങ്ങൾ അഭിമുഖീകരിച്ചേ മതിയാവൂ. വ്യക്തിയുടെ ഉൾക്കരുത്ത് പരീക്ഷിക്കപ്പെടുന്നത് അത്തരം സന്ദർഭങ്ങളിലാണ് . ആലങ്കാരികമായി പറഞ്ഞാൽ ഓരോ പ്രവാസിയും ഒരു Lawrence of Arabia-യുടെ പുനരാവിഷ്കാരമാകാം. അനിശ്ചിതത്വത്തെ സാഹസികതകൊണ്ട് കീഴടക്കുന്ന ജീവിതായോധനത്തിന്റെ ശൈലി കാണാതെ പോകരുത്. ഇത്തരം പരമമായ സത്യാവസ്ഥകളെ "മെഴുകിലെ തിരി" എന്നപോലെ സമന്വയിപ്പിക്കുമ്പോൾ അനുഭവാഖ്യാനങ്ങൾക്ക് കഥയുടെ ചാരുതാസ്വാദ്യത കൈവരുന്നു.

ഇവിടെ എഴുത്തിലെ craft എന്ന ആശയം അപ്രസക്തമാവുകയും ആർജ്ജവം കരുത്താർജ്ജിക്കുകയും ചെയ്യുന്നു. ബൗദ്ധികപരാക്രമങ്ങളും intertextuality-യും മാനസികസംഘർഷത്തിന്റെ അതിപ്രസരണാവതരണങ്ങൾകൊണ്ടും ക്ലാസിക്കുകളുടെ അപനിർമ്മിതികൊണ്ടും ഒക്കെ ശബ്ദായമാനമാകുന്ന സാഹിത്യാന്തരീക്ഷത്തിൽ നിഷ്കളങ്കതയുടെ പൂക്കൾ വിരിയിച്ചുകൊണ്ട്, അടിസ്ഥാന വികാരങ്ങളുടെ മഴവില്ലുകൾ വരച്ചുകൊണ്ട്, അണുകുടുംബസംസ്കാരത്തിന് കൂട്ടുകുടുംബത്തിന്റെ തണലാഴങ്ങൾ ഊട്ടിയുറപ്പിക്കാൻ വെമ്പൽ കൊള്ളുന്ന ഈ സഹൃദയത്വം കാർമേഘത്തിൽ അപൂർവ്വമായി മാത്രം ദർശനീയമാകുന്ന രജതരേഖപോലെ, മിന്നൽക്കൊടിപോലെ ആണ്. സാഹിത്യത്തിൽ ഇത് ഇളംകാറ്റാണ്. വളരുകയും പടരുകയും പുഷ്പിക്കുകയും ചെയ്യുന്ന ചേതോഹരമായ ലതാനുഷ്ഠാനംപോലെയാണ്. ലോകത്തിലെ ഏറ്റവും പ്രശസ്തമായ Behavioural coaching class-ൽ മുഴങ്ങിക്കേട്ട ചോദ്യം ..... Are you complete with your father....?

പിതാവിനോട് നിങ്ങൾ എത്രമാത്രം ഐക്യപ്പെട്ടിരിക്കുന്നു? ഇവിടെ പിതാവിനെ ബന്ധങ്ങളുടെ ശ്രേണിയിലെ ഏറ്റവും പ്രമുഖപദത്തിൽ കുടിയിരുത്തുകയാണ്. ഇത് യാദൃച്ഛികമോ ആഗന്തുകമോ ആയ പ്രമേയമല്ല. പിതാവും പുത്രനും തമ്മിലുള്ള സർവ്വതലസ്പർശിയായ ഐക്യപ്പെടലിന്റെ അല്ലെങ്കിൽ അതിലെ രാഹിത്യത്തിന്റെ കണ്ടെത്തൽ നിരവധി പുരാണകഥകളിൽ പ്രമേയമാകുന്നുണ്ട്. ധ്രുവന്റെ ചരിതം അതിൽ അധിഷ്ഠിതമാണ്. കഠോപനിഷത്തിലെ കേന്ദ്രബിന്ദു നചികേതസിന്റെയും പിതാവിന്റെയും ആഭിമുഖ്യവൈരുദ്ധ്യങ്ങളാണ്. പരശുരാമനും ജമദഗ്നിയും തമ്മിലും

കൊടുക്കൽ വാങ്ങലുകൾ നടക്കുന്നുണ്ട്. ശ്രീരാമൻ ദശരഥന്റെ ഋണബാദ്ധ്യതകൾക്ക് ഒറ്റത്തവണ തീർപ്പാക്കുകയാണ്.

മുരളീധരന്റെ ആത്മാംശപ്രധാനമായ കഥപറച്ചിലിൽ പിതാവിനെ ഉയർന്ന പീഠത്തിൽ പ്രതിഷ്ഠിക്കുന്നു. ഏത് മകനും അച്ഛനെപ്പറ്റി പറയുമ്പോൾ ആയിരം നാവുണ്ട്, അഭിമാനമുണ്ട്. ഒരു വ്യക്തി സ്വന്തമാക്കാൻ ആഗ്രഹിക്കുന്ന ഏറ്റവും അഭികാമ്യമായ reflected glory പിതാവിന്റെ മഹത്വം തന്നെയാണ്. അത്തരം ആത്മബന്ധത്തിന്റെ സമ്പൂർണ്ണതയാണ് മുരളീധരൻ നമ്മോട് പങ്കുവയ്ക്കുന്നത്. ചില്ലു പൊട്ടാത്ത, പ്രതലങ്ങളിൽ ചുളിവുകൾ വീഴാത്ത ഒരു ഛായാചിത്രത്തിന്റെ തേജസ്സ് നിത്യപ്രകാശമായി ഏറ്റെടുക്കുന്ന കഥാകാരൻ അഭാവങ്ങളില്ലാത്ത ഒരു പൂർണ്ണമനുഷ്യനായി മാറുന്നു.

ഗൃഹാതുരത്വവും ഭൂതകാലത്തിന്റെ പുനർനിർമ്മിതിയും സയാമീസ് ഇരട്ടകളെപ്പോലെ ബന്ധപ്പെട്ടിരിക്കുന്നു. ശൃംഗാരത്തിൽ വിപ്രലംഭത്തിന് പ്രാധാന്യം നൽകപ്പെടുന്നതുപോലെ, സ്മരണകളിൽ ഗൃഹാതുരത്വത്തിന് പ്രത്യേക സുഗന്ധമാണുള്ളത്. എഴുത്തുകാരനെയും വായനക്കാരനെയും സമാനമായ തരംഗദൈർഘ്യത്തിലൂടെ ഏകീകരിക്കുന്ന പ്രബലമായ കണ്ണിയാണത്. ഗൃഹാതുരത്വം കാലങ്ങളുടെ വച്ചുമാറ്റമാണെന്നും വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ട്. ഭൂതായനങ്ങളിൽ വിലയിക്കാനുള്ള അദമ്യമായ ത്വരയെ ഒരു അടിസ്ഥാനവികാരമായി പരിലാളിക്കുന്ന രചനാരീതി കഥകളുടെ പാരായണമേന്മയെ വികസ്വരമാക്കുന്നതെങ്ങനെ എന്നതിന് ഉദാഹരണമാണ് മുരളീധരന്റെ ഈ കഥകൾ. ഈ കഥകളിൽ പൂത്തുലയുന്നത് ജന്മനാടിന്റെ സൗഭഗങ്ങളാണ്. തുന്നിച്ചേർക്കാനാവാത്ത ഒരു പ്രണയബന്ധത്തിന്റെ പ്രേതഭൂമി ഈ കഥകളിലെവിടെയും ഇല്ല. സുരഭിലദാമ്പത്യം തളിർത്തു നിൽക്കുന്നുണ്ട്. സ്മരണകളുടെ സുഖസംവേദനം സുഗന്ധവാഹിയായ ഇളംകാറ്റുപോലെ ഇവിടെ സന്നിഹിതമാകുന്നുണ്ട്. ഭൗതിക സുഖഭോഗങ്ങളുടെ അഭാവം ആത്മാവിനെ നൊമ്പരപ്പെടുത്തുന്നില്ല. കാവല്ലൂർ മുരളീധരന്റെ കഥകളിലെ മരതകകാന്തി മനുഷ്യസ്നേഹത്തിന്റെ ഉദ്ദീപനങ്ങളിൽ അധിഷ്ഠിതമാണ്. അനൗപചാരിക കൂട്ടായ്മകളാണ് ഏറ്റവും പ്രകടമായ സാമൂഹ്യസുരക്ഷാസംവിധാനങ്ങൾ എന്നത് അനുഭവസാക്ഷ്യമായി ഇതിൽ വെളിപ്പെടുന്നു. തളരുന്ന തലമുറയ്ക്ക് താങ്ങാവുന്ന മനുഷ്യബന്ധങ്ങളിലെ backward linkageന് അപ്രമാദിത്വം നൽകുന്ന ഈ എഴുത്തുകാരൻ മൂല്യബോധത്തിന്റെ സംരക്ഷകനായി രൂപാന്തരപ്പെടുന്നു. പട്ടാളക്കാരുടെ കഥയെഴുത്തിൽ അവർ ജനിച്ചു വളർന്ന കേരളീയഗ്രാമത്തിന്റെ ചാരുതയോടൊപ്പം, അവർ സാക്ഷ്യം വഹിച്ച പോർമുഖങ്ങളും കൂടി ആവിഷ്കരിക്കപ്പെടുന്നുണ്ട്. ഇവിടുത്തെ

പച്ചപ്പും ചന്ദ്രികാചർച്ചിത രാവുകളും വായനക്കാരന് സുഖകരമായ ആവർത്തനങ്ങളാണ്. എന്നാൽ സൈനികന്റെ ജീവിതായോധനം അവൻ വർദ്ധിച്ച ആകാംക്ഷയോടെ വായിക്കും. എന്നതുപോലെ പ്രവാസിയുടെ ജീവിതയാതനകളാണ് വായനക്കാരൻ അക്ഷമനായി കാത്തിരിക്കുന്ന വായനാവിഭവം. അതിലേക്കെത്തുമ്പോഴാണ് ഗൃഹാതുരത്വത്തിന്റെ ആവർത്തന വിരസതയില്ലാത്ത, ആത്മാംശഭരിതമായ നിർമ്മലസാഹിത്യം ഉരുവമെടുക്കുന്നത്. രണ്ടും രണ്ട് കാര്യങ്ങളാണ്. പ്രവാസിയുടെ ജീവിത കഥയുടെ ഊടുംപാവുമാണവ. ഇത്തരം ഉരുക്കിച്ചേർക്കലിന്റെ ഇടമാണ് മുരളീധരന്റെ കഥകൾ. ഓരോ വ്യക്തിയും നിർവ്വചിക്കപ്പെടുന്നത് അയാളുടെ ഉള്ളിൽ നടന്നുകൊണ്ടിരിക്കുന്ന നിരന്തരസംഭാഷണങ്ങളിലൂടെയാണ്, അതിന്റെ ഗുണപരതയിലൂടെയാണ്, inner conversation.

കഥാകാരൻ അത്തരം നിരന്തരമായ മനോവ്യാപാരങ്ങളാണ് പങ്കുവയ്ക്കുന്നത്. അനുഭവങ്ങളും അനുഭൂതികളും അത്തരം മനോവ്യാപാരങ്ങളിലൂടെ സംസ്കരിക്കപ്പെട്ട് രൂപപ്പെടുന്നതാണ് ഇത്തരം ഗുണപരതയുള്ള കഥകൾ. മനസ്സിന്റെ ഉർവ്വരതയാണ് സാഹിത്യമായി പിറന്നുവീഴുന്നത് എന്ന് തെളിയിക്കുകയാണ് നമ്മുടെ പ്രിയപ്പെട്ട എഴുത്താൾ. ജീവിതത്തെ ദുഷ്കരമാക്കുന്ന നിരവധി ഘടകങ്ങളുണ്ടല്ലോ. ഏകാന്തത, അദ്ധ്വാന ഭാരം, പൂർത്തീകരിക്കാനാവാത്ത ഉത്തരവാദിത്വങ്ങൾ, കൂനിൻമേൽ കുരു എന്നതുപോലെ കോവിഡ്-19, പ്രളയം, മലയിടിച്ചിൽ, വരൾച്ച തുടങ്ങി പലതും വന്നുഭവിക്കുന്നു. ആവിഷ്കാരത്തിന്റെ സത്യസന്ധത ഓരോ വെല്ലുവിളിയെയും സമുചിതമായ ചായങ്ങളിൽ വരച്ചിടാൻ കഥാകാരനെ ബാദ്ധ്യസ്ഥനാക്കുന്നുണ്ട്. നിയോഗങ്ങളും സഹനങ്ങളും പര്യായപദങ്ങളായി രൂപാന്തരപ്പെടുന്നതാണ് കർമ്മയോഗികളുടെ ജീവിതത്തിലെ യാഥാർത്ഥ്യം എന്നുകൂടി വെളിപ്പെടുത്തുന്നുണ്ട് ഈ കഥകൾ. നിയോഗങ്ങളെ അനുഗ്രഹങ്ങളായി ഉദാത്തവൽക്കരിക്കുന്ന ഉയർന്ന തലത്തിലാണ് മുരളീധരൻ സ്വയം വിന്യസിച്ചിരിക്കുന്നത്. 'ജീവിതം എന്നും ഒരു യുദ്ധമായിരുന്നു' എന്ന തിരിച്ചറിവും നമ്മോട് ഏറ്റ് പറയുന്നുണ്ട്. 'എന്നെ തോല്പിച്ച സമൂഹമേ, നിന്നെ ഞാൻ വെറുക്കുന്നു' എന്നു പറയുന്നുണ്ടെങ്കിലും അത് കഥാകാരനിലെ സ്ഥായീഭാവമല്ല. അതിൽ വെറുപ്പില്ല, ഒരു വിലാപം മാത്രമാണ് എന്ന് നമുക്കറിയാം. കഥാകാരൻ പങ്കുവയ്ക്കുന്ന ദുരന്തങ്ങളിൽ തലച്ചോറിലെ കൊള്ളിയാനും ഇടിവെട്ടും കുത്തിയൊലിക്കുന്ന പെരുമഴയും ഒക്കെയുണ്ട്. ഹൃദയസ്പന്ദനംപോലെയാണ് ഉള്ളിലെ ചിന്തകളുടെ കനലുകളും. ആഖ്യാനങ്ങൾക്കിടയിൽ ലോകസത്യങ്ങളുടെയും മഹദ്വചനങ്ങളുടെയും ഉദീരണങ്ങളുണ്ടാകുന്നുണ്ട്. സ്വയം സാന്ത്വനപ്പെടുത്തലുകൾ, അർത്ഥാന്തരന്യാസവചനങ്ങൾ, കാറ്റിൽ പൊഴിയുന്ന

മണമുള്ള പൂക്കളെപ്പോലെ വായനക്കാരന് വീണുകിട്ടുന്ന അമൂല്യശുദ്ധ സംവേദന മലരുകളാണവ. അതൊക്കെയും പാണ്ഡിത്യപ്രകടനത്തിന്റെ ലാഞ്ചനയില്ലാത്ത, മനസ്സിന്റെ നിർമ്മല പരാഗങ്ങളാണ്. കാപട്യങ്ങളും സങ്കീർണ്ണതകളുമില്ലാത്ത സരളമായ എഴുത്തിന്റെ ഏഴഴകാണ് ഇവിടെ ദർശനീയമാകുന്നത്. കണ്ണുകളിലൂടെ ചിരിക്കുന്ന മനുഷ്യരുടെ ചിത്രം ഈ കഥകളിലുണ്ട്. യാത്ര യാത്രക്കാരന്റെ ആവശ്യമാണെന്ന സത്യപ്രസ്താവന വായിക്കാനായി. നാം ജീവിക്കുന്നത് തുറന്ന ജയിലുകളിലാണെന്ന തിരിച്ചറിവ് പകരുന്നുണ്ട്, നമ്മളിലെ ദേശാടനക്കിളികളെ കണ്ടെത്തുന്നുണ്ട്. ജീവിതം അനിശ്ചിതത്വങ്ങളുടെ കലവറയാണെന്നതിന് അടിവരയിടുന്നുണ്ട്. വായിച്ചു പോയപ്പോൾ മനസ്സിലുടക്കിയ വചനങ്ങൾ നൂറുകണക്കിനാണ്. കഥയെ കാര്യത്തിന്റെ കരയിൽ അടുപ്പിക്കുന്നവയാണ് അത്തരം വചനങ്ങൾ, സത്യാന്വേഷകന്റെ പാദമുദ്രകളാണവ. ആഖ്യാനത്തിന്റെ ആത്യന്തികങ്ങൾ അത്തരം സത്യബഹിർഗ്ഗമനങ്ങളിൽ നങ്കൂരമിടുമ്പോൾ കഥകൾ കൂടുതൽ ജീവിതഗന്ധിയാകുന്നു.

08/02/2025 **തെന്നൂർ രാമചന്ദ്രൻ**
തൃശൂർ

# പ്രസാധകമൊഴി

ഒരു വിപുലമായ വായനാപാരമ്പര്യമോ, നീണ്ടകാല ധ്യാനാനന്തര സാക്ഷാൽക്കാരമാണ് തന്റെ എഴുത്തെന്ന അവകാശവാദമോ ഇല്ലാത്ത ഒരെഴുത്തുകാരനാണ് കാവല്ലൂർ മുരളീധരൻ. തന്റെ ജീവിതത്തിന്റെ സഞ്ചാരപഥങ്ങളിൽ കണ്ടുമുട്ടുന്ന, മുട്ടിയുരുമ്മി കടന്നുപോകുന്ന പരിചിതാപരിചിത മുഖങ്ങൾ, അവരുടെ ഉള്ളിലെ സന്തോഷത്തിന്റെ, സന്ത്രാസത്തിന്റെ നേർചിത്രങ്ങൾ, സ്വന്തം ജീവിതത്തിലെ ഒടുങ്ങാത്ത അനുഭവങ്ങളുടെ തിരയിളക്കത്തിൽ നിന്നും ഉദ്ഭൂതമാകുന്ന ഞരക്കങ്ങളും, നനവും തലോടലും പകർത്തി എഴുതുകമാത്രമാണ് മുരളീധരൻ എന്ന സാഹിത്യപ്രേമി ചെയ്യുന്നത്. അതാകട്ടെ ഏതു നീണ്ട തപസ്സിന്റെ ഉൾവിളികളെക്കാളും ശക്തവും ഗാഢവുമാണ്. ഉള്ളിൽ നിന്ന് ഉയർത്തെഴുന്നേല്ക്കുന്ന ചിന്താധാരകൾക്ക് അക്ഷരപ്രകാശം പരത്തി കടന്നുപോകുന്നതല്ലാതെ പുനർവായനക്കോ തിരുത്തലിനോ പോലും തിരിഞ്ഞു നില്ക്കാത്ത ഒരേകാന്തപഥികനാണ് ഈ പ്രതിഭാധനൻ. അതാകട്ടെ മൗലികവും, പിന്നാലെ എത്തുന്ന വായനക്കാരന് ഉന്മേഷദായകവും.

തുന്നിച്ചേർക്കാത്ത വിരൽ എന്ന എക്കാലത്തേയും മികച്ച കഥ ഉൾപ്പെടെ ഓർമ്മകളും യാത്രാനുഭവങ്ങളുമൊക്കയായി ഉന്നതനിലവാരം പുലർത്തുന്ന അമ്പത്തിയാറു രചനകളടങ്ങിയ ഈ "തുന്നിച്ചേർക്കാത്ത വിരൽ" സാഹിതി പബ്ലിക്കേഷൻസിലൂടെ പ്രകാശിതമാകുന്നതിൽ ഞങ്ങൾ അഭിമാനിക്കുന്നു, കൃതാർത്ഥരാണ്. മലയാളത്തിന് വായനാനിർവൃതി പകർന്നുതരാൻ പ്രാപ്തമായൊരു മികച്ച പുസ്തകം കാഴ്ചവയ്ക്കാൻ കഴിഞ്ഞതിലെ ചാരിതാർത്ഥ്യവും ഞങ്ങൾക്കുണ്ട്.

നിറഞ്ഞ സംതൃപ്തി.

സ്നേഹത്തോടെ,

**ബാലചന്ദ്രൻ ഇഷാര**
ചീഫ് എഡിറ്റർ,
സാഹിതി പബ്ലിക്കേഷൻസ്
ഫോൺ: +91 8547357890

# എഴുത്തിന്റെ വഴികൾ

ജീവിതം വലിയ ഒരു പ്രയാണമാണല്ലോ. ബിരുദപരീക്ഷയുടെ ഫലം വന്നു, അതിവേഗം പ്രൊവിഷണൽ സർട്ടിഫിക്കറ്റും വാങ്ങി മുംബൈയിലേക്ക് വണ്ടി കയറി. മൂന്നുവർഷം മുംബൈയിൽ. ജീവിതത്തിൽ ഓരോ പൈസയുടെയും വില നമ്മെ പഠിപ്പിക്കുന്ന മുംബൈ, ജീവിതത്തിന്റെ ഏറ്റവും വലിയ പഠനശാലയാണ്. അവിടത്തെ റെയിൽവേ യാത്രകളിലും, പ്ലാറ്റുഫോമുകളിലും ആണ് "ആൾക്കൂട്ടം"അടക്കമുള്ള വായനകൾ നടന്നത്. അത് കഴിഞ്ഞു സൗദി അറേബ്യയിൽ എത്തിച്ചേർന്നു. മൂന്നു പതിറ്റാണ്ടുകൾ കഴിഞ്ഞുപോയത് അറിഞ്ഞില്ല. മരുഭൂമിയിൽ വായനകൾ കുറവായിരുന്നു, പക്ഷെ മരുഭൂമിയിലെ ജീവിതം ഒരുപാട് പൊള്ളിപ്പടർന്നു. നാട്, നാടിന്റെ ഓർമ്മകൾ, നാടിന്റെ നന്മകൾ, ജീവിതത്തിന്റെ ഉഷ്ണക്കനലുകളുടെ മുകളിലൂടെ നാടിന്റെ നനവ് എപ്പോഴും പടർന്നുകൊണ്ടിരുന്നു. ജീവിതത്തിലെ ആ നനവുകളായിരിക്കാം കഥകളായും കവിതകളായും ഓർമ്മകളായും യാത്രകളായും അക്ഷരങ്ങളിലൂടെ പിറന്നുവീണത്.

അറിയാത്ത ഒരുപാട് മനുഷ്യരുടെ പ്രാർത്ഥനകളും അനുഗ്രഹങ്ങളും ആണ് അക്ഷരങ്ങളായി പിറക്കുന്നത് എന്ന് പലപ്പോഴും തോന്നിയിട്ടുണ്ട്.

എഴുത്തിന്റെ പാഠങ്ങൾ, തന്ത്രങ്ങൾ ഒന്നും പഠിച്ചിട്ടില്ല, അറിയുകയുമില്ല. എന്താണോ മനസ്സിൽ ആ സമയത്ത് വരുന്നത്, അവ കുറിച്ചിട്ടു.

ചിന്തകളിൽ ചിലപ്പോൾ ഒരുപാട് തെറ്റുകൾ കണ്ടേക്കാം, സദയം പൊറുക്കണം.

ഇതിലെ അക്ഷരങ്ങൾ നിങ്ങളെ പ്രചോദിപ്പിക്കുന്നുവെങ്കിൽ ഈ പുസ്തകം ധന്യമായി. എഴുതിക്കഴിഞ്ഞതൊന്നും എഴുത്തുകാരന്റേതല്ല, അതെല്ലാം വായനക്കാരുടേതാണ്.

നല്ല ഒരു വായന കിട്ടുമെന്നാണ് പ്രതീക്ഷ.

നന്മകൾ നിറയട്ടെ ചുറ്റും.

# നന്ദി

ആദ്യം നന്ദി പറയേണ്ടത് പ്രസാധകനായ ബാലചന്ദ്രൻ ഇഷാര സാറിനോടാണ്. സാറിന്റെ നിർബന്ധം ആണ് ഈ പുസ്തകം ഇത്തരത്തിൽ ആകുവാനുള്ള കാരണം. തെന്നൂർ രാമചന്ദ്രൻ സാർ വളരെ മനോഹരമായി ആമുഖത്തിൽ പുസ്തകത്തെ വായിച്ചു വിലയിരുത്തിയിട്ടുണ്ട്. ഈ രണ്ടു ഗുരുക്കന്മാരോടുമുള്ള നന്ദി വാക്കുകളിൽ ഒതുക്കാനാവില്ല. മലയാളഭാഷക്കുവേണ്ടി ജീവിതം സമർപ്പിച്ചിരിക്കുന്ന രണ്ടുപേർക്കും ഹൃദയം നിറഞ്ഞ കൂപ്പുകൈ.

സുഹൃത്ത് സുനിൽ പൂവേലി, ജോൺസൺ തുടങ്ങിയവരാണ്, ഫേസ്ബുക്കിലെ എഴുത്തുകളിൽനിന്ന് ഈ പുസ്തകത്തിലേക്കുവേണ്ട ഉള്ളടക്കങ്ങൾ കണ്ടെത്തിയത്.

എന്റെ രചനകൾ വായിച്ച് അക്ഷരത്തെറ്റുകളും വ്യാകരണങ്ങളും തിരുത്തിത്തരുന്ന, പേരുവെളിപ്പെടുത്താൻ ആഗ്രഹിക്കാത്ത അടുത്ത സുഹൃത്തിന് ഹൃദയം നിറഞ്ഞ നന്ദി.

ഫേസ്ബുക്കിലെ എഴുത്തുകൾ വായിച്ചു നിരന്തരം വിലയിരുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ധാരാളം സുഹൃത്തുക്കൾ ഉണ്ട്, എല്ലാവർക്കും നന്ദി. ഓരോരുത്തരെയും പേരെടുത്ത് പറയുന്നില്ല എന്ന് മാത്രം.

പുസ്തകത്തിന് വ്യത്യസ്തമായ വീക്ഷണകോണിലൂടെ പഠനം എഴുതിയ ശ്രീ. രാധാകൃഷ്ണൻ വെട്ടത്തിന് നന്ദി.

പുസ്തകത്തിന് മുഖചിത്രം രൂപകൽപന ചെയ്യാൻ ഭാഗഭാക്കായ മൂത്തമകൾ മീരക്കും, എന്നും കഥകൾ വായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഭാര്യ ബിന്ദുവിനും, ഇളയ മകൾ മീനാക്ഷിക്കും നന്ദി.

എവിടെയോ ഇരുന്ന് നിരന്തരം അനുഗ്രഹങ്ങൾ ചൊരിയുന്ന എല്ലാ ഗുരുതുല്യർക്കും വായനക്കാർക്കും ഹൃദയം നിറഞ്ഞ നന്ദി, നമസ്കാരം.

നന്മകൾ നിറയട്ടെ ചുറ്റും.

# ഉള്ളടക്കം


- തുന്നിച്ചേർക്കാത്ത വിരൽ ........ 17
- അച്ഛൻ ........ 19
- കാലം മുന്നോട്ട് ചലിപ്പിക്കുന്ന ജീവിതം ........ 21
- നല്ല മനുഷ്യരുടെ ലോകം ........ 23
- ആകാശയാത്ര ........ 26
- സുകൃതജന്മങ്ങൾ ........ 28
- ആർ.കെ.വി. ........ 31
- പ്രതീക്ഷകളും യാഥാർത്ഥ്യങ്ങളും ........ 33
- നല്ല നിമിഷങ്ങൾ ........ 36
- മടങ്ങിവരാത്ത യാത്ര ........ 38
- കത്തിത്തീരാതെ ചിത ........ 40
- മടക്കയാത്രയുടെ ദൂരങ്ങൾ ........ 42
- നിമഞ്ജനം ........ 44
- ഒരുമയുടെ ജീവിതം ........ 46
- തനിയെ ആകുന്ന ആത്മാവ് ........ 49
- മടക്കയാത്ര ........ 51
- വീണ്ടും മരുഭൂമിയിലേക്ക് ........ 53
- കൊല്ലങ്കോട് വഴി ........ 56
- മധുര വഴി ........ 59
- രാമേശ്വരം ........ 62
- ധനുഷ്കോടി, ഒപ്പം അച്ഛന്റെ ഓർമ്മകളും ........ 65
- മടക്കം ........ 67
- പഠാന്റെ മകൻ ........ 70
- പ്രണയത്തിന്റെ മിന്നാമിനുങ്ങുകൾ ........ 72
- അടയാളങ്ങൾ ........ 75
- കാഴ്ചകൾക്കപ്പുറത്ത് ........ 77
- യാഥാർത്ഥ്യങ്ങൾ ........ 79

- മരുഭൂമിയിലേക്ക് ........ 82
- ബറാപാനി, ഉംറായ് കാന്റ്റ് ........ 84
- ശിക്ഷണങ്ങൾ ........ 86
- നാരായണേട്ടൻ ........ 88
- വേദനകളുടെ മറുപുറങ്ങൾ ........ 91
- ഷില്ലോങ്, ചിറാപുഞ്ചി........ 93
- തുറക്കാത്ത മനസ്സ് ........ 96
- മഹാപ്രളയം ........ 99
- ആനകൾക്കിടയിലേക്ക് ........ 107
- യുദ്ധാനന്തരം ........ 112
- അവൻ ........ 114
- ഉരുകിത്തീരുന്ന ജീവിതം ........ 116
- ഭുയ്യാൻ ........ 118
- ഗതിവിഗതികൾ........ 121
- സമ്മർദ്ദം........ 124
- തിരിച്ചുപിടിക്കുമ്പോൾ ........ 127
- 6.58 ബദ്‌ലാപ്പൂർ സെമിഫാസ്റ്റ് ........ 130
- യുദ്ധം........ 132
- കടൽ........ 134
- തടവറകൾ........ 137
- മരുഭൂമിയുടെ വായനകൾ........ 139
- മഴവില്ലുകൾ നിറയുമ്പോൾ ........ 141
- തിരിച്ചുപോകുന്നവർ ........ 142
- ഓർമ്മകളുടെ ഉത്സവങ്ങൾ ........ 144
- വാഴയിലയിലെ ചോറ് ........ 146
- ഫറോക് ഒരോർമ്മ........ 147
- സൂര്യോദയങ്ങൾ ........ 151
- അഹങ്കാരത്തിന്റെ ആഘോഷങ്ങൾ........ 153
- ഖുറൂജ് (Exit)........ 155

*"തുന്നിച്ചേർക്കാത്ത വിരൽ" ഒരു പഠനം* ........ 157

*തുന്നിച്ചേർത്ത ഹൃദയം*........ 160

# തുന്നിച്ചേർക്കാത്ത വിരൽ

**ചി**ല മനുഷ്യർ അങ്ങനെയാണ്, ഒരു വേദനയും അവർക്കു പ്രശ്നമല്ല, വേദനകളെ സധൈര്യം നേരിടും, എന്നിട്ടുമൊന്നും സംഭവിക്കാത്ത പോലെ മുന്നോട്ടു പോകും.

ദീർഘകാലമായി ഭിലായ് സ്റ്റീൽ പ്ലാന്റിൽ ആയിരുന്നു അച്ഛൻ ജോലി ചെയ്തിരുന്നത്. പെൻഷൻപറ്റി പിരിഞ്ഞതിൽപ്പിന്നെ തന്റെ തിരക്കുള്ള ജീവിതത്തിൽ നിന്നുള്ള മാറ്റം കുറച്ചൊന്നുമല്ല അച്ഛനെ ബാധിച്ചത്.

പശുവും പാടത്തെ പണികളിലേക്കും അച്ഛൻ കൂടുതൽ സമയം കണ്ടെത്തി.

വീട്ടിൽ ഒരു പശുവും അതിന്റെ കിടാവും ഉണ്ടായിരുന്നു.

പുഞ്ചപ്പാടത്തെ കൊയ്ത്തു കഴിഞ്ഞതിനാൽ തോടിന്റെ വരമ്പത്തു ധാരാളം കറുകപ്പുല്ലുണ്ടായിരുന്നു. അതിനാൽ പശുവിനെയും കിടാവിനെയും വരമ്പിന്റെ വശങ്ങളിൽ മാറിമാറി കെട്ടിയിരുന്നു.

വൈകിട്ട് കെട്ടഴിച്ചിട്ടാൽ വേഗത്തിൽ ഓടി വീടിന്റെ പിന്നിലുള്ള തൊഴുത്തിന്റെ വലതു വശത്തെ തൊട്ടികളിൽ അവർക്കുള്ള കുടിവെള്ളം കുടിക്കാൻ അവർ പാഞ്ഞെത്തും.

അന്നും പതിവുപോലെ അച്ഛൻ കിടാവിനെ ആദ്യം അഴിച്ചുവിട്ടു, കെട്ടഴിഞ്ഞു കിട്ടിയ സന്തോഷത്തിൽ അത് വീട്ടിലേക്കു പാഞ്ഞു. എന്നാൽ വലിയ പശു കുറ്റിയിൽ കുടുങ്ങിക്കിടക്കുകയായിരുന്നു. പെട്ടെന്ന് അഴിക്കാൻ കഴിഞ്ഞില്ല, കിടാവ് ഓടിപ്പോയതിനാൽ പശു തിരക്ക് കൂട്ടി. കെട്ടഴിക്കാൻ അച്ഛൻ പശുവിനെ പുറകോട്ടു വലിച്ചു, പുറകോട്ടു നീങ്ങിയ പശുവിന്റെ പിൻകാൽ കുളമ്പ് അച്ഛന്റെ ഇടത് കാലിലെ ഏറ്റവും ചെറിയ വിരൽ ചേരുന്നിടത്താണ് പെട്ടെന്ന് പതിച്ചത്. അത്യധികമായ വേദനയോടെ അച്ഛൻ വീണുപോയി. കയർ ഊരിക്കിട്ടിയ പശു വീട്ടിലേക്കു പാഞ്ഞു.

പാടത്ത് ആ സമയത്ത് ആരുംതന്നെ ഉണ്ടായില്ല. അച്ഛന്റെ നിലവിളി പാടത്തിന്റെ കരയിൽ വീടുള്ള അമ്മിണി ചേച്ചി കേൾക്കുകയും അച്ഛൻ വീഴുന്നത് വളരെ ദൂരെനിന്ന് കാണുകയും ചെയ്തു. അമ്മിണി ചേച്ചി വേഗം

പാടത്തേയ്ക്ക് ഓടി.

അമ്മിണി ചേച്ചി എത്തുന്നതിനുമുമ്പേ അച്ഛൻ എഴുന്നേറ്റു. ഇടത്തേ കാലിന് തൊട്ടടുത്ത് മുറിഞ്ഞുകിടക്കുന്ന വിരൽ കണ്ടു. പതുക്കെ അതെടുത്ത് ഷർട്ടിന്റെ കീശയിൽ ഇട്ടു. കാലിൽനിന്നും രക്തം ധാരാളം ഒഴുകുന്നു. എങ്കിലും അച്ഛൻ നടന്നു.

അടുത്തെത്തിയ അമ്മിണി ചേച്ചി അച്ഛനോട് അവിടെത്തന്നെ ഇരിക്കാൻ പറഞ്ഞു, ആര് കേൾക്കാൻ. "മോള് കുറച്ചു വെള്ളമെടുക്കൂ കാലൊന്നു കഴുകാനാണ്". അമ്മിണി ചേച്ചിയുടെ വീടിന്റെ മുമ്പിലെ വരമ്പിലിരുന്ന് കാൽ കഴുകി.

അപ്പോഴാണ് അമ്മിണി ചേച്ചി ഷർട്ടിന്റെ കീശയിൽനിന്ന് രക്തം ഒഴുകുന്നത് കണ്ടത്. ചേട്ടാ നെഞ്ച് മുറിഞ്ഞിട്ടുണ്ടോ അവിടെനിന്നും രക്തം വരുന്നുണ്ടെന്ന് പറഞ്ഞു.

അച്ഛൻ കീശയിൽനിന്നും ചെറുവിരൽ എടുത്തു കാണിച്ചു, അത് കണ്ടതും അമ്മിണി ചേച്ചി ബോധരഹിതയായി വീണു.

അപ്പോഴേക്കും കുറച്ചുപേരൊക്കെയെത്തി.

പെട്ടെന്ന് ആശുപത്രിയിൽ പോകാം, വിരൽ തുന്നിച്ചേർക്കാം എന്ന് പറഞ്ഞു. അച്ഛനൊന്നും കേട്ടില്ല.

വീട്ടിൽ ചെന്ന് മുറിവ് ഒന്നുകൂടെ കഴുകി, മരുന്ന് വച്ച് മുറിവ് നന്നായി കെട്ടി.

ഷർട്ടൂരി കീശയിൽ നിന്നും വിരലെടുത്തു, തടം തുറന്ന തെങ്ങിന്റെ കടയ്ക്കടുത്ത് ഒരു കുഴിയുണ്ടാക്കി അതിലിട്ട് മൂടി.

പിന്നെ ആരോടെന്നില്ലാതെ പറഞ്ഞു, ജീവിച്ചിരിക്കുമ്പോൾ അവനവന്റെ ഒരു ഭാഗം കുഴിച്ചിടാനും വേണം ഒരു യോഗം.

ചെറുവിരലില്ലാത്ത ആ ഇടതുകാൽ ഞാൻ തടവുമ്പോൾ അച്ഛൻ ചിരിക്കും. "അത് നന്ദിനി മുറിച്ചെടുത്തതാ, അവളെ അഴിക്കാൻ വൈകിയതിന്". അച്ഛന് നോക്കാൻ വയ്യാതെയായപ്പോൾ നന്ദിനിയെ വിറ്റു. നന്ദിനിയുടെ കയർ വാങ്ങിയ ആൾക്ക് കൈമാറിയപ്പോൾ അവൾ നടക്കാൻ തയ്യാറായില്ല. പടി വരെ അച്ഛൻതന്നെ അവളെ കൊണ്ടുപോയി, കയർ വാങ്ങിയ ആളെ ഏൽപ്പിച്ചു തിരിച്ചു നടന്നു. നന്ദിനി തിരിഞ്ഞു നിന്നു അച്ഛനെ നോക്കി വലിയ വായിൽ അമറി. അച്ഛൻ പെട്ടെന്ന് വീട്ടിന്നകത്തു കയറി വാതിലടച്ചു.

# അച്ഛൻ

**അ**ച്ഛനെ ഇപ്പോഴും എപ്പോഴും വരാന്തയിലെ ചാരുകസേരയിൽ എനിക്ക് കാണാൻ കഴിയും. പലപ്പോഴും മാതൃഭൂമി പത്രത്തിന്റെ നിവർത്തിയ താളുകൾക്കു പിന്നിൽ അച്ഛൻ കാണും. കാലുകൾ നീട്ടിവെക്കാനുള്ള പലകയിൽ കാലുകൾ കയറ്റിവെച്ചു വായിച്ചുകൊണ്ടിരിക്കുക എന്നതായിരുന്നു ജീവിതത്തിൽ അച്ഛന് ഏറ്റവും ഇഷ്ടമുള്ള കാര്യം. വായനക്കപ്പുറത്തേക്ക് അതീതമായ ഒരു സന്തോഷവും അച്ഛനുണ്ടായിരുന്നു എന്നെനിക്കു തോന്നുന്നില്ല.

അച്ഛൻ ചിരിച്ചിരുന്നത് കണ്ണുകളിലൂടെയാണ്.

ആ കസേരയിൽ കിടന്നുത്തന്നെ എല്ലാ സന്ദർശകരെയും കൈകൂപ്പി സ്വീകരിച്ചു. അവർ പോകുമ്പോഴും കൈകൂപ്പി നന്ദിയും സന്തോഷവും പ്രകടിപ്പിച്ചിരുന്നു. നാട്ടിൽ വന്ന് തിരിച്ചുപോകുമ്പോൾ എന്നോടുപോലും, കൈകൂപ്പി യാത്രപറയുമായിരുന്നു (ഇപ്പോഴും ഓർമ്മയിൽ തെളിഞ്ഞു നിൽക്കുകയും, കണ്ണുകൾ നിറയ്ക്കുകയും ചെയ്യുന്ന നിമിഷങ്ങളാണത്).

വരാന്തയിൽ നീണ്ട തിണ്ണയുണ്ട്. ആരണ്യകം എന്നുപേരുള്ള ഞങ്ങളുടെ വീടിന്റെ വരാന്തയിൽ ഇരിക്കാൻ സുഖമാണ്. വളർന്നു പന്തലിച്ച മരങ്ങൾ എപ്പോഴും തണുപ്പ് പകരും. നിറഞ്ഞു നിൽക്കുന്ന മരങ്ങൾ നമ്മളിലേക്ക് പ്രകൃതിയുടെ പച്ചപ്പും കരുണയും നൈർമ്മല്യവും നിറയ്ക്കും. ഉച്ചഭക്ഷണം കഴിച്ച് ഇളംകാറ്റ് ആസ്വദിച്ച് ആ തിണ്ണയിൽ കിടന്നുറങ്ങാൻ കഴിയുന്നത് അക്ഷരങ്ങൾക്ക് അപ്രാപ്യമായ ഒരനുഭൂതിയാണ്.

അച്ഛന്റെ സാന്നിധ്യം നിശബ്ദമാണ്.

വളരെ നിശബ്ദമായാണ് അച്ഛൻ ജീവിതത്തെ നേരിട്ടുകൊണ്ടിരുന്നത്. ഒരു കോലാഹലവും ഉണ്ടാക്കില്ല. ഏതൊരു ചടങ്ങിലും ഒരു മൂലയിൽ ചെന്നിരിക്കും. എല്ലാവരോടും ചിരിക്കും. ആരിൽനിന്നും സ്നേഹമോ അംഗീകാരമോ ആദരവോ ഒന്നും പിടിച്ചുവാങ്ങാൻ അച്ഛൻ ശ്രമിച്ചിരുന്നില്ല.

അച്ഛൻ കാണാൻ കഴിയുന്ന നിഴലാണ്. എന്നും അങ്ങനെയാണ്. ചടങ്ങുകളിൽ അച്ഛനവിടെ ഇല്ലേയെന്നു തിരക്കി കണ്ടുപിടിക്കണം. എന്നാൽ അച്ഛന്റെ സാന്നിധ്യം അവിടെ നിറഞ്ഞുനിൽക്കും.

അച്ഛൻ എന്നും ഒരു പ്രചോദനം.

ഒറ്റക്ക് കെട്ടിപ്പടുത്തതാണ് അച്ഛന്റെ ജീവിതം. പതിനാലാം വയസ്സിൽ ശ്രീലങ്കയിലെ കൊളമ്പിലേക്ക് പോയ അച്ഛൻ പിന്നീട് ഇന്ത്യ സ്വതന്ത്രമായപ്പോൾ അന്നത്തെ പ്രധാനമന്ത്രി ശ്രീ ജവഹർലാൽ നെഹ്രു ശ്രീലങ്കയിൽ ചെന്ന് പുതിയ ഇന്ത്യ കെട്ടിപ്പടുക്കാൻ ഇന്ത്യക്കാർ തിരിച്ചു വരണം എന്ന് അഭ്യർത്ഥിച്ചപ്പോൾ ആവേശം പൂണ്ട് ഭിലായ് സ്റ്റീൽ പ്ലാന്റിൽ എത്തി. വിരമിക്കുന്നതുവരെ അവിടെയായിരുന്നു. അതിന്നിടയിൽ സ്വയം പഠിച്ചു. ഞാൻ കലാലയങ്ങളിൽ നിന്ന് സ്വായത്തമാക്കിയ അറിവുകളെക്കാൾ കൂടുതൽ അറിവ് അച്ഛൻ സ്വയം ആർജ്ജിച്ചിരുന്നു. ബ്ലിറ്റ്സ് പോലുള്ള അന്നത്തെ ഇംഗ്ലീഷ് ആഴ്ചപ്പതിപ്പുകൾ അച്ഛന്റെ വായനാസഹചാരി ആയിരുന്നു.

ആർ.കെ. വേലായുധൻ, 12 ബി, ഈസ്റ്റ് മിഡിൽ റോഡ്, സെക്ടർ 4, ഭിലായ് 1 - ഓർമ്മകളിൽ ഇന്നും തെളിഞ്ഞു നിൽക്കുന്നു അന്നത്തെ വിലാസം.

തറവാടിന് അടുത്തുത്തന്നെ അച്ഛൻ സ്വന്തമായി പറമ്പും വീടും ജോലിയിൽ ഇരിക്കെത്തന്നെ വാങ്ങിയിരുന്നു. ഉള്ളതുകൊണ്ട് ജീവിക്കുക, സ്വയം അദ്ധ്വാനിച്ചു നേടുക, കടം വാങ്ങാതെ ജീവിക്കാൻ പഠിക്കുക, ഇത്തരം ചെറിയ പാഠങ്ങളായിരുന്നു അച്ഛന്റെ ജീവിതപുസ്തകങ്ങൾ.

ഇതെല്ലം ഓർക്കാൻ കാരണം മകൾ ഇന്നെനിക്കെഴുതിയ കുറിപ്പാണ്. 'അച്ചാച്ചൻ എല്ലാവരോടും ഒപ്പമുള്ള ഒരുപാട് ചിത്രങ്ങൾ എനിക്ക് കണ്ടെത്താൻ കഴിഞ്ഞു. സ്വീകരണമുറിയിലെ അച്ചാച്ചന്റെ തനിയെയുള്ള ഫ്രെയിം ചെയ്ത ചിത്രങ്ങൾ ഞാൻ നീക്കുകയാണ്. അച്ചാച്ചൻ തനിയെ ആയപോലെ എനിക്ക് തോന്നുന്നു, അതെന്നെ ഏറെ വേദനിപ്പിക്കുന്നു. എല്ലാവർക്കും ഒപ്പമുള്ള ചിത്രങ്ങൾ വലുതാക്കി ഫ്രെയിം ചെയ്യാതെ വെക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അച്ചാച്ചന്റെ അഭാവം ഞാൻ എപ്പോഴും അനുഭവിക്കുന്നു, എന്നാൽ ചില നിമിഷങ്ങളിൽ നമ്മുടെ വീട്ടിൽ അച്ചാച്ചൻ നിറഞ്ഞു നിൽക്കുന്നതുപോലെ തോന്നുന്നു. ഒരുപക്ഷെ അതെല്ലാം എന്റെ ഓർമ്മകളുടെ മാനസികമായ പുനർ നിർമ്മാണമാകാം, ഈ നിമിഷങ്ങൾ ഒരനുഗ്രഹമായി ഞാൻ അനുഭവിക്കുന്നു'.

## കാലചക്രം-1

# കാലം മുന്നോട്ട് ചലിപ്പിക്കുന്ന ജീവിതം

**ചി**ലപ്പോൾ ജീവിതത്തിൽ എന്തു സംഭവിക്കാൻ പോകുന്നു എന്ന് നാം അറിയാതെത്തന്നെ അതിലേക്ക് നയിക്കപ്പെടുന്നു.

ആത്മജ്ഞാനം എന്ന വാക്ക് ശരിയാണോ എന്നെനിക്കറിയില്ല. നാളെകളെ മുൻകൂട്ടിയറിയുന്നവൻ ജ്ഞാനി എന്നാണ് ഒരു തമിഴ് സുഹൃത്ത് ഒരിക്കൽ പറഞ്ഞുതന്നത്.

ആ ജ്ഞാനം അറിയാത്തതുകൊണ്ടാണല്ലോ നാം നാളെ എന്തെന്നറിയാതെ ആകുലപ്പെടുന്നത്.

നാളെകളെക്കുറിച്ച് ചിന്തിച്ച് ഇന്ന് ജീവിക്കാതിരിക്കുന്നതാണ് നമ്മുടെ രീതി.

നാട്ടിലേക്കു പോകണം എന്ന് ചിന്തിക്കുന്നതുതന്നെ ആകുലതകളിൽ ഒന്നാണ്. ഒരു സൂക്ഷ്മജീവി, കോവിഡ് നമ്മുടെയെല്ലാം ജീവിതവും ജീവിതസാഹചര്യങ്ങളും അവന്റെ വരുതിയിലാക്കിയിട്ട് രണ്ടു വർഷത്തിലേറെ ആകുന്നു. നീണ്ടുപോകുന്ന യാത്രകൾ, മാറ്റിവെക്കുന്ന ജീവിതത്തിലെ പ്രധാനപ്പെട്ട ചടങ്ങുകൾ, ഉറ്റവരെ നേരിൽ കാണാനുള്ള അദമ്യമായ ആഗ്രഹങ്ങൾ. എല്ലാം എവിടെയെന്നറിയാതെ അലയുകയാണ്.

പെട്ടെന്നൊരു തോന്നൽ നാട്ടിൽ പോകണം, ഇനിയും കാത്തിരിക്കാനാവില്ല. പതിവ് നൂലാമാലകൾ എല്ലാം കഴിഞ്ഞു ടിക്കറ്റ് എടുത്തു.

എന്നാൽ അതിന് പിറകെയാണ് അസ്വസ്ഥതകൾ, ആകുലതകൾ ഒരു പെരുമ്പാമ്പുപോലെ ചുറ്റിപ്പടരുക. ഞാൻ രോഗബാധിതനല്ല എന്ന് തെളിയിക്കുന്ന പരീക്ഷണത്തിനായി 48 മണിക്കൂർ മുമ്പ് പോയി വരിയിൽ നിൽക്കണം. അത് കഴിഞ്ഞാൽ 24 മണിക്കൂർ കാത്തുനിൽക്കാം, ആ സ്ഥാപനത്തിൽനിന്നു വരുന്ന ഒരു സന്ദേശമാണ് പിന്നെ മുന്നോട്ടുള്ള യാത്ര നയിക്കുക.

മറ്റെന്ത് ചെയ്യുമ്പോഴും ഒരേയൊരു ചിന്തയായിരിക്കും. അഥവാ രോഗമുണ്ടെന്ന് അറിയിപ്പ് വന്നാൽ എല്ലാം തീർന്നു. വാങ്ങിയ ടിക്കറ്റും, നാട്ടിലേക്കായി വാങ്ങിവെച്ച സാധനങ്ങളും എല്ലാം വെറുതെയാകും.

അതിന്റെ ഫലം കിട്ടാതെ യാത്രക്കായുള്ള എയർ സുവിധയും പൂരിപ്പിക്കാനാവില്ല. പലപ്പോഴും പാതിര കഴിഞ്ഞാകും സന്ദേശം വരിക. സന്ദേശം വരുന്നത് വരെ ഉറങ്ങാതിരിക്കാം.

വെളുപ്പിന് മൂന്നരക്കാണ് സന്ദേശം കിട്ടിയത് – നെഗറ്റീവ് – സമാധാനമായി.

ഓൺലൈൻ ആയി ചെയ്യേണ്ട മറ്റു നടപടിക്രമങ്ങൾ പൂർത്തിയാക്കി. അഞ്ചു മണിക്കൂർ മുമ്പേ പുറപ്പെട്ടു. വിമാനത്താവളത്തിലെ നടപടിക്രമങ്ങൾ ശരിയായി അറിയില്ല.

പുറത്തെ നീണ്ട വരി, മണിക്കൂറുകൾ വിമാനത്താവളത്തിന്റെ പുറത്തും അകത്തുമായി നിൽക്കേണ്ടി വരുമെന്ന് മുൻപേ തന്നെ വിളിച്ചു പറയുന്നപോലെയായിരുന്നു.

അരിച്ചുനീങ്ങുന്ന സമയം. തന്റെ ഊഴവും കാത്തുനിൽക്കുന്ന യാത്രക്കാർ, ഒന്നും പ്രതികരിക്കാനാവില്ല. ക്ഷമയുടെ പുതിയ പാഠങ്ങൾ ആ വരികളിൽ നിന്ന് പഠിക്കാനാകും.

അവനവന്റെ മനസ്സിനെ, ജീവിതത്തെ ഏറ്റവും നന്നായി നേരിടാൻ പഠിപ്പിക്കുന്ന നിമിഷങ്ങൾ ആണവ. ക്ഷമയുടെ നെല്ലിപ്പലക പലപ്പോഴും തകരുമെന്ന് തോന്നും. യാത്ര യാത്രക്കാരന്റെ ആവശ്യമാണ്. അപ്പോൾ നിയമങ്ങൾ പാലിക്കുക, അധികാരികൾ സുരക്ഷാക്രമീകരണങ്ങൾ പാലിക്കുക മാത്രമാണ് ചെയ്യുന്നത്, അവരെ അനുസരിക്കുക.

മൂന്നോ നാലോ മണിക്കൂറിന്റെ കാര്യമല്ലേ, ബോർഡിങ് പാസ് തരുന്നിടത്തും, കൈയ്യിൽ കരുതുന്ന ബാഗിന്റെ തൂക്കം നോക്കുന്നിടത്തും, പാസ്സ്പോർട്ടിൽ വിസ പരിശോധിച്ച് സ്റ്റാമ്പടിക്കുന്നിടത്തും, കയ്യിൽ കരുതിയ സാധനങ്ങൾ സ്കാൻ ചെയ്യുന്നിടത്തും അക്ഷമകളെ ചിരിയായി മാറ്റാൻ അയാൾ വർഷങ്ങൾകൊണ്ട് പഠിച്ചുകഴിഞ്ഞിരുന്നു.

വിമാനത്തിലേക്ക് പ്രവേശിക്കുന്ന ഭാഗത്തെ കാത്തിരിപ്പുകേന്ദ്രത്തിൽ അമർന്നിരിക്കുമ്പോൾ പുറത്ത് വിമാനം എത്തിയിട്ടില്ല എന്ന് മനസ്സിലായി.

കാത്തിരിക്കലാണല്ലോ ജീവിതം.

എന്നു കയ്യിൽ കിട്ടും എന്നറിയാതെ മുന്നോട്ട് ചലിക്കുന്ന, ചലിപ്പിക്കുന്ന കാലം.

എന്റെയും നിന്റെയും എല്ലാവരുടെയും ജീവിതം ചലിപ്പിക്കുന്ന കാലം.

## കാലചക്രം - 2

# നല്ല മനുഷ്യരുടെ ലോകം

നല്ല മനുഷ്യർ നമുക്ക് ചുറ്റും എപ്പോഴുമുണ്ട്. അവരെ കണ്ടെത്തുക, അവരെ നമ്മുടെ സൗഹൃദവലയത്തിൽ എപ്പോഴും ഉൾക്കൊള്ളുക എന്നതാണ് പ്രധാനം. അപ്പോൾ നാം നന്മകളുടെ ഒരു തുരുത്തിനുള്ളിലാകും.

ഒരാൾ നാട്ടിൽ പോകുന്നത് പ്രമാണിച്ചു സ്റ്റാഫ് ക്യാമ്പിൽ പോയിരുന്നു. പഴയപോലെ വെടിക്കെട്ട് ഉത്സവങ്ങൾ ഇല്ലെങ്കിലും ഒരാൾ നാട്ടിൽ പോകുന്നതിൽ പങ്കെടുക്കാൻ എല്ലാവർക്കും ഇഷ്ടമാണ്. താനും അവധിക്കു പോകുന്ന ആളുടെ കൂടെ നാട്ടിൽ പോകുന്നതായി അനുഭവപ്പെടും. അല്ലെങ്കിൽ തന്റെ ഒരു ഭാഗം അയാളോടൊപ്പം നാട്ടിലേക്കു പോകും.

നാട്ടിലെത്താനുള്ള അദമ്യമായ ആഗ്രഹം പേറി നടക്കുന്നവരാണ് എല്ലാ പ്രവാസികളും.

തൂക്കം നോക്കി പലതവണ കൂട്ടുകയും കുറക്കുകയും ചെയ്യുന്ന പെട്ടി. കെട്ടിയ പെട്ടിപോലും പല തവണ പൊളിച്ചു കെട്ടേണ്ടിയും വന്നിട്ടുണ്ട്. തൂക്കത്തിന്റെ കാര്യത്തിൽ ഇപ്പോൾ വിമാനത്താവളത്തിൽ വലിയ പിടിവാശിയാണ്.

എങ്കിലും ഇപ്പോഴും പലരും അഞ്ചും പത്തും റിയാൽ വിലയുള്ള സോപ്പും ചോക്ലേറ്റും വാങ്ങി അറുപത് റിയാൽ ഒരു കിലോക്ക് കാശ് കൊടുത്ത് കൊണ്ടുപോകുന്നത് ആർഭാടമല്ല അവരുടെ സന്തോഷം തന്നെയാണ്. അതിലും കുറഞ്ഞ വിലയ്ക്ക് നാട്ടിൽ ഡ്യൂട്ടി ഫ്രീ ഷോപ്പിൽ അല്ലെങ്കിൽ നമ്മുടെ കടകളിൽ എല്ലാം സുലഭമാണ്. എങ്കിലും, ഇവിടെ നിന്നു കൊണ്ടുപോകുന്ന ആൾ എല്ലാ വേദനകളും അധികച്ചിലവും തന്റെ പ്രിയപ്പെട്ടവർക്കായി അനുഭവിച്ചുതന്നെ ഓരോ അവധിയാത്രകളും തുടരുന്നു.

തുറന്ന പ്രദേശത്തായിരുന്നു സ്റ്റാഫ് ക്യാമ്പ്. കനത്ത തണുത്ത കാറ്റ് വീശി അടിക്കുന്നുണ്ടായിരുന്നു. ഞാൻ തണുപ്പ് കുറയ്ക്കാനുള്ള ജാക്കറ്റ്

എടുത്തിരുന്നില്ല. അപ്പോൾത്തന്നെ സംശയം തോന്നിയിരുന്നു, പണി കിട്ടുമെന്ന്. രണ്ടു ദിവസം കഴിഞ്ഞ് എനിക്ക് യാത്രചെയ്യാനുള്ള ടെസ്റ്റ് ഉള്ളതാണ്.

രാത്രി പത്തുമണിയായപ്പോഴേ തണുപ്പ് ഉള്ളിൽ കുടയുന്നപോലെ തോന്നി. മൂക്കിൽനിന്ന് വെള്ളം ഒഴുകാൻ തുടങ്ങി. സുഹൃത്ത് തന്ന ഗുളികകൾ കഴിച്ച് എന്റെ താമസസ്ഥലത്തേക്ക് രാത്രിതന്നെ മടങ്ങി.

രാവിലെയായപ്പോഴേക്കും പനിയും, കഫമുള്ള ചുമയും വന്നു. വേഗം ക്ലിനിക്കിലേക്ക് പോയി. ഡോക്ടർ സാമിയെ സ്ഥിരമായി കാണുന്നതാണ്. എനിക്ക് ഇന്നോ നാളെയോ യാത്ര ചെയ്യാൻ ടെസ്റ്റ് എടുക്കണം എന്ന് പറഞ്ഞപ്പോൾ അദ്ദേഹം എന്നെ പരിശോധിച്ചു. ആദ്യം നെഞ്ചിന്റെ എക്സ്റെ എടുക്കാൻ പറഞ്ഞു. തിരിച്ചു വന്നു റിസൾട്ട് നോക്കി. ഓക്സിജനും ഒപ്പം ഇഞ്ചക്ഷനും നൽകി. മരുന്നുകൾ എഴുതുമ്പോൾ പറഞ്ഞു, ഞാൻ വളരെ കനത്ത മരുന്നുകളാണെഴുതുന്നത്, ടെസ്റ്റിന് നാളെ ഉച്ചകഴിഞ്ഞു പോയാൽ മതി.

അവധിക്ക് പോകുന്നതിനുമുമ്പ് തീർക്കാൻ എന്നത്തേയുംപോലെ കുന്നുകണക്കിന് ജോലിയുണ്ടാകും. അല്ലെങ്കിൽ ആ സമയമാകുമ്പോ ഴാണ് എല്ലാവരിൽനിന്നും പലപല ആവശ്യങ്ങൾ ഉയർന്നുവരിക. ഇത് എല്ലാവരും അനുഭവിക്കുന്നതാകും. ആ സമയത്ത് ചിലപ്പോൾ നമ്മുടെ നിയന്ത്രണങ്ങൾ നഷ്ടപ്പെട്ടുപോകാം. നാട്ടിൽ പോകേണ്ടത് നമുക്കായതി നാൽ എല്ലാം സഹിക്കുകതന്നെ.

പിറ്റേന്ന് ടെസ്റ്റ് കഴിഞ്ഞു റിസൾട്ട് വന്നുകഴിഞ്ഞപ്പോൾ ഡോക്ടർ സാമിക്ക് നന്ദി പറഞ്ഞു സന്ദേശം അയച്ചു. സ്ഥിരമായി കാണുന്ന പതിനാ യിരക്കണക്കിന് രോഗികളിൽ ഒരാൾ മാത്രം. എന്നിട്ടും അദ്ദേഹം കാണിച്ച കരുതലിന് എത്ര നന്ദി പറഞ്ഞാലും മതിയാകില്ല.

ഇപ്പോൾ എല്ലാ യാത്രകളും ഒരു സർട്ടിഫിക്കറ്റിനെ ആശ്രയിച്ചി രിക്കുന്നു!

നമ്മുടെ ജീവിതംപോലും നാം രോഗിയല്ല എന്ന് തെളിയിക്കുന്ന ഒരു യോഗ്യതാപത്രത്തിലൂടെയാണ് മുന്നോട്ടു പോകുന്നത്.

പെട്ടെന്ന് പുറത്തേക്ക് നോക്കിയപ്പോൾ പോകാനുള്ള വിമാനം വന്നു നിന്നതായി കണ്ടു. അതിൽനിന്ന് ആളിറങ്ങണം, വൃത്തിയാക്കണം, ആളുകളെ കയറ്റണം. ഒരു മണിക്കൂറിനുള്ളിൽ ഇതൊക്കെ കഴിയും.

നീണ്ട അഞ്ചുമണിക്കൂർ യാത്രയേക്കാൾ മുഷിഞ്ഞു കൊല്ലു ന്നതാണ് അതിന് മുമ്പുള്ള നടപടിക്രമങ്ങളും കാത്തുനിൽപ്പുകളും കാത്തിരിപ്പു കളും.

ഒരു മനുഷ്യന്റെ ഉള്ളിലെ എല്ലാ ഉദാസീനതകളും വെറുപ്പും വിദ്വേഷവും അലസതകളും ഒന്നിച്ചുകൂടുന്നതാണ് ആ നിമിഷങ്ങൾ.

നീണ്ട കാത്തിരിപ്പുകൾ ഒരു തുറന്ന ജയിൽ പോലെയാണ്. ചുറ്റുമുള്ള തടവറകൾ നമുക്ക് കാണാനാകില്ല എന്നാൽ നമുക്കറിയാം നമുക്ക് സ്വതന്ത്രമായി വിഹരിക്കാനാവില്ലെന്ന്. സമയം തള്ളിനീക്കാൻ എത്ര ശ്രമിച്ചാലും നടക്കില്ല. അപ്പോൾ നമുക്ക് കാലുകളിൽ കാണാനാവാത്ത ചങ്ങലകൾ ബന്ധിച്ചിരിക്കുന്നത് അനുഭവപ്പെടും.

യാത്ര പുറപ്പെടാൻ അഞ്ച് മിനിറ്റ് വൈകിയാൽ നാം അലോസരപ്പെടും. 150 ആളുകൾക്ക് അവരുടെ ജീവിതത്തിൽ നിന്ന് നഷ്ടപെട്ട 750 (150 ꞉ 5) മിനിറ്റ് ആരാണ് തിരിച്ചു നൽകുക?

നഷ്ടങ്ങളെ വലുതായി കാണാൻ മാത്രം നാം ശ്രമിക്കുന്നു. പ്രത്യേകിച്ചും നഷ്ടമായ ജീവിതനിമിഷങ്ങളെക്കുറിച്ച്.

ജീവിതത്തിൽ ഒരിക്കലും തിരിച്ചു കിട്ടാത്ത ഒന്നേയുള്ളൂ, സമയം.

## കാലചക്രം - 3

# ആകാശയാത്ര

എല്ലാ യാത്രകളും ഓരോ അനുഭവങ്ങളാണ്. വിമാനയാത്രകൾ പ്രത്യേകിച്ചും. കാത്തിരിപ്പ് മുറിയിൽ എല്ലാവരും അവരവരുടെ ജീവിതം കാത്തിരിക്കുകയാണ്.

വിമാനത്തിൽ കയറി അഞ്ചു മണിക്കൂർ യാത്ര കഴിയുമ്പോൾ അവരുടെ കാത്തിരിപ്പുകൾ പൂർത്തിയായി ഉറ്റവരുടെ ഇടയിലേക്ക് അവർ ഇഴുകിച്ചേരും. അതൊരു പുനർജന്മമാണ്. എന്നോ ഉപേക്ഷിച്ചുപോയ ഒരു ജീവിതം തിരിച്ചുപിടിക്കുന്ന നിമിഷങ്ങൾ.

വിസ്തരിച്ചെഴുതാനാവാത്ത ഒരവസ്ഥയാണത്. താത്ക്കാലികമായി ഉപേക്ഷിച്ചുപോയ ഒരു ലോകം, തന്റെ കൈപ്പടയിലേക്ക് കോരിയെടുത്തു, നെറുകയിൽ തളിച്ച്, ജീവിതഗംഗയിലേക്കുള്ള തിരിച്ചുവരവ്.

തനിക്കത് അങ്ങനെയല്ല, രണ്ടു ദിവസം മുമ്പ് വന്ന കനത്ത പനി കാരണം നേരിട്ട് വീട്ടിലേക്കു പോകാതെ സുഹൃത്തിന്റെ വീട്ടിലേക്ക് ആക്കി, രണ്ടു ദിവസം കഴിഞ്ഞ് ഒന്നുകൂടി ടെസ്റ്റ് ചെയ്തുകഴിഞ്ഞു മതി വീട്ടിലേക്കു പോകുന്നത് എന്നു തീരുമാനിച്ചു. വീട്ടിൽ വയസ്സായ അച്ഛനും അമ്മയും ഉണ്ട്. എന്നിൽ ഒരു സൂക്ഷ്മാണു ഒളിച്ചിരിപ്പുണ്ടെങ്കിൽ അവരിലേക്ക് ഞാൻ മൂലം അത് പടരരുത്.

ചുറ്റുമിരിക്കുന്ന മനുഷ്യരുടെ കണ്ണുകളിൽ പഴയപോലെ നാട്ടിലേക്കുള്ള യാത്രയുടെ ഉത്സാഹങ്ങൾ ഒന്നുമില്ല. പലരും ഇപ്പോഴും നീണ്ട കാത്തിരിപ്പിന്റെ കൈപ്പിടിയിൽ തളർന്നിരിക്കുന്നതുപോലെ.

ചിലപ്പോഴെങ്കിലും നമ്മളെല്ലാം അഭയാർത്ഥികളാണോ എന്ന് തോന്നിപ്പോകുന്ന നിമിഷം. ജീവിക്കാൻവേണ്ടി അഭയാർത്ഥികൾ ആയവർ. ഒരിക്കലും നിലയ്ക്കാത്ത അവനവനുവേണ്ടിയല്ലാത്ത പലായനങ്ങൾ.

അർദ്ധരാത്രിയിൽ ഉയർന്നുപൊങ്ങുന്ന വിമാനത്തിൽനിന്നും താഴെ വെളിച്ചത്തിൽ പടർന്നുകിടക്കുന്ന നഗരം കാണാൻ മനോഹരമാണ്. താഴെ പൊട്ടുപോലെ കാണുന്ന ഏതോ കെട്ടിടത്തിനുള്ളിലാണ് താനും ഇത്രയുംനാൾ ഒളിച്ചുകഴിഞ്ഞിരുന്നതെന്ന് തോന്നി.

സ്വയം അറിഞ്ഞുകൊണ്ടുള്ള തടവുപുള്ളികൾ ആണ് നാം. മഹാനഗരത്തിന്റെ അതിവിശാലമായ പടർപ്പുകളിൽ ഒളിഞ്ഞും തെളിഞ്ഞും കഴിയുന്ന ജന്മങ്ങൾ. ജോലിയാണ് ചെയ്യുന്നതെങ്കിലും, ചിലപ്പോഴെങ്കിലും ആരോ അപഹരിച്ചെടുത്തതാണ് നമ്മുടെ ജീവിതം എന്നു തോന്നിപ്പോകും.

വിമാനത്തിന്റെ പിറകിലായിരുന്നു സീറ്റ്. ആ നിരയിൽ ഞാൻ മാത്രം. മറ്റു സീറ്റുകളുടെ കൈപ്പിടികൾ ഉയർത്തി പറ്റാവുന്ന രീതിയിൽ കിടന്നു.

രണ്ടോ മൂന്നോ ദിവസമായി ഉറങ്ങിയിട്ട്, നിവർന്നു കിടക്കാൻ ശരിക്കും പറ്റിയില്ലെങ്കിലും മയങ്ങാൻ ശ്രമിച്ചു നോക്കി. ചിലർ ഇരുന്നുകൊണ്ട് തന്നെ അതിമനോഹരമായി ഉറങ്ങുന്നു. ശരിയായി ഉറക്കം കിട്ടുന്നവർ ഭാഗ്യവാന്മാർ.

നാട്ടിലേക്ക് അടുക്കും തോറും വിമാനത്തിന്റെ ഇളക്കം കൂടിക്കൊണ്ടേയിരുന്നു. എപ്പോഴും അന്തരീക്ഷത്തിൽ മൂടൽമഞ്ഞു നിറഞ്ഞിരിക്കുന്നതിനാൽ അത് പ്രതീക്ഷിക്കാവുന്നതാണ്. എങ്കിലും അതിലൂടെ ഇരച്ചു കയറുന്ന ഭയം ചിലപ്പോൾ താഴെ ഇറങ്ങിയാലും ശരീരത്തിൽനിന്ന് ഇറങ്ങിപ്പോകാൻ മടിക്കും.

വീണ്ടും നാട്ടിലേക്ക് പറന്നിറങ്ങുന്നു. എന്നോ പറന്നുപോയ ദേശാടനക്കിളി വീണ്ടും തിരിച്ചെത്തിയിരിക്കുന്നു.

ഈ ലോകം തന്റെ ലോകമാണ്. തന്റേതുകൂടിയായ ഈ ലോകത്ത് വിശാലമായി പറന്നുനടക്കാൻ ഞാൻ കൊതിക്കുന്നു.

വിമാനത്തിൽ കൂടെ ഉണ്ടായിരുന്നവർ എല്ലാം അവരവരുടെ ലോകത്തിലേക്ക് അപ്രത്യക്ഷരായിരിക്കുന്നു. കഴിഞ്ഞ അഞ്ചും ആറും മണിക്കൂറായി പരിചയപ്പെട്ടിരുന്നവരെല്ലാം ഇനി കണ്ടുമുട്ടുമോ എന്നൊന്നും അറിയില്ല. അതാണ് വിമാനയാത്രയുടെ പ്രത്യേകത. വളരെപ്പെട്ടെന്ന് അടുക്കുകയും യാത്രകഴിയുമ്പോൾ സഹയാത്രികൻ എവിടെയെന്നുപോലും ശ്രദ്ധിക്കാതെ അവനവന്റെ ലോകത്തിലേക്ക് പെട്ടെന്ന് പിരിഞ്ഞു പോകുന്നവർ. അതാരുടെയും തെറ്റല്ല, അതാണ് യഥാർത്ഥ ജീവിതം.

പുറത്തെ ലോകം ഇനി എന്തൊക്കെ അത്ഭുതങ്ങളാണ് എനിക്കായി കാത്തുവെച്ചിരിക്കുന്നത്, അറിയില്ല.

അനിശ്ചിതങ്ങളാണല്ലോ ജീവിതത്തിന്റെ മുഖമുദ്ര.

## കാലചക്രം-4

# സുകൃതജന്മങ്ങൾ

**ജ**ന്മനാട്ടിൽ വന്നിറങ്ങുമ്പോൾ അറിയാതെ ശരീരത്തിൽ ഒരു തരിപ്പ് കയറി വരും. എത്രയോ തവണ ഇവിടെ ഇതുപോലെ വന്നിറങ്ങിയിരിക്കുന്നു. എന്നിട്ടും ഓരോ തവണ പുതിയതായി വരുമ്പോഴും ഞാൻ എന്റെ മണ്ണിൽ എത്തിയിരിക്കുന്നു എന്ന് ഉള്ളിന്റെയുള്ളിൽ നിന്ന് ആരോ ഉറക്കെ വിളിച്ചുപറയും, ഈ ആകാശവും ഭൂമിയും എന്റെയാണ്. സ്വന്തം നാട്ടിലേക്കുള്ള ഓരോ യാത്രയും ഓരോ പ്രവാസിക്കും പുനർജ്ജന്മം തന്നെയാണ്.

വന്നിറങ്ങിയ സമയത്ത് മറ്റു വിമാനങ്ങൾ ഒന്നുമില്ലാത്തതിനാൽ തിരക്കു കുറവായിരുന്നു. വാങ്ങാനുള്ള സാധനങ്ങൾ വളരെയുണ്ട്. പുറത്തുനിന്ന് വാങ്ങുന്നതിനേക്കാൾ നല്ലത് നാട്ടിലെ ഡ്യൂട്ടിഫ്രീയിൽ നിന്ന് വാങ്ങുന്നതാണ്.

ഇത്തവണ വിമാനത്താവളത്തിൽ കഴിഞ്ഞ തവണപോലെ ടെസ്റ്റ് ഇല്ല, നന്നായി. അതിനാൽ വേഗം പുറത്തുകടക്കാനായി. പുറത്ത് പതിവുപോലെ മാമൻ കാത്തുനിന്നിരുന്നു. ലഗ്ഗേജ് ഏൽപ്പിച്ചു വീട്ടിലേക്ക് പൊയ്ക്കോളാൻ പറഞ്ഞു.

ഞാൻ സുഹൃത്തിന്റെ കാർ കാത്തുനിന്നു, ഞാൻ അവിടേക്കാണ് പോകുന്നത്.

തികച്ചും വ്യത്യസ്തമായ വരവാണിത്. എങ്കിലും നാം സ്വയം സൂക്ഷിക്കണം. അതിനാൽ മാത്രമാണ് ഞാൻ രണ്ടു ദിവസത്തേക്ക് മാറി നിൽക്കാൻ തീരുമാനിച്ചത്.

സുഹൃത്ത് എന്റെയൊപ്പം വിദേശത്ത് ജോലി ചെയ്തിരുന്നതാണ്. നാട്ടിൽ വന്നു തുടങ്ങിയ കച്ചവടം വലിയ കുഴപ്പമില്ലാതെ പോകുന്നു. ഇനിയും നിർത്തി പോരാറായില്ലേ എന്ന അവന്റെ ചോദ്യത്തിന്, നിന്നെപ്പോലെ ഒരു നല്ല കച്ചവടക്കാരനാകാൻ എനിക്കാകില്ല, അതിനാൽ ഞാൻ അടിമയായി തുടരുന്നു എന്നു മറുപടി കൊടുത്തു.

കുളിച്ചു ഭക്ഷണം കഴിച്ചു അവന്റെ വിശാലമായ പറമ്പിൽ കുറച്ചു നടന്നു. ചെരുപ്പിടാതെ, മണ്ണിനെത്തൊട്ട്.

ഉച്ചകഴിഞ്ഞു മയങ്ങുമ്പോൾ ആണ് മകളുടെ ഫോൺ വന്നത്. "അച്ഛാ, അച്ചാച്ചന് നല്ല സുഖമില്ല, ശ്വാസം എടുക്കാൻ ബുദ്ധിമുട്ടുന്നു, വേഗം ആരെയെങ്കിലും വിളിക്കണം".

ഞാൻ അതിവേഗം വാർഡ് മെമ്പർ പ്രഭാതിനെ വിളിച്ചു, ഒപ്പം അയൽ വക്കത്തെ രമേശിനെയും. അവർ രണ്ടുപേരും ഉടനെത്തന്നെ വീട്ടിലെത്തി, വീട്ടിലുണ്ടായിരുന്ന ചെറിയ ഓക്സിജൻസിലിണ്ടറിൽനിന്നും വേഗം ഓക്സിജൻ കൊടുത്തു, പിന്നാലെ ആംബുലൻസ് എത്തി.

ആശുപത്രിയിലെ പരിശോധനയിൽ അച്ഛന് രണ്ടു തവണ ഹൃദയാ ഘാതം വന്നതായി കണ്ടെത്തി. അച്ഛനെ ഐ.സി.യു.വിലാക്കി.

ചേട്ടൻ വേഗം പുറപ്പെട്ടോളൂ എന്ന പ്രഭാതിന്റെ വാക്കുകൾ എനിക്ക് മനസ്സിലായി. രമേശും ഷാജിമാഷും ഒപ്പം ഉണ്ടായിരുന്നു. ഒരുപാട് സുകൃ തസൗഹൃദങ്ങൾ, അത്യാവശ്യഘട്ടങ്ങളിലാണ് അവരുടെ സാമീപ്യം ഒരു ദൈവാനുഗ്രഹമായി നമുക്ക് അനുഭവപ്പെടുക.

"അതിരാവിലെ ആശുപത്രിയിൽ എത്തിയാൽ മതി പബ്ലിക് റിലേഷൻസ് ഓഫീസറിനോട് കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്, ചിലപ്പോൾ ആന്റിജൻ ടെസ്റ്റ് എടുക്കേണ്ടി വരും, എങ്കിലും കാണാൻ അവർ അവസരം തരും", നല്ലപാതി പറഞ്ഞു. നേരം വെളുക്കാതെ ഇനി ഐ.സി. യു.വിലക്ക് കയറ്റില്ല.

അതിരാവിലെത്തന്നെ ആശുപത്രിയിൽ എത്തി. വിമാനത്തിൽ വരാനുള്ള ആർ.ടി.പി.സി.ആർ. കാണിച്ചുകൊടുത്തപ്പോൾ നല്ലവരായ പബ്ലിക് റിലേഷൻസ് ഓഫീസർ അച്ഛനെ കാണുവാനുള്ള അവസര മൊരുക്കി.

മുറിയിൽ അനിയത്തിയും അച്ഛനെ വളരെക്കാലമായി നോക്കുന്ന ഹോംനഴ്സും ഉണ്ടായിരുന്നു. എന്നെ കണ്ടയുടനെ അനിയത്തി കരയാൻ തുടങ്ങി. ഞാൻ അനിയത്തിയെ സമാധാനിപ്പിച്ചു, ജീവിതം ഇങ്ങനെയാണ് എന്തും നേരിടാൻ നാം തയ്യാറാകണം.

കുറച്ചു കഴിഞ്ഞു ഐ.സി.യു.വിൽ കയറാൻ കഴിഞ്ഞു. വളരെ അവശ നായി അച്ഛൻ കിടക്കുന്നു. തൊട്ടടുത്തുള്ള മെഷീനുകളിലെ മാറിക്കൊ ണ്ടേയിരിക്കുന്ന അക്കങ്ങൾ അച്ഛന്റെ ശാരീരികാവസ്ഥ അറിയിച്ചു.

"അച്ഛാ", ഞാൻ വിളിച്ചു. അച്ഛൻ കണ്ണുകൾ തുറന്നു. "മുരനാണ്", അച്ഛന്റെ ചുണ്ടിൽ ചെറിയ ചിരിപരന്നു. അച്ഛന്റെ കൈത്തലം ഞാൻ എന്റെ കൈത്തലത്തോട് ചേർത്തു.

"അപ്പാപ്പന് മനസ്സിലായോ" എന്ന് നേഴ്സ് ചോദിച്ചു. "അവൻ പറഞ്ഞല്ലോ" എന്ന് അച്ഛൻ മറുപടി നൽകി.

"ചിലപ്പോൾ ബോധം പോകും, ചിലപ്പോൾ നല്ല ഓർമ്മയാണ്. ശ്വാസത്തിലും ഹൃദയമിടിപ്പിലും വ്യതിയാനങ്ങൾ ഉണ്ട്. കുറച്ചു കഴിഞ്ഞു ഡോക്ടർ വരും, അപ്പോൾ കൂടുതൽ ചോദിച്ചറിയാം". നേഴ്സ് പറഞ്ഞു.

ചെറുപ്പക്കാരനായ ആ ഡോക്ടർ കുറച്ചുനേരം എന്റെ മുഖത്ത് നോക്കി നിന്നു എന്നിട്ട് പറഞ്ഞു. "ശരീരസ്ഥിതി വളരെ മോശമാണ്. പ്രത്യേകിച്ച് ഒന്നും ചെയ്യാനില്ല. എങ്കിലും ശ്വാസത്തിലും ഹൃദയമിടിപ്പിലും സ്ഥിരത കൈവരിച്ചാൽ മുറിയിലേക്ക് മാറ്റാം, പക്ഷെ എപ്പോഴും ശ്രദ്ധ വേണം".

അച്ഛൻ എനിക്കെന്നും അത്ഭുതമാണ്. ജീവിതത്തിന്റെ പല നിർണ്ണായകഘട്ടങ്ങളിലും അച്ഛൻ തിരിച്ചുവന്നിട്ടുണ്ട്. അതുതന്നെ സംഭവിക്കും എന്നെനിക്ക് ഉറപ്പായിരുന്നു.

തൊണ്ണൂറ്റി ഒമ്പതിൽ നിൽക്കുന്നതിനാൽ അച്ഛന് നൂറ് എന്നത് എന്റെ സ്വകാര്യ അഹങ്കാരമായിരുന്നു.

## കാലചക്രം- 5

# ആർ.കെ.വി.

ആർ.കെ.വി. എന്ന ചുരുക്കപ്പേരിലാണ് അച്ഛൻ ഭിലായ് സ്റ്റീൽ പ്ലാന്റിൽ ജോലി ചെയ്യുന്ന സമയത്ത് കൂടുതലും അറിയപ്പെട്ടിരുന്നത്. അച്ഛനവിടെ ഓഫീസിൽ ആയിരുന്നു ജോലി.

രാംപറമ്പിൽ കാവല്ലൂർ കോപ്പുണ്ണി മകൻ വേലായുധൻ സ്വന്തം ജീവിതം സ്വയം സൃഷ്ടിച്ചെടുക്കുകയായിരുന്നു. പതിനാലാം വയസ്സിൽ ജീവിതംതേടി ശ്രീലങ്കയിലെ കൊളമ്പിലേക്ക് കുടികയറിയ ജീവിതം.

ആ കാലഘട്ടത്തിലെ ജീവിതം ചോദിച്ചറിയാതിരുന്നതും അച്ഛന്റെ ജീവിതസാഹചര്യങ്ങൾ ചരിത്രത്തിലേക്ക് എഴുതിവെക്കാതിരുന്നതും മകനായ എന്റെ പിഴ മാത്രം. അതിനാൽ എല്ലാ മക്കളോടും എനിക്ക് പറയാനുള്ളത് നമ്മുടെ അച്ഛനമ്മമാരുടെ, അവർ വളർന്നുവന്ന സാഹ ചര്യങ്ങൾ, വെല്ലുവിളികൾ ചോദിച്ചറിയുകയും അതു രേഖയാക്കി വെക്കുകയും വേണം. നമ്മുടെ അടുത്ത തലമുറയ്ക്ക് അതൊരു പ്രചോദ നമായേക്കാം.

അച്ഛൻ സ്വയം പഠിച്ചു വളരുകയായിരുന്നു. മുറിയിൽ മറ്റുള്ളവർ ഉറങ്ങുമ്പോൾ വലിയ ഹാർഡ്ബോർഡ് പെട്ടിക്കുള്ളിൽ വിളക്ക് കത്തിച്ചു, വായിക്കാൻ വെളിച്ചത്തിനായി മാത്രം ചെറിയ അറയുണ്ടാക്കി, ആ വെളി ച്ചത്തിലാണ് പഠിച്ചിരുന്നത്.

അന്നൊക്കെ ശ്രീലങ്കയിൽ മരുന്ന് ഇംഗ്ലണ്ടിൽ നിന്ന് ഇറക്കുമതി ചെയ്യു കയായിരുന്നു. അതിൽ മരുന്നിനെക്കുറിച്ചുള്ള നീണ്ട വിവരങ്ങൾ അച്ഛൻ വായിച്ചുപഠിക്കുമായിരുന്നു. അതിനാൽ വിവിധ മരുന്നുകളെക്കുറിച്ചും അച്ഛന് നന്നായി അറിയാമായിരുന്നു.

ഞങ്ങളുടെ ഗ്രാമത്തിലെ ഒരുപാടുപേർക്ക് ജോലിക്കായി അച്ഛൻ ഇംഗ്ലീഷിൽ അപേക്ഷ തയ്യാറാക്കി കൊടുത്തിട്ടുണ്ട്. അവരെല്ലാം തിരിച്ചു വന്നു ആരാണ് ഈ അപേക്ഷ എഴുതിയത് അദ്ദേഹം സർക്കാർ ഉദ്യോ ഗസ്ഥനാണോ എന്ന് ഓഫീസിൽ ചോദിച്ചെന്ന്, അവരുടെയെല്ലാം വലിയച്ഛൻ ആയ അച്ഛനോട് പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.

ഭിലായിൽ രണ്ടോ മൂന്നോ തവണ ഞാൻ പോയിട്ടുണ്ട്. അന്നും അച്ഛന് പരന്ന വായനയായിരുന്നു. മാതൃഭൂമി ആഴ്ചപ്പതിപ്പിൽനിന്നു വെട്ടിയെടുത്ത് തുന്നിക്കൂട്ടിയ യയാതിയും, ചമ്പലും, ഭുജംഗയ്യന്റെ ദശാവതാരങ്ങളും അച്ഛന്റെ മരപെട്ടിയിൽ ഉണ്ടായിരുന്നു. ബ്ലിറ്റ്സ് എന്ന ഇംഗ്ലീഷ് വാരിക വന്നാൽ അതുടനെ വായിച്ചുതീർക്കുമായിരുന്നു അച്ഛൻ. എന്തിന് ഞാൻ നാട്ടിൽ വാങ്ങിയ പുസ്തകങ്ങൾ എല്ലാം അച്ഛൻ മാത്രമാണ് വായിച്ചത്. വായിച്ചുകഴിഞ്ഞാൽ അവസാനപുറത്ത് ആർ.കെ.വി. എന്നെഴുതി ഒപ്പും തീയതിയും കുറിക്കും.

പുതിയ വീട് പണിയുമ്പോൾ എന്റെ ഏറ്റവും വലിയ ആഗ്രഹ മായിരുന്നു, അച്ഛനൊരു ചാരുകസേര.

ഒരവധിക്കാലത്ത് പാലക്കാട്ടുള്ള കണ്ണാടിയിലെ മന്നാഡിയാരുടെ പഴയ മരഉരുപ്പടികൾ വിൽക്കുന്നിടത്ത് ബസ്സിൽ ചെന്നിറങ്ങിയതും അവിടെ അത് കണ്ടെത്തിയതും ഓർമ്മിക്കുന്നു. എന്നാൽ മന്നാഡിയാർ അവിടെനിന്ന് കസേര കൊണ്ടുപോകാൻ വളരെ കൂലിയാകുമെന്ന് പറഞ്ഞു, തൃശ്ശൂരിൽ ഉള്ള വർഗ്ഗീസ് സാറിനെ അവിടെനിന്നു തന്നെ വിളിച്ചു, വർഗ്ഗീസ് സാറിന്റെ അടുത്ത് അതുപോലെയുള്ള ഒരു ചാരുക സേരയുണ്ടായിരുന്നു.

രാത്രി എട്ടിന് തൃശ്ശൂരിൽനിന്ന് ഗിരിയുടെ വണ്ടിയിൽ ചാരുകസേര യുമായി മടങ്ങുമ്പോൾ, പിറ്റേന്ന് തിരിച്ചുചെന്ന് ആ കടയിൽനിന്നു തന്നെ പഴയ കാലഘട്ടത്തിലെ നാലു കട്ടിലുകൾകൂടി വാങ്ങുമെന്ന് കരുതിയില്ല. അത് മാത്രമല്ല, അന്ന് അച്ഛന് പിച്ചളയിൽ കൊത്തിയ കിളിയുടെ രൂപത്തിൽ പിടിയുള്ള ഒരു വടിയും വർഗ്ഗീസ് സാർ സമ്മാനമായി തന്നു.

തെക്കേലെ രമേശ് ആ പഴയ ചാരുകസേരയെ തുടച്ചു വൃത്തിയാക്കി വുഡ് ടച്ച് ഒക്കെ അടിച്ചു സുന്ദരമാക്കി.

അച്ഛന്റെ ദിവസേനയുള്ള പത്രവായനയും പുസ്തകവായനയും ഉച്ച മയക്കങ്ങളും ചായകുടിയും എല്ലാം പിന്നെ ആ ചാരുകസേരയിലാ യിരുന്നു.

ഞാൻ ശരിയായി വായിക്കാതെപോയ പുസ്തകമാണ് അച്ഛൻ.

## കാലചക്രം- 6

# പ്രതീക്ഷകളും യാഥാർത്ഥ്യങ്ങളും

**വി**റ്റേന്ന് വളരെപ്പെട്ടെന്നുതന്നെ അച്ഛന്റെ ആരോഗ്യനില പുരോഗമിച്ചു. സ്വന്തമായി ശ്വാസമെടുക്കാനും ഭക്ഷണം ദ്രവരൂപത്തിൽ കഴിക്കാനും തുടങ്ങി. ആ വ്യതിയാനങ്ങൾ കണ്ട ഡോക്ടർ എത്രയുംവേഗംതന്നെ മുറിയിലേക്ക് മാറ്റി. മാത്രമല്ല അടുത്ത ദിവസം വീട്ടിലേക്കു പോകാം എന്നും പറഞ്ഞു.

ഞാൻ ആശുപത്രിയുടെ മുറിയിൽ ചെല്ലുമ്പോൾ അച്ഛൻ ശാന്തമായി ഉറങ്ങുകയായിരുന്നു. മരുന്നുകളോടെല്ലാം പടവെട്ടി അച്ഛന്റെ ശരീരം വളരെ ക്ഷീണിച്ചിരിക്കുന്നു.

ഈ ജീവിതം മുഴുവൻ അച്ഛൻ പടവെട്ടുകയായിരുന്നല്ലോ. അച്ഛനും കുടുംബത്തിനും വേണ്ടി മാത്രമല്ല, മുന്നിൽ ഉത്തരങ്ങൾക്കായി വന്നവർക്കെല്ലാം അച്ഛൻ ശരിയായ ഉപദേശങ്ങൾ നൽകുമായിരുന്നു.

എന്നും എപ്പോഴും ആരും അടുത്തേക്ക് വരുമ്പോഴും സൗഹൃദസംഭാഷണങ്ങൾ കഴിഞ്ഞു പോകുമ്പോഴും അവശതയുടെ ഈ നിമിഷത്തിലും എല്ലാവരോടും കൈകൂപ്പാൻ അച്ഛൻ മറക്കുന്നില്ല.

ജീവിതത്തിൽ അച്ഛനോടാണ് ഞങ്ങൾക്ക് നന്ദി പറയാനുള്ളത്. ഈ ജീവിതവും അതിന്റെ ആനന്ദങ്ങളും ഓരോരുത്തരെയും അനുഭവിക്കാൻ പ്രാപ്തരാക്കിയതിന്. എന്നിട്ടും അച്ഛൻ എന്നോടുപോലും കൈകൾ കൂപ്പിയിരുന്നു, അപ്പോഴെല്ലാം എന്റെ കണ്ണുകൾ നിറയുമായിരുന്നു.

അതിനിടയിൽ മുംബൈയിൽനിന്നു ചേച്ചി വിളിച്ചു, ആരോഗ്യം മോശമാണെന്ന് ഡോക്ടർ പറഞ്ഞത് ആരിൽനിന്നും മറച്ചുവെച്ചില്ല. വേഗം വന്നോളൂ എന്ന് ഞാൻ പറഞ്ഞു.

കുളിമുറിയിൽ വീണ് തുടയെല്ലിൽ രണ്ട് ഒടിവുണ്ടാവുന്നതുവരെ അച്ഛന്റെ കാര്യങ്ങൾ ചെയ്യാൻ മറ്റൊരാളെയും അനുവദിച്ചിരുന്നില്ല. അച്ഛൻ എന്നും സ്വന്തം കാര്യങ്ങൾ സ്വയം ചെയ്യുകയായിരുന്നു. മറ്റുള്ളവരെ അച്ഛന്റെ ആവശ്യത്തിനായ് ഒരിക്കലും ആശ്രയിച്ചിരുന്നില്ല.

രണ്ടു വർഷംമുമ്പ് തുടയെല്ലുകൾ കൂട്ടിച്ചേർക്കാൻ ഓപ്പറേഷൻ കഴിഞ്ഞു കിടക്കുമ്പോൾ ജോസ് ഡോക്ടർ പഠിക്കാനായുള്ള കുട്ടികളുമായി വാർഡ് സന്ദർശിച്ചപ്പോൾ അച്ഛനെക്കണ്ട് പറയുമായിരുന്നു, തൊണ്ണൂറ്റിയേഴ് വയസ്സിന്റെ അത്ഭുതമാണ് ഇദ്ദേഹം, അദ്ദേഹത്തിന്റെ ആത്മവിശ്വാസമാണ് ഈ വയസ്സിലും ഓപ്പറേഷൻ ചെയ്യാൻ എനിക്ക് തന്ന ധൈര്യവും.

അച്ഛന് ശാരീരിക ക്ഷീണമുള്ളപ്പോഴെല്ലാം ഡോക്ടർ പോൾ ശങ്കുരിക്കലിനെയാണ് കാണാറ്. അച്ഛന്റെയും ഡോക്ടറുടെയും സംഭാഷണങ്ങൾ വളരെ സരസമാണ്. വിസ കാത്തിരിക്കുകയാണ് ഡോക്ടറെ, ഇവനിപ്പോൾ എന്നെ ചെറുപ്പക്കാരനാക്കാനുള്ള പുറപ്പാടിലാണ്, അച്ഛൻ പറയുമായിരുന്നു.

ഡോക്ടർ ചിരിക്കും, സാരമില്ല പിള്ളേരുടെ ആഗ്രഹമല്ലേ, ഒന്നോ രണ്ടോ ഗ്ലൂക്കോസ് കയറ്റി ക്ഷീണം കുറയുമ്പോൾ, അച്ഛനും ഡോക്ടറും തമ്മിൽ ഉറക്കെ ചിരിക്കും. അച്ഛനെ നോക്കി ഡോക്ടർ പറയും, ആരാണ് ആദ്യം പോവുക എന്നറിയില്ല, എങ്കിലും വീണ്ടും കാണാം, ഇവിടെ അല്ലെങ്കിൽ അവിടെ.

വയസ്സായ അവർ രണ്ടുപേരുടെയും ആ സൗഹൃദം എനിക്കെപ്പോഴും വളരെ സന്തോഷം തന്നിരുന്നു. പക്വതയുടെ വ്യക്തിരൂപങ്ങൾ ആയിരുന്നു അവർ രണ്ടുപേരും. ജീവിതം വളരെ ലളിതമായി കാണുകയും അതിനെ വളരെ മനോഹരമായും സമീപിച്ചിരുന്ന രണ്ടുപേർ.

അച്ഛന്റെ ആരോഗ്യാവസ്ഥയിൽ വളരെ പുരോഗമനം കണ്ടതിനാൽ ആണ് ഞാൻ കുറച്ച് കാശ് കിട്ടാനുള്ള സുഹൃത്തിന്റെ വീടായ ഷൊർണൂരിലേക്ക് പുറപ്പെട്ടത്. ഞാനവിടെ എത്തിക്കാണും, അപ്പോഴേക്ക് ഫോൺ വന്നു. അച്ഛന്റെ ആരോഗ്യനില വഷളായി, വീണ്ടും ഐ.സി.യു.വിലേക്കാക്കി.

ഞാനുടനെ തിരിച്ചു. രാത്രിയിലുള്ള ഡ്യൂട്ടി ഡോക്ടറെ കണ്ടു. ആരോഗ്യം വളരെ മോശമാണ്. വെന്റിലേറ്റർ വേണ്ടി വരും. അത് വേണ്ട സർ, ഞാൻ പറഞ്ഞു.

പിറ്റേന്ന് ചെറുപ്പക്കാരനായ ഹൃദ്രോഗവിദഗ്ധനായ ഡോക്ടർ വളരെ ദേഷ്യപെട്ടു. അച്ഛന്റെ ആരോഗ്യനില വഷളായതിൽ അദ്ദേഹം വളരെ വിഷമത്തിലായിരുന്നു.

എന്റെ രോഗിക്ക് ഏറ്റവും നല്ല കരുതൽ വേണം, അദ്ദേഹം പറഞ്ഞു.

അച്ഛന്റെ ആരോഗ്യനിലയെക്കുറിച്ച് അദ്ദേഹവുമായി സ്വകാര്യമായി സംസാരിച്ചു. അദ്ദേഹം പറഞ്ഞു, അച്ഛന് വേണ്ടത് കരുതലാണ്, വീട്ടിൽ

ഓക്സിജൻ ഒരുക്കൂ, ആരോഗ്യനില കുറച്ചുകൂടി പുരോഗമിച്ച് നാളെ വീട്ടിലേക്ക് കൊണ്ടുപോയിക്കോളൂ.

ചെറുപ്പക്കാരനായ ആ ഡോക്ടറുടെ ആത്മാർത്ഥതയിലും തുറന്ന സംഭാഷണത്തിലും എനിക്ക് വളരെയധികം സന്തോഷം തോന്നി. ഞാൻ താങ്കളെക്കുറിച്ചു അഭിമാനിക്കുന്നു എന്ന് പറഞ്ഞപ്പോൾ, അദ്ദേഹം പുഞ്ചിരിച്ചു.

മെമ്പർ പ്രഭാതിനെ വിളിച്ചു, ഓക്സിജൻ ഉപകരണം അപ്പോൾത്തന്നെ വീട്ടിലെത്തി.

പിറ്റേന്ന് ഞായറാഴ്ചയായിരുന്നു. ക്ഷീണം കുറയ്ക്കാൻ ഗ്ലൂക്കോസ് കയറ്റാവുന്ന അത്രയും ആശുപത്രിയിൽ നിന്ന് അച്ഛന്റെ ശരീരത്തിൽ കയറ്റിയിരുന്നു.

ആശുപത്രിയിൽ എല്ലാവിധ സഹകരണവും തന്ന എല്ലാവരോടും നന്ദി അറിയിച്ചു. അച്ഛനെ ആംബുലൻസിൽ കയറ്റുമ്പോൾ അപ്പോൾ ഐ.സി.യു.വിൽ ഉണ്ടായിരുന്ന നേഴ്സുമാരുടെ ചെറിയ പുഞ്ചിരിയിലും കണ്ണുകൾ നിറഞ്ഞിരുന്നു.

കണ്ണട വെച്ച ചെറുപ്പക്കാരിയായ നേഴ്സ് എന്റെയരികിൽ വന്നു പറഞ്ഞു, "അച്ചാച്ചനെ എപ്പോഴും ശ്രദ്ധിക്കണം".

ആംബുലൻസിൽ നിന്നിറക്കി അച്ഛനെ കട്ടിലിൽ കിടത്തുമ്പോൾ, അച്ഛന്റെ മുഖം കുറച്ചു ശാന്തമായതുപോലെ. സ്വന്തം വീട്ടിൽ എത്തിയതിന്റെ സന്തോഷവും സമാധാനവും ആ മുഖത്ത് കാണാമായിരുന്നു.

## കാലചക്രം - 7

# നല്ല നിമിഷങ്ങൾ

**അ**ച്ഛന് ഓർമ്മകൾ വന്നും പോയിക്കൊണ്ടും ഇരിക്കുന്ന നിമിഷങ്ങൾ ധാരാളമായിരുന്നു.

ഒരിക്കൽ അച്ഛൻ പറഞ്ഞു, അച്ഛന്റെ അമ്മയും അച്ഛനും പുണ്യയാത്രക്ക് പോയതാണ്. പിന്നെ ഒന്നുമറിഞ്ഞില്ല. എന്നാൽ ഇപ്പോൾ അറിഞ്ഞു അവർ തൃപ്രയാർ അമ്പലത്തിൽ ഉണ്ടെന്ന്.

അപ്പോൾ ഞാൻ പറഞ്ഞു. നമുക്ക് പോകാം അച്ഛാ, നാം അവരെ കണ്ടെത്തും. ആ വാക്കുകൾ അച്ഛന് വളരെയധികം സമാധാനം നൽകി. അച്ഛന്റെ കണ്ണുകൾ പ്രതീക്ഷാഭരിതമായിരുന്നു.

മനുഷ്യന്റെ ഓർമ്മകളും ചിന്തകളും ആർക്കും പ്രതീക്ഷിക്കാവുന്നതിനും അപ്പുറത്താണ്. ചില നിമിഷങ്ങളിൽ നമ്മുടെ മനസ്സ് വിസ്മൃതികളിലേക്ക് പറന്നുപോകും. ഒരുപക്ഷെ, നമുക്കും വയസ്സാവുന്ന കാലഘട്ടങ്ങളിൽ നമ്മളും നമ്മുടെ അച്ഛനമ്മമാരെ തിരഞ്ഞു പോയേക്കാം.

എല്ലാത്തിന്റെയും അവസാനം അവരവരുടെ അച്ഛനമ്മമാരെ തിരഞ്ഞു പോകലാണ്. അവർ പോയെന്നറിഞ്ഞും, നാം അവരെ തേടിത്തിരഞ്ഞു നടക്കും.

ചിലപ്പോൾ അവരുടെ സുരക്ഷ നാം വീണ്ടും കൊതിക്കുന്നുണ്ടാവണം. അച്ഛൻ എന്ന തണലിനെക്കുറിച്ചു ഒരുപാടു പേർ എഴുതിയിരുന്നു. അതെ, അച്ഛനമ്മമാരുടെ തണലിൽ നാം കൂടുതൽ സുരക്ഷിതരാണ്, ആ സുരക്ഷ നഷ്ടമാവുമ്പോൾ നാം തണൽ നഷ്ടമായവരാണ്. ആകാശത്തിലേക്ക് നോക്കിനിൽക്കുമ്പോൾ നാം തനിയെയാണ്, ആകാശത്തുപോലും നാം അവരുടെ നിഴൽ തേടുന്നു.

അമ്പലങ്ങളിലോ, പുണ്യസ്ഥലങ്ങളിലോ നാം അവരുടെ ആത്മാക്കളെ കണ്ടെത്തും. ചിലപ്പോൾ അവരുടെ സാമ്യമുഖങ്ങൾ കണ്ടെത്തും. ചിലപ്പോൾ അദൃശ്യസാന്നിധ്യവും. നാം നമ്മളെത്തന്നെ കണ്ടെത്താൻ ശ്രമിക്കുന്ന നിമിഷങ്ങൾ ആണത്.

അടുത്ത രണ്ട് ദിവസവും ബന്ധുക്കളുടെ വരവായിരുന്നു. അച്ഛന്റെ ദീർഘകാല ബന്ധങ്ങൾ, എല്ലാവരുംതന്നെ അച്ഛനെ കാണാൻ എത്തിയിരുന്നു. തിരിച്ചറിഞ്ഞവരെയെല്ലാം അച്ഛൻ വളരെ സന്തോഷത്തോടെ പ്രതികരണം അറിയിച്ചു.

അമ്മയുടെ കുഞ്ചൻ വന്നപ്പോൾ മുകുന്ദൻ എന്ന് പറഞ്ഞു തിരിച്ചറിഞ്ഞു. കുഞ്ചൻ കുറെ നേരം വീട്ടിൽ ചിലവഴിച്ചു. കുഞ്ചനും തൊണ്ണൂറിൽ അധികമാണ് പ്രായം. എന്നിട്ടും ആ നിമിഷങ്ങൾ കുഞ്ചൻ അമ്മയും അച്ഛനുമായി വളരെ തന്മയത്വത്തോടെ ചെലവഴിച്ചു. അവരുടെ പഴയ നാളുകൾ മറവിയിൽനിന്ന് തിരിച്ചെടുക്കാൻ അവർ ശ്രമിച്ചുകൊണ്ടിരുന്നു.

പിന്നെ പ്രത്യേകമായി പറയാനുള്ളത് അഡ്വക്കേറ്റ് റോയിയുടെ അച്ഛൻ കുമാരൻമാഷെ തിരിച്ചറിഞ്ഞതാണ്. അച്ഛൻ കുമാരൻമാഷെ കണ്ടിട്ട് പത്ത് വർഷത്തിൽ അധികമായിരിക്കും. എന്നിട്ടും അച്ഛൻ ശോഷിച്ച കൈകൾ ഉയർത്തി റോയിയുടെ അച്ഛന്റെ കരം ഗ്രഹിച്ചു.

അച്ഛൻ എന്ന് ഞാൻ കൂടി വിളിക്കുന്ന കുമാരൻമാഷ് കുറെ നേരം അതിനെക്കുറിച്ച് വളരെ അതിശയത്തോടെ സംസാരിച്ചു.

മനുഷ്യന്റെ ഓർമ്മകൾ, പ്രതികരണങ്ങൾ ഇവയെല്ലാം നമ്മുടെ പ്രതീക്ഷക്ക് അപ്പുറത്താണ്.

ജീവിതം അത്ഭുതങ്ങൾ നിറഞ്ഞതാണ്, അതിനെ അതിന്റെ എല്ലാ ചാരുതയോടുംകൂടി അനുഭവിക്കുക എന്നതാണ് പ്രധാനം. ഓരോ നിമിഷവും പ്രധാനമാണ്. നാം നഷ്ടപ്പെടുത്തുന്ന നിമിഷങ്ങൾ നമ്മൾതന്നെയാണ് ജീവിതത്തിൽനിന്ന് വെട്ടിക്കളയുന്നത്.

ചില സമയങ്ങളിൽ ഓക്സിജന്റെ അളവിൽ വ്യതിയാനങ്ങൾ വന്നുകൊണ്ടിരുന്നു. അപ്പോഴെല്ലാം ഓക്സിജൻ മെഷീൻ പെട്ടെന്നുതന്നെ പ്രവർത്തിപ്പിച്ച് അച്ഛന്റെ ഓക്സിജൻ അളവ് ഉയർത്തികൊണ്ടിരുന്നു. ആ രണ്ട് ദിവസവും അച്ഛൻ വളരെ നല്ല അവസ്ഥയിലായിരുന്നു.

ജീവിതം പ്രതീക്ഷകൾ നിറഞ്ഞതാണ്. പ്രതീക്ഷകളോടെ ജീവിതത്തെ സ്വീകരിക്കാം, ഓരോ ദിവസവും.

## കാലചക്രം - 8

# മടങ്ങിവരാത്ത യാത്ര

**അ**തിരാവിലെയാണ് ഓക്സിജന്റെ അളവ് സാധാരണയായി കുറയുക. അതിനാൽ കൂടുതൽ ശ്രദ്ധിക്കേണ്ടത് അതിരാവിലെയാണ് എന്ന് ബന്ധു കൂടിയായ ഡോക്ടറിന്റെ ഉപദേശം ശരിവെച്ച് ഒരാൾ ഉറങ്ങാതെ അച്ഛന രികിൽത്തന്നെ ഇരുന്നിരുന്നു.

ശരീരത്തിന്റെ പ്രവർത്തനങ്ങളിലെ ചാഞ്ചാട്ടങ്ങൾ അതിരാവിലെ യാണ് കൂടുതൽ സംഭവിക്കുക. അത് ശരിയാണെന്ന് അന്ന് രാവിലെ നാലു മണിക്ക് ഓക്സിജന്റെ അളവ് കുറഞ്ഞപ്പോൾ മനസ്സിലായി. എന്നാൽ ഓക്സിജൻ ഉടനടി കൊടുത്തപ്പോൾ അച്ഛന്റെ ശരീരത്തിലെ ഓക്സിജന്റെ അളവ് 97 ആയി ഉയർന്നു.

പിന്നെ അച്ഛൻ ശാന്തമായി ഉറങ്ങുകയായിരുന്നു.

ഒമ്പത് മണിയായപ്പോൾ ചേച്ചി പെട്ടെന്ന് വിളിച്ചു, അച്ഛന്റെ മുഖ ഭാവങ്ങൾ മാറുന്നു, ഓക്സിജൻ കൊടുത്തിട്ടും ഓക്സിജന്റെ അളവ് അതിവേഗം താഴോട്ടുതന്നെ പോകുന്നു.

ഞാനച്ഛന്റെ അരികിലെത്തി. അച്ഛൻ തിരിച്ചുവരാത്ത യാത്രക്കൊരു ങ്ങുകയാണെന്ന് മനസ്സിലായി. എല്ലാവരെയും വേഗം അരികിലേക്ക് വിളി യ്ക്കാൻ പറഞ്ഞു. എല്ലാവരും വേഗംതന്നെ അച്ഛനരികിൽ എത്തി.

ഞാനെന്റെ കൈകൾ അച്ഛന്റെ കവിളുകളോട് ചേർത്തുവെച്ചു, ഞങ്ങ ളിൽനിന്ന് അകന്നുപോകുന്ന അച്ഛന്റെ ജീവനെ തൊട്ടറിഞ്ഞു.

അച്ഛൻ അവസാനമായി എടുത്ത ശ്വാസം എനിക്ക് തിരിച്ചറിയാനായി. എങ്കിലും ഓക്സിജൻ കൊടുക്കുന്നത് തുടരാൻ പറഞ്ഞു. അത്ഭുതങ്ങൾ ഉണ്ടാവില്ലെന്നറിയാം, എങ്കിലും നമുക്ക് ശ്രമിക്കാമല്ലോ.

വേഗം വാർഡ് മെമ്പർ പ്രഭാതിനെയും അയൽവക്കത്തെ രമേശി നെയും വിളിച്ചു. പ്രഭാത് ശരവേഗത്തിലെത്തി, വണ്ടിയെടുത്തു ഡോക്ടറെ കൊണ്ടുവരാൻ അതിവേഗത്തിൽ പോയി.

അതിനോടകം തന്നെ തൊട്ടടുത്തെ ബന്ധുക്കളും അയൽക്കാരും എല്ലാവരും വന്നെത്തി.

പ്രഭാത് ഡോക്ടറുമായി എത്തിച്ചേർന്നു. ഡോക്ടർ അച്ഛന്റെ പൾസ് പരിശോധിച്ചു, എന്നിട്ട് ഓക്സിജൻ മാസ്ക് മാറ്റി, ഓക്സിജൻ മെഷീൻ ഓഫ് ചെയ്തു.

ഇനി അച്ഛന് ഒന്നിന്റെയും ആവശ്യമില്ല.

ഉടുപ്പുകൾ മാറ്റി അച്ഛനെ നടുമുറിയിൽ കിടത്തി, തലയുടെ അടുത്ത് നിലവിളക്ക് കത്തി.

മകൾ അമ്മു തിരുവനന്തപുരത്തു നിന്ന് വരണമായിരുന്നു, അതിനാൽ അഞ്ചു മണിക്ക് ചടങ്ങുകൾ തീരുമാനിച്ചു.

തൊട്ടടുത്ത മരണസഹായസംഘം വേണ്ടതെല്ലാം ഒരുക്കി, പ്രഭാത് ഫ്ളെക്സുകൾ വെച്ചു.

ചടങ്ങുകൾ നടത്താൻ വീടിന് മുമ്പിൽ ഷീറ്റ് കെട്ടണമോ എന്ന് ചോദിച്ചു. ഞാൻ പറഞ്ഞു വേണ്ടെന്ന്, അച്ഛൻ പോകുമ്പോൾ അച്ഛന്റെ എല്ലാമെല്ലാമായ 'ആരണ്യകം' എന്ന വീടും പറമ്പും നിറഞ്ഞു കാണട്ടെ, വളർന്ന് പടർന്ന് കിടക്കുന്ന അശോകച്ചെത്തിയും, നെല്ലിയും, മാവുകളും മറ്റു മരങ്ങളും അവരും അച്ഛനെ യാത്രയാക്കാൻ കൂടെ കൂടണം, അവർക്കും എല്ലാം കാണാനാകണം.

അച്ഛനെ കുളിപ്പിക്കുമ്പോൾ ശ്രീനിചേട്ടൻ പറഞ്ഞ വാക്കുകൾ ഓർത്തെടുക്കുന്നു, ഒരു ജീനിയസ്സായിരുന്നു അച്ഛനെന്ന്.

കുളിപ്പിച്ചു കഴിഞ്ഞ അച്ഛനെയെടുക്കാൻ, മക്കളായ അമ്മുവിനെയും അച്ചുവിനെയും കൂട്ടി. പറയാതെതന്നെ അതിനോടൊപ്പം കുളിച്ചു തയ്യാറായി അനേകം പേർ, എല്ലാവരും ഓരോ കൈ വെച്ചോളൂ. തുടർയാത്രകളില്ലാത്ത ഈ യാത്രക്ക് എല്ലാവരുടെയും അകമ്പടികൾ ഉണ്ടാവട്ടെ.

അച്ഛനെ കുളിപ്പിച്ച് പുതുവസ്ത്രങ്ങൾ ഉടുപ്പിച്ചു കിഴക്കേപ്പുറത്തു മുറ്റത്തു കിടത്തി ചടങ്ങുകൾ തുടർന്നപ്പോൾ, തുറന്ന ആകാശവും പ്രകൃതിയും എന്തൊക്കെയോ എന്നോട് മന്ത്രിക്കുന്നതായി തോന്നി.

പൂജകൾ കഴിഞ്ഞു അച്ഛനെ വലംവെച്ചു കാലുകൾ തൊട്ടു വന്ദിച്ചു.

എല്ലാവരുടെയും പുഷ്പാർച്ചനകളും പ്രാർത്ഥനകളും തീർന്നു. വീടിന്റെ തെക്കേപ്പുറത്തു ചിത തയ്യാറായിരുന്നു.

അവിടെയും ഉള്ള ചടങ്ങുകൾ തീർന്നു.

അച്ഛന്റെ ചിതയ്ക്ക് തീ കൊളുത്തുമ്പോൾ, പടിഞ്ഞാറ് സൂര്യൻ അസ്തമിക്കുകയായിരുന്നു.

### കാലചക്രം - 9

# കത്തിത്തീരാതെ ചിത

**ചി**ത എത്ര വേഗമാണ് ആളിപ്പടരുന്നത്. നോക്കിനിൽക്കെ ഈ ഭൂമിയിൽ ഈ അടുത്തനിമിഷംവരെ നമുക്ക് വളരെ പ്രിയപ്പെട്ട ഒരാൾ കനത്ത തീനാളങ്ങളിൽ അമർന്നുതീരുകയാണ്.

വർഷങ്ങളായി നാം കെട്ടിപ്പടുത്തുണ്ടാക്കിയ ജീവിതം ഒരു നിമിഷം കൊണ്ട് അപ്രത്യക്ഷമാവുന്നു. പിന്നെ ഓർമ്മകളിലും ചിത്രങ്ങളിലും മാത്രം നമ്മുടെ ഉള്ളിൽ ജീവിക്കുന്ന നമ്മുടെ പ്രിയപ്പെട്ടവർ. കാല ക്രമേണ ചുമരുകളിലേക്കും മറവികളിലേക്കും മാഞ്ഞുപോകുന്ന ചിത്രങ്ങൾ.

എന്റെ അപ്പാപ്പനും അമ്മാമ്മയും എനിക്ക് വളരെ പ്രിയപ്പെട്ടവരാണ്. അവർ ഓർമ്മകളുടെ കാലയവനികകളിൽ മറഞ്ഞു. എങ്കിലും ഇടയ്ക്കിടക്ക് എന്റെ ഓർമ്മകളിലേക്കും എഴുത്തുകളിലേക്കും അവർ പലപ്പോഴും കടന്നുവരാറുണ്ട്.

ഇരുട്ടിൽ അച്ഛന്റെ കത്തുന്ന ചിത നോക്കിനിന്നപ്പോൾ അച്ഛന്റെ ചിതക്കു പിന്നിൽ അപ്പാപ്പനും അമ്മാമ്മയും നിൽക്കുന്നതുപോലെ തോന്നി. അവരുടെ മൂത്തമകനായ അച്ഛൻ എല്ലാവർക്കും പ്രിയപ്പെട്ടവനായിരുന്നു. ആ അച്ഛനെ അവരുടെ ലോകത്തേക്ക് സ്വീകരിക്കാൻ അപ്പാപ്പനും അമ്മാമ്മയും തീർച്ചയായും വന്നിരിക്കും. അവരുടെ അടുത്ത ജന്മങ്ങളിലേക്കും മകനായിത്തന്നെ കൂട്ടിക്കൊണ്ടുപോകുവാൻ.

ആരാണ് അച്ഛനെപ്പോലെയുള്ള ഒരാളെ മകനായി ജന്മാന്തരങ്ങളിലേക്ക് കൂടെക്കൊണ്ടുപോകാതിരിക്കുക. യാതൊരുവിധ മോശം ശീലങ്ങളുമില്ലായിരുന്നു. തെറ്റി, ഉണ്ടായിരുന്നു; പരന്ന വായന, ജീവിതത്തെ അതിന്റെ എല്ലാവിധ നന്മകളോടെയും നോക്കിക്കാണുക, ആരെയും കുറ്റംപറയാതിരിക്കുക, ഉള്ളതിൽ സന്തോഷിക്കുക, അധികം ഒന്നും ആഗ്രഹിക്കാതിരിക്കുക.

ചുറ്റും നടക്കുന്നതെല്ലാം അച്ഛൻ കാണുകയും കേൾക്കുകയും ചെയ്തു. വായിക്കുകയും മനസ്സിലാക്കുകയും ചെയ്തു. എന്നാൽ ഒരു അങ്കത്തിനും അച്ഛൻ ഇറങ്ങി പുറപ്പെട്ടില്ല, ആരോടും തർക്കിച്ചുമില്ല.

ജീവിതത്തിൽ തന്നെ സഹായിച്ചവരോടുള്ള കടപ്പാടുകൾ അവസാനം വരെ ഓർത്തെടുക്കുമായിരുന്നു അച്ഛൻ. ഏറ്റവും കൂടുതൽ അച്ഛന്റെ കടപ്പാടുകൾ അച്ഛനെ ശ്രീലങ്കയിലേക്ക് കൊണ്ടുപോവുകയും, പിന്നീട് ഇന്ത്യ സ്വതന്ത്ര്യമായതിനുശേഷം നെഹ്റു പുതിയ ഇന്ത്യ കെട്ടിപ്പടു ക്കാൻ എല്ലാ ഇന്ത്യക്കാരോടും ഇന്ത്യയിലേക്ക് മടങ്ങാൻ ശ്രീലങ്കയിൽ ചെന്ന് പ്രസംഗിച്ചപ്പോൾ ആവേശം മൂത്ത് ഒപ്പം ഇന്ത്യയിലേക്ക് തിരിച്ച, അച്ഛന്റെ പാപ്പൻ, കൃഷ്ണൻ അച്ചാച്ചനോടായിരുന്നു. കടപ്പാടുകൾ, മറ്റുള്ളവരുടെ ജീവിതത്തോടുള്ള ആദരവ് ഇതൊക്കെ പഠിക്കാൻ അച്ഛന്റെ ജീവിതം ഒരു തുറന്ന പുസ്തകമാണ്.

അച്ഛനോടൊപ്പം എരിഞ്ഞമരുന്നത് അച്ഛൻ വളർത്തിയെടുത്ത ഒരുപാട് സംസ്കൃതികളാണ്. അച്ഛൻ എന്ന പാഠശാല എത്തിപ്പിടിക്കാൻ എനിക്ക് ഒരിക്കലുമാകില്ല. അതിനിനിയും അച്ഛന്റെ മകനായി പല തവണ യെങ്കിലും ജനിക്കേണ്ടിവരും.

മനുഷ്യൻ, മനസ്സ്, ജീവിതം, കാലങ്ങളിലൂടെ കടന്നുപോകുമ്പോൾ നാം സ്വയം പൊളിച്ചെഴുതലുകൾക്ക് തയ്യാറാവുന്നു. നാം നിരന്തരമായി നവീകരിച്ചും സ്ഫുടീകരിച്ചും എത്തുന്ന ഒരു ജീവിതമുണ്ട്. അവിടെ സമാധാനം മാത്രമേയുള്ളൂ, അത് നാം കണ്ടെത്തുന്നതാണ്.

അച്ഛന്റെ ചിത ഏതാണ്ട് കത്തിയമർന്നിരിക്കുന്നു, ഭൗതികമായി ഇനി ഒന്നുംതന്നെ ഈ ഭൂമിയിലില്ല, എന്നാൽ അച്ഛൻ ആരണ്യകം എന്ന ഈ വീടിനും മരങ്ങൾ നിറഞ്ഞ ഈ പറമ്പിലും എപ്പോഴും നിറഞ്ഞുനിൽക്കും.

സമയം പാതിര കഴിഞ്ഞിരിക്കുന്നു. ഉറങ്ങാനാവില്ല, എന്റെ മനസ്സിലാണ് കത്തിത്തീരാത്ത ചിത –എരിയുന്നത്.

## കാലചക്രം- 10

# മടക്കയാത്രയുടെ ദൂരങ്ങൾ

ഒരു മനുഷ്യൻ ജനിക്കുന്നതിനുമുമ്പ് അവൻ പത്തുമാസത്തിന് മുമ്പേ അവന്റെ അമ്മയുടെ ഗർഭപാത്രത്തിൽ ജന്മമെടുക്കുന്നു. വളരെ നിറവാർന്ന ഒരു കാലഘട്ടത്തിലൂടെ ആണ് അവൻ അല്ലെങ്കിൽ അവൾ പിന്നെയുള്ള പത്തുമാസത്തിലൂടെ കടന്നുപോകുന്നത്. അമ്മ കേൾക്കുന്നതും, കാണുന്നതും, പഠിക്കുന്നതും, അനുഭവിക്കുന്നതും എല്ലാം തൊട്ടറിഞ്ഞു, അമ്മയുടെ ഉള്ളിൽ മറ്റൊരാളായി അവൻ അല്ലെങ്കിൽ അവൾ വളരുകയാണ്. പത്തു മാസത്തിനുശേഷം പുറത്തുവരുന്ന അവൻ അല്ലെങ്കിൽ അവൾ ഒരു പരിപൂർണ്ണ മനുഷ്യനാണ്.

എന്നാൽ നമ്മുടെ മടക്കയാത്രകൾ വളരെപ്പെട്ടെന്നാണ്. ഒരു പ്രത്യേക നിമിഷത്തിൽ നാം നിഷ്ക്രമിക്കുന്നു.

സത്യത്തിൽ ആ മടക്കയാത്രകൾ അത്ര പെട്ടെന്നല്ലെന്നാണ് എനിക്ക് തോന്നുന്നത്. ശരീരം വിട്ടുപോയ ആ ആത്മാവ് അല്ലെങ്കിൽ ശക്തമായ ആ സാന്നിധ്യം നമുക്ക് ചുറ്റുമുണ്ട്. പടിപടിയായുള്ള ആ യാത്രപറയലാണോ നാം വിവിധ ചടങ്ങുകളായി ആചരിക്കുന്നത്? ആവണം.

പിറ്റേന്ന് അതിരാവിലെ ആയപ്പോഴേക്ക് അച്ഛന്റെ ചിത പരിപൂർണ്ണമായി കത്തിത്തീർന്നിരുന്നു. അതിനുമുകളിൽ മഴ പെയ്ത് നനയാതിരിക്കാൻ ഒരു തകര ഷീറ്റ് വിരിച്ചിരുന്നു.

അതിരാവിലെത്തന്നെ വീടെല്ലാം അടിച്ചുതുടച്ചു ബലികർമ്മങ്ങൾക്കുള്ള തയ്യാറെടുപ്പുകൾ തുടങ്ങി. വള്ളിവട്ടം ആശ്രമവുമായി അടുത്തു പ്രവർത്തിക്കുന്ന പ്രകാശൻ ചേട്ടന്റെ സാന്നിധ്യം ചടങ്ങുകൾ ശരിയായി നിർവഹിക്കാൻ സഹായകമായി. പ്രകാശൻ ചേട്ടന്റെ മാമനാണ് എന്റെ അച്ഛൻ, അതിനാൽത്തന്നെ അച്ഛനോടുള്ള പ്രതിബദ്ധത പ്രകാശൻ ചേട്ടന് വളരെക്കൂടുതലായിരുന്നു. ചേട്ടന്റെ ഓരോ പ്രവൃത്തിയിലും അതെല്ലാം തെളിഞ്ഞുകണ്ടു.

മക്കൾ അമ്മുവും അച്ചുവും ബലിച്ചോറുണ്ടാക്കുവാനും പൂജയ്ക്കുള്ള പൂക്കൾ ഒരുക്കാനും മുന്നിൽത്തന്നെയുണ്ടായിരുന്നു. പുതിയ തലമുറ

യുടെ, അവരുടെ മുത്തച്ഛനോടുള്ള ആത്മാർത്ഥ സ്നേഹത്തിൽ വളരെയധികം സന്തോഷം തോന്നി.

എല്ലാവരും ബലിച്ചോറ് ഉരുളയാക്കി സമർപ്പിച്ചു പൂക്കൾ വിതറി. ബിന്ദു ബലിച്ചോറ് സമർപ്പിച്ചപ്പോൾ അച്ഛന്റെ ചിതക്ക് മുകളിലുണ്ടായിരുന്ന തകര ഷീറ്റ് ഒന്നിളകിയപോലെ. എന്നെക്കാളേറെ അച്ഛനെ സ്നേഹിക്കുകയും പരിചരിക്കുകയും വേണ്ടതെല്ലാം എന്റെ അഭാവത്തിൽ ചെയ്തുകൊടുത്തിരുന്നതും ബിന്ദുവാണ്. തീർച്ചയായും അച്ഛന്റെ ആത്മാവ് ബിന്ദുവിന്റെ തൊട്ടരികിലുള്ളതായി എനിക്ക് അനുഭവപ്പെട്ടു.

എല്ലാം നമ്മുടെ സങ്കല്പങ്ങളാണ്. ചിലപ്പോൾ ആ സങ്കല്പങ്ങൾ യാഥാർത്ഥ്യമാകുന്നതായി തോന്നും. അതനുഭവിക്കുക എന്നത് മനുഷ്യജന്മത്തിലെ പുണ്യമായി ഞാൻ കരുതുന്നു.

എല്ലാവരും വേണ്ട കർമങ്ങൾ എല്ലാം ചെയ്തു, ഒപ്പം അച്ഛനെ ഇത്രയും നാൾ നോക്കിയിരുന്ന ഹോംനഴ്സും. എല്ലാവരേക്കാളുമുപരി അച്ഛനെ ഒന്നരവർഷമായി നോക്കുന്ന അവർക്ക് ബലിയിടാനുള്ള അവകാശമുണ്ടെന്ന് എനിക്ക് തോന്നി, അതിനായി അവരെ ആദരപൂർവം വിളിച്ചു, വളരെ സന്തോഷത്തോടെ അവർ അത് ചെയ്തു.

ജീവിതം നമുക്ക് ശരിയായി മനസ്സിലാകാത്ത പ്രഹേളികയാണ്. മനുഷ്യനന്മകൾ തിരിച്ചെടുക്കാനും തിരിച്ചുപിടിക്കാനുമാണ് നാം ഓരോ നിമിഷവും ശ്രമിക്കേണ്ടത്. സ്വന്തം ആത്മാർത്ഥതയും പ്രതിബദ്ധതയുമാണ് ജീവിതം നവീകരിക്കാൻ നമുക്ക് വേണ്ടത്.

ബലികർമ്മങ്ങൾ കഴിയുന്നതിനു മുമ്പുതന്നെ അളിയൻ ബിജു പ്രഭാതഭക്ഷണവുമായി എത്തിയിരുന്നു. ചടങ്ങുകൾ എല്ലാം തീർന്നതോടെ ബന്ധുക്കൾ എല്ലാവരും ഒരുമിച്ച് ഭക്ഷണം കഴിച്ചു. ചേച്ചിമാരും, പാപ്പന്മാരും, ഇളയമ്മമാരും എല്ലാവരും ഉണ്ടായിരുന്നു. അച്ഛനോടുള്ള സ്നേഹം മാത്രമാണ് എല്ലാവരെയും ഒന്നിച്ചുചേർക്കുന്ന ഘടകം എന്നെനിക്കറിയാമായിരുന്നു. അപൂർവമായി സംഭവിക്കുന്ന ഈ കൂടിച്ചേരൽ ജീവിതത്തിന്റെ തനിമ നമ്മളിൽ നിലനിർത്തുന്നു.

വൈകുന്നേരങ്ങളിലെ നിലവിളക്ക് കൊളുത്തി ഒന്നിച്ചുള്ള പ്രാർത്ഥനകൾ പഴയ കൂട്ടുകുടുംബത്തിന്റെ ദൃഢതയും എല്ലാവരും ഒന്നാണെന്ന കെട്ടുറപ്പും തിരിച്ചുകൊണ്ടുവരുന്നതായി തോന്നി. കുറച്ചു ദിവസത്തേക്കാണെങ്കിലും അച്ഛന്റെ ആത്മാവിനായുള്ള പ്രാത്ഥനകൾ മനസ്സിനും ശരീരത്തിനും അപൂർവമായ സമാധാനം നൽകി.

കൂടുമ്പോൾ ഇമ്പമുള്ളത് കുടുംബം എന്ന ആപ്തവാക്യം അന്വർത്ഥമാക്കുന്ന നിമിഷങ്ങൾ.

## കാലചക്രം- 11

# നിമജ്ജനം

**അ**ച്ഛന്റെ സഞ്ചയനത്തിന്റെ തലേന്നുതന്നെ രവിപാപ്പനും ഉഷഇളയമ്മയും മുംബൈയിൽ നിന്ന് എത്തി. അച്ഛൻ എന്ന ചേട്ടൻ രവിപ്പാപ്പന് എല്ലാമെല്ലാമായിരുന്നു. അതിനു കാരണം അച്ഛന്റെ എല്ലാമെല്ലാമായിരുന്ന പാപ്പൻ, കൃഷ്ണൻ അച്ചാച്ചൻ ആണ്, ആ കൃഷ്ണൻ അച്ചാച്ചന്റെ മൂന്നാമത്തെ മകനാണ് രവി.

പലപല തലമുറകളിലൂടെ നമ്മളെയെല്ലാം കോർത്തിണക്കുന്ന ഒരു അദൃശ്യ കണ്ണിയുണ്ട്, അത് കാണാൻ നമുക്ക് കണ്ണുണ്ടാകണം, കാഴ്ചയുണ്ടാകണം.

അത് പുതിയ തലമുറയിലേക്കും പടർന്നുകിടക്കുന്നു എന്ന് കാണുമ്പോൾ എനിക്ക് വലിയ സന്തോഷമാണ്. കാരണം രവിപാപ്പന്റെ മകൻ വിനു, എന്റെ മക്കളുമായി സംസാരിക്കാറുണ്ട്. വിനുവിന്റെ കുഞ്ഞിമകളുടെ ചിത്രം അവരുമായി പങ്കിടുമ്പോൾ, തലമുറകളിലേക്ക് പടരുന്ന, നമ്മളെയെല്ലാം ചേർത്ത് നിർത്തുന്ന നമ്മുടെ കാരണവന്മാരുടെ ഒരു അദൃശ്യസാന്നിധ്യം നാം അനുഭവിക്കുന്നു.

കൃഷ്ണൻ അച്ഛാച്ചന്റെ പറമ്പ് ഞങ്ങളുടെ വീടിന് മുന്നിൽത്തന്നെയാണ്. അവരെല്ലാം മുംബൈയിൽ ആണ്. അച്ഛനാണതെല്ലാം നോക്കിനടത്തിയിരുന്നത്. കൃഷ്ണൻ അച്ചാച്ചന്റെ മരണശേഷം ആ പറമ്പ് മൂന്നായി ഭാഗിച്ചു.

ആ പറമ്പ് എനിക്ക് വലിയ ഇഷ്ടമാണ്, പടിഞ്ഞാപ്പുറത്തെ മൽഗോവമാവ്, പറമ്പിനോട് ചേർന്നുള്ള കുട്ടൻകേരികുളം, കുളത്തിനോട് ചേർന്നുള്ള മരത്തിന്റെ വേരിൽ ഇരുന്നുനോക്കിയാൽ കാണാവുന്ന വിശാല പുഞ്ചപ്പാടം, കണ്ണുകൾക്ക് ഉൾകൊള്ളാവുന്നതിലും അധികം കാഴ്ചകൾ. എത്രയോ മീൻ ആ കുളത്തിൽ നിന്ന് പിടിച്ചിട്ടുണ്ട്. കുളക്കോഴികളുടെ വിഹാരകേന്ദ്രമായിരുന്നു അവിടം. ആമകളുടെ പറുദീസയായിരുന്നു ആ കുളം.

കഴിഞ്ഞകാലജീവിതത്തിലൂടെ എത്ര സഞ്ചരിച്ചാലും എനിക്ക് മതിയാവില്ല.

ഓർമ്മകൾ ഇഴഞ്ഞു കയറുന്ന പെരുമ്പാമ്പുകൾപോലെയാണ്, അവരെന്നെ വിഴുങ്ങുന്നതാണ് എനിക്കിഷ്ടം.

പിറ്റേന്ന് അച്ഛന്റെ സഞ്ചയനമായിരുന്നു. അതിനാൽത്തന്നെ അസ്ഥി പെറുക്കാനും മറ്റു ചടങ്ങുകളിലും രവിപ്പാപ്പനെ സജീവമായി പങ്കെടുപ്പിച്ചു.

ഒരു പ്രവാസിക്കു മാത്രമേ മറ്റൊരു പ്രവാസിയുടെ നൊമ്പരങ്ങൾ തിരിച്ചറിയാൻ കഴിയൂ. നാട്ടിലേക്കു തിരിച്ചെത്തുമ്പോൾ എല്ലാ അനുഭവങ്ങളും അയാൾ ആവേശത്തോടെ വിഴുങ്ങാൻ ശ്രമിക്കുകയാണ്, ബാക്കിയുള്ള പ്രവാസജീവിതത്തിൽ ഓർത്തെടുത്ത് ആശ്വസിക്കാൻ.

അച്ഛന്റെ അസ്ഥികൾ കഴുകിയെടുത്ത് കുടത്തിലാക്കി, ബാക്കി ചാരമെല്ലാം ചാക്കുകളിൽ വാരിക്കെട്ടി. ഭൗതികശരീരത്തിന്റെ ഓർമ്മക്കായി ഇനി ഒന്നുംതന്നെ ബാക്കിയില്ല.

ആറാട്ടുകടവിലെ കടൽത്തീരത്തേക്കുള്ള യാത്രയിൽ എല്ലാവരും ഉണ്ടായിരുന്നു. കുടം ഉടച്ചു അസ്ഥികൾ കടലിൽ ഒഴുക്കി. കടലിൽ മുങ്ങി നിവർന്നു.

അച്ഛാ, അച്ഛന്റെ മകൻ അച്ഛന്റെ ഭൗതികശരീരത്തിൽനിന്ന് ഭാഗികമായെങ്കിലും മോചനം നേടിയിരിക്കുന്നു, അല്ലെങ്കിൽ ആ ചടങ്ങ് അവസാനിച്ചിരിക്കുന്നു. ഞങ്ങൾ അച്ഛനെ കടലിൽ ഉപേക്ഷിച്ചു ഞങ്ങളുടെ സ്വതന്ത്ര ജീവിതത്തിലേക്ക് മടങ്ങുകയാണ്.

പഴയ തലമുറകളുടെ കെട്ടുകൾ അഴിച്ചുവിട്ട്, നാം പിരിഞ്ഞു പോകാനുള്ള അടുത്ത കണ്ണിയാവുകയാണ്. അപ്പാപ്പൻ, അച്ഛൻ, മകൻ, മുമ്പുള്ള രണ്ടു തലമുറകൾ അവരുടെ കെട്ടുപാടുകൾ അഴിച്ചുമാറ്റി പ്രകൃതിയിൽ വിലയം പ്രാപിച്ചിരിക്കുന്നു.

മകനായ എനിക്ക് ഇനിയും നടക്കാൻ ദൂരമുണ്ട്, കാലുകൾ കഴച്ചു തളരുന്നത് വരെ നടക്കാം.

## കാലചക്രം - 12

# ഒരുമയുടെ ജീവിതം

**ഈ** ജീവിതത്തിൽനിന്ന് യാത്രപറഞ്ഞുപോകുമ്പോൾ ആ വ്യകതി ഒരുപാടുപേരെ ഒന്നിപ്പിക്കും. അച്ഛന് എല്ലാവരിലും പടർന്നുകിടക്കുന്ന അസാമാന്യബന്ധങ്ങൾ ഉണ്ടായിരുന്നു.

വളരെക്കാലമായി ആ ചാരുകസേരയിൽ അച്ഛന്റെ ജീവിതം ഒതുങ്ങിയിരുന്നെങ്കിലും, അച്ഛന്റെ സമ്പർക്കം ഒരിക്കലും കുറഞ്ഞുപോയിരുന്നില്ല. ഞാൻ നാട്ടിൽ പോകുമ്പോൾ വരുന്ന എന്റെ സുഹൃത്തുക്കളും മറ്റു ബന്ധുക്കളുമായി അച്ഛൻ എന്നെക്കാളേറെ സൗഹൃദം പുലർത്തിയിരുന്നു.

ചാരുകസേരയിൽ കിടന്നുള്ള ആ ചെറുചിരിയിൽ അച്ഛൻ ലോകം കീഴടക്കിയിരുന്നു.

എന്റെ പേരിൽ വന്നുകൊണ്ടിരിക്കുന്ന 'ഇന്ന്' പോലുള്ള ചെറിയ ഇൻലൻഡ് മാഗസിനുകൾവരെ കണ്ണട ഉപയോഗിക്കാതെ തൊണ്ണൂറ്റി ഒമ്പതാം വയസ്സിൽ അച്ഛന് വായിക്കാൻ കഴിയുമായിരുന്നു. ആ മാഗസിനുകളുടെയെല്ലാം മാധുര്യം എന്നേക്കാൾ കൂടുതൽ നുണഞ്ഞതും അനുഭവിച്ചതും അച്ഛനാണ്. ഇപ്പോൾ എനിക്ക് തോന്നുന്നു, ആരണ്യകത്തിലേക്ക് അങ്ങനെയുള്ള ചെറിയ മാഗസിനുകൾ വന്നുകൊണ്ടിരുന്നത് അച്ഛനാൽ വായിക്കപ്പെടാനാണ് എന്ന്.

അച്ഛന്റെ മരണശേഷം പിറ്റേന്ന്തന്നെ അളിയൻ ബിജു ഒരു വണ്ടി നിറയെ സാധനങ്ങൾ കൊണ്ടിറക്കി. എല്ലാവരും കൂടി നിൽക്കുമ്പോൾ ഭക്ഷണമൊരുക്കാനുള്ള നാട്ടാചാരങ്ങൾ.

എന്നും രാവിലെ ഉണർന്നു, വീട് മുഴുവനായി അടിച്ചും തുടച്ചും കുളിച്ചും ആരംഭിക്കുന്ന എല്ലാവരും കൂടിയുള്ള പാചകങ്ങൾ. ശേഷംകെട്ടിയ ആൾക്ക് ആദ്യം ഭക്ഷണമെന്ന ചിട്ട. പഴയ ഭക്ഷണമോ വസ്ത്രങ്ങളോ ഉപയോഗിക്കാതിരിക്കൽ. മാനസികവും, ശാരീരികവും, പരിസ്ഥിതികവുമായുള്ള ഒരു ശുദ്ധീകരണം നമുക്ക് അനുഭവപ്പെടുന്ന ചിട്ടകൾ.

എനിക്ക് ഏറ്റവും കൂടുതൽ അനുഭവപ്പെട്ടത് ആ കൂട്ടായ്മയുടെ ഊഷ്മളതയാണ്. കൈമോശം വന്നുപോയി എന്ന് കരുതിയിരുന്ന കൂട്ടുകുടുംബത്തിന്റെ കെട്ടുറപ്പും, ആരും മാറിനിൽക്കാതെ, ഒന്നിച്ചു എല്ലാ കാര്യങ്ങളിലും പങ്കെടുക്കുന്നതും, ഒന്നിച്ചു ഭക്ഷണം കഴിക്കുന്നതും, എന്തിന് പണ്ട് പ്രധാനമുറിയിൽ പായ വിരിച്ച് ഒന്നിച്ചുറങ്ങിയിരുന്നതും ഒന്നിച്ചുണർന്നിരുന്നതും തിരിച്ചുവന്നിരിക്കുന്നു. ആ ഒരുമയുടെ സന്തോഷം എല്ലാവരുടെയും കണ്ണുകളിലും നിറഞ്ഞിരുന്നു.

വീട്ടിൽ അടുത്തിടെ കെട്ടിയ അരമീറ്റർ ഉയരമുള്ള പറമ്പിനെയും വഴിയെയും വേർതിരിക്കുന്ന ചെറിയ മതിലിൽ ഇരിക്കാനാണ് എല്ലാവരും ഇഷ്ടപ്പെട്ടത്. മരങ്ങളുടെ തണലിൽ ആ അരമതിലിൽ വിശാലമായി ഇരിക്കാനും, ചായകുടിക്കാനും എല്ലാവരും ഇഷ്ടപ്പെട്ടു. വീട്ടിൽനിന്ന് പുറത്തിറങ്ങി പ്രകൃതിയോട് ചേർന്നിരിക്കുമ്പോൾ നാം അറിയാതെ പ്രകൃതിയിൽ ലയിച്ചുപോകുന്നു.

കസേരയിൽ ഇരിക്കുന്നതിനേക്കാൾ എല്ലാവരും ആ അരമതിലിൽ രണ്ടു വശത്തും നിരന്നിരുന്നു പഴയപോലെ വർത്തമാനങ്ങൾ പറഞ്ഞു, കട്ടൻ ചായ കുടിച്ചു, പഴംപൊരി കടിച്ചു.

പുഞ്ചപ്പാടത്തെ വലിയവരമ്പുകളിൽ വിയർപ്പ് വടിച്ചുകളഞ്ഞു എല്ലാവരും നിരന്നിരുന്നു കൊയ്ത്തിനിടയിൽ കഞ്ഞികുടിക്കുന്നത് ഓർമ്മ വന്നു. പച്ചില പ്ലാവിലയിൽ ഈർക്കിലിയിൽ കുത്തിയ കരണ്ടി കൊണ്ട് കിണ്ണത്തിൽനിന്ന് ചൂട് കഞ്ഞി കോരിക്കുടിക്കുമ്പോൾ ഒന്നുകൂടി വിയർക്കും, അത് കഴിഞ്ഞു വരുന്ന ഇളംകാറ്റിൽ ആ വിയർപ്പൊന്നു തണുക്കും, അനുഭവിച്ചറിയേണ്ട ജീവിതസത്യങ്ങളാണത്. കാലം എത്ര വേഗമാണ് നമ്മിൽനിന്ന് ഓടിപ്പോകുന്നത്.

വീട്ടിൽ ഉണ്ടായിരുന്ന പാപ്പന്മാർക്കും ഇളയമ്മമാർക്കും എന്നും അച്ഛനുമായി ബന്ധപ്പെട്ട ഓരോ കഥകൾ പറയാനുണ്ടാകും. അത് പലതും അച്ഛനുമായി ബന്ധപെട്ട് അവരുടെ ജീവിതത്തിലുണ്ടായ വലിയ മാറ്റങ്ങളുടെയും ഗുണങ്ങളുടെയും കഥകളാകും.

മറ്റൊരാളുടെ ജീവിതത്തിൽ ശക്തമായ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുക എന്നത് ഒരു പുണ്യമാണ്. ചെറിയ തീരുമാനങ്ങൾ വലിയ മാറ്റങ്ങൾ സമ്മാനിക്കും. മറ്റുള്ളവരുടെ നന്മകൾ മാത്രം കാണുന്നവർക്ക് തെറ്റായ തീരുമാനങ്ങൾ എടുക്കാൻ കഴിയില്ല.

പുലകുളിയുടെ അന്നുവരെ ബലികർമ്മങ്ങൾ തുടർന്നു. നാട്ടിൽ കാക്കകൾ അന്യംനിന്നുപോയെങ്കിലും ബലികർമ്മങ്ങളുടെ സമയത്ത് കാ കാ എന്ന വലിയ ശബ്ദത്തോടെ മൂന്നുനാലു കാക്കകൾ പ്രത്യക്ഷപ്പെട്ടു.

കുറച്ചുകാലം മുമ്പുവരെ അതിരാവിലെ നമ്മളെ കൂവി ഉണർത്തിയി

രുന്ന കോഴികളും, നേരം വെളുക്കുമ്പോൾ തലേന്നത്തെ ചോറിനായി അടുക്കള വാതിലിൽ ഉറക്കെ കരഞ്ഞിരുന്ന കാക്കക്കൂട്ടങ്ങളും എവിടെയോ അപ്രത്യക്ഷമായിരിക്കുന്നു.

നമ്മൾ അറിയാതെ നമ്മളിൽനിന്ന് ഒരുപാട് സംസ്കൃതികൾ അപ്രത്യക്ഷമാകുന്നുണ്ട്.

നമ്മൾ നമ്മളിൽനിന്നുതന്നെ അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്ന ഒരു ജീവിതമാണ് നാം ജീവിക്കുന്നത്.

ചിലപ്പോൾ അവനവൻ ജീവിച്ചിരിക്കുന്നു എന്ന് മറ്റുള്ളവർ നമ്മളെ ബോധ്യപ്പെടുത്തേണ്ടിവരുന്നു.

വരാന്തയിലെ നീണ്ട തിണ്ണയിൽ രാത്രിയിൽ വിളക്കുകൾ അണച്ച് കിടക്കുമ്പോൾ, എതിരെ ചാരുകസേരയിൽ ചെറുപുഞ്ചിരിയോടെ അച്ഛന്റെ രൂപം ഇപ്പോഴും കിടക്കുന്നുണ്ട്.

## കാലചക്രം - 13

# തനിയെ ആകുന്ന ആത്മാവ്

**ച**ടങ്ങുകളുടെ അവസാനം ആകാറായി. പുലകുളിയുടെ അന്ന് അതിരാവിലെത്തന്നെ ശാന്തി എത്തിച്ചേർന്നു, നമ്മളിൽനിന്നും വിട്ടുപോകുന്ന അല്ലെങ്കിൽ നമ്മൾ വിടുതൽ നൽകുന്ന ആത്മാവിനായുള്ള കർമ്മങ്ങൾ.

എണ്ണ തേച്ച്, പഞ്ചഗവ്യം കഴിച്ച് കുളിച്ചു ചടങ്ങിനായി ഒരുങ്ങി.

അച്ഛനായുള്ള അവസാനകർമ്മങ്ങൾ.

എല്ലാവരും ബലിച്ചോറിന്റെ ഉരുളകൾ സമർപ്പിച്ചു. ആത്മാവിന്റെ നിത്യശാന്തിക്കായുള്ള നീണ്ട പ്രാർത്ഥനകൾ. ശാന്തി പറഞ്ഞുതന്ന മന്ത്രങ്ങൾ എല്ലാവരും ഉരുവിട്ടു, പുഷ്പങ്ങൾ സമർപ്പിച്ചു.

എല്ലാത്തിനും സാക്ഷിയായി അച്ഛന്റെ ഒഴിഞ്ഞ കസേര വരാന്തയിൽ. എപ്പോഴും കാണുന്നതുപോലെ അദൃശ്യനായി തൊഴുതു, അച്ഛൻ ആ കസേരയിൽ എപ്പോഴുമുണ്ട്.

ചടങ്ങുകളെ തീരുന്നുള്ളൂ. ഞങ്ങളിൽനിന്ന് ഒരിക്കലും അച്ഛന്റെ ഓർമ്മകൾ ഇറങ്ങിപോകില്ല. അച്ഛന്റെ ആത്മാവിന് എന്നും എപ്പോഴും ഞങ്ങളുടെ ഉള്ളിൽ സ്ഥാനമുണ്ട്.

ഉച്ചയൂണ് കഴിഞ്ഞു, പാപ്പന്മാരും ഇളയമ്മമാരും അവരവരുടെ വീടുകളിലേക്ക് മടങ്ങി. എല്ലാവരോടും എന്റെ അകമഴിഞ്ഞ നന്ദി അറിയിച്ചു. ഇനി എല്ലാവരെയും എന്നാണ് ഒരുമിച്ചു കാണുക, അതിൽത്തന്നെ ആരൊക്കെയാണ് അടുത്തതായി കൊഴിഞ്ഞുപോവുക, ഒന്നുമറിയാത്ത ജീവിതം. എങ്കിലും കൂടെയുണ്ടായിരുന്ന ആ നല്ല നിമിഷങ്ങൾക്കുള്ള നന്ദിയും സന്തോഷവും ഒരിക്കലും പറഞ്ഞു തീർക്കാനാവില്ല.

ശാന്തഇളയമ്മയും ഉണ്ണിപ്പാപ്പനും കോടാലിയിലേക്ക് മടങ്ങി, പടിയൂരിൽ നിന്നും വളരെനാൾ മുമ്പ് മാറിപ്പോയെങ്കിലും, അവനവന്റെ തറവാടുകൾ തേടി അതിൽ ലയിച്ചുചേരാൻ എല്ലാവരും എപ്പോഴും കൊതിക്കുന്നു. മനുഷ്യനെ വിട്ടുപോകാതെ ഒന്നാണ് അവനവന്റെ മണ്ണിലേക്കുള്ള മടക്കങ്ങൾ.

മുംബൈയിൽ നിന്നുവന്ന രവിപാപ്പനും ഉഷഇളയമ്മയും, കിഴക്കേലെ

കുമാരപാപ്പനും ജയന്തിഇളയമ്മയ്ക്കും ഒപ്പമായിരുന്നു. പെങ്ങമ്മാരെ തിരിച്ചുകൊണ്ടാക്കുന്ന അന്നുകൂടി എല്ലാവരും ഒന്നിച്ചാകാം ഭക്ഷണം എന്ന് തീരുമാനിച്ചു.

അച്ഛന്റെ ചടങ്ങുകൾ എല്ലാം അവസാനിച്ചിരിക്കുന്നു. പിറ്റേന്ന് കാലത്തുതന്നെ ഹോംനഴ്സിനെ അവരുടെ ഓഫീസിൽ കൊണ്ടുചെന്നാക്കി.

ഉച്ചയൂണ് കഴിഞ്ഞു, ആദ്യം തൊട്ടുവടക്കേലുള്ള വെല്ല്യേച്ചി രാജേശ്വരി പോകാൻ തയ്യാറായി. തെക്കേപ്പുറത്തുപോയി അച്ഛനെ ദഹിപ്പിച്ചിടത്ത് ചേച്ചി പ്രാർത്ഥിച്ചു. നിറകണ്ണുകളോടെ തിരിഞ്ഞു നോക്കാതെ വടക്കേപ്പുറമ്പിലേക്കുള്ള ഗേറ്റ് തുറന്നു വെല്ല്യേച്ചി നടന്നു, ഞാൻ പിറകെയും.

ചില സമയങ്ങളിൽ നമുക്ക് സംസാരിക്കാൻ വാക്കുകൾ ഇല്ലാതെ വരും. അതങ്ങനെ ഒരു നിമിഷമായിരുന്നു. വീട്ടിലെ നാലാമത്തെ കുട്ടിയായ ഞാൻ വെല്ല്യേച്ചിക്ക് മൂത്തമകൻ ആണ്. അന്നും, ഇന്നും.

തൊട്ടടുത്തായതിനാൽ എപ്പോഴും കാണാനാകും എന്നതിനാലും ഞാൻ വേഗം മടങ്ങി. താഴെയുള്ള താരയെ പിന്നീട് കൊണ്ടുചെന്നാക്കി. ഷാജി മാഷുടെ വയസ്സായ അമ്മയുടെ അടുത്ത് കുറച്ചു സമയം ചെലവഴിച്ചു.

തിരിച്ചു വന്നു പരിമളചേച്ചിയുടെ വീട്ടിൽ പോയി.

ബോംബെയിൽനിന്ന് വന്ന അംബിച്ചേച്ചി ഒരാഴ്ചകഴിഞ്ഞേ പോകുന്നുള്ളൂ എന്ന് പറഞ്ഞു, അല്ലെങ്കിൽ ആ മുറിയിൽ അമ്മ തനിച്ചായിപ്പോകും. അംബിചേച്ചിയെ പിന്നീട് പ്രകാശൻചേട്ടനും സരള ചേച്ചിയും ബിന്ദുവും ചേർന്ന് കൊണ്ടാക്കി.

എല്ലാവരും പോയിക്കഴിഞ്ഞു, വീട് ശൂന്യമാകുന്നു.

അച്ഛന്റെയും അമ്മയുടെയും മുറിയിൽ അമ്മ മാത്രമായി. ഒന്നും പറയാനാകാതെ ഞാൻ അമ്മയുടെ അരികിൽ കുറെ നേരം ഇരുന്നു. അച്ഛന്റെ ഒരു ചിത്രം ആ മുറിയിൽ വെക്കട്ടെ എന്ന് ചോദിച്ചപ്പോൾ അമ്മ വേണ്ടെന്ന് പറഞ്ഞു, ഒരുപക്ഷെ തൊട്ടടുത്ത കട്ടിലിൽ അമ്മക്കിപ്പോഴും അച്ഛനെക്കാണുന്നുണ്ടാകും.

## കാലചക്രം- 14

# മടക്കയാത്ര

**കാ**ലം അങ്ങനെയാണ്, ജീവിതത്തിൽ ഓരോ കാര്യങ്ങൾ ചെയ്യാനും, ചെയ്യിക്കാനുമായി അതതുസമയത്ത് നമ്മെ പ്രാപ്തരാക്കും, അല്ലെങ്കിൽ കൃത്യമായ സമയത്ത്, കൃത്യസ്ഥലത്ത് നാം എത്തിച്ചേരും.

അച്ഛന്റെ ആരോഗ്യനില മോശമാണെന്നറിയാമായിരുന്നു.എങ്കിലും അച്ഛൻ വിടപറയും എന്ന് പ്രതീക്ഷിച്ചല്ല ഞാൻ നാട്ടിലേക്കു തിരിച്ചത്.

പ്രകൃതിയുടെ ഒരു നിയതിയുണ്ട്, ചില ഉൾവിളികൾ നാമറിയാതെ നമ്മുടെ ഉള്ളിൽ നടക്കും. അച്ഛന്റെ മകൻ എന്ന നിലയിൽ ഞാൻ എത്രയോ ഭാഗ്യവാനാണ്! കൃത്യസമയത്തുതന്നെ നാട്ടിൽ എത്തിച്ചേരാനായി. ആശുപത്രിയിൽ പരമാവധി ചികിത്സകൾ കൊടുക്കാനും കഴിഞ്ഞു. ഈ ലോകത്തുനിന്ന് വിട്ടുപോകുന്ന നേരത്ത് അച്ഛന്റെ തൊട്ടരികിൽ ഇരിക്കാനായി, അച്ഛന്റെ അന്ത്യകർമ്മങ്ങൾ എല്ലാം ചെയ്യാനുമായി.

നാട്ടിൽ പോകാൻ നേരത്ത് സംശയമായിരുന്നു. എന്റെ യാത്രയ്ക്കായുള്ള 'രോഗമില്ല' എന്ന പരിശോധനയുടെ ഫലം മറിച്ചായിരുന്നു വന്നിരുന്നതെങ്കിൽ, നാട്ടിൽ വരുവാൻ കഴിയുമായിരുന്നില്ല. അവസാനനിമിഷംവരെ ഉറപ്പില്ലാത്ത യാത്രകൾ.

ഇപ്പോൾ അവസ്ഥകൾ മാറിയെങ്കിലും കുറച്ചു നാൾ മുമ്പ് വരെ പെട്ടെന്ന് നാട്ടിൽ എത്തിച്ചേരാൻ ബുദ്ധിമുട്ടായിരുന്നു. എന്നാൽ അതിനെയെല്ലാം അതിജീവിച്ചു നാട്ടിൽ എത്താൻ കഴിഞ്ഞു.

അച്ഛന്റെ എല്ലാ ചടങ്ങുകളും അവസാനിച്ചിരിക്കുന്നു. പിറ്റേന്ന് രാവിലെ ത്തന്നെയായിരുന്നു എന്റെ മടക്കയാത്രക്കുള്ള ടിക്കറ്റ്. തിരിച്ചുള്ള യാത്രക്കും രോഗമില്ല എന്ന സർട്ടിഫിക്കറ്റ് വേണമായിരുന്നു, അതും കിട്ടി.

നാട്ടിലേക്കു വരാനോ, തിരിച്ചുപോകാനോ ഉള്ള ടിക്കറ്റിൽ ഒരു മാറ്റവും വരുത്തിയില്ല. ഒരു നിയോഗം പോലെ എല്ലാം ആ സമയത്തിനുള്ളിൽ കഴിഞ്ഞു. ചടങ്ങുകൾ കഴിഞ്ഞു ഒരു ദിവസവും ബാക്കിയുമുണ്ടായില്ല. എന്റെ ഈ യാത്ര അച്ഛനുവേണ്ടി ഉള്ളത് മാത്രമായിരുന്നു.

വീട്ടിൽനിന്ന് എല്ലാവരും മടങ്ങിയിരിക്കുന്നു. അന്ന് വൈകീട്ട് ഞാൻ പുഞ്ചപ്പാടത്തിന്നടുത്തുള്ള ഞങ്ങളുടെ പറമ്പിലേക്ക് നടന്നു. വിശാലമായ പുഞ്ചപ്പാടം പച്ചപുൽമൈതാനിപോലെ നിരന്നുകിടക്കുന്നു. ചെരട ത്തോടിന്റെ വലിയ വരമ്പിലൂടെ നടക്കുമ്പോൾ, ഞാൻ കുഞ്ഞായിരു ന്നപ്പോൾ അച്ഛന്റെ കൈയും പിടിച്ചു വരമ്പിലൂടെ നടക്കുന്നതാണ് ഓർമ്മ വന്നത്. വരമ്പിലൂടെ ഞാൻ ഓടിയതും, അച്ഛൻ പിറകിലൂടെ ഓടി ഞാൻ വീഴാതെ നോക്കിയിരുന്നതും ഓർമ്മ വന്നു.

എത്ര വേഗമാണ് നമ്മുടെ ജന്മങ്ങൾ കടന്നുപോകുന്നത്!

പിറ്റേന്ന് അതിരാവിലെയാണ് തിരിച്ചുപോകാനുള്ള വിമാനം. ഇരുട്ടിൽ ആരണ്യകത്തിലെ വലിയ മരങ്ങളുടെ നിഴലിൽ ഞാൻ കുറെനേരം നടന്നു. നിഴലുകളും ഇരുട്ടും എന്നോട് നിശ്ശബ്ദമായി സംവദിച്ചുകൊ ണ്ടിരുന്നു.

കഴിഞ്ഞ രണ്ടാഴ്ച തന്നത് ജീവിതത്തിലെ ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങൾ ആണ്. തീവ്രമായ ജീവിതാനുഭവങ്ങൾ നമ്മളെ മാറ്റി മറിക്കും. ജീവിതത്തിലെ ഓരോരോ നൂൽപ്പാലത്തിലൂടെ കടന്നുപോകു മ്പോഴും ജീവിതം നമ്മളെ കൂടുതൽക്കൂടുതൽ പഠിപ്പിക്കുകയാണ്.

യാഥാർത്ഥ്യബോധത്തോടെ ജീവിതം നേരിടുക. നേരിടാനുള്ളത് പക്വതയോടെ നേരിടുക.

വളരെ വൈകിയാണ് ഉറങ്ങാൻ കിടന്നത്, ഉറക്കം വന്നതേയില്ല, മൂന്നു മണിക്ക് വിമാനത്താവളത്തിലേക്ക് പുറപ്പെടണമായിരുന്നു. പതിവു പോലെ രാജുമാമൻ വന്നിരുന്നു. എത്രയോ വർഷങ്ങളായി രാജുമാമൻ വിമാനത്താവളത്തിൽ എന്നെ സ്വീകരിക്കാനും കൊണ്ടുചെന്നാക്കാനും തുടങ്ങിയിട്ട്.

കുറച്ചൊന്നു മയങ്ങിയെന്ന് തോന്നുന്നു, അപ്പോഴേക്കും അലാറം വിളിച്ചുണർത്തി, കുളിച്ചു വേഗം പോകാൻ തയ്യാറായി. എല്ലാവരോടും യാത്രപറഞ്ഞു. അമ്മയോട് പറയാൻ വാക്കുകളില്ലായിരുന്നു. അമ്മ കെട്ടി പ്പിടിച്ച് നെറുകയിൽ ഉമ്മ തന്നു.

തെക്കേപ്പുറത്ത് പോയി അച്ഛന്റെ ചിത വെച്ചിടത്ത് പ്രാർത്ഥിച്ചു.

അച്ഛന്റെ മകൻ വീണ്ടും മരുഭൂമിയിലേക്ക് തിരിച്ചുപോകുന്നു. ഇനി വരുമ്പോൾ കാത്തിരിക്കാൻ അച്ഛനില്ല, പ്രത്യാശയോടെ എപ്പോഴും ചിരിക്കുന്ന ആ മുഖം ഇനി ഓർമ്മകളിൽ മാത്രം.

ഇരുട്ടിനെ തുളച്ചു കാറിന്റെ വെളിച്ചം ഞങ്ങളെ കൊച്ചി വിമാനത്താ വളത്തിലേക്ക് നയിച്ചു.

കാലചക്രം- 15

# വീണ്ടും മരുഭൂമിയിലേക്ക്

**ജീ**വിതം നമ്മളെ നയിക്കുന്നിടത്തിലൂടെ സഞ്ചരിക്കാനെ പലപ്പോഴും നമുക്ക് കഴിയൂ. ഉള്ള ജോലി ഉപേക്ഷിക്കാൻ എളുപ്പമാണ്, അത് കഴിഞ്ഞു എങ്ങനെ ജീവിക്കണം, എന്തിലൂടെ നമ്മുടെ തലച്ചോറ് വ്യാപൃതമാകും എന്നും നാം കണ്ടെത്തേണ്ടതുണ്ട്. വിരമിച്ചു എന്ന് പറയാൻ എളുപ്പമാണ്, ജീവിതത്തിൽനിന്ന് വിരമിക്കാനാവില്ലല്ലോ, അപ്പോൾ മനുഷ്യൻ പ്രവർത്തിച്ചുകൊണ്ടേയിരിക്കണം. അല്ലെങ്കിൽ തന്റെ തലച്ചോറും ശരീരവും കാര്യക്ഷമമായി പ്രവർത്തിക്കാനുള്ള ഒരു പ്രവൃത്തി നമ്മൾ കണ്ടെത്തിയിരിക്കണം.

ഒരു പ്രവർത്തനമണ്ഡലം പ്രധാനം തന്നെയാണ്. അവനവന് വ്യാപൃതമാകാവുന്ന പ്രവൃത്തിമണ്ഡലംതന്നെ വേണം. അതല്ലെങ്കിൽ ആ മനുഷ്യൻ നിരാശനും, തന്റെ ജീവിതം വെറുതെയായല്ലോ എന്ന ചിന്തയിൽ ആരോഗ്യക്ഷയവും ഉണ്ടാവും.

മരണംവരെ പ്രവർത്തിച്ചുകൊണ്ടിരിക്കുക, അതിനിടയിൽ വേണ്ട വിശ്രമവും യാത്രകളും വായനയും എല്ലാം വേണം. ഒന്നും വേണ്ടെന്നല്ല, എല്ലാം വേണം, ഒപ്പം അവനവനെ തിരക്കിലാക്കുന്ന ഒരു ജോലിയോ, മറ്റെന്തെങ്കിലും ഒരു പ്രവൃത്തിയോ വേണം. വിരമിച്ചു എന്ന് പറഞ്ഞൊതുങ്ങിപ്പോകുന്ന ഒരാൾ ചിലപ്പോൾ ഒറ്റപ്പെട്ടുപോകുന്നു. അയാൾ മാത്രമുള്ള ഒരു തുരുത്തിലേക്ക് വലിച്ചെറിയപ്പെടുന്നപോലെ ആണ് തോന്നുക.

തിരക്കു കുറയട്ടെ എന്നുകരുതി നേരം വൈകിയാണ് വിമാനത്താവളത്തിൽ എത്തിയതെങ്കിലും നീളം കൂടിയ വരിയായിരുന്നു. തീർച്ചയായും നേരം വൈകിയാകും ബോർഡിങ് തുടങ്ങിയിരിക്കുക. ഒന്നരമണിക്കൂറോളം ആ വരിയിൽ നിൽക്കേണ്ടിവന്നു. കുട്ടികളും, സ്ത്രീകളും അതെ നിൽപ്പായിരുന്നു. കാര്യക്ഷമത, മറ്റുള്ളവരുടെ സമയത്തിന്റെ വില, ഇതൊക്കെ എയർ ഇന്ത്യ ടാറ്റ ഏറ്റെടുത്ത കാരണം ഭാവിയിൽ നന്നാകും എന്ന് കരുതാം. സമയലാഭത്തിനുള്ള ഓരോരോ പുതിയ രീതികൾ ലോകം അവലംബിക്കുമ്പോഴും നമുക്ക് മെല്ലെപ്പോകാൻതന്നെയാണ്

താത്പര്യം. നീളമുള്ള വരികളും, മനുഷ്യരുടെ മുഷിഞ്ഞുള്ള നിൽപ്പും നിരാശയും അവഗണയും നീണ്ടനേരം നിൽക്കാനുള്ള ആരോഗ്യ പ്രശ്നങ്ങളും ആസ്വദിക്കുന്നവർ.

ഭാഗ്യം, പാസ്സ്പോർട്ടിൽ സ്റ്റാമ്പടിക്കുന്നിടത്തെ വരി അതിവേഗം നീങ്ങി. സുരക്ഷാപരിശോധനകളും അധികസമയമെടുത്തില്ല. ഒരുമണിക്കൂർ മുമ്പേ വിമാനത്തിലേക്ക് കയറ്റാൻ തുടങ്ങി. വീണ്ടും വരികൾ, കോണിപ്പടിയിൽ പിന്നെയും രോഗിയല്ല എന്ന സർട്ടിഫിക്കറ്റ് പരിശോധന. വിമാനത്തിന്റെ ഉൾവശം വൃത്തിയാക്കൽ പൂർത്തിയാവാത്തതിനാൽ വിമാനത്തിലേക്ക് കടക്കാനുള്ള കോണിയിൽ വീണ്ടും കാത്തുനിൽപ്പ്.

അഞ്ചുമണിക്കൂർ യാത്രക്ക് വിമാനത്താവളത്തിൽ മൂന്നുമണിക്കൂർ കാത്തുനിൽപ്പുകളാണ്.

വരിനിന്ന്, വരിനിന്ന്, കാത്തുനിന്ന്, കാത്തുനിന്ന് ഉരുകിത്തീരുന്ന ജീവിതം.

വിമാനത്തിലേക്ക് കടക്കാൻ കോണിയിൽ കാത്തുനിൽക്കുമ്പോൾ സൂര്യൻ ഉദിച്ചുയരുന്നു, ആ ദൃശ്യം ഒപ്പിയെടുത്തു. വളരെയേറെ നിരാശരായി നിൽക്കുമ്പോൾ ചില ദൃശ്യങ്ങൾ നമ്മളെ പെട്ടെന്ന് ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരും, അങ്ങനെയൊന്നായിരുന്നു അത്.

നീണ്ടവരികൾ എല്ലായിടത്തും ഉണ്ട്. നാട്ടിൽനിന്ന് തിരിച്ചുപോകാൻ ഒരിക്കലും ഇഷ്ടപ്പെടാത്തവരാണ് പ്രവാസികൾ, എന്നാൽ അവർക്ക് തിരിച്ചുപോയേ പറ്റൂ.

വിഷാദചിത്തരായി വിമാനത്താവളത്തിലേക്ക് വരുന്ന അവർക്ക് ഇതേപോലുള്ള ചിന്തകളാകും. കാണുന്നതെന്തിലും അവർ കുറ്റം കണ്ടെത്തും, എന്തിനോടും വെറുപ്പ് തോന്നും. നിങ്ങൾ എല്ലാം ചേർന്ന് എന്നെ വീണ്ടും നാട് കടത്തുകയാണ് എന്ന ചിന്തയാണ് ഞങ്ങളെ മഥിക്കുന്ന വികാരം. അതിനാൽ ഞങ്ങൾ കാണിക്കുന്ന നിരാശകളോടും മോഹഭംഗങ്ങളോടും ക്ഷമിക്കുക.

ഓരോ യാത്രക്കാരന്റേയും ശരീരവും മനസ്സും അപ്പോൾ രണ്ടായിരിക്കും. ആന്തരിക സംഘർഷങ്ങൾ തിങ്ങിവിങ്ങി തനിക്കു താങ്ങാൻ കഴിയുന്നതിൽ അധികം ഭാരവുമായി ഒരു മനസ്സ്, ജീവിക്കാൻ വേണ്ടി വീണ്ടും തിരിച്ചുപോകേണ്ടി വരുന്ന ശരീരം. അതിനിടയിലെ നീണ്ട വരികൾ, നീണ്ട നടപടിക്രമങ്ങൾ, പലരും പൊട്ടിത്തെറിക്കുന്നത് കണ്ടിട്ടുണ്ട്, അതയാളല്ല, അയാൾക്ക് താങ്ങാൻ കഴിയാത്ത അയാളുടെ വികാര വിക്ഷോഭങ്ങളാണ്.

പാവം, അയാളുടെ കൈയിലൊതുങ്ങാത്ത അയാളുടെ ജീവിതം.

വിമാനത്തിൽ മുന്നിൽത്തന്നെയായിരുന്നു ഇരിപ്പിടം. അടുത്തിരുന്നയാൾ ചോദിച്ചു, റിയാദിൽ തന്നെയാണോ? അതെ, ഞാൻ മറുപടി

കൊടുത്തു. എത്രകാലമായി? കുറച്ചധികം കാലമായി, ആ മറുപടി വലിയ ഇഷ്ടമായ പോലെ അയാൾ പുഞ്ചിരിച്ചു.

ക്ഷീണംകൊണ്ട് ഞാൻ വളരെ വേഗം ഉറങ്ങിപ്പോയി.

അപ്പോൾ ഞാൻ ഒരു മരുഭൂമിയുടെ നടുവിലായിരുന്നു. ചുറ്റും മരുഭൂമിയും ഞാനും മാത്രം. പെട്ടെന്ന് അകലെനിന്ന് മണൽക്കാറ്റ് പൊടി അടിച്ചു വാരി വിതറി ചുഴലിക്കാറ്റുപോലെ എന്റെ അടുത്തേക്ക് ആഞ്ഞടിച്ചു വരുന്നത് കണ്ടു. ഞാൻ കണ്ണുകൾ അടച്ചു നിന്നു. കുറച്ചു കഴിഞ്ഞപ്പോൾ ആ മണൽകാറ്റ് എന്നെ ഒരു സർപ്പത്തെപ്പോലെ വിഴുങ്ങി.

## രാമേശ്വരം - 1

# കൊല്ലങ്കോട് വഴി

യാത്ര തുടങ്ങുമ്പോൾ ഇടിവെട്ടി കനത്ത മഴപെയ്യുകയായിരുന്നു. ആ കനത്ത മഴയും കാറ്റും, തുടർച്ചയായ മിന്നലുകളും കണ്ടപ്പോൾ യാത്ര മാറ്റിവെക്കേണ്ടി വരുമോ എന്ന് തോന്നി.

അവസാനനിമിഷമാണ് മൂന്ന് ടിക്കറ്റുകൾ കിട്ടിയത്, അതും കൊല്ല ങ്കോടുനിന്ന് മധുര വരെ! വെളുപ്പിന് നാലു മണിക്ക്. തൃശ്ശൂരിൽനിന്നോ എറണാകുളത്തുനിന്നോ ടിക്കറ്റ് ഇല്ല.

ഇനിയിപ്പോൾ മറ്റൊരു വഴിയുമില്ല കൊല്ലങ്കോട് വരെ കാറിന് പോകുക തന്നെ.

കനത്ത മഴയും കാറ്റും ഇടിവെട്ടും കണ്ടപ്പോൾ കുറച്ചു നേരത്തേതന്നെ ഇറങ്ങാമെന്ന് കരുതി. കാഴ്ചകൾ മറച്ചു മഴ കോരിച്ചൊരിയുന്നു. കാർ തിരിച്ചപ്പോൾത്തന്നെ മതിലിൽ ഉരഞ്ഞോ എന്ന് സംശയം. കാറിന്റെ കണ്ണാടികളിൽ നിറഞ്ഞ നീരാവി കാഴ്ചകൾ മറച്ചിരിക്കുന്നു.

ചെറിയ ഉരച്ചിൽ വശങ്ങളിൽ കണ്ടു, സാരമില്ല. കനത്ത മഴയിൽ വണ്ടി ഓടിക്കുക ബുദ്ധിമുട്ടായിരുന്നു. റോഡിൽ നടക്കുന്ന പണികൾ വ്യക്ത മായി അറിയാത്ത ഒരാളായതിനാൽ സൂക്ഷിച്ചാണ് വണ്ടിയോടിച്ചിരുന്നത്.

എപ്പോഴും തനിക്ക് തിരിച്ചുപോകേണ്ടതാണല്ലോ എന്ന വിചാരത്തോടെ വണ്ടി ഓടിക്കുന്നതിൽ സൂക്ഷ്മത പുലർത്താൻ ശ്രദ്ധി ച്ചിരുന്നു.

നടത്തറയിൽ ഹൈവേ എത്തുന്നത് വരെ വലിയ കുഴപ്പമില്ലായിരുന്നു. ഹൈവേയിൽ കയറിയതും വലിയ വാഹനങ്ങളുടെ നടുവിലൂടെ ആയി ഓട്ടം. ശരിയായി ഒന്നും കാണാൻ വയ്യ, വലിയ വാഹനങ്ങളിലെ കനത്ത വെളിച്ചവും വലിയ വെല്ലുവിളിയായിരുന്നു.

അപ്പുറത്തെ വശത്തുകൂടെ ഒരു ട്രൈലെർ പാഞ്ഞുപോയി, റോഡിൽ തളംകെട്ടി നിന്നിരുന്ന ഒരു വലിയ ജലശേഖരം ആരോ ബക്കറ്റിൽ എടുത്തു ഒഴിച്ചത് പോലെ എന്റെ കാറിൽ പതിച്ചു. ഒന്നും കാണാൻ വയ്യ. ഭാഗ്യം, വശങ്ങളിൽ വണ്ടികൾ ഒന്നുമില്ലായിരുന്നു.

പന്നിയങ്കര ടോൾപ്ലാസ കഴിയുന്നത് വരെ മഴ, നിങ്ങളുടെ യാത്ര മുടക്കും എന്ന രീതിയിൽ തല്ലിത്തൊഴിച്ചുപെയ്തുകൊണ്ടിരുന്നു. ടോൾപ്ലാസ കഴിഞ്ഞതും, വടക്കഞ്ചേരിയിലേക്ക് തിരിയാനുള്ള വഴിയായി. ഗൂഗിൾ കാണിച്ച വഴിയിലൂടെ രണ്ടു തവണ കറങ്ങേണ്ടി വന്നു ശരിയായ വഴിയിലെത്താൻ. അതിനായി, ഹൈവേയിൽകൂടി ഒരുതവണകൂടി കയറി ഇറങ്ങി.

വടക്കഞ്ചേരിയിൽ വഴി തുടങ്ങി നെന്മാറ വരെ വല്ലപ്പോഴും മാത്രം ചില വാഹനങ്ങൾ കണ്ടു. ഈ പാതിരക്ക് ചരക്ക് വാഹനങ്ങൾ അല്ലാതെ മറ്റൊന്നുംതന്നെ ഇല്ല. വഴിയിൽ ആണെങ്കിൽ വെളിച്ചവുമില്ല.

എന്നാൽ നെന്മാറക്ക് കടന്നതോടെ മഴ നിന്നു. ഞങ്ങളുടെ പിറകെ ഒരു ടൂർ വാൻ എത്തി. ഇടയ്ക്കിടെ ഞങ്ങൾ അവരെ കടന്നു പോകും, അവർ ഞങ്ങളെ കടന്നുപോകും, എന്തോ രണ്ടുപേരും അങ്ങനെ കണ്ടും പറഞ്ഞും പോകാൻ ശ്രമിക്കുന്നത്പോലെ.

സമയം രാത്രി ഒന്നരമണി, ഒരു ചായ കിട്ടിയാൽ കൊള്ളാമായിരുന്നു. നിർത്തിയിടത്തെല്ലാം ചായ തീർന്നു. എല്ലാവരും കടയടച്ചു പോകാനുള്ള ഒരുക്കത്തിലാണ്. തൽക്കാലം വെള്ളം കുടിച്ചു തൃപ്തിപ്പെട്ടു.

എന്തായാലും റെയിൽവേസ്റ്റേഷനിൽ ചായ കിട്ടുമായിരിക്കും. ഗൂഗിൾ കാണിച്ച ഊട്ടറയിൽനിന്ന് വലത്തോട്ട് ഒരു ചെറിയ റോഡിലൂടെ തിരിഞ്ഞു. ഞങ്ങൾ റെയിൽവേസ്റ്റേഷന് മുന്നിൽ നിർത്തി. അവിടെയൊന്നും ഒരു മനുഷ്യൻ പോലുമില്ല. റെയിൽവേസ്റ്റേഷന് അകത്തേക്ക് പോകാനുള്ള ഗേറ്റ് പോലും അടച്ചിട്ടിരിക്കുന്നു. സുരക്ഷാകാരണങ്ങൾ ആയിരിക്കാം പൂട്ടിയിട്ടിരിക്കുന്നത്.

ചായയോ വെള്ളമോ അടുത്ത പ്രദേശത്തില്ല. അവിടെ പാർക്ക് ചെയ്തു കണ്ട ഒരു കാറിന്നടുത്തു വണ്ടി പാർക്ക് ചെയ്തു. ഇനിയും രണ്ടു മണിക്കൂർ. ബാക്കിയുള്ളവരോട് ഞാൻ ഉറങ്ങിക്കോളാൻ പറഞ്ഞു.

മൂന്നുമണിയായപ്പോൾ മീൻ വാങ്ങാൻ പോകുന്ന ഒരു വണ്ടി ആ നിശ്ശബ്ദതകളെ മുറിച്ചുകൊണ്ട് മുന്നിലൂടെ കടന്നു പോയി. അത് പോയിക്കഴിഞ്ഞതും ഒരു മയിൽ കരഞ്ഞു.

നാല് മണിയാക്കാൻ ഒരുപാട് കാത്തിരിക്കേണ്ടിവന്നു. ഒന്നോ രണ്ടോ ദിവസം കാത്തിരിക്കുന്നതുപോലെയായിരുന്നു ആ മണിക്കൂറുകൾ. നാലുമണിക്ക് ഒരു ഓട്ടോറിക്ഷ വന്നുനിന്നു, അതിൽ നിന്നറങ്ങിയവരുടെ ശബ്ദം അവിടെയാകെ നിറഞ്ഞു. ഞാൻ അവരുടെ അടുത്തേക്ക് നടന്നു. അവരുടെ ശബ്ദം കേട്ടാകണം ഗേറ്റുകൾ തുറന്നിരുന്നു.

ഞാനും അകത്തേക്ക് നടന്നു. അതിമനോഹരമായ ഉദ്യാനം നിറഞ്ഞ റെയിൽവേസ്റ്റേഷൻ. എവിടെയായിരിക്കും എ1 ബോഗി വരിക, അവിടെ

കണ്ട റെയിൽവേ ഗാർഡിനോട് ചോദിച്ചു. ആ കാണുന്ന ഷെഡ് തള്ളി മുന്നോട്ട് നിന്നോളൂ, അവർ പറഞ്ഞു.

മറ്റുള്ളവരെക്കൂടി വിളിച്ചുണർത്തി ബാഗുകൾ എടുത്ത് വീണ്ടും ഉള്ളിലേക്ക് നടന്നു. അപ്പോഴേക്കും തുരുതുരാ ഓട്ടോറിക്ഷകളും കാറുകളും വരാൻ തുടങ്ങി. ഇതുവരെ ഉറങ്ങിക്കിടന്ന ആ റെയിൽവേസ്റ്റേഷൻ ആളുകളാൽ നിറഞ്ഞു. പണിസാധനങ്ങൾ കണ്ടാൽ അറിയാം അധികം പേരും ജോലിക്ക് പോകുന്നവരാണ്. പകുതി തമിഴും, പകുതി മലയാളവും കലർന്ന സംഭാഷണങ്ങൾ.

വണ്ടി വരാൻ കുറച്ചുകൂടി സമയമുണ്ട്. ഞാൻ പുറത്തുപോയി വണ്ടി ശരിക്കും പൂട്ടിയിട്ടില്ലേ എന്ന് നോക്കി.

തിരിച്ചു വരുമ്പോൾ അവിടത്തെ ആ ഉദ്യാനം വീണ്ടും ശ്രദ്ധിച്ചു. ചുറ്റും മയിലുകളുടെ കരച്ചിൽ ഉയർന്നുവന്നു. നേരം വെളുക്കുവാൻ തുടങ്ങുന്നു.

ആ സ്റ്റേഷനിൽ നിർത്തിപോകുന്ന അപൂർവ്വം വണ്ടികളിൽ ഒന്ന് കാത്ത് ഞങ്ങളെല്ലാവരും നിന്നു.

അവസാനം കാത്തിരിപ്പ് അവസാനിപ്പിച്ച് അമൃത എക്സ്പ്രസ്സ് പത്തു മിനിറ്റ് വൈകി എത്തി. എ1 ബോഗി ഞങ്ങളെയും കടന്നു മുന്നോട്ട് പോയി. ഞങ്ങൾ പിറകെ ഓടി, വണ്ടി ഒരു മിനിറ്റ് മാത്രമാണ് നിറുത്തുക, വേഗം അകത്തേക്ക് കയറി.

തൊട്ടടുത്ത് ഇരുന്ന ആൾ പറഞ്ഞു, സത്യത്തിൽ മൂന്ന് മൂന്നര മണിക്കൂർകൊണ്ട് മധുരയിൽ എത്താം. എന്നാൽ ഡിണ്ടിഗൽ എത്തിയാൽ പിന്നെ രണ്ടുമണിക്കൂർ പിടിച്ചിടും. രാമേശ്വരത്തെ പുതിയ റെയിൽവേ പാലം പണി കഴിഞ്ഞാൽ അമൃത എക്സ്പ്രസ്സ് രാമേശ്വരത്തേക്ക് നീട്ടും, അപ്പോൾ ഈ പിടിച്ചിടൽ ഒക്കെ അവസാനിക്കും.

അദ്ദേഹത്തോട് ചിരിച്ചു, ഞാൻ കിടന്നു. ഒന്ന് നടു നിവർത്തണം.

അമൃത എക്സ്പ്രസ്സ് അടുത്ത ലക്ഷ്യമായ പൊള്ളാച്ചിയിലേക്ക് അതിവേഗം പാഞ്ഞു.

## രാമേശ്വരം 2

# മധുര വഴി

നടു നിവർത്തണം, ഒന്നുറങ്ങണം എന്ന് കരുതിയാണ് കിടന്നത്. നേരം വെളുത്തുതുടങ്ങുന്നു. കിടന്നുകൊണ്ടുതന്നെ പുറംകാഴ്ചകൾ കാണാം. കാഴ്ചമറയ്ക്കുന്ന കർട്ടൻ നീക്കിയിട്ടു.

മറ്റൊരു പ്രഭാതത്തിലേക്ക് ഉണർന്നെഴുന്നേൽക്കുന്ന തമിഴകം. എങ്ങും ഭക്തിഗാനങ്ങൾ. വഴിയിലെ കോവിലുകൾ എല്ലാം ദീപപ്രഭയിൽ. വീടുകൾക്ക് മുമ്പിൽ കോലം വരയ്ക്കുന്ന വീട്ടമ്മമാർ.

കൃഷിസ്ഥലങ്ങളിൽ അതിരാവിലെത്തന്നെ പണി തുടങ്ങിയവർ. അവർ കൃഷി എന്ന് പറയില്ല, വ്യവസായം എന്നേ പറയൂ.

ചെറിയ ചെറിയ വീടുകൾ, വലിയ വലിയ കൃഷിസ്ഥലങ്ങൾ. കാറ്റാടിയന്ത്രങ്ങൾ നിറഞ്ഞ പാടങ്ങൾ, വൈദ്യുതി നിർമ്മാണവും കൃഷിയും ഒന്നിച്ചുപോകുന്ന ഇടങ്ങൾ. പുതിയ സാങ്കേതികവിദ്യകളെ സ്വീകരിക്കുകയും, പഴയകാല കൃഷി നിലനിർത്തുകയും ചെയ്യുന്ന ജീവനരീതി.

നമുക്കാണ് ഇവരിൽനിന്ന് പഠിക്കാനുള്ളത്. ചെറിയ വീടും, വലിയ കൃഷിസ്ഥലങ്ങളും, കാറ്റുള്ളിടത്ത് കാറ്റാടിയന്ത്രങ്ങളും. എല്ലാം ഉൾക്കൊണ്ട് കാലത്തിനൊത്ത് മുന്നോട്ട് കുതിക്കുന്നവർ. ഇന്ത്യയിൽത്തന്നെ വളർച്ചയിൽ രണ്ടാമത് നിൽക്കുന്ന സംസ്ഥാനം.

ഗ്രാമങ്ങൾക്കിടയിലൂടെ വലിയവലിയ റോഡുകൾ. ഉയർന്നുവരുന്ന വ്യവസായസംരഭങ്ങൾ, വലിയ മാറ്റത്തിലേക്ക് ചുവടുവെക്കുന്ന ഗ്രാമങ്ങൾ.

പത്തുമണിക്ക് മധുരയിൽ എത്തേണ്ട തീവണ്ടി ഒമ്പതിന് തന്നെയെത്തി. സുഹൃത്ത് വണ്ടിയുമായി എത്തിയിട്ടില്ല. അവർ പത്തുമണിയാണ് പ്രതീക്ഷിച്ചത്. മധുര സ്റ്റേഷൻ വളരെയധികം വളർന്നിരിക്കുന്നു. എത്ര വലിയ മേൽപ്പാലങ്ങളാണ്, ഒപ്പം ലിഫ്റ്റും മറ്റു സൗകര്യങ്ങളും കൂടിയിട്ടുണ്ട്.

പുറത്തിറങ്ങിയപ്പോഴാണ് കണ്ടത്, വണ്ടികളെല്ലാം ഒരു നൂറ് മീറ്ററെങ്കിലും മാറിയാണ് ആളുകളെ ഇറക്കുന്നത്. മുന്നിൽ വിശാലമായ ഇടം. സുരക്ഷാ ക്രമീകരണങ്ങൾ തന്നെയാകാം കാരണം.

വലിയ വലിയ ഹോട്ടലുകൾ എല്ലാം അടഞ്ഞു കിടക്കുന്നു. രാത്രി വളരെ വൈകി ഉറങ്ങുന്ന നഗരമാണ് മധുര, അതിനാൽത്തന്നെ സാധാരണ ഹോട്ടലുകൾ തുറക്കാൻ പത്തുമണി കഴിയും.

കുറച്ചു നീങ്ങിയപ്പോൾ ഒരു ചെറിയ ചായക്കട കണ്ടു. നല്ല ചായ. തമിഴ്നാട്ടിലെ ചായ വളരെ സ്വാദിഷ്ടമാണ്.

കുറച്ചു കഴിഞ്ഞപ്പോഴേക്കും സുഹൃത്ത് വണ്ടിയുമായി എത്തി. ഇനി നൂറ്റിഎഴുപത്തിയഞ്ച് കിലോമീറ്റർ ഓടണം രാമേശ്വരത്ത് എത്താൻ, മൂന്നു മണിക്കൂർ എങ്കിലും വേണം.

മധുരയിലെ ശ്രീ ഹോട്ടലിൽ നിന്ന് പൊങ്കലും, ഇഡ്ഡലിയും കഴിച്ചു. സാമ്പാറും ചട്ണിയും സൂപ്പർ. അതിന്റെ രുചി ഒരിക്കലും മറക്കില്ല.

രാമേശ്വരം ഹൈവേ നിവർന്നുകിടക്കുന്നു. ലാർസെൻ എന്നാണ് ഡ്രൈവറുടെ പേര്, ഒരു പ്രത്യേകരീതിയിലാണ് അവർ സീറ്റ് ബെൽറ്റ് ഇടുക, പോലീസുകാർക്ക് കാണാനായി മാത്രം, പോലീസ് ചെക്പോയിൻറ് കഴിഞ്ഞാൽ അനായാസമായി സീറ്റ് ബെൽറ്റ് കൈകൾക്ക് പുറത്തേ ക്കിടും. സുരക്ഷയോട് വിട്ടുവീഴ്ച്ചയില്ലാത്തതിനാൽ ഇത് ശരിയല്ല എന്ന് ഞാൻ പറഞ്ഞു, 'അണ്ണാ, ഇങ്കെ എല്ലാം ഇപ്പടിത്താൻ'.

വെറും പാടം മാത്രമായിരുന്ന ഗ്രാമങ്ങൾ വലിയ റോഡുകൾ വന്നതോടെ വളർച്ചയിലേക്ക് മാറിയിരിക്കുന്നു. എങ്കിലും വീടുകളെല്ലാം ചെറിയ ബോക്സ് പോലെ, അടുക്കിവെച്ച വീടുകൾ.

വഴിയിൽ വണ്ടി നിർത്തി. ഞങ്ങളെ കാത്ത് സുഹൃത്തിന്റെ പെങ്ങൾ നിന്നിരുന്നു. അവർ പ്രത്യേക കുക്ക് ആണ്, ഞങ്ങൾ വരുന്നതിന്റെ ഭാഗമായി, പ്രത്യേകം പാചകത്തിനായ് വരികയാണ്.

അവരുടെ സ്വന്തം പറമ്പിൽനിന്ന് പറിച്ച കക്കരിയും, കുന്തുരുവും കഴിക്കാൻ തന്നു. ചെടിയിൽനിന്ന് പറിച്ചെടുത്ത ഫലങ്ങളുടെ സുഗന്ധം. കറുമുറാ കുറെ തിന്നു.

വഴിയിൽ കരിക്ക് കുടിക്കാൻ നിർത്തി. മാറുന്ന ഗ്രാമങ്ങളും, അതിനിട യിലെ പനമരങ്ങളും, വളർന്നുവരുന്ന പുതിയ പട്ടണങ്ങളും, വലിയ കോളേജുകളും, എല്ലാം പുതിയ ഒരു ജീവിത തരംഗംതന്നെ അവരിൽ സൃഷ്ടിക്കുന്നതായി തോന്നി.

പാമ്പൻ പാലം, റെയിൽവേയുടെ പുതിയ പാലംപണി അതിവേഗം ഇടതു വശത്ത് നടക്കുന്നു. വലിയ ബോട്ടുകൾ വരുമ്പോൾ മുകളിലേക്ക് കുത്തനെ പൊന്തുന്ന ഭാഗത്തിന്റെ അടിത്തറമാത്രമേ കഴിഞ്ഞിട്ടുള്ളൂ, ബാക്കിയെല്ലാം വേഗം തയ്യാറായി, അടുത്ത മൂന്നുമാസം കൊണ്ട് വണ്ടി ഓടിത്തുടങ്ങും എന്നാണ് വാർത്തകൾ. എത്രയും വേഗം തീവണ്ടികൾ ഓടട്ടെ, അപ്പോൾ നേരെ രാമേശ്വരത്ത് വന്നിറങ്ങാമല്ലോ.

ഇരുവശത്തും കടൽ, അതിൽ നിറയെ ബോട്ടുകൾ.

തങ്കച്ചിമഠം, അവിടെയാണ് സുഹൃത്തിന്റെ വീട്.

അണ്ണാ, തൊട്ടടുത്ത് ഒരു വീട് ഒഴിവുണ്ട്, അവർ കാനഡ പോയിരിക്കുകയാണ്, അത് പോരെ? ഹോട്ടലിനേക്കാൾ നല്ലത് അതായിരിക്കും, മാത്രമല്ല തൊട്ടടുത്ത് ആയതിനാൽ, വീട്ടിൽനിന്ന് ഭക്ഷണവും കഴിക്കാം.

വിശാലമായിരുന്നു ആ വീട്. കുളിയൊക്കെ കഴിഞ്ഞ് സുഹൃത്തിന്റെ വീട്ടിൽ എത്തിയപ്പോൾ ഏകദേശം രണ്ടര മണി. അകത്തെ വലിയ ഹാളിൽ പുൽപ്പായകൾ നിരത്തി ഇട്ടിരിക്കുന്നു. ആ വീട്ടിൽ ഊൺമേശ ഇല്ല. അവരെല്ലാം നിലത്തിരുന്ന് ഒന്നിച്ചാണ് ഭക്ഷണം കഴിക്കുക.

വിഭവസമൃദ്ധമായ സദ്യ. ഒരാൾക്ക് കഴിക്കാവുന്നതിന്റെ ഇരട്ടിയാണ് അവർ വിളമ്പുക. സ്നേഹം പ്രകടിപ്പിക്കാൻ വിളമ്പുകാർ മാറിക്കൊണ്ടേയിരിക്കും. കഴിക്കാൻ പറ്റാതെ നമ്മൾ ഇരുന്നുപോകും.

ഞങ്ങൾ വരുന്നതിന്റെ ഭാഗമായി അവരുടെ വീട്ടുകാരൊക്കെ എത്തിയിരുന്നു. പത്തിരുപത്തഞ്ചു പേർ ആ മുറിയിൽ ഒന്നിച്ചുകൂടി ഭക്ഷണവും വർത്തമാനവും തുടർന്നുകൊണ്ടേയിരുന്നു.

നമുക്ക് നഷ്ടമായ ഒരു സംസ്കാരം അവിടെ വീണ്ടും കാണാൻ കഴിഞ്ഞു. ഊൺമേശയിലെ ഭക്ഷണങ്ങൾ നമ്മളിൽ എത്രപേർ ഒന്നിച്ചിരുന്നു കഴിക്കുന്നുണ്ട്? നമ്മളെല്ലാം വളരെ ഏകരായിപ്പോയിരിക്കുന്നു.

വൈകീട്ട് വിവേകാന്ദന്ദ മെമ്മോറിയലിലേക്കും അതിനടുത്തുള്ള കടൽക്കരയിലേക്കും പോയി.

കടൽക്കരയിലെ പ്രൗഢഗംഭീരമായ വിവേകാനന്ദ മെമ്മോറിയൽ, അവിടെ കുറച്ചുനേരം പ്രാർത്ഥനാനിർഭരമായി നിന്നു. എല്ലാവരും കടലിലേക്കിറങ്ങി, തിരകൾ ഞങ്ങളിലേക്ക് ആർത്തലച്ചു ചിതറി.

പാമ്പൻ പാലത്തിലേക്ക് എത്തിയപ്പോഴേക്ക് ഇരുട്ടായിരുന്നു. ഇരുട്ടിലും, കടലും ബോട്ടുകളും വർണ്ണരാജി തീർക്കുന്നു. പാലത്തിന്റെ മറുകര വരെ പോയി തിരിച്ചു വന്നു.

അപ്പോൾ ചായകുടിക്കണമെന്നായി. ചായക്കൊപ്പം കേക്കും വേണം. എല്ലാവരും അത് തന്നെയാണ് കഴിക്കുന്നത്. അത് വൈകുന്നേരത്തെ ഒരാചാരമാകാനേ തരമുള്ളു.

അത്താഴം കഴിഞ്ഞ് സുഹൃത്തിന്റെ വീടിന്റെ രണ്ടാം നിലയിൽ നിന്നപ്പോൾ കടലിൽനിന്ന് വീശുന്ന നല്ല തണുത്ത കാറ്റ്.

ഉറങ്ങാൻ കിടക്കുമ്പോൾ നാളെ ആറുമണിക്കൂറിനുള്ളിൽ എന്തൊക്കെ കണ്ടുതീർക്കാൻ കഴിയും എന്നായിരുന്നു ചിന്ത. കാരണം മധുരയിൽ നിന്ന് തിരിച്ചുള്ള തീവണ്ടി വൈകിട്ട് നാലിനായിരുന്നു.

## രാമേശ്വരം 3

# രാമേശ്വരം

അതിരാവിലെയുള്ള കടൽപറവകളുടെ ആരവം കേട്ടാണ് ഉണർന്നത്. വേഗം കുളിച്ചു തയ്യാറായി. കുറച്ചുകൂടി, ഒരഞ്ചുമിനിറ്റ്, എന്നിങ്ങനെ പറഞ്ഞു ഉണരാൻ വൈമുഖ്യമുള്ളവരെ സമയമില്ലായ്മ പറഞ്ഞു കുത്തിപ്പൊക്കേണ്ടി വന്നു.

അപ്പോഴേക്കും പ്രാതൽ തയ്യാറായി, തമിഴ്നാടിന്റെ സ്വന്തം പൊങ്കൽ, വളരെ ചെറിയ, മൊരിച്ചെടുത്ത പൊറോട്ട, ഇഡ്ഡലി, ദോശ – തിന്നാൻ വയർ ഒന്നുമാത്രം. ഫിൽട്ടർ കോഫീ കൂടിയായപ്പോൾ കുശാലായി.

ശ്രീ രാംനാഥ്സ്വാമി ക്ഷേത്രം. പന്ത്രണ്ടാം നൂറ്റാണ്ടിൽ പാണ്ഡ്യവംശം പണികഴിപ്പിച്ച എറ്റവും നീളം കൂടിയ ഇടനാഴിയുള്ള, ശില്പവൈവിധ്യങ്ങൾ നിറഞ്ഞ, നമ്മളെ വിസ്മയിപ്പിക്കുന്ന കൊത്തുപണികളാൽ നിറഞ്ഞ ക്ഷേത്രം.

ആദ്യം ബലിയിട്ടു കടലിൽ മുങ്ങിനിവർന്നു, നേരെ അമ്പലത്തിലേക്ക് നടന്നു. സുഹൃത്തിന്റെ ഭാര്യ എല്ലാ ചരിത്രങ്ങളും പഠിച്ചു വെച്ചിരിക്കുന്നതിനാൽ ഓരോന്നും പ്രത്യേകം പറഞ്ഞുതന്നുകൊണ്ടിരുന്നു. അവരുടെ അറിവിനെ നമിക്കാതെ വയ്യ. കേവലം ഒരു വീട്ടമ്മക്ക് ഇത്രയധികം അറിവോ എന്ന് നോക്കുമ്പോഴാണ് അറിഞ്ഞത്, അവർ അസിസ്റ്റന്റ് പ്രൊഫസർ ആയി ജോലി ചെയ്തിട്ടുള്ള ആളാണെന്ന്. അണ്ണാ എന്ന് വിളിക്കുമ്പോഴുള്ള അവരുടെ കുലീനമായ ചിരിയും വിനയവും അനുഭവിച്ചറിയുമ്പോൾ ഒരു അണ്ണൻ എന്ന നിലയിൽ എനിക്ക് ചാരിതാർത്ഥ്യം തോന്നി.

ഇരുപത്തിരണ്ട് കിണറുകളിലെ തീർത്ഥത്തിലെ കുളിയാണ് ഏറ്റവും പ്രധാനം. ഓരോ പുണ്യസ്ഥലവും നമ്മളെ ശുദ്ധീകരിക്കാനുള്ള ഇടങ്ങളാണ്. അതെല്ലാം ഓരോ വ്യക്തിയും സ്വയം എങ്ങനെ സ്വീകരിക്കുന്നു എന്നതാണ് പ്രധാനം.

ഒരാൾക്ക് 25 രൂപ, അധികമായി നൂറുരൂപ കൂടി കൊടുത്താൽ അവിടത്തെ ഒരാൾ നമുക്കൊപ്പം വന്നു പ്രത്യേകം വെള്ളം കോരി ഒഴിച്ച് പെട്ടെന്ന് 22 കിണറുകൾ കടന്നുള്ള ആ ചടങ്ങ് പൂർത്തിയാക്കാം.

സമയക്കുറവിനാൽ അതായിരിക്കും നല്ലതെന്ന് തോന്നി. കൂടെവന്നയാൾ കുറെയധികം വെള്ളം കോരി തലയിലൂടെ ഒഴിച്ചു തന്നു.

കടലിനോട് ചേർന്നുള്ള ഈ അമ്പലത്തിൽ, എങ്ങനെ ഈ വിവിധ കിണറുകളിൽ നല്ല തീർത്ഥം ഒരിക്കലും നിലയ്ക്കാതെ കിട്ടുന്നു എന്നത് ആലോചനയിൽ നിറഞ്ഞുനിന്നു.

തീർത്ഥസ്നാനം കഴിഞ്ഞാൽ വസ്ത്രം മാറണം. നനഞ്ഞ വസ്ത്രത്തോടെ പ്രധാന അമ്പലത്തിൽ കയറ്റില്ല. വസ്ത്രം മാറി.

അവിടെ പതഞ്ജലി മഹർഷിയുടെ ഒരമ്പലമുണ്ട്. അതിന് പിന്നിലിരുന്ന് ധ്യാനിച്ചു. ഞങ്ങൾ ധ്യാനിക്കാനായി ഇരുന്നപ്പോൾ അവിടെയുള്ള സുരക്ഷാജീവനക്കാർപോലും ധ്യാനത്തിൽ പങ്കുചേർന്നു.

വിവിധങ്ങളായ ചെറിയ ക്ഷേത്രങ്ങൾ കയറി പ്രാർത്ഥിച്ചു. പ്രധാന അമ്പലത്തിൽ കയറി. 200 രൂപ ഒരാൾക്ക് കൊടുത്താൽ ഏറ്റവും മുന്നിലെ വരിയിൽ നിൽക്കാം. ദർശനവും നന്നായി ചെയ്യാൻ കഴിഞ്ഞു.

വിവിധങ്ങളായ പ്രസാദങ്ങൾ വാങ്ങി. നാട്ടിൽ എല്ലാവർക്കും കൊടുക്കണമല്ലോ.

സുഹൃത്തിന്റെ വണ്ടി നേരെ പോയത് 'രാമർ പാദം' ക്ഷേത്രത്തിലേക്കാണ്. ആ ക്ഷേത്രത്തിന് മുകളിൽ നിന്ന് നോക്കിയാൽ രാമേശ്വരം മുഴുവൻ കാണാം. രണ്ടുകണ്ണുകൾക്കും ഉൾക്കൊള്ളാവുന്നതിൽ കൂടുതൽ കാഴ്ചകൾ കാണാൻ കഴിയും.

അമ്പലത്തിന് താഴെനിന്ന് കരിക്കും പനനൊങ്കും കഴിച്ചു.

മലയാളികൾ നിറഞ്ഞ മറ്റൊരു വണ്ടി ഞങ്ങളെ കടന്നുപോയി. പ്ലേറ്റ് നമ്പർ കൊല്ലംകാരാണെന്ന് സൂചിപ്പിച്ചു.

അടുത്തത് ധനുഷ്കോടി.

നോക്കെത്താ ദൂരത്തേക്ക് നീണ്ടു കിടക്കുന്ന പാത. രണ്ടുവശത്തും കടൽ, ചിലയിടങ്ങളിൽ കണ്ടൽക്കാടുകൾ, കടലിൽനിന്ന് വീശിയടിക്കുന്ന കാറ്റ്.

പോകുന്ന വഴിയിൽ 1964-ലെ കൊടുങ്കാറ്റിൽ തകർന്ന പട്ടണത്തിന്റെ അവശേഷിപ്പുകൾ നമ്മെ അറിയാതെ പിന്തുടരും. അന്ന് ജീവൻ നഷ്ടമായവരുടെ ആത്മാവുകൾ ഇന്നും അവിടെയുണ്ടെന്ന് വിശ്വസിക്കുന്നവർ. ജീവിതം പൂർത്തിയാകാതെ പോയ അവർ ആത്മാവുകളായി എന്നും നിലനിൽക്കട്ടെ.

രണ്ട് കടലുകൾ സംഗമിക്കുന്ന ഇടം. നല്ല കാലാവസ്ഥയിൽ അവിടെ നിന്ന് നോക്കിയാൽ ശ്രീലങ്ക കാണാമത്രെ.

പഞ്ചാരമണലിലൂടെ നടന്നു കാലുകൾ കടലിൽ നനച്ചു. കടലിലേക്കിറങ്ങരുത് എന്ന അപായസൈറനുമായി ഒരു ജീവൻ രക്ഷാപ്രവർത്തകൻ ഓടിനടക്കുന്നു. ആര് കേൾക്കാൻ, ആളുകൾ കടലിലേക്കിറങ്ങിക്കൊണ്ടിരുന്നു,

എന്തായാലും ധനുഷ്കോടി വരെ എത്തിയതല്ലേ, അധികം കടലിലേക്കിറങ്ങാതെ മൂന്നു തവണ കടലിൽ മുങ്ങിത്താണു, നമ്മെ വിട്ടുപോയവരുടെ ഓർമ്മകൾ കടൽത്തിരകൾ പോലെ മനസ്സിലേക്ക് വന്നു. എല്ലാവർക്കും പ്രണാമം, നിങ്ങളുടെ അനുഗ്രഹങ്ങളും ശക്തിയും ഞങ്ങളോടൊപ്പം എന്നും ഉണ്ടാകണം.

എല്ലാ കാരണവന്മാരുടെയും ആത്മാവുകൾക്ക് വേണ്ടി ഒരിക്കൽക്കൂടി പ്രാർത്ഥിച്ചു. തണുത്ത ഒരു കാറ്റ് വീശി, ആരൊക്കെയോ എന്നെ തഴുകി പോകുന്നതുപോലെ തോന്നി.

## രാമേശ്വരം 4

# ധനുഷ്കോടി, ഒപ്പം അച്ഛന്റെ ഓർമ്മകളും

ധനുഷ്കോടിയിൽ തനിയെ നിൽക്കുമ്പോൾ ഓർമ്മ വരുന്നത് അച്ഛനെയാണ്, അച്ഛന്റെ എല്ലാമെല്ലാമായിരുന്ന കൃഷ്ണൻ അച്ചാച്ചനെയും.

അച്ഛന്റെ പതിനാലാമത്തെ വയസ്സിലാണ് നാടുവിട്ടുപോകുന്നത്. മതിലകം സെന്റ് ജോസഫ് ഹൈസ്കൂളിലെ പകുതി ചിതലരിച്ച ഒരു സെർട്ടിഫിക്കറ്റിൽ ജനനം 1924 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അപ്പോൾ ഏകദേശം 1938-39 കാലഘട്ടത്തിലാകാം. അച്ഛന്റെ ഉപദേശകനും വഴികാട്ടിയും ആയ കൃഷ്ണപാപ്പന് ഒപ്പമാണ് കൊളമ്പിലേക്ക് പോയത്. അച്ഛന് ഇംഗ്ലണ്ടിൽനിന്ന് കൊളമ്പിലേക്ക് മരുന്നുകൾ ഇറക്കുമതി ചെയ്യുന്ന ക്ലാരൻസ് എന്ന കമ്പനിയിൽ ആയിരുന്നു ജോലിയെന്നാണ് അറിഞ്ഞത്. അച്ഛൻ സ്വയം പഠിച്ചു വളർന്നു. അവിടെ വന്നിരുന്ന മരുന്നുകൾക്കൊപ്പമുള്ള എല്ലാ കുറിപ്പുകളും വായിക്കും.

അടുത്തകാലത്താണ് ഇന്ത്യയിൽനിന്ന് കൊളമ്പുവരെ യാത്ര ചെയ്യാൻ ഒറ്റ ടിക്കറ്റ് ആയിരുന്നു എന്നറിഞ്ഞത്. അതിന്റെ വിശദാംശങ്ങൾ അന്വേഷിച്ചു ഞാൻ പോയിട്ടില്ലായിരുന്നു. തൃശ്ശൂരിൽനിന്ന് മദ്രാസിലേക്ക് തീവണ്ടി, പിന്നെ മദ്രാസിൽനിന്ന് ധനുഷ്കോടിയിലേക്ക് തീവണ്ടി, ധനുഷ്കോടിയിൽനിന്ന് ശ്രീലങ്കയിലെ തലൈമന്നാറിലേക്ക് നീരാവിയിൽ ഓടുന്ന ബോട്ട്, പിന്നെ തലൈമന്നാറിൽനിന്ന് കൊളംബിലേക്ക് വീണ്ടും തീവണ്ടി.

കൂടുതൽ അറിയാനായി ഞാൻ ഇന്റർനെറ്റ് പരതി, അപ്പോഴാണ് ഡെയിലി ന്യൂസ് എന്ന സൈറ്റിൽനിന്നും ഈ വിവരങ്ങൾ അറിഞ്ഞത്. ഇനിയെഴുതുന്നതെല്ലാം അജയ് കമലാകരൻ എന്ന എഴുത്തുകാരൻ സമാഹരിച്ച വിവരങ്ങൾ ആണ്. വായിച്ചപ്പോൾ വായനക്കാരുമായി പങ്കുവെക്കണമെന്ന് തോന്നി.

അന്ന് മരതകദ്വീപിൽ ഭാഗ്യം അന്വേഷിച്ചു പോകുന്നവരുടെ കാലമായിരുന്നു. ആദ്യമൊക്കെ ആളുകൾ മദ്രാസിൽനിന്നും തൂത്തുക്കുടിയിലേക്കാണ് തീവണ്ടിയിൽ പോയിരുന്നത്, പിന്നെ അവിടെനിന്നും

കൊളംബിലേക്ക് നീരാവിയിൽ ഓടുന്ന ബോട്ടിലും. എന്നാൽ ആ കടൽവഴി രാക്ഷസ തിരമാലകൾ നിറഞ്ഞതായിരുന്നു, മാത്രമല്ല യാത്രക്ക് രണ്ടുദിവസം എടുത്തിരുന്നു.

ബ്രിട്ടീഷുകാർ ആദ്യം ശ്രമിച്ചത് മണ്ഡപത്തുനിന്ന് രാമേശ്വരത്തേയ്ക്കും ധനുഷ്കോടിയിൽനിന്ന് തലൈമന്നാറിലേക്കും പാലം ഉണ്ടാക്കുവാനാണ്. എന്നാൽ ലണ്ടനിൽനിന്ന് മണ്ഡപം മുതൽ രാമേശ്വരം വരെയുള്ള പാലത്തിന് മാത്രമാണ് അനുമതി ലഭിച്ചത്.

1902-ൽ തുടങ്ങിയ പാലംപണിക്ക് 2000 ടൺ ഉരുക്കാണ് ലണ്ടനിൽ നിന്നു കൊണ്ടുവന്നത്. 1914-ൽ പണി തീരുമ്പോൾ ആ പാലത്തിന് 2065 മീറ്റർ ദൂരവും, അതിന്നിടയിൽ 65 മീറ്റർ ദൂരത്തിൽ കപ്പലുകൾ പോകാൻ തുറക്കാവുന്ന പാലവും ഉണ്ടായിരുന്നു.

അതിന് പിറകെയാണ് മദ്രാസ്-ധനുഷ്കോടി തീവണ്ടി ആരംഭിക്കുന്നതും, ധനുഷ്കോടി-തലൈമന്നാർ നീരാവിബോട്ട് തുടങ്ങുന്നതും. തലൈമന്നാറിൽനിന്ന് കൊളമ്പിലേക്ക് മുമ്പേതന്നെ തീവണ്ടി ഉണ്ടായിരുന്നു.

ബോട്ട് മെയിൽ അല്ലെങ്കിൽ ഇൻഡോ സിലോൺ എക്സ്പ്രസ്സ് എന്നാണ് ഈ സർവീസ് അറിയപ്പെട്ടിരുന്നത്.

തീർച്ചയായും അച്ഛനും കൃഷ്ണപാപ്പനും, പ്രിയപ്പെട്ട എം.ടി.യുടെ അമ്മാവന്മാരും, സിവി ശ്രീരാമന്റെ പിതാമഹന്മാരും, മരതകദ്വീപിൽ ഭാഗ്യം അന്വേഷിച്ചുപോയവർ എല്ലാം ഈവഴിതന്നെയായിരിക്കും സഞ്ചരിച്ചിരിക്കുക.

22 ഡിസംബർ 1964, അന്ന് രാത്രി 280 കിലോമീറ്റര് വേഗത്തിൽ ആണ് ധനുഷ്കോടിയിൽ കൊടുംകാറ്റ് വീശിയത്, 23 അടി ഉയരത്തിൽ തിരമാലകൾ ഉയർന്നുപൊങ്ങി ധനുഷ്കോടി എന്ന പട്ടണത്തെ തകർത്തു തരിപ്പണമാക്കി. ആ കൊടുംകാറ്റിലേക്കും ഭീകരത്തിരമാലകൾക്കിടയിലേക്കും ആണ് രാമേശ്വരത്തുനിന്ന് ധനുഷ്കോടിയിലേക്കുള്ള 653-ാം നമ്പർ പാസഞ്ചർ തീവണ്ടി ചെന്നുകയറിയത്. 110 യാത്രക്കാരും 5 റെയിൽവേ ജീവനക്കാരുമായി പോയ ആ തീവണ്ടിയെ തിരമാലകൾ വിഴുങ്ങി കടലിൽ മുക്കിത്താഴ്ത്തി. ആരും തന്നെ രക്ഷപ്പെട്ടില്ല. ധനുഷ്കോടി വെറും പ്രേതനഗരമായി.

കാറിലിരുന്ന് ഞാൻ കടലിലേക്ക് ചെവി വട്ടംപിടിച്ചു. 653-ാം നമ്പർ പാസഞ്ചർ തീവണ്ടിയുടെ ചൂളമടി കേൾക്കുന്നുണ്ടോ? ഇല്ല. കേൾക്കുന്നത് അനേകായിരം ആത്മാവുകളുടെ വിതുമ്പലുകൾ മാത്രം.

## രാമേശ്വരം -5

# മടക്കം

ധനുഷ്കോടിയുടെ ചരിത്രത്തിന്റെ ആഘാതത്തിൽനിന്ന് മോചിതമായില്ലേ?

ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ചു, ജവഹർലാൽ നെഹ്റു കൊളോമ്പോയിൽ ചെന്ന് ഇന്ത്യൻ പ്രവാസികളോട് തിരിച്ചുവന്ന് ഇന്ത്യ കെട്ടിപ്പടുക്കാൻ ആഹ്വാനം ചെയ്തു. അച്ഛനും കൃഷ്ണ അച്ചാച്ചനും ആ ആഹ്വാനം കേട്ട് ആകൃഷ്ടരായി ഇന്ത്യയിലേക്ക് മടങ്ങി. അച്ഛൻ ഭിലായ് സ്റ്റീൽ പ്ലാന്റിലും, കൃഷ്ണ അച്ചാച്ചൻ ബോംബെയിലും എത്തി. അവർ രണ്ടുപേരും ഇന്നില്ല. കൃഷ്ണ അച്ചാച്ചന്റെ മക്കൾ മുംബൈയിലും ഞാൻ സൗദിയിലും തുടരുന്നു. ഇനിയും നാട്ടിലേക്ക് തിരിച്ചെത്താത്ത തലമുറകളായുള്ള പ്രവാസ ജീവിതം.

ധനുഷ്കോടിയിൽനിന്ന് തിരിക്കുമ്പോൾ മുന്നിലെ വണ്ടിയിൽ പുറത്തേക്ക് കാലിട്ടിരിക്കുന്ന അതിഥി തൊഴിലാളികളുടെ തുറന്ന ലോറിയിലെ യാത്ര. അവരെ ചിത്രത്തിലാക്കുമ്പോൾ, നിയമത്തിന് എതിരാണെങ്കിലും, വല്ലപ്പോഴുമൊക്കെ അങ്ങനെയൊരു യാത്രയാകാം എന്ന് തോന്നും. ഓട്ടോറിക്ഷയുടെ പുറത്തേക്ക് കാലിട്ടിരുന്ന് ജോലിക്ക് പോകുന്ന സ്ത്രീകളുടെ യാത്രയും രസകരമായി തോന്നി. ചിലപ്പോൾ ജീവിതം ചെറിയ സന്തോഷങ്ങളുടെ വലിയ നിമിഷങ്ങൾ ആണ്, അപകടങ്ങൾ ഉണ്ടാകാത്തിടത്തോളം.

സമയക്കുറവുകാരണം കോതണ്ഡരാമർ അമ്പലം പുറത്തു നിന്ന് മാത്രമേ കണ്ടുള്ളൂ. കടലിനുള്ളിലെ ദ്വീപിൽ അമ്പലം മാത്രം.

അടുത്തതായി പോയത് - അബ്ദുൾകലാം മെമ്മോറിയൽ - ആ മഹാന്റെ ജീവിതത്തിന്റെ പ്രധാനപേജുകൾ കൊത്തിവെച്ചയിടം. അദ്ദേഹത്തിന്റെ ജീവിതവും സന്ദേശവും നമുക്കായി അവിടെ പകർത്തിവെച്ചിരിക്കുന്നു. അതിലൂടെ നടക്കുമ്പോൾ അദ്ദേഹത്തിന്റെ പതിഞ്ഞ ശബ്ദം കേൾക്കാം. വിദ്യാർത്ഥികൾ പോയി അനുഭവിച്ചറിയേണ്ട സ്ഥലം.

അവസാനം പോയത് – വില്ലൂണ്ടി തീർത്ഥം, രാമൻ സീതക്ക് കുടിക്കാൻ കടലിൽ അമ്പെയ്തു ശുദ്ധവെള്ളം തീർത്ത കിണർ. അവിടെ, ആദ്യം ഉപ്പുനിറഞ്ഞ കടൽ വെള്ളം കുടിക്കാൻ കോരി തന്നു. പിന്നെ കടലിൽ തന്നെയുള്ള വില്ലുണ്ടി തീർത്ഥക്കിണറിൽ നിന്ന് വെള്ളംകോരി തന്നു, ശുദ്ധവെള്ളം. അതിന്റെ മാസ്മരികതയോ കാരണങ്ങളോ അറിയില്ല.

ഒരുമണിയായിരിക്കുന്നു. നാലിനാണ് മധുരയിൽനിന്ന് അമൃത എക്സ്പ്രസ്സ്.

എല്ലാം വാരിക്കെട്ടി വേഗം കാറിൽ മധുരയിലേക്ക് പാഞ്ഞു. ഇടക്ക് പോലീസുകാരൻ കൈകാണിച്ചു. 'അണ്ണാ, ലേറ്റ് ആയി ട്രെയിൻ പോയിടും' എന്ന് പറഞ്ഞപ്പോൾ പൊയ്ക്കോളാൻ പറഞ്ഞു.

മധുര, സുഹൃത്തിന്റെ ഭാര്യ പോയി എല്ലവർക്കുമായി ഒരു ഉണ്ട വിടരാത്ത മുല്ലപ്പൂ വാങ്ങി വന്നു.

ഇനി വരുമ്പോൾ ഇങ്ങനെ ഓട്ടപ്രദക്ഷിണത്തിനായി വരരുത്. ഒരാഴ്ചയെങ്കിലും നിൽക്കണം. കൂടെ മധുരമീനാക്ഷിയെയും കണ്ടു തൊഴുത് അനുഗ്രഹം വാങ്ങണം.

തീർച്ചയായും, ഞാൻ പറഞ്ഞു.

അമൃത എക്സ്പ്രസ്സ് പ്ലാറ്റുഫോമിൽനിന്ന് നീങ്ങുന്നത് വരെ അവർ സംസാരിച്ചുകൊണ്ടേയിരുന്നു. എന്തോ ഇനിയും കുറെ കാണാനും കേൾക്കാനും ഉള്ളതുപോലെ.

മധുരയിൽനിന്ന് തിരിച്ചു കൊല്ലങ്കോട്ടേക്ക് മൂന്നര മണിക്കൂർക്കൊണ്ട് എത്തും. പഴനിയിൽ എത്തിയതും നല്ല തിരക്കായി.

കൊല്ലങ്കോട്ട് ഇറങ്ങാൻ ധാരാളം പേരുണ്ടായിരുന്നു. കുറച്ചധികം വണ്ടികൾ യാത്രക്കാരെ കാത്തു നിൽക്കുന്നു. ഞങ്ങൾ പതുക്കെ ബാഗുകൾ ഒക്കെ ഒതുക്കിവെച്ചു

പത്ത് മിനിറ്റിനകം യാത്രക്കാരും വണ്ടികളും അപ്രത്യക്ഷമായി. ഞങ്ങളുടെ കാർ പുറത്തിറങ്ങുമ്പോൾ റെയിൽവേ സ്റ്റേഷൻ വിജനമായിരുന്നു.

ദൂരെ, പശ്ചിമഘട്ടത്തിന്റെ മലനിരകൾ ഇരുട്ടിലും നിലാവിന്റെ നിഴലിലും എന്തൊക്കെയോ സംസാരിക്കുന്നതുപോലെ.

വഴിയോരത്തെ പനകളിൽ ചിലതെല്ലാം ആടുന്നുണ്ട്, ചിലപ്പോൾ പനയോലകളിൽ യക്ഷികൾ ഊഞ്ഞാൽ ആടുന്നുണ്ടാകാം.

തിരക്ക് കൂടിയതുകൊണ്ട് എവിടെയോ വഴിതെറ്റി, പത്തുകിലോമീറ്റർ തിരിച്ചു ഓടേണ്ടിവന്നു. ഏതെങ്കിലും യക്ഷി വഴി തെറ്റിച്ചതാണോ?, ആയിരിക്കാം.

നെന്മാറയിൽ എത്തി, ഭക്ഷണം കഴിച്ചു. പ്രധാന ഹൈവേയിലേക്ക് കടന്നപ്പോൾ സമാധാനമായി. തൃശ്ശൂർ ജില്ലയിലേക്ക് കടന്നതും മഴ തുടങ്ങി, പോകുമ്പോൾ ഉള്ളത് പോലെ മഴ തല്ലിത്തൊഴിച്ചു പെയ്യാൻ തുടങ്ങി.

അടുത്ത ടോൾ ഒഴിവാക്കി, ഒല്ലൂർ വഴി പൂച്ചുണ്ണിപ്പാടത്തേക്ക് കടന്നു. ഇരിഞ്ഞാലക്കുട തികച്ചും വിജനം.

എവിടേക്ക് പോയാലും അവസാനം നാം വീട്ടിലേക്ക്തന്നെ മടങ്ങി യെത്തും.

വണ്ടി നിർത്തുമ്പോൾ ഞാൻ സമയം നോക്കി 11.45 പാതിരക്ക് 15 മിനിറ്റ് മാത്രം, മിനിയാന്ന് പുറപ്പെട്ടതും ഇതേ സമയത്തുതന്നെയാണ്.

സത്യത്തിൽ സമയമാണ് നമ്മളെ മുന്നോട്ട് നയിക്കുന്നത്. യാത്രകളും സമയവും നമ്മളെ മുന്നോട്ടു കൊണ്ടുപോകുന്നുണ്ട്, ജീവിതത്തിലെ കാണാത്ത കാഴ്ചകൾ കാണാനും അനുഭവിപ്പിക്കാനും.

സമയത്തിന്റെ തിരിച്ചറിവാണ് നമുക്ക് വേണ്ടത്.

അടുത്ത യാത്ര എപ്പോൾ തുടങ്ങും, അറിയില്ല, ജീവിതംതന്നെ ഒരു യാത്രയല്ലേ!

# പഠാന്റെ മകൻ

**അ**യാൾ സ്ഥിരം കണ്ടിരുന്ന കാഴ്ചകളായിരുന്നു അവർ. നേരം വെളുക്കുന്നതിനു മുമ്പേ അവർ വഴിയിൽ വരിവരിയായി അണിനിരക്കും, ആവശ്യക്കാർ വന്ന് വണ്ടി നിർത്തി ജോലി പറഞ്ഞു, കൂലി പറഞ്ഞു വണ്ടിയിൽ കയറ്റി പോകും. ജോലി കിട്ടുന്നവർ ഭാഗ്യവാന്മാർ, അവർ അന്ന് ജോലിക്കു പോകും, അല്ലാത്തവർ ജോലികാത്തു വഴിയരികിൽ ഇരിക്കും. അധികവും പഠാന്മാർ ആണ്, എന്ത് പണിയും ചെയ്യും, എന്ത് സാധനവും ചുമലിൽ തൂക്കി എവിടെയും എത്തിക്കും. വണ്ടിയോടിച്ചു പോകുമ്പോൾ അയാൾ അവരെ ശ്രദ്ധിക്കുമായിരുന്നു, ആജാനുബാഹുക്കളായിരുന്നു അവർ. അങ്ങനെയാണ് ഏഴാം നിലയിലേക്കുള്ള അയാളുടെ ഓഫീസിലേക്ക് ഒരുപാട് സാധനങ്ങൾ വന്നത്. വരുന്നതിനു മുമ്പേ അയാൾ അവരെ വിളിച്ചുപറഞ്ഞു "ലിഫ്റ്റ് സാധാരണ സമയത്തു ഉപയോഗിക്കാനാവില്ല അതിനാൽ രാത്രി വരൂ, ലിഫ്റ്റ് ഉപയോഗിക്കാം".

അതൊന്നും സാരമില്ല ഞങ്ങൾ എത്തിക്കാം എന്നായി.

ട്രക്ക് വന്നെന്നു പറഞ്ഞപ്പോൾ അയാൾ താഴെ ഇറങ്ങിച്ചെന്നു, ഡ്രൈവറും ഒരു പഠാനും മാത്രം. അയാൾ പറഞ്ഞു, സുഹൃത്തേ ഏഴാം നിലയിലാണ് ഓഫീസ് അതല്ലേ രാത്രി വരാൻ പറഞ്ഞത്. അത് കുഴപ്പമില്ല ഞങ്ങൾ ഇറക്കാം. "ആര് ഇയാളോ, ഈ പഠാനോ?"

"അതെ". പഠാൻ അയാളോട് ചിരിച്ചു കൊണ്ട് പറഞ്ഞു "സാബ്, മേം സബ് ഊപ്പർ ലെക്കേ ആയേഗാ". അത് പറഞ്ഞതും, വണ്ടിയുടെ വശം അഴിച്ചുമാറ്റി ഏറ്റവും വലിയ ഫ്രിഡ്ജ് ചുമലിലേറ്റിയതും ഒന്നിച്ചായിരുന്നു. അയാൾ അത്ഭുതത്തോടെ അത് നോക്കിനിന്നു, പരസഹായമില്ലാതെ ഒരു ഫ്രിഡ്ജ് ചരിച്ചു തോളിലേറ്റി ഒറ്റ നടത്തം, ഏണിപ്പടികളിലൂടെ ഏഴാംനിലയിലേക്ക്. പഠാൻ ചവിട്ടുപടികൾ കയറിയപ്പോൾ അയാൾ ലിഫ്റ്റിൽ കയറി മുകളിൽ അയാളെ കാത്തു നിന്നു. അധികം വൈകാതെ അയാൾ മുകളിലെത്തി, പറഞ്ഞ സ്ഥലത്തു കൃത്യമായി ഇറക്കി. പകുതി സാധനങ്ങൾ കഴിഞ്ഞപ്പോൾ, "ധോടാ ഗരം പാനി മിലേഗാ" എന്ന് ചോദിച്ചു.

ഓഫീസിലെ ടീബോയിയോട് അയാൾക്ക് വേണ്ടത് കൊടുക്കാൻ

പറഞ്ഞു. അവസാനത്തെ സാധനവും ചുമന്നിറക്കുമ്പോൾ അയാൾ പഠാൻ കേൾക്കെത്തന്നെ പറഞ്ഞു, "ഇവന്മാർ എങ്ങനെ ഇതൊക്കെ വലിച്ചു കയറ്റുന്നു"!

മുഖത്തെ വിയർപ്പു തുടച്ചു പഠാൻ അയാൾക്കരികിൽ എത്തിയിട്ട് പറഞ്ഞു. "മലയാളിയാണ് സാർ, വലിയ ശരീരമായതുകൊണ്ടു പഠാൻ എന്നേ പറയൂ. ഇവിടെ വന്നപ്പോൾ പറഞ്ഞ ജോലി കിട്ടിയില്ല, പിന്നെ എന്ത് ജോലിയും ചെയ്യാമെന്നായി".

വളരെപ്പെട്ടെന്നു തന്നെ അവർ സൗഹൃദത്തിലായി. പരസ്പരം വിശേഷങ്ങളൊക്കെ പറഞ്ഞു. ഇന്നീ കയറിയിറങ്ങിയത് എന്തിനാണെന്നറിയാമോ, എന്റെ മകന് ഒരു കളിപ്പാട്ടം വേണം, ഒരു ജെ.സി.ബി. പത്തു തവണ ഞാൻ ഏഴാം നിലയിലേക്ക് നിങ്ങളുടെ സാധനങ്ങളുമായി കയറിയിറങ്ങുമ്പോൾ എനിക്ക് അവനൊരു ജെ.സി.ബി. കളിപ്പാട്ടം വാങ്ങാം.

അയാൾ സ്തബ്ധനായിപ്പോയി!, മനുഷ്യർ എങ്ങനെയൊക്കെയാണ് ഈ മരുഭൂമിയിൽ കഴിയുന്നത്. നാട്ടിലുള്ള മകൻ ഭാര്യ മറ്റുള്ളവർ അറിയുന്നുണ്ടോ അച്ഛൻ ഭാരങ്ങൾ ചുമന്ന് എത്രയോ നിലകൾ കയറിയിറങ്ങുന്നത്? തളർന്നുറങ്ങാൻ കണ്ണുകൾ അടയുമ്പോൾ അയാളുടെ മുന്നിലുള്ളത് ജെ.സി.ബി. ഓടിച്ചു സന്തോഷിക്കുന്ന മകൻ മാത്രമാണ്.

# പ്രണയത്തിന്റെ മിന്നാമിനുങ്ങുകൾ

**ഞാൻ ജുനു ബർമൻ**

1988 ലെ റിപ്പബ്ലിക്ക് ഡേ ക്യാമ്പിൽ ക്വിസ്സ് മത്സരത്തിൽ തൊട്ടടുത്തിരുന്ന ഡൽഹിയിൽ നിന്നുള്ള കേഡറ്റ് ആയിരുന്നു ജുനു ബർമൻ. ഹസ്തദാനത്തിനായി നീട്ടിപ്പിടിച്ച കൈത്തലം ഞാൻ നോക്കി. ചുവന്നു തുടുത്ത കൈത്തലം നിറയെ ഹസ്തരേഖകൾ! ഹസ്തദാനം നൽകി ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞു, "നിങ്ങളുടെ കൈകൾ നിറയെ രേഖകളാണ്, ഭാഗ്യം കൊണ്ടുവരുന്ന രേഖകൾ". അവൾ ചിരിച്ചുകൊണ്ട് പറഞ്ഞു, നമുക്ക് നോക്കാം. നല്ല ചുറുചുറുക്കുള്ള അവൾത്തന്നെ അന്ന് ഒന്നാം സമ്മാനം നേടി. അന്ന് അഭിനന്ദിക്കുമ്പോൾ അവൾ പറഞ്ഞു, "നിന്റെ നാക്ക് പൊന്നാണ്!"

ക്യാമ്പ് കഴിഞ്ഞപ്പോൾ എല്ലാവരും വിലാസങ്ങളൊക്കെ കൈമാറും, കത്തെഴുതണം സൗഹൃദം തുടരണം എന്നൊക്കെ പറയും. ഒന്നോ രണ്ടോ കത്തുകളെഴുതാം, പിന്നെ വിസ്മൃതിയിലേക്ക് പോകും. ജുനു ബർമൻ അങ്ങനെയല്ലായിരുന്നു, നിരന്തരമായി കത്തെഴുതും. ചിലപ്പോൾ ഒരേ ദിവസം രണ്ടു ഇൻലൻഡ് കത്തുകൾ വരും. എഴുതിത്തീരാത്ത വിശേഷങ്ങൾ മുഴുവൻ തീർക്കാൻ. ഹോസ്റ്റലിൽ ഒറ്റയ്ക്കായതിന്റെ എല്ലാ ഏകാന്തതയും നിറച്ച കത്തുകൾ. ഉപരിപഠനത്തിന് അമേരിക്കയിലേക്ക് പോകുമ്പോഴും എഴുതി അറിയിച്ചു. പിന്നെ ഇന്നേവരെ ഒന്നുംതന്നെ അറിഞ്ഞില്ല.

ഇംഗ്ലീഷ് കവിതകൾ എഴുതുന്നതിനാൽ വടക്കേ ഇന്ത്യയിൽനിന്ന് കുറച്ചു സുഹൃത്തുക്കൾ ഉണ്ട്. വല്ലപ്പോഴും കവിതകളെക്കുറിച്ച് സംസാരിക്കും. അതിലും വലിയ സൗഹൃദങ്ങൾ അയാൾക്കിഷ്ടമല്ല.

ഒരു ദിവസം ഒരു കൈത്തലത്തിന്റെ ചിത്രം മാത്രം മെസ്സഞ്ചറിൽ വന്നു. ഒരു ചോദ്യവും. നീ ഈ കൈത്തലം ഓർക്കുന്നുണ്ടോ? മെസ്സഞ്ചറിലെ പേര് അയാൾ വായിച്ചു, ജുനു ബർമൻ!

ഇത്രയും കാലം എവിടെയായിരുന്നു?

അതൊക്കെ പിന്നെ പറയാം, ആദ്യം നീ എന്റെ കൈത്തലം നോക്കി ഭാഗ്യവതിയാണോയെന്ന് പറയൂ.

ഇപ്പോഴും അനേകം രേഖകൾ നിറഞ്ഞ കൈത്തലം, നീ ഭാഗ്യവതിയാണ്. അതിനു ജുനു മറുപടി തന്നു. അതെ, ഇന്നും ഒറ്റയായി കഴിയുന്ന ഭാഗ്യം.

ക്വിസ്സ് മത്സരത്തിൽ തോൽപ്പിച്ചപ്പോൾ മുതൽ ജുനുവിനോട് അറിയാതെ ഒരു പ്രണയമുണ്ടായിരുന്നു. ഒരിക്കൽപോലും തുറന്നുപറയാത്ത പ്രണയം. ദീർഘമായ അവളുടെ കത്തുകൾക്ക് ഞാൻ വല്ലപ്പോഴും മാത്രമായിരുന്നു മറുപടി നൽകിയിരുന്നത്. എന്നാൽ ഓരോ മറുപടിക്കും അവൾക്കുണ്ടാവുന്ന സന്തോഷം അവൾ അടുത്ത കത്തിൽ നിറച്ചിരിക്കും. മേരി ജാൻ, എന്ന് തുടങ്ങുന്ന ആ കത്തുകൾ, ഒരു സമയത്തു തന്റെ ജീവനും ജീവന്റെ തുടിപ്പുമായിരുന്നു. കത്ത് വരുന്ന ദിവസം എനിക്കു കൃത്യമായി അറിയാം. അന്ന് ഞാൻ പോസ്റ്റോഫീസിൽ പോയി കത്തുകൾ നേരിട്ട് വാങ്ങിയിരുന്നു. പോസ്റ്റ്മാൻ എന്റെ പേര് വിളിക്കുമ്പോൾ എന്തെന്നില്ലാത്ത സന്തോഷമായിരുന്നു.

രേഖകൾ നിറഞ്ഞ ആ കൈത്തലം നോക്കി അയാൾ എഴുതാൻ തുടങ്ങി.

ജുനു, മേരി ജാൻ, ഹസ്തരേഖകൾ നിറഞ്ഞ നിന്റെ കൈത്തലം, നിന്നിലേക്കിറങ്ങി വരാനുള്ള രേഖകൾ, നിന്നിലേക്ക് ആഴ്ന്നിറങ്ങുന്ന രേഖകൾ, നിന്നിലേക്കുള്ള വേരുകൾപോലെ, ഞാൻ ആ രേഖകളിലേക്ക് പതുക്കെ പടർന്നിറങ്ങും. പിന്നെ വിരലുകളിലേക്ക്. വിരലുകൾ എന്റേതാകുമ്പോൾ, ഞാൻ നിന്റെ ഞരമ്പുകളിലേക്കു ഊർന്നിറങ്ങും. നിന്റെ ഓരോ ചലനങ്ങളും എനിക്കറിയാം. നിന്റെ ഇപ്പോഴത്തെ ഹൃദയമിടിപ്പുവരെ. നിന്നിലേക്കുള്ള എന്റെ പ്രയാണങ്ങൾ എത്രയോ വർഷം മുമ്പ് തുടങ്ങിയതാണ്.

ജുനു, മേരി ജാൻ, എന്നിലേക്ക് നീ നീട്ടിയ നിന്റെ കൈത്തലം എന്താണെന്നും എന്തിനാണെന്നും എനിക്കറിയാം. നീ പറയാതെ ത്തന്നെ എനിക്കത് മനസ്സിലാക്കാനാകും. ആ കൈത്തലത്തിന്റെ ചിത്രമെടുത്തപ്പോൾ നീ ഒന്ന് വിറച്ചു, ശരിയല്ലേ?. പേടിച്ചല്ല, മുപ്പത്തഞ്ചു വർഷത്തിന്റെ വിടവ് നിന്റെ കൈകളിൽ ഇരുന്നു വിറച്ചു. നിന്റെ മുഖത്തിന്റെ ഒരു ചിത്രമയയ്ക്കാതെത്തന്നെ നിനക്കറിയാമായിരുന്നു, ഞാൻ നിന്നെ തിരിച്ചറിയുമെന്ന്. എഴുത്തുകാരിയായ ഏതു കൂട്ടുകാരിയിലൂടെയാണ്, അല്ലെങ്കിൽ പഴയ എൻ.സി.സിക്കാരിൽകൂടെയാണ് നീ എന്നെ കണ്ടെത്തിയത്?

ജുനു, മേരി ജാൻ, ഒരു മുൻവിധികളുമില്ലാതെ നീ എന്നിലേക്ക് നീട്ടിയ ആ കൈത്തലം ഞാൻ സ്വീകരിക്കുന്നു. എന്റെ കൈത്തലം നിന്റെ കൈത്തലത്തോട് ചേർക്കുന്നു. നിനക്ക് ഇനി എന്റെ ഹൃദയമിടിപ്പുകൾ

കേൾക്കാനാകും, എനിക്ക് നിന്റെയും. ഈ കൈത്തലങ്ങൾ ചേർത്തു വച്ച് നമുക്കെപ്പോഴും ചേർന്ന് നടക്കാം. വർഷങ്ങളുടെ അകൽച്ചകൾ വെട്ടിക്കുറച്ച് ഇന്നിലേക്ക് പെട്ടെന്നിറങ്ങി നടക്കാം.

ജുനു, മേരി ജാൻ, നിന്നെ കേൾക്കുവാൻ നിന്റെ കൈത്തലത്തിൽ എന്റെ കൈത്തലങ്ങൾ ചേർത്ത് ഞാൻ കാത്തിരിക്കുന്നു, പറയൂ, നക്ഷത്രങ്ങൾ പോലും നിന്നെ കേൾക്കുവാൻ കാത്തുനിൽക്കുന്നു.

# അടയാളങ്ങൾ

**മേരി ജാൻ, മുരൻ**

മുപ്പത്തഞ്ചു വർഷങ്ങൾക്ക് ശേഷം വീണ്ടും നിനക്കെഴുതുമ്പോൾ ഞാൻ ആ പഴയ എൻ സി സി കേഡറ്റ് ആയി മാറുന്നു. മേരി ജാൻ, എന്ന് ഒന്നുകൂടി എഴുതിയപ്പോൾ, ഞാൻ അടിമുടി കോരിത്തരിച്ചു. എങ്ങനെയാടാ നിന്നെ മറക്കുന്നത്? അന്നു കാലത്ത് തിങ്ങിവിങ്ങിയ എന്റെ ഏകാന്തതയുടെ അഭയം നീയായിരുന്നല്ലോ? നിന്നെ പരിചയപ്പെടുന്ന ആർക്കെങ്കിലും നിന്നെ മറക്കാനാവുമോ, അവരുടെ ജീവിതങ്ങളിൽ സ്നേഹത്തിന്റെ പ്രണയത്തിന്റെ അടയാളമിട്ടല്ലേ നീ ഇറങ്ങിപ്പോകാറുള്ളൂ?

മേരി ജാൻ, മുരൻ, നിന്റെ മുഖത്ത് ഇടത് കവിളിന് താഴെ വളപ്പൊട്ട് കോറിയ പാട് ഇപ്പോഴുമില്ലേ?. അത് വളപ്പൊട്ട് കോറിയതാണ് എന്ന് ഞാൻ വിശ്വസിക്കുന്നില്ല. നിന്റെ ഏതോ കാമുകി അവളെ മറക്കാതിരിക്കാൻ നിന്നെ കടിച്ചുപറിച്ചതല്ലേ? അത് ഞാനായില്ലല്ലോ എന്ന വിഷമമേ എനിക്കുള്ളൂ. ഡൽഹി റിപ്പബ്ലിക്ക് ഡേ ക്യാമ്പ് കഴിഞ്ഞു നിന്നെ ഞാൻ മേഘാലയയിലെ ഉംറായ് കന്റോമെന്റ് ക്യാമ്പിലും, ഗോവ ട്രെക്കിങ്ങ് ക്യാമ്പിലും കണ്ടു. ഓർത്തുവെക്കാൻ ഒരുമ്മപോലും തരാത്തവനാണ് നീ. എങ്കിലും ഹൃദയത്തിന്റെ രഹസ്യമായ ഒരു മൂലയിൽ നീ കയറി ഒളിക്കും, എന്നെന്നേക്കുമായി.

മേരി ജാൻ, ഡൽഹിയിലെ 1988 ജനുവരിയിലെ ഒരുമാസക്കാലം നിന്നെ എന്നും കണ്ടുകൊണ്ടിരിക്കുന്നത് തന്നെ ഒരു സുഖമായിരുന്നു. കാലത്ത് തണുപ്പ് സഹിക്കാനാവാതെ നീ ചൂടുവെള്ളത്തിനോടുന്നത് കാണുമ്പോൾ ഞാനും പാത്രമെടുത്ത് ഹോട്ട് വാട്ടർ ഭാഗത്തേക്ക് എത്താറുണ്ടായിരുന്നു, ആരുടേയും ശ്രദ്ധയിൽ പെടാതെ ഒന്ന് കാണുവാൻ. അന്ന് നീയെന്നെ ശ്രദ്ധിക്കാറേ ഇല്ലായിരുന്നു എന്നാണ് എനിക്ക് തോന്നിയിരുന്നത്. കാരണം കേരള കണ്ടിൻജന്റിൽ ഒരുപാട് സുന്ദരിക്കുട്ടികൾ ഉണ്ടായിരുന്നു. എന്നാൽ ക്വിസ്സ് മത്സരം കഴിഞ്ഞു ഞാൻ ഒന്നാമതും, നീ രണ്ടാമതും എത്തിയപ്പോൾ നീ തന്ന ഹസ്തദാനത്തിൽ എല്ലാം ഉണ്ടായിരുന്നു. നിന്നെ തോൽപ്പിക്കുന്നവരെ മാത്രം നീ കൂടെച്ചേർക്കും.

മേരി ജാൻ, പരേഡ് നയിക്കുന്ന നിന്റെ ശബ്ദം എനിക്കിപ്പോഴും കേൾക്കാം. പരേഡ് സാവധാൻ, ഞാനിതാ എന്റെ മുറിയിൽ നിന്റെ ശബ്ദത്തിൽ അറ്റെൻഷനിൽ നിൽക്കുന്നു. നിന്റെ അടുത്ത ആജ്ഞക്കായി കാതോർത്തിരിക്കുന്നു. നീയന്നൊരു സിംഹമായിരുന്നു. വലിയ കണിശ ക്കാരൻ. നിന്റെ ശബ്ദത്തിന്റെ സ്ഫുടത, ഉറച്ച ശബ്ദം, അതിന്റെ ഗാംഭീര്യം. ക്യാമ്പ് കമാൻഡിങ് ഓഫീസർ ബ്രിഗേഡിയർ രൺവീർ സിംഗ് സോധി. നിന്നെ വിളിച്ചിരുന്നത്, എന്റെ മകനെ എന്നാണ്. എന്നിട്ടും നീയെന്തേ പട്ടാളത്തിൽ എത്താതെപോയത്, നീയെങ്ങനെയാണ് മരുഭൂമിയിൽ ചെന്നുപെട്ടത്?

മേരി ജാൻ, പരേഡിൽ നീ ഞങ്ങളെ വിറപ്പിക്കുമായിരുന്നു. നിന്റെ കണ്ണുകളും കാതുകളും കഴുകന്റെ പോലെയായിരുന്നു. ദൂരെ നിൽ ക്കുമ്പോഴും, പുറം തിരിഞ്ഞു നിൽക്കുമ്പോഴും തെറ്റ് ചെയ്യുന്ന വ്യ ക്തിയിലേക്ക് കൃത്യമായി എത്തുന്ന നിന്റെ കണ്ണുകൾ. ആദ്യമൊക്കെ വെറുപ്പായിരുന്നെങ്കിലും, പിന്നെപ്പിന്നെ നീ ഞങ്ങളുടെ പ്രേമഭാജനമായി. നിന്റെയടുത്തു നിന്ന് ചിത്രങ്ങളെടുക്കാൻ ഞങ്ങൾ മത്സരിച്ചു. ചിത്രങ്ങ ളുടെ കോപ്പിക്കായി നമ്പർ സഹിതം ബോർഡിൽ ഇടുമ്പോൾ ഞാൻ മോഷ്ടിച്ചെടുത്ത കുറെ ചിത്രങ്ങൾ ഉണ്ട്, മറ്റാർക്കും കിട്ടരുതെന്ന് ഞാൻ മോഹിച്ച നിന്റെ ചിത്രങ്ങൾ. ഇന്നുമുണ്ടത്, ഡിജിറ്റൽ കോപ്പിയാക്കി. ഞാനതെല്ലാം സൂക്ഷിക്കുന്നുണ്ട്. ചോദിക്കണ്ട, ഒന്നും തരില്ല. നീ ഡൽഹി യിലേക്ക് വരൂ, നമുക്കൊന്നിച്ചിരുന്നു കാണാം, പറ്റിയാൽ അനുവാദം വാങ്ങി പഴയ ക്യാമ്പ് ഒന്ന് കാണാം. അതിലൂടെ നടക്കാം, അവിടെ നിന്ന് നീ ഉച്ചത്തിൽ പരേഡ് വിളിക്കണം, നിന്റെ ആജ്ഞയിൽ എനിക്ക് ഒറ്റയ്ക്ക് 1988-ലെ ക്യാമ്പ് ഓർമ്മകളിൽനിന്ന് തിരിച്ചു പിടിക്കാൻ.

പരേഡ് തെറ്റിച്ചതിന് നീ എത്രയോ തവണ എന്നെ ഓടിച്ചിരിക്കുന്നു. ഓടിയോടി തളരുമ്പോഴും, വീണ്ടുംവീണ്ടും ഞാൻ തെറ്റിച്ചു, നീ എന്റെ അടുത്ത് വന്നു കോപത്തോടെ എന്നെ ചീത്ത പറയുന്നത് കേൾക്കാൻ. നിന്റെ ചുവന്ന മുഖവും, ചോര തിളക്കുന്ന കണ്ണുകളും എനിക്ക് സ്വന്ത മാക്കാൻ. നിന്റെ സൗഹൃദം എല്ലാവരും ആഗ്രഹിച്ചിരുന്നു, എന്നാൽ നീയൊരു ഒറ്റയാനായിരുന്നു. നിന്റെയുള്ളിൽ റിപ്ലബിക് ഡേ പരേഡും അതിന്റെ പ്രൗഢിയും മാത്രമേ ഉണ്ടായിരുന്നുള്ളൂ.

മേരി ജാൻ, എന്റെ മുറി മുഴുവൻ പരേഡിന്റെ ആജ്ഞകളാൽ നിന്റെ ശബ്ദം നിറഞ്ഞു കവിയുന്നു . എന്റെ ഹൃദയത്തിന്റെ ഏതു മൂലയിലാണ് നീ ഒളിച്ചിരിക്കുന്നത്, പുറത്തിറങ്ങി ഒന്ന് എന്റെ മുന്നിൽ വരൂ, നിന്നെ കാണാൻ എനിക്ക് കൊതിയായി.

# കാഴ്ചകൾക്കപ്പുറത്ത്

മേരി ജാൻ, നിനക്ക് ഒരുപാട് ചെല്ലപ്പേരുണ്ടായിരുന്നു, നീയൊഴികെ എല്ലാവർക്കും അതൊക്കെ അറിയാം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് കാലൻ ആയിരുന്നു. നീ ഞങ്ങളെയൊക്കെ കൊന്നേയടങ്ങൂ എന്നാണ് എല്ലാ കേഡറ്റുകളും പറഞ്ഞിരുന്നത്. ദീർഘദൂര ഓട്ടം തുടങ്ങുമ്പോൾ എല്ലാവരും ഓടിത്തുടങ്ങി എന്നുറപ്പാക്കി നീ ഏറ്റവും പുറകിൽ നിൽക്കും. പക്ഷെ മുന്നിൽ എത്തുക നീയായിരിക്കും. മിക്കവർക്കും നിന്റെ മുന്നിൽ എത്തണമെന്നുണ്ടായിരുന്നു, നിന്റെ ഈഗോ തകർക്കാൻ. എന്നാൽ അവസാന കിലോമീറ്ററിൽ എവിടെനിന്നാണ് പറന്നുപോകാനുള്ള ശക്തി നിന്നിൽ എത്തിയിരുന്നത്. ഒരിക്കലും പിന്തിരിഞ്ഞു നോക്കാത്തതാണ് നിന്റെ പ്രത്യകത. മുന്നിലോട്ടു മാത്രം. എന്നാൽ എല്ലാവർക്കും അറിയാം, 'എന്നെ തോൽപ്പിക്കൂ' എന്നാണ് നീ നിശബ്ദമായി എല്ലാവരോടും ആവശ്യപ്പെട്ടിരുന്നത്.

മേരി ജാൻ, നീ എല്ലാവർക്കും ചുറ്റും തീർക്കുന്ന ഒരു ഊർജ്ജവലയമുണ്ട്. എനിക്കത് ഇപ്പോഴും അനുഭവിക്കാനാകും, എന്തൊക്കെ വഴക്കു പറഞ്ഞാലും നിന്റെ ലക്ഷ്യങ്ങൾ ഓരോരുത്തരുടെയും ഏറ്റവും നല്ല കഴിവ് പുറത്തെടുക്കുകയായിരുന്നു. റിപ്പബ്ലിക്ക്ഡേ പരേഡ് കഴിഞ്ഞു ഏറ്റവും നല്ല കണ്ടിൻജന്റിനുള്ള അവാർഡ് വാങ്ങുമ്പോൾ ആ ഭ്രാന്തൻ കാരണമാണ് ഇത് സംഭവിച്ചതെന്ന് പറയുമ്പോൾ, എല്ലാവരുടെയും കണ്ണുകൾ നിറഞ്ഞിരുന്നു.

അവസാനവിജയങ്ങൾ മാത്രമാണ് നിന്റെ ലക്ഷ്യങ്ങൾ. അപ്പോഴും ഒരു വികാരവുമില്ലാത്ത ഒരു മരംപോലെ നീ നിന്നു. വിജയങ്ങൾ എന്നും ഉള്ളിൽമാത്രം ആഘോഷിക്കുന്നവൻ. പുറത്തേക്ക് ഒന്നുംതന്നെ കാണിക്കാതെ എങ്ങനെയാണ് നീ മുന്നോട്ടുപോകുന്നത്. എന്നാണ് നിന്നെ ഒന്ന് ചിരിച്ചു കാണുക. നീ പട്ടാളത്തിൽത്തന്നെയായിരുന്നു ചേരേണ്ടിയിരുന്നത്, മുന്നിൽ മറ്റൊന്നുമില്ല, അപ്പപ്പോൾ നൽകുന്ന ആജ്ഞകൾ മാത്രം.

മനസ്സിൽ നിറഞ്ഞുകവിയുന്ന സ്നേഹവും പ്രണയവും കാരുണ്യവും സഹാനുഭൂതിയും മാത്രം. എന്നാൽ അതൊന്നും ഒരിക്കലും പുറത്തു

കാണിക്കാത്ത ഒരു ജന്മം! നിന്നെ അങ്ങനെ വിശേഷിപ്പിക്കാനാണ് എനിക്കിഷ്ടം. ക്യാമ്പ് കഴിഞ്ഞു പിരിയുമ്പോൾ എല്ലാവരും നിനക്ക് നന്ദി പറയുവാൻ വന്നിരുന്നു. നീയോ ആരോടും പറയാതെ മുമ്പേ സ്ഥലം വിട്ടിരുന്നു. ജനലിന്റെ പടിയിൽ ഉപേക്ഷിച്ചപോലെ കിടന്ന നിന്റെ വിലാസം എനിക്കുള്ളതാണെന്ന് ആരും കാണാതെ അത് കൈവെള്ളയിൽ ചുരുട്ടുമ്പോൾ എനിക്കറിയാമായിരുന്നു. നിനക്കെല്ലാം മിഷൻ ആയിരുന്നു, ഒന്നാംസ്ഥാനം നേടാൻ കണ്ടിൻജന്റിനെ സജ്ജമാക്കുക, അതായിരുന്നു നിന്റെ മിഷൻ. അത് നേടിക്കൊടുത്തു. ആരിൽ നിന്നും ഒന്നും നീ ആഗ്രഹിച്ചിരുന്നില്ല, സ്നേഹംപോലും.

ഒരു പ്രേത്യക ജന്മംതന്നെയാണ് നീ. ആരോടും സ്നേഹം പ്രകടിപ്പിക്കാൻ അറിയാത്ത ഒരു മനുഷ്യൻ. ഒരാളോട് സ്നേഹം ഉണ്ടെന്നു പറഞ്ഞാൽ പ്രകടിപ്പിച്ചാൽ നിന്റെ അഭിമാനമൊന്നും ഉരുകിപ്പോകില്ല. നീ ആരോടും ഒന്നും ആവശ്യപ്പെട്ടില്ല, സ്നേഹംപോലും. മറ്റുള്ളവർ നിന്നോട് ചോദിക്കാനും ഭയപ്പെട്ടു. നിന്റെയുള്ളിൽ അന്ന് പകുതി പട്ടാളക്കാരൻ ആയി കഴിഞ്ഞിരുന്ന ഒരു മനുഷ്യനെ ഉണ്ടായിരുന്നുള്ളൂ. നീ മരുഭൂമിയിൽ പോയി ഒളിക്കുമെന്ന് ആരും കരുതിയതേയില്ല.

നിനക്ക് അന്നും, ഇന്നും ചേരുന്ന പേര് കരിങ്കല്ല് എന്നുതന്നെയാണ്. മേരി ജാൻ, നിന്നെ ഞാൻ കുറെ തേടിയിരുന്നു. അമേരിക്കയിലെ പഠനത്തിനിടക്ക് എല്ലാവരുമായുള്ള ബന്ധങ്ങൾ മുറിഞ്ഞുപോയിരുന്നു. തിരിച്ചു വന്നപ്പോൾ ഞാനയച്ച ഒരു കത്തിനും മറുപടി വന്നില്ല. അപ്പോൾ നിനക്ക് ഒരു കത്ത് രജിസ്റ്റർ ചെയ്തയച്ചു. ആൾ സ്ഥലത്തില്ല എന്നെഴുതി അത് തിരിച്ചു വന്നു. നമ്മുടെ പല സുഹൃത്തുക്കളുമായി അന്വേഷിച്ചു. ആർക്കും ഒരു അറിവും ഉണ്ടായിരുന്നില്ല.

നീ ഏതോ പട്ടാള റെജിമെന്റിൽ ഒരു സൈനികവ്യൂഹത്തെ നയിച്ച് പോകുന്നത് ഞാൻ പലപ്പോഴും എന്റെ കണ്ണുകളിൽ കണ്ടു. അറിയാത്തൊരിടത്ത് പട്ടാളത്തിൽ ഏതോ വലിയ സ്ഥാനം വഹിച്ച് തിരക്കിലലയുന്ന നിന്നെയാണ് ഞാൻ കണ്ടുകൊണ്ടിരുന്നത്. എന്റെ കണ്ണുകൾക്കപ്പുറത്തു ഏറെ വർഷങ്ങൾ നീ മറഞ്ഞിരുന്നു.

മേരി ജാൻ, ഞാൻ നിന്നെ തിരഞ്ഞുകൊണ്ടേയിരുന്നു. തോറ്റു തോറ്റു പരാജയപ്പെടുമ്പോൾ, നിന്റെ രീതികൾ ഓർമ്മ വരും. മനസ്സ് കൂടുതൽ കലുഷമാകുമ്പോൾ ഞാൻ കൂടുതൽ വ്യായാമങ്ങൾ ചെയ്തു ക്ഷീണിച്ചു

തളർന്നുറങ്ങും. ഉറങ്ങി എഴുന്നേൽക്കുമ്പോൾ നീ എന്റെ അരികിൽ ഉണ്ടായിരുന്നതുപോലെ എനിക്ക് അനുഭവപ്പെടും.

ഞാൻ നിന്നെ തിരഞ്ഞുകൊണ്ടേയിരിന്നു. നിനക്ക് പകരം വെക്കാൻ, എനിക്ക് മറ്റൊരാളില്ലായിരുന്നു.

# യാഥാർത്ഥ്യങ്ങൾ

ജുനു, മേരി ജാൻ, എല്ലാ അപരാധങ്ങളും ഞാൻ ഏൽക്കുന്നു, മനഃപൂർവം ആരെയും മറന്നതല്ല, സാഹചര്യങ്ങൾ അതായിരുന്നു, ഉത്തരങ്ങൾ ആദ്യംമുതലേ തുടങ്ങാം. ചെറുപ്പകാലത്തെ ജീവിതം കുറെയൊക്കെ എന്നെ അന്തർമുഖനാക്കിയിരുന്നു. എപ്പോഴും പിന്നിലെ നിരയിൽ നിൽക്കാൻമാത്രം ആഗ്രഹിച്ചയാൾ, ചെറുപ്പത്തിലേ ലാളനകൾ കൂടുതലായിരുന്നു. അതിനാൽത്തന്നെ പലയിടങ്ങളിലും പതുങ്ങുകയായിരുന്നു, ആരുടേയും കുറ്റമല്ല, ജീവിതം അങ്ങനെയാണ് നമ്മളെ നയിക്കുക. കഴിഞ്ഞുപോയ ജീവിത കാലഘട്ടങ്ങളെക്കുറിച്ചു മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതിൽ ഒരർത്ഥവുമില്ല, അതിനെ സത്യസന്ധമായി വിലയിരുത്താം, മുന്നോട്ടു പോകുമ്പോൾ അതെല്ലാം നല്ല പാഠങ്ങൾ ആയിരിക്കും.

ജുനു, മേരി ജാൻ, എന്റെ അന്തർമുഖത്വം അന്നേ എന്നെ ഏകനാക്കിയിരുന്നു. എന്ന് വെച്ച് ആരോടും ഒരു അസൂയയും തോന്നിയിരുന്നില്ല, ഇതാണ് എനിക്ക് വിധിച്ചിരിക്കുന്നത്, ഇതനുഭവിക്കുക. എന്ന് വെച്ച് ഞാനൊരു തോൽവി അല്ലായിരുന്നു. ഓട്ടമത്സരങ്ങളിലൊക്കെ നന്നായി തിളങ്ങിയിരുന്നു. ഒരുപക്ഷെ എന്റെ എന്നോട്തന്നെയുള്ള ദേഷ്യങ്ങളും, വെറുപ്പുകളും, സങ്കടങ്ങളും ഞാൻ ഊർജ്ജമാക്കി മാറ്റിയിരുന്നത് ഓട്ടങ്ങളിലായിരുന്നു. അത് പലപ്പോഴും ഒന്നാം സ്ഥാനങ്ങളായി മാറുകയും ചെയ്തു.

ജുനു, മേരി ജാൻ, നീ ചോദിച്ചിരുന്നല്ലോ, ദീർഘദൂര ഓട്ടങ്ങളിൽ ഒന്നാം സ്ഥാനത്ത് എത്തിയിരുന്നത് എങ്ങനെയായിരുന്നണെന്ന്, ഇതാണ് അതിനുപിന്നിലെ രഹസ്യം. എല്ലാ വിപരീതശക്തികളെയും ആ സമയത്ത്, അല്ലെങ്കിൽ വേണ്ട സമയത്ത്, നല്ല ശക്തിയാക്കി രൂപാന്തരപ്പെടുത്തുന്നതിലെ വിജയം. കാലക്രമേണമാത്രം സ്വായത്തമാകുന്നതാണിത്.

വേദനകൾ ഒന്നുകിൽ കരഞ്ഞു തീർക്കാം അല്ലെങ്കിൽ സ്വരുക്കൂട്ടി വച്ച് ഒരു വിജയത്തിനായി ഉപയോഗപ്പെടുത്താം. ആ വിജയത്തിൽ എല്ലാ വേദനകളും, വിദ്വഷങ്ങളും, വെറുപ്പുകളും അപ്രത്യക്ഷമാകും.

ജുനു, മേരി ജാൻ, എനിക്ക് എല്ലാവരോടും അതിരറ്റ സ്നേഹവും, ആദരവും തന്നെയാണ്. നമ്മുടെ കണ്ടിൻജന്റിൽ ഉണ്ടായവരെല്ലാം എന്റെ കുടുംബാംഗങ്ങൾതന്നെയായിരുന്നു. ഓരോ തവണ കോപിക്കുമ്പോഴും, ഞാൻ അകത്തു കരഞ്ഞു വേദനിച്ചിരുന്നു. എന്നാൽ ഒരു പട്ടാളക്കാരൻ ആകാൻ തയ്യാറെടുക്കുന്ന ഒരാൾ കരയാൻ പാടില്ല. നമ്മുടെ ഓഫീസർ മാരുടെ കണ്ണുകൾ എന്നിൽത്തന്നെയായിരുന്നു.

ജുനു, മേരി ജാൻ, റിപ്പബ്ലിക്ക് ഡേ പരേഡിൽ ഒന്നാം സ്ഥാനം നേടി, എന്തുകൊണ്ട് ആരെയും കാത്തുനിന്നില്ല എന്നത്, എല്ലാവരും പിരിഞ്ഞു പോകുന്നതുകണ്ട് നിയന്ത്രണാതീതമായി കരയാതിരിക്കാനാണ്. പല ക്യാമ്പുകളും തീരുമ്പോൾ അവസാനമാണ് ഞാൻ പോകാറ്. ആ കോലാ ഹലമെല്ലാം ഒഴിഞ്ഞ് ഒറ്റക്കാവുമ്പോൾ തീർത്തും ഒറ്റപ്പെട്ടുപോകും. കേണൽ സോമൻ സാറാണ് അത് പഠിപ്പിച്ചത്. ക്യാമ്പുകൾ കഴിഞ്ഞു തിരിച്ചുവരുമ്പോൾ സാറിന്റെ സ്റ്റേഷൻ എത്തിയപ്പോൾ, പെട്ടിയെടുത്ത് പെട്ടെന്നിറങ്ങി തിരിഞ്ഞുനോക്കാതെ ഒരു നടത്തം. കണ്ണുകൾ നിറഞ്ഞു തുളുമ്പുന്നത് കാണിക്കാൻ ഒരു പട്ടാളക്കാരനും ശ്രമിക്കില്ല. അവരുടെ കണ്ണുകളിൽ വെള്ളമില്ല, ചോരമാത്രമേയുള്ളൂ.

ജുനു, മേരി ജാൻ, എല്ലാവർക്കും കൊടുക്കാൻ വിലാസമൊക്കെ എഴുതിവെച്ചിരുന്നു. പിന്നെ കീറിക്കളഞ്ഞു, ആ ക്യാമ്പും, ആ ജീവിതവും അവിടെ തീർന്നു. ഇനി പുതിയ ജീവിതങ്ങൾ. തിരക്കിൽ നശിപ്പിക്കാതെ പോയ വിലാസമാണ് നിനക്ക് കിട്ടിയത്. അത് കിട്ടിയില്ലെങ്കിൽത്തന്നെ ക്യാമ്പിന്റെ ഓഫീസിലെ ക്ലർക്കിൽനിന്ന് നീയത് സംഘടിപ്പിക്കും എന്നെനിക്ക് അറിയാമായിരുന്നു,

ജീവിതസാഹചര്യങ്ങൾ ആണ് ഒരു മനുഷ്യനെ കല്ലും കരിങ്കല്ലും ഒക്കെയാക്കുന്നത്. ചിരി പ്രകടിപ്പിക്കാൻ മറന്നുപോകുന്നതല്ല, ചിലപ്പോൾ ജീവിതത്തിൽനിന്ന് ചിരിതന്നെ ഇല്ലാതാവുന്നതാണ്. പുറത്തേക്കു പരു ക്കനെന്നു തോന്നാമെങ്കിലും ഹൃദയംനിറയെ സ്നേഹംതന്നെയാണ്.

ജുനു, മേരി ജാൻ, എന്റെതന്നെ തടവിൽ കിടക്കുന്നതാണ് എനിക്കിഷ്ടം. അതങ്ങനെയായിപ്പോയി. നല്ലതിനാകാം അല്ലാതിരിക്കാം. ചിലപ്പോൾ തടങ്കലുകൾ നാം സ്വയം സൃഷ്ടിച്ച്, അതിൽ ഒളിച്ചിരിക്കും. ഭയംകൊണ്ടല്ല, അവനവനിലേക്കുള്ള ഒളിച്ചോട്ടമാണത്. മറ്റൊരു ശബ്ദ ത്തെക്കൂടി സ്വീകരിക്കാതിരിക്കാൻ, സ്വയം നടത്തുന്ന പ്രതിരോധം. ആ ശബ്ദം അയാൾക്കിഷ്ടമെങ്കിൽക്കൂടി, അത് കേൾക്കാതിരിക്കാൻ അയാൾ തലയോട്ടിക്കുള്ളിൽ തന്റെതന്നെ ശബ്ദം മറ്റെല്ലാശബ്ദങ്ങളെക്കാളും ഉയരത്തിൽ മൂളിക്കൊണ്ടിരിക്കും.

ജുനു, മേരി ജാൻ, പാറാവ് നിൽക്കുന്ന ഒരു പട്ടാളക്കാരനെപ്പോലെയാണ് ഞാൻ. ഞാൻ മൂലം മറ്റൊരാളും വിഷമിക്കരുത്, എനിക്കൊളിക്കാൻ എന്റെതന്നെ വേദനകൾ മലപോലെ എന്റെ മുന്നിലുണ്ട്.

ഇതിന് എല്ലാത്തിനും ഇടയിലും നമ്മൾ ജീവിതം ആഘോഷിക്കും, പരിധികൾ ഇല്ലാതെ.

# മരുഭൂമിയിലേക്ക്

ജുനു, മേരി ജാൻ, നമ്മൾ അറിയാതെയാണ് ജീവിതങ്ങളുടെ സത്യങ്ങൾ നമ്മളിലേക്ക് കടന്നു വരിക. പഠനങ്ങൾ കഴിയുമ്പോഴാണ് നാം വീട്ടിലെ യഥാർത്ഥഅവസ്ഥകൾ മനസിലാക്കുക. വലിയൊരു കുടുംബമാകുമ്പോൾ അതൊക്കെ സാധാരണമാണ്. എന്നാൽ അതിനു പോംവഴികൾ കണ്ടെത്തുക എന്നതാണ് കാര്യം. എന്റെ മുന്നിലുള്ള ഏറ്റവും പ്രധാന വെല്ലുവിളി കടങ്ങൾ വീട്ടുകയായിരുന്നു. അതിന് ഏറ്റവും നല്ലത് ഒരു പലായനമായിരുന്നു, മരുഭൂമിയിലേക്കുള്ള പലായനം.

ജുനു, മേരി ജാൻ, അച്ഛൻ ഇന്നും എനിക്ക് എത്തിപ്പിടിക്കാനാവാത്തൊരു പ്രതിഭാസമാണ്, പതിനാലാം വയസ്സിൽ അദ്ദേഹം നാട് വിട്ട് പോയി. കഴിഞ്ഞ തലമുറയിൽ തുടങ്ങിയ പലായനം, ശ്രീലങ്കയിലെ കൊളംബോയിൽ ആയിരുന്നു. ജോലിക്കൊപ്പം, അച്ഛൻ തനിയെ പഠിച്ചു വളർന്നു, ഇന്നും എന്നേക്കാൾ നന്നായി ഇംഗ്ലീഷും മലയാളവും കൈകാര്യം ചെയ്യും. മറ്റുള്ളവർക്കായി അദ്ദേഹം കൈകൊണ്ടു അക്ഷരങ്ങൾ കൂട്ടിയെഴുതി കൊടുത്ത ഒരു അപേക്ഷയും ആരും ഇന്നുവരെ നിരസിച്ചിട്ടില്ല. കൂട്ടിയെഴുതിയുള്ള ആ അക്ഷരങ്ങൾ മതി, അദ്ദേഹമെന്താണെന്ന് വായിച്ചറിയാൻ. സ്വയം സൃഷ്ടിച്ചെടുത്ത ഒരു മനുഷ്യൻ. മറ്റുള്ളവർ രാത്രിയിൽ ഉറങ്ങുന്ന മുറിയിൽ അന്ന് കാലത്ത് ചെറിയ വിളക്ക് ഹാർഡ് ബോർഡ് പെട്ടികളാൽ അടച്ച്, ചെറിയ വെളിച്ചത്തിൽ അദ്ദേഹം സ്വയം വായിച്ചു വളർന്നു.

ജുനു, മേരി ജാൻ, ഒന്നുമില്ലായ്മയാണ് മനുഷ്യന്റെ ഉള്ളിലെ തീ ഊതി ഉണർത്തുക, ആ തീയൊന്നു നീറിപ്പിടിക്കണം, അത്രെയേ വേണ്ടു. പിന്നെയത് കത്തി പൊയ്ക്കോളും. അച്ഛൻ സ്വയം കത്തി, ആ പ്രകാശത്തിൽ വളർന്നു വലുതായ ഒരു സൃഷ്ടിയാണ്. ഇന്ന് അച്ഛനെ കുറിച്ച് എന്തെ ഇത്രയധികം പറയുന്നു എന്ന് നിനക്ക് തോന്നിയേക്കാം. അച്ഛൻ വലിയ കണിശക്കാരനായിരുന്നു. പഠനകാലത്ത് അച്ഛനെന്നെ വരച്ച വരയിൽ നിർത്തുമായിരുന്നു. അച്ഛനെ ഏറ്റവും കൂടുതൽ വെറുത്ത ദിവസങ്ങൾ. ഇരുപത് പൈസ ഞാനെടുത്തു എന്ന് പറഞ്ഞ്, നടപ്പുരയിലെ തൂണിൽ എന്നെ കെട്ടിയിട്ട് അടിച്ചിട്ടുണ്ട്. ഇന്ന് അതിനെല്ലാം നന്ദി

പറയുന്നു, ആ അനുഗ്രഹങ്ങൾ കൊണ്ടല്ലേ ഞാനിങ്ങനെ ആയിതീർന്നത്.

ജുനു, മേരി ജാൻ, സമയക്രമങ്ങളാണ് ജീവിതത്തെ മുന്നോട്ടു നയിക്കുക, അതെങ്ങോട്ടുപോകുന്നുവെന്ന് നാം വിസ്മയിക്കേണ്ടതില്ല. അത് നിയതിയുടെ പന്ഥാവിലൂടെ നമ്മളെ നയിക്കും, നമുക്കൊരു സഞ്ചാരപാത നിശ്ചയിച്ചിട്ടുണ്ട് അതിലൂടെ. ഓരോ ദിവസത്തെയും സന്തോഷമായി സ്വീകരിക്കുക. നന്മകൾ നിന്റെ ചുറ്റും എന്നും നിറയും. നിന്റെ വീട്ടിലേക്കു മയിലുകൾ വിരുന്നു വരും, അവർ നിന്റെ മുന്നിൽ പീലിവിരിച്ചാടും, നിനക്കായിമാത്രം നൃത്തം ചെയ്യും.

ജുനു, മേരി ജാൻ, പഠനം കഴിഞ്ഞ ദിവസം അച്ഛൻ എന്നെ വിളിച്ചു പറഞ്ഞു, നിന്റെ ജീവിതത്തിലെ ഏറ്റവും നല്ല കാലഘട്ടം കഴിഞ്ഞു. ഇന്നേവരെ നിന്നോട് ഒരു ബുദ്ധിമുട്ടും. പറഞ്ഞിട്ടില്ല, ഇനി ഈ വീടിന്റെ വലിയ ഉത്തരവാദിത്വം നിന്റേതാണ്. കുറച്ചേറെ കടങ്ങളുണ്ട്, സ്വയം അദ്ധ്വാനിച്ചു മാത്രം ജീവിക്കുക, പറ്റിയാൽ ഈ കടങ്ങൾ വേഗം വീട്ടുക. കൃത്യമായി പറഞ്ഞാൽ 1989 നവംബർ 29ന്, എന്റെ പരീക്ഷയുടെ റിസൾട്ട് വന്നു. പിറ്റേന്ന് കാലത്ത് പോയി പ്രൊവിഷണൽ സർട്ടിഫിക്കറ്റ് വാങ്ങി, വൈകുന്നേരത്തെ തീവണ്ടിയിൽ ബോംബെയിലേക്ക് തിരിച്ചു. മൂന്നുവർഷം ബോംബെ ജീവിതത്തിന്റെ പരുക്കൻ മുഖങ്ങൾ പഠിപ്പിച്ചു, ജീവിതത്തിൽ അഞ്ചു പൈസയുടെ വില എന്താണെന്ന് തിരിച്ചറിയ ണമെങ്കിൽ ബോംബെയിൽത്തന്നെ ജീവിക്കണം.

വിശപ്പിന്റെ വേദന, ദാഹത്തിന്റെ ആഴം അത് ശരിക്കും അറിയണമെ ങ്കിൽ ബോംബെയിൽ ഒരിക്കലെങ്കിലും തനിയെ ജീവിക്കണം.

ജുനു, മേരി ജാൻ, മൂന്നുവർഷം കഴിഞ്ഞ്, 1993 ജൂലൈ 5-ന്, ഞാൻ മണലാരണ്യത്തിലേക്കു പുറപ്പെട്ടു. ആദ്യത്തെ രണ്ടു വർഷത്തിൽത്തന്നെ കടങ്ങൾ വീട്ടി. നാടും ഗ്രാമവും എന്നും ജ്വലിച്ചുനിൽക്കുന്ന എന്റെയു ള്ളിൽ, മരുഭൂമിയേ ഉണ്ടായിരുന്നില്ല. പിന്നെ പതുക്കെപ്പതുക്കെ ഞാൻ മരുഭൂമിയെ പ്രണയിച്ചു. മറ്റാരും പ്രണയിക്കാനില്ലാത്തവന് പ്രണയിക്കാൻ ഏറ്റവും നല്ലത് മരുഭൂമിയാണ്, അതിനു ഒരു നിശ്ചിത രൂപമില്ല, മണൽകാ റ്റിൽ ദിവസവും രൂപം മാറുന്ന മരുഭൂമി.

# ബറാപാനി, ഉംറായ് കാന്റ്റ്

മേരി ജാൻ, അന്ന് ഗോഹട്ടിയിൽ ഞങ്ങൾ വന്നിറങ്ങിയതിന് പിന്നാലെയാണ് നിങ്ങളുടെ ട്രെയിൻ എത്തിയത്. റെയിൽവേ സ്റ്റേഷന് തൊട്ടു എതിരേയുള്ള സ്കൂളിൽ ആയിരുന്നു നമ്മുടെ താത്കാലിക താമസം. അന്നവിടെ കർഫ്യൂ ആയിരുന്നു. സ്കൂളിന്റെ വരാന്തയിൽ നിന്നിരുന്ന ഞാൻ, നിങ്ങളുടെ ഗ്രൂപ്പിന്റെ വരവ് കണ്ട്, മറ്റൊരു സംസ്ഥാനത്തെ കേഡറ്റുകൾ എന്നേ കരുതിയുള്ളൂ. അപ്പോഴതാ നീ ഏറ്റവും പിറകിൽ. ഹേ എന്ന് പറഞ്ഞ് ഞാൻ തുള്ളിച്ചാടി. എന്റെ കൂട്ടുകാർ എല്ലാം എന്തുപറ്റിയെന്ന് ചോദിച്ചു. അവർ എന്റെ കൂടെ റിപ്പബ്ലിക്ക് ഡേ ക്യാമ്പിൽ ഉണ്ടായിരുന്നു. വീണ്ടും കണ്ടപ്പോഴത്തെ സന്തോഷം. ഞാൻ നിന്റെ അടുത്തേക്ക് വന്നു. ബാഗെല്ലാം താഴെവച്ചു നീ ഹസ്തദാനം തന്നു. "ഭാഗ്യരേഖയുള്ള പെൺകുട്ടി നിന്നെ വീണ്ടും കണ്ടതിൽ വളരെ സന്തോഷം എന്നാണ് നീ അന്ന് പറഞ്ഞത്". നിന്റെ ഓഫീസറിനെ പരിചയപ്പെടുത്തിയപ്പോൾ അദ്ദേഹം പറഞ്ഞത്, സ്മരണകളിൽനിന്ന് ഒരാളെ വീണ്ടും കണ്ടെത്തുക എന്ന് പറഞ്ഞാൽ അത് ഭാഗ്യമാണ്, ജീവിതം ആസ്വദിക്കൂ, ഇങ്ങനെയുള്ള അവസരങ്ങൾ വീണ്ടും വരില്ല.

മേരി ജാൻ, മുരൻ, അവിടെനിന്നേ നാം ഒരുമിച്ചായിരുന്നു, ഇരുപത്തിയൊന്ന് ദിവസം. രാത്രി ഭക്ഷണമെല്ലാം കഴിഞ്ഞ്, റിപ്പബ്ലിക്ക് ഡേ ക്യാമ്പിന്റെ ഓർമ്മകൾ പറഞ്ഞു നാം കുറേനേരം പുറത്തിരുന്നു. കർഫ്യൂ ഉള്ളതിനാൽ പുറത്തിറങ്ങാനേ ആയില്ല.

മേരി ജാൻ, മുരൻ, ഷില്ലോങ്ങിലേക്കുള്ള ബസ്സിൽ പകുതിയിലധികം നമ്മുടെ കേഡറ്റുകളായിരുന്നു. നിന്നോട് ചേർന്നിരുന്നു ദീർഘനേരം യാത്രചെയ്യാനായി എന്നതാണ് ആ യാത്ര ഇന്നും ഓർമ്മയിൽ ഇപ്പോഴും നിറഞ്ഞു നിൽക്കാനുള്ള കാരണങ്ങളിൽ ഒന്ന്. മലമുകളിലെ നേരിയ റോഡുകളിലൂടെ ഉള്ള യാത്ര സാഹസംതന്നെയായിരുന്നു. പലപ്പോഴും ഒരു വണ്ടിക്കുമാത്രം കടന്നുപോകാൻ സൗകര്യമുണ്ടായിരുന്ന ആ റോഡിൽ സർക്കസ്കാരെപ്പോലെയാണ് എതിരെ വന്നിരുന്ന വണ്ടികൾ കടന്നുപോയിരുന്നത്. പലപ്പോഴും പല വണ്ടികളും ഇപ്പോൾ കൊക്കയിലേക്ക് പോകും എന്ന് നമുക്ക് തോന്നിയിരുന്നു. അപകടം കൂടുതൽ

ഉള്ളിടത്ത് ആളുകളെ ഇറക്കിയാണ് അവർ ഈ കടമ്പകൾ കടന്നിരുന്നത്. പേടികൊണ്ടു ഞാൻ നിന്റെ കൈകൾ ഇറുക്കി പിടിച്ചിരുന്നു. കൊക്കയുടെ താഴെ ഒരുപാട് വാഹനങ്ങൾ വീണുകിടന്നിരുന്നു.

മേരി ജാൻ, മുരൻ, വഴിയിൽ ഇടയക്ക് പൂരിയും ഉരുളൻകിഴങ്ങും ചേർത്ത ഒരു കറിയും കിട്ടി, വിശപ്പിന് നല്ല രുചിയാണെന്നാണ് അപ്പോൾ നീ പറഞ്ഞത്. ഇരിക്കാൻ സൗകര്യങ്ങൾ ഇല്ലാതിരുന്ന ആ കടയുടെ പുറത്തായി നിനക്ക് തൊട്ടരുകിലായി ദൂരെയുള്ള മലകളെ നോക്കി. പ്രകൃതിയുടെ കുളിർക്കാറ്റിൽ അന്ന് ഭക്ഷണം കഴിക്കാനായത് ഇന്നും ഞാൻ ഓർത്തെടുക്കുന്നു. മനോഹരമായിരുന്നു ആ യാത്ര. എന്നെങ്കിലും ആ യാത്ര ഒരിക്കൽക്കൂടി പോകണം. നിനക്ക് പറ്റിയാൽ, ചിറാപുഞ്ചിയിൽ ഒക്കെ പോയി, ഒന്നിച്ചു ദേഹം വേദനിക്കുന്ന കനത്ത തുള്ളികൾ ഉള്ള മഴയൊക്കെ കൊണ്ട്, പറ്റിയാൽ നമുക്കൊന്നിച്ചു ആ ദിവസങ്ങളിലേക്ക് ഒരിക്കൽക്കൂടി തിരിച്ചു നടക്കാം.

മേരി ജാൻ, മുരൻ, ബറാപാനി എന്ന ആ വലിയ തടാകം, കണ്ണിന് വലിയ കുളിർമ്മ നൽകി. നമ്മൾ അവിടെയിറങ്ങി, ആർമിയുടെ ശക്തിമാൻ ട്രക്ക് നമ്മളെ കാത്തുകിടന്നിരുന്നു. നീ എന്നെ എടുത്തു പൊക്കിയതിനാൽ ട്രക്കിന്റെ പിന്നിലേക്ക് വേഗം കയറാൻ പറ്റി. ഉംറായ് കാന്റ്റ് പിന്നെയും ദൂരെയായിരുന്നു. വളഞ്ഞും പുളഞ്ഞുമുള്ള ആ ട്രക്കിലെ യാത്ര അവിടത്തെ വലിയ മലനിരകൾ കാഴ്ചകൾ കണ്ണുകൾക്ക് ഒപ്പിയെടുക്കാവുന്നതിൽ കൂടുതലായിരുന്നു. ഗഢ്വാൾ റൈഫിൾസിന്റെ ഏറ്റവും വലിയ ക്യാമ്പുകളിൽ ഒന്ന്. വളരെയധികം ബാരക്കുകൾ. ഓരോരോ സംസ്ഥാനങ്ങളിൽ നിന്നും പത്തുപേർ വീതം. ഒരു കൊച്ചു ഇന്ത്യ അവിടെ ഒന്നിച്ചുചേർന്നു. ആർമിയോട് ചേർന്നുള്ള അഡ്വാൻസ്ഡ് ലീഡർഷിപ് ക്യാമ്പ് ആയിരുന്നു അത്. ക്യാമ്പ് കമാന്റന്റ് കേണൽ പരംവീർ ഭാട്ടിയ, അധികമൊന്നും പറഞ്ഞില്ല. ഇന്നുമുതൽ അടുത്ത ഇരുപത്തൊന്നു ദിവസം നിങ്ങൾ എൻസിസിക്കാരല്ല, പട്ടാളക്കാരാണ്. ഇവിടെനിന്നു പോകുമ്പോൾ ഓരോരുത്തരും മികച്ച ലീഡർ ആയി മാറിയിരിക്കണം.

മേരി ജാൻ, മുരൻ, എനിക്കറിയാമായിരുന്നു അടുത്ത ഇരുപത്തൊന്നു ദിവസം, നമ്മുടെ ചോര വെള്ളമാക്കുമെന്ന്. നിന്റെ സാന്നിധ്യമായിരുന്നു എന്റെ ധൈര്യം.

# ശിക്ഷണങ്ങൾ

മേരി ജാൻ, മുരൻ, പിറ്റേന്ന് നമ്മളുണർന്നത് മറ്റൊരു ലോകത്തേക്കായിരുന്നു. നീ മുമ്പേ പറഞ്ഞിരുന്നതിനാൽ, ഞാൻ കുറെയൊക്കെ മാനസികമായി തയ്യാറെടുത്തിരുന്നു. അപ്രതീക്ഷിതമായ പരിശീലനങ്ങൾ ആയിരിക്കുമെന്ന്. അതുതന്നെ സംഭവിച്ചു, പ്രഭാതത്തിൽ സാധാരണമായ കായികപരിശീലനമല്ലായിരുന്നു, സാഹസികമായ പരിശീലനങ്ങൾ. തൂങ്ങിക്കിടക്കുന്ന കയറുകളും, വലിയ മതിലും, വെള്ളവും ചളിയും നിറഞ്ഞ നുഴഞ്ഞുപോകാവുന്ന മുള്ളുവേലികളും, ചെറിയ മരപ്പലകകളിലൂടെയുള്ള ഓട്ടവും. ഹോ, ഓർക്കാൻ വയ്യ. എന്നാൽ അതെല്ലാം നാം തരണം ചെയ്തു. മറ്റുള്ളവരെ ഒപ്പം കൂട്ടിക്കൊണ്ടുപോകുന്ന നിന്റെ ആ ജാലവിദ്യയുണ്ടല്ലോ, നിന്റെ ചെറിയചെറിയ പ്രോത്സാഹനങ്ങൾ എല്ലാവർക്കും അതീവസന്തോഷവും കരുത്തുമാണ് നൽകിയത്. നിനക്കോർമ്മയുണ്ടോ നിന്റെ വാക്കുകൾ?, പരിശീലനം തുടങ്ങുന്നതിന് മുമ്പ് ഓഫീസർ നിന്നെ വിളിച്ചു എന്തോ പറഞ്ഞു. നീ വന്നു പറഞ്ഞത് രണ്ടേ രണ്ടു വാചകങ്ങൾ.

ഒന്നുകിൽ ഒന്നിച്ചു ജയിക്കുക, അല്ലെങ്കിൽ ഒന്നിച്ചു തോൽക്കുക.

മേരി ജാൻ, മുരൻ, അന്ന് സാഹസികപരിശീലനങ്ങൾ പൂർത്തിയാക്കാൻ കഴിയാത്തവരെ ചിലപ്പോൾ ക്യാമ്പിൽനിന്ന് പുറത്താക്കിയേക്കാം എന്നതായിരുന്നു നിനക്കുള്ള സന്ദേശം. പരിശീലനം കഴിഞ്ഞു തളർന്നവശരായ നമ്മളോട് ഓഫീസർ പറഞ്ഞത്, ഇതൊരു തുടക്കമാണ്, ഒത്തൊരുമയാണ് വിജയം. ആർക്കും ആരെയും ലക്ഷ്യത്തിലെത്താൻ സഹായിക്കാം. നിങ്ങളുടെ പിന്നിൽ ഒരാളും വീണുപോകരുത്. ഒരു മുരടൻ എന്ന് പേരുകേട്ടിരുന്ന ഓഫീസർ നിനക്ക് ഹസ്തദാനവും തന്നു.

മേരി ജാൻ, മുരൻ, എന്നാൽ അതൊരു തുടക്കം മാത്രമാണെന്ന് പിന്നെയാണ് തിരിച്ചറിഞ്ഞത്. ക്ലാസുകൾ എന്നാണ് പറഞ്ഞതെങ്കിലും, നേരെ മുന്നിലുള്ള വലിയ മല ചൂണ്ടിക്കാട്ടി പരിശീലകൻ പറഞ്ഞു,

"അവിടെയാണ് ക്ലാസ്. നിങ്ങൾ അവിടെ മുപ്പത് മിനിറ്റിൽ എത്തണം". പിന്നെ ഒറ്റയോട്ടമായിരുന്നു. കാടിന്റെ ഉള്ളിലേക്ക് കയറുംതോറും ഇരുട്ടും തണുപ്പും കൂടി. ചിലയിടങ്ങളിൽ മൃഗങ്ങളുടെ അസ്ഥികൾ. ചിലത് മനുഷ്യന്റേത് പോലെ. ഒന്നും നോക്കാൻ നേരമില്ല. മുകളിൽ ദാഹിച്ചു

വലഞ്ഞെത്തിയ നമുക്ക് ഒരു ഗ്ലാസ്സ് വെള്ളം, അതും പഠനംതന്നെ. അത്യപൂർവസാഹചര്യങ്ങളിൽ എങ്ങനെ കുറച്ചു ഉപയോഗിക്കാമെന്ന പഠനം. അന്നത്തെ ക്ലാസ്സ് കാടിനേയും മലകളെയും കുറിച്ചായിരുന്നു. ക്ഷീണിച്ച പലരെയും കാറ്റ് ഉറങ്ങാൻ പ്രേരിപ്പിച്ചു. അവർക്കൊക്കെ വീണ്ടും ഓട്ടമായിരുന്നു ശിക്ഷ. ഉച്ചയായി, ഭക്ഷണത്തെക്കുറിച്ച് ഒന്നും ആരും പറയുന്നില്ല. എന്നാൽ ആർക്കും ചോദിക്കാൻ ധൈര്യവുമില്ല.

മേരി ജാൻ, മുരൻ, കൃത്യം ഒരു മണിക്ക് ക്ലാസ്സ് കഴിഞ്ഞു. ചോറ് എന്നതായിരുന്നു എല്ലാവരുടെയും കണ്ണുകളിലെ ചോദ്യം. വരൂ നമുക്ക് ആ മുളകൾ വെട്ടാം വലിയ വലിയ മുളകൾ. അതിന്റെ മുരുക്കിൽവെച്ച് മുറിച്ചു ഒരു വശം വെട്ടി ഒരു ഗ്ലാസ്സ് പോലെയാക്കി. പിന്നെ മുകൾവശം ഒന്ന് ചെരിച്ചു ചെത്തി. വിറകുകൾ ശേഖരിക്കാൻ പറഞ്ഞു. അരിയും വെള്ളവും മുളയിലേക്കിട്ടു, ചില മുളകളിൽ പരിപ്പും വെള്ളവും. പിന്നെ തീ കൂട്ടി മുളകൾ നിരനിരയായി അതിനു മുകളിൽ വച്ചു. കുറച്ചു കഴിഞ്ഞ് അതിൽ നിന്നുയർന്ന വേവുന്ന അരിയുടെയും പരിപ്പിന്റെയും മണം ഒരിക്കലും മറക്കാനാവില്ല. ഉപ്പില്ല, മുളകില്ല, മസാലയില്ല എങ്കിലും, മുളകൾക്കുള്ളിൽ വേവിച്ചെടുത്ത ആ ചോറും പരിപ്പും. അതിന്റെ സ്വാദ് മറ്റൊരിക്കലും ജീവിതത്തിൽ കിട്ടിയിട്ടില്ല. ജീവിതത്തിന്റെ അനുഗ്രഹ ങ്ങളാണ് ആ നിമിഷങ്ങൾ, മറ്റാർക്കും കിട്ടാത്ത പല പരിശീലനങ്ങളും ജീവിതാനുഭവങ്ങളും നമുക്ക് കിട്ടി. ഓരോ പരിശീലനവും ജീവിതത്തിൽ നമ്മളെ കരുത്തരാക്കി.

വീണ്ടും ക്ലാസ്സുകൾ, നാലു മണിക്ക് നമ്മൾ മലയിറങ്ങി. കുളിച്ചു, എല്ലാവരും സാധാരണവസ്ത്രങ്ങളിലേക്ക്. അത് കഴിഞ്ഞ് ഓരോ സംസ്ഥാ നത്തിന്റെയും സാംസ്കാരികപരിപാടികൾ. മനോഹരമായിരുന്നു ആ സായാഹ്നങ്ങൾ. വടക്കുകിഴക്കൻ പ്രദേശത്തിന്റെ തനത് പരിപാടികൾ ആദ്യമായാണ് അന്ന് ആസ്വദിച്ചത്. എല്ലാവരെയും ഒരുപോലെ ഉൾകൊ ള്ളുമ്പോൾ നമ്മൾ കൂടുതൽ നല്ല മനുഷ്യരാകുന്നു. നമുക്ക് മറ്റുള്ളവരി ലേക്ക് അവരുടെ സംസ്കാരങ്ങളിലേക്ക് വളർന്നുപന്തലിക്കാനാവുന്നു.

മേരി ജാൻ, മുരൻ, എല്ലാ ക്ഷീണവും മാറാൻ വിഭവസമൃദ്ധമായ അത്താഴം. അത്താഴം കഴിഞ്ഞു നാം ഒന്നിച്ചു കുറച്ചു നേരം നടക്കുമായി രുന്നു. നീ ഒന്നുംതന്നെ പറയാറില്ല, മൂളും, യെസ്, ഗുഡ് ഇതൊക്കെയാണ് നിന്റെ വാക്കുകൾ, എന്നാൽ ജീവിതത്തിൽ ഇന്നുവരെ ഞാൻ കേൾക്കാൻ കൊതിച്ച വാക്കുകൾ നിന്റെ വായിൽനിന്നും ഇതുവരെ വന്നതുമില്ല.

# നാരായണേട്ടൻ

ജുനു, മേരി ജാൻ, ഓർമ്മകൾ നിറച്ചു നീയെന്നെ വീണ്ടും ഉംറായി കാന്റിൽ കൊണ്ടിറക്കി. ആ ഇരുപത്തൊന്നു ദിവസം ഒരിക്കലും മറക്കാനാവാത്തതുതന്നെയാണ്, അങ്ങനെയാണ് ആ പരിശീലനപരിപാടികൾ ആസൂത്രണം ചെയ്തിരുന്നത്. മുമ്പേ ഉണ്ടാക്കിവച്ചിരിക്കുന്ന കുറെ അച്ചുകളിലേക്ക് ഓരോ കേഡറ്റിനെയും കടത്തിവിട്ട് അവന്റെ ഉള്ളിലെ തീജ്വാലകൾകൊണ്ട് നമ്മളെത്തന്നെ ഉരുക്കി പുതിയ ഒരു മുന്നണിപ്പോരാളിയായി വാർത്തെടുക്കുകയായിരുന്നു. ജോലിയെടുക്കുമ്പോഴാണ് അന്ന് കിട്ടിയ പരിശീലനങ്ങൾ നമ്മളെ എത്രകണ്ട് മാറ്റി എന്ന് തിരിച്ചറിയുക. അത്യപൂർവമായ ആ അനുഭവങ്ങൾക്ക് ഇന്നും നന്ദി പറയണം.

ജുനു, മേരി ജാൻ, എന്തെങ്കിലും വ്യത്യസ്തമായി കഴിക്കണം എന്ന നിന്റെ ആഗ്രഹമാണ് ഔട്ട്പാസ് വാങ്ങി പുറത്തിറങ്ങാനുള്ള തീരുമാനത്തിന് കാരണം. അടുത്തൊന്നും ഒരു കടയുമില്ല, അപ്പോഴാണ് ഒരാൾ ക്യാമ്പിന് പിറകിലുള്ള ഒരു ഗേറ്റിനെക്കുറിച്ച് പറഞ്ഞതും, നാം ആ വഴി നടന്നതും. എന്നെ അത്ഭുതപ്പെടുത്തി 'ചന്ദ്രികയിലലിയുന്നു ചന്ദ്രകാന്തം' എന്ന ഗാനം എവിടെനിന്നോ ഒഴുകിവരുന്നു. ഞാൻ കോരിത്തരിച്ചു പോയി, നിനക്കെന്തു പറ്റിയെന്ന് നീ ചോദിക്കുകയും ചെയ്തു. മലയാളി മറക്കാത്ത ഒരു ഗാനം, ഒരു അന്യദേശത്തു കേൾക്കുമ്പോഴുള്ള ആ ഗൃഹാതുരത്വം എഴുതിനിറക്കാനാവില്ല. നമ്മൾ ആ ഗാനശബ്ദം വരുന്നിടത്തേക്ക് വേഗം നടന്നു. ഹോട്ടൽ എന്ന് ഇംഗ്ലീഷിൽ ഒരു ബോർഡ്, അകത്തുനിന്നും മസാലദോശയുടെ മണം. രണ്ടു മസാലദോശ ഞാൻ പറഞ്ഞു. ക്യാമ്പിന് വന്നവരാണല്ലേ, അതെ, ഇവൾ മലയാളിയല്ല, ഡെൽഹിക്കാരിയാണ്. രാജൻ നായർ, കണ്ണൂർ, കടലായി സ്വദേശി, 20 വർഷങ്ങളായി ഇവിടെ, സൗദാമിനി ചേച്ചിയും മക്കളും അവിടെത്തന്നെ, നാട്ടിൽ പോയിട്ട് രണ്ടു വർഷമായി, കട പൂട്ടിയിട്ട് പോകാനാവില്ല. എല്ലാവരെയും പരിചയപെട്ടു, അവരോടു സംസാരിച്ച ഓരോ നിമിഷവും ഞാൻ അനുഭൂതികളിൽ നിറഞ്ഞു നിന്നു, ചിലപ്പോൾ എന്റെ കൂടുതലുള്ള സംസാരത്തിൽനിന്ന് എന്നെ പിന്തിരിപ്പിക്കാൻ, നീ ഒന്നുരണ്ടു തവണ എന്നെ നുള്ളുകയും ചെയ്തു. നല്ല നാടൻ ചായകൂടി കുടിച്ചപ്പോൾ, നാട്ടിൽ

പോയ ഒരു പ്രതീതി. അവരെ നിനക്കോർമ്മയുണ്ടോ ജുനു, മറ്റൊരുതവണ ചെന്നപ്പോൾ പൂരിയും കറിയും കിട്ടിയപ്പോൾ, നീ അവരെ അഭിനന്ദന ങ്ങൾ കൊണ്ട് മൂടി.

എങ്കിലും വടക്കു കിഴക്കൻ മേഖലയിൽ തീർത്തും ഒറ്റപ്പെട്ടു ജീവിക്കുന്ന ആ മലയാളി കുടുംബത്തെ കണ്ടപ്പോൾ സന്തോഷം മാത്രം. 'വന്നപ്പോൾ കുറച്ചു ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു, അവരുടെ ഭാഷ പഠിച്ചു, സ്നേഹിക്കാൻമാത്രമേ അറിയൂ, നാട്ടിലെപ്പോലെ പറ്റിക്ക പ്പെടും എന്ന ചിന്തയെ വേണ്ട, അതിനാൽ പിന്നെ ഇവിടെത്തന്നെ കൂടി. സമാധാന ജീവിതം. പിന്നെ ക്യാമ്പിൽ കുറെ മലയാളി പട്ടാളക്കാർ ഉണ്ട്, അവർ വരുന്നതിനാൽ നന്നായി പോകുന്നു', രാജേട്ടൻ പറഞ്ഞുനിർത്തി.

നന്മകൾ നമ്മളെ എവിടെച്ചെന്നാലും തേടി വരും, നന്മകൾ നമ്മുടെ ഉള്ളിലും ഉണ്ടാകണമെന്നുമാത്രം. ജുനു, മേരി ജാൻ, മറ്റൊരു നന്മ ഹവിൽദാർ നാരായണേട്ടൻ ആയിരുന്നു. സിഗ്നൽ റെജിമെന്റിൽ ജോലി ചെയ്തിരുന്ന കണ്ണൂർ പാച്ചപ്പൊയ്ക സ്വദേശി. മലയാളികൾ വന്നിട്ടുണ്ടെന്നറി ഞ്ഞു കാണാൻ വന്നതാണ്. ഒരു തളിക നിറയെ ഉള്ളി ബജിയുമായാണ് വന്നത്. എല്ലാ അനിയന്മാർക്കും എന്റെ നമസ്കാരം എന്ന് പറഞ്ഞു ഞങ്ങളുടെ ബാരക്കിലേക്ക് കടന്നു വന്ന നാരായണേട്ടനെ ജീവിതത്തിൽ മറക്കാനാവില്ല. സുദീഘമായ ബന്ധം കത്തുകളിലൂടെ ഞങ്ങൾ നിലനിർ ത്തിയിരുന്നു. എനിക്ക് ഓടാനുള്ള സ്പോർട്സ് കുപ്പായങ്ങൾ അവിടെ നിന്ന് അയച്ചുതരുമായിരുന്നു. നാരായണേട്ടന്റെ കല്യാണത്തിന് ഞാൻ പാച്ചപ്പൊയ്കയിൽ പോയിരുന്നു, വെട്ടിയിറക്കിയ ചെമ്മൺപാതകൾ എനിക്ക് ഇന്നും ഓർമ്മയുണ്ട്. പാടത്തിന്റെ വക്കിലുണ്ടായിരുന്ന ആ വീടും. നിനക്കായി മാറ്റിവച്ചിരുന്ന ബജി, വൈകീട്ട് നടക്കുന്ന നേരത്ത് തന്നപ്പോൾ നീ പറഞ്ഞ വാക്കുകൾ എനിക്കോർമ്മയുണ്ട്, എങ്ങനെയാണ് ഈ മനുഷ്യരെല്ലാം നിന്നിലേക്ക് എത്തുന്നത് എന്ന്.

ഞാൻ ഇടയ്ക്കിടെ നാരായണേട്ടന്റെ ബാരക്കിൽ പോകുമായിരുന്നു, അപ്പോൾ പല നാടൻപലഹാരങ്ങളും കിട്ടും, 'എടാ ഇതൊക്കെ ഉണ്ടാ ക്കുന്നത് നാടിനെയും, വീടിനെയും ഓർക്കാനാണ്. അതിന്റെ മണം എന്നെ എന്റെ അമ്മയുടെ അടുക്കളയിലെ വിയർത്തൊലിക്കുന്ന മുഖം ഓർമ്മയിലേക്കെത്തിക്കും. പറമ്പിൽനിന്ന് നാരായണാ എന്ന അച്ഛന്റെ വിളി കേൾക്കാനാകും'. തിരിച്ചുപോരുമ്പോൾ ഒരു കടലാസുപൊതിയിൽ നിനക്കുള്ള വിഹിതം തന്നു പറയും, നിന്റെ കൂട്ടുകാരിക്ക് കൊടുത്തേക്കു, നാട്ടിൽ ചെല്ലുമ്പോൾ ഇതൊക്കെ ഉണ്ടാക്കി പഠിക്കാൻ അവളോട് പറയണം, ഭാവിയിൽ ഉപകാരപ്പെടും. അതിനു മറുപടിയായി ഞാൻ ഉറക്കെ ചിരിച്ചു.

കല്യാണം കഴിഞ്ഞു ഒരുവർഷക്കാലത്തോളം നാരായണേട്ടന്റെ കത്തുകൾ വരുമായിരുന്നു. പിന്നെ ഞാൻ ബോംബേക്കുപോയി. നാട്ടിലേക്ക് നാരായണേട്ടൻ എഴുതും എന്ന് ഞാൻ കരുതി. ഒരു കത്തും കണ്ടില്ല. അവസാനം ഒരിക്കൽ നാട്ടിൽ വന്നപ്പോൾ ഞാൻ നാരായണേട്ടന്റെ പാച്ചപ്പൊയ്കയിലുള്ള അമ്മാവന് എഴുതി. കല്യാണത്തിന് പോയപ്പോൾ പരിചയപ്പെട്ടതാണ്. മറുപടിക്കത്തിലെ വാക്കുകൾ എനിക്ക് ഊഹിക്കാവുന്നതിലും കൂടുതലായിരുന്നു. നാരായണേട്ടന് ജബൽപൂരിലേക്ക് മാറ്റം കിട്ടിയിരുന്നു. ഒരു രാത്രി വലിയ മഴയും കാറ്റും ഉണ്ടായിരുന്നു. ഒരു വലിയ മരം ബാരക്കിന്റെ മുകളിലേക്ക് വീണു. എന്നും എപ്പോഴും എന്തിനും മുന്നിൽ നിൽക്കുന്ന നാരായണേട്ടൻ മുകളിലേക്ക് കയറി മരം വെട്ടാൻ തുടങ്ങി, ഒരു വലിയ കൊമ്പ് പെട്ടെന്ന് മുറിഞ്ഞു വീണപ്പോൾ മരം ഒന്നുലഞ്ഞു, നാരായണേട്ടൻ താഴേക്ക് തലയടിച്ചു വീണു. അപ്പോൾത്തന്നെ ബോധം നഷ്ടമായ നാരായണേട്ടൻ പിറ്റേന്ന് തന്നെ ഈ ലോകത്തോട് വിടപറഞ്ഞു. കത്തു വായിച്ചു ഞാൻ സ്തബ്ധനായിരുന്നു, മിണ്ടാനാകാതെ, ചലിക്കാനാവാതെ, ഒരുപാടുനേരം.

# വേദനകളുടെ മറുപുറങ്ങൾ

മേരി ജാൻ, മുരൻ, വേദനകൾ കുഴിച്ചിട്ട്, നനച്ചു വളർത്തി, വലിയൊരു മരമാവുമ്പോൾ, അതിന്റെ തണൽ ആസ്വദിക്കലാണല്ലോ നിന്റെ വിനോദങ്ങൾ. സാഹസികപരിശീലനത്തിന്റെ ഭാഗമായി അന്ന് ബൂട്ട് കെട്ടി, പുറത്തു ഭാരമേറ്റിയുള്ള ഓട്ടമായിരുന്നു. നിനക്കെല്ലാം സാധാരണ ദിനങ്ങൾ മാത്രം. എന്നാൽ മറ്റെല്ലാവർക്കും ആ ഇരുപത്തൊന്നു ദിവസങ്ങൾ ഓർമ്മകളിൽനിന്ന് ഒരിക്കലും മാഞ്ഞുപോവാത്തവയും. ഇന്നതാലോചിക്കുമ്പോൾ സന്തോഷംമാത്രം. കണ്ണുകളിൽ അറിയാതെ വെള്ളം നിറയും. നമ്മുടെ ജീവിതംതന്നെ മെരുക്കി മാറ്റിയെടുത്ത ദിവസങ്ങൾ. അതിനാൽത്തന്നെ ഇന്നും തനിയെ എനിക്ക് ജീവിതം നേരിടാനാകുന്നു. ആരുടെ മുന്നിലും തലയുയർത്തിനിൽക്കാനാകുന്നു.

മേരി ജാൻ, മുരൻ, അന്ന് ഞങ്ങളിൽ പലരും വഴിയിൽ വീണുപോയി. വീണവരെ എല്ലാം വണ്ടിയിൽ കയറ്റി. നീയും കുറച്ചുപേരും പിന്നെ പട്ടാളത്തിലെ മൂന്നുപേരും നിരന്തരമായി ഓടിക്കൊണ്ടിരുന്നു. ആ ഓട്ടം അവസാനിച്ചത് എനിക്ക് ഇന്നും ഓർമ്മയുണ്ട്. മുന്നിൽ പോയിക്കൊണ്ടിരുന്ന പട്ടാളക്കാരെല്ലാം ക്യാമ്പിൽ ഉള്ളവരെ കൂട്ടാൻ പതുക്കെയാക്കി, നിങ്ങൾ ഒമ്പതുപേരും ഒരുമിച്ചു കൈകൾ ചേർത്തുപിടിച്ചു ഒന്നിച്ചാണ് ഗ്രൗണ്ടിലെ ഫിനിഷിങ് പോയിന്റിൽ ഓട്ടം അവസാനിപ്പിച്ചത്. ആ ഫിനിഷിങ് കണ്ടപ്പോൾ അവിടെ ഉള്ളവരുടെ എല്ലാം കണ്ണുകൾ നിറഞ്ഞു കവിഞ്ഞു. കൈയ്യടികൾ കുറെ നേരം നീണ്ടുനിന്നു.

ആരുടെ ആശയമായാലും എല്ലാവരും ഒരുമിച്ചു ഫിനിഷ് ചെയ്ത ആ നിമിഷം. എല്ലാവരുടെയും മനസ്സിൽ പൂത്തുലഞ്ഞുതന്നെ നിൽക്കും. വലിയൊരു സന്ദേശമാണ് അന്നു നിങ്ങൾ നൽകിയത്. ഒത്തൊരുമയുടെ, ഐക്യത്തിന്റെ, മത്സരത്തിലും ഒന്നിച്ച നന്മയുടെ.

മേരി ജാൻ, മുരൻ, ഓടിക്കഴിഞ്ഞു വന്ന നിന്റെ കണങ്കാലുകളിൽനിന്ന് ബൂട്ടിന്റെ ഓരം കൊണ്ട് മുറിഞ്ഞുപൊട്ടി രക്തം ഒലിക്കുന്നുണ്ടായിരുന്നു, ഒരു ഭാവവ്യത്യാസവുമില്ലാതെ നീ അവർക്കൊപ്പം നിന്നു. എല്ലാവരും പിരിഞ്ഞപ്പോൾ, ഞാൻ വന്നു ചോര എന്ന് പറഞ്ഞപ്പോൾ നീ ചിരിച്ചു. പിന്നെ ക്യാമ്പിലെ ക്ലിനിക്കിലേക്ക് നമ്മളൊരുമിച്ചാണ് പോയത്. നിനക്ക്

വേണമെങ്കിൽ മെഡിക്കൽ ലീവ് എടുക്കാമായിരുന്നു. എന്നാൽ നീയോ വെറുതെ മുറിവ് കെട്ടി തിരിച്ചു നടന്നു. മെയിൽ നേഴ്സ് പിന്നിൽനിന്ന് വിളിച്ചുപറഞ്ഞു, "അവൻ ഭ്രാന്തനാണ്, വേദനകളിൽ ലഹരി കണ്ടെത്തുന്ന ഭ്രാന്തൻ".

മേരി ജാൻ, മുരൻ, നീ അതൊക്കെ ഇപ്പോഴും തുടരുന്നുണ്ടോ, അങ്ങനെ അസുഖങ്ങൾ വരാത്ത ഒരു ജന്മമാണല്ലോ നിന്റേത്. പനിയോ ജലദോഷമോ വന്നാൽ നീ പറയുക, ഞാൻ മനുഷ്യനാണ് എന്ന് തിരിച്ചറിയുക അപ്പോഴാണ് എന്നാണ്. ചിലപ്പോൾ രോഗങ്ങൾ കലശലാവാൻ നീ കാത്തിരിക്കും. അതിന്റെ വേദനകളുടെ ലഹരി നുണയാൻ. നിന്റെ വേദനകളോടുള്ള ആസക്തിയാണ് എനിക്കു തീരെ പിടിക്കാത്ത നിന്റെ ഒരേയൊരു സ്വഭാവം.

മേരി ജാൻ, മുരൻ, രാത്രി നടക്കുമ്പോൾ നാം പ്ലാൻ ചെയ്തത്, നാളെ പോകുന്ന ഷില്ലോങ് ട്രിപ്പിനെക്കുറിച്ചാണ്. ഷില്ലോങ്ങിലേക്കും അവിടെനിന്ന് ചിറാപുഞ്ചിയിലേക്കും. തിരിച്ചുവരുമ്പോൾ കുറച്ചുനേരം ഷില്ലോങ്ങിൽ. ചെറിയ ഷോപ്പിംഗ് ഒക്കെ ആകാം. ഞാൻ വളരെ ആവേശത്തിലായിരുന്നു, നീ പതിവുപോലെ ഒന്ന് ചിരിച്ചു. നിന്റെ തല എനിക്ക് തല്ലിപ്പൊളിക്കാൻ തോന്നി. ഒന്നിച്ചുള്ള ഒരു പുറംകാഴ്ചയെങ്കിലും നിനക്ക് ആസ്വദിക്കാനാവില്ലെ? എല്ലാം ഉള്ളിൽ ഒളിപ്പിക്കുന്ന നിന്റെ ജാലവിദ്യകൾ ഞാൻ നിന്നിൽനിന്ന് ഒരുദിവസം പഠിച്ചെടുക്കും, നീയറിയാതെ. നീയൊളിപ്പിക്കുന്ന നിന്റെ പ്രണയവും.

# ഷില്ലോങ്, ചിറാപുഞ്ചി

മേരി ജാൻ, മുരൻ, ആ യാത്ര നിനക്കെന്നെങ്കിലും മറക്കാനാവുമോ. ഒരിക്കലുമില്ല. ഇനി ജീവിതത്തിൽ അത്തരം ഒരു യാത്ര സാധ്യവുമല്ല. യാത്രാസുഖത്തിനായി എല്ലാ ട്രക്കുകളുടെയും മേലെയുള്ള ടാർപാള അഴിച്ചുമാറ്റിയിരുന്നു. നമ്മളെല്ലാം സിവിൽ ഡ്രെസ്സിൽ ആയിരുന്നെങ്കിലും, അകമ്പടി വന്നവർ എല്ലാവരും പട്ടാളയൂണിഫോമിൽത്തന്നെയായിരുന്നു. ഉംറായ് കാന്റിൽനിന്നും വളഞ്ഞുപുളഞ്ഞു താഴെയിറങ്ങി ബറാപാനിയിൽ എത്തിയ നമ്മുടെ ട്രക്കുകളുടെ മുന്നിലും പിന്നിലും ഓരോ പോലീസ് വണ്ടികളും അകമ്പടി വന്നു. ടാർപാള മാറ്റിയ വലിയ ശക്തിമാൻ ട്രക്ക് നാലുവശവും കാഴ്ചകൾ തന്നു. മലകൾ, താഴ്‌വാരങ്ങൾ, നീണ്ടുകിടക്കുന്ന ബറാപാനി തടാകം. മായക്കാഴ്ചകൾപോലെ ഇന്നും മനസ്സിന്റെ തിരശ്ശീലയിൽ കാണാം.

മേരി ജാൻ, മുരൻ, പുറത്തേക്കുള്ള യാത്രയാണെങ്കിലും അതും പരിശീലനത്തിന്റെ ഭാഗമാണെന്നും ശ്രദ്ധിക്കണമെന്നും നീ പറഞ്ഞിരുന്നു. ട്രക്കിന്റെ ക്യാമ്പിനോട് അടുത്ത് നിൽക്കാനും കമ്പികളിൽ മുറുക്കിപ്പിടിക്കാനും തൊട്ടടുത്തായിരുന്നെങ്കിലും നീ ഓർമ്മിപ്പിച്ചുകൊണ്ടിരുന്നു. ഹൈവേയിലെ വലിയ റോഡിൽനിന്ന് മാറി മലനിരയിലെ മണ്ണുറോഡിലേക്ക് വണ്ടി മാറിയപ്പോൾത്തന്നെ ഇനിയാണ് സാഹസികയാത്ര തുടങ്ങാൻ പോകുന്നതെന്ന് മനസ്സിലായി. നേരെ പർവ്വതങ്ങളുടെ മുകളിലേക്കുള്ള ഇരച്ചുകയറ്റം. കാലുറപ്പിച്ചും, കൈകൾ കമ്പികളിൽ പിടിച്ചും നിന്നില്ലെങ്കിൽ ടൈറ്റാനിക് സിനിമപോലെ തൂങ്ങിക്കിടക്കാം. വണ്ടി ഉലയുന്നതനുസരിച്ചു നാം എതിർദിശയിലേക്ക് ശരീരഭാരം മാറ്റണം, കൈകൾ വേദനിക്കാതിരിക്കാൻ. പർവ്വതത്തിന്റെ ഏറ്റവും മുകളിൽ ട്രക്ക് നിന്നു. കുറച്ചുവിശ്രമം, കാഴ്ചകാണൽ, ചെറിയ ഭക്ഷണം വെള്ളം.

മേരി ജാൻ, മുരൻ, എല്ലാ പർവ്വതനിരകളെയും ബന്ധിപ്പിച്ചായിരുന്നു ആ യാത്ര. പകുതി യാത്ര പിന്നിട്ടപ്പോഴാണ് പറഞ്ഞത് നാളത്തെ ആദ്യ ക്ലാസ്സ് ഈ യാത്രയെക്കുറിച്ചാണ്. ഒന്നും വിട്ടുപോകരുത്. ചെറിയചെറിയ കാര്യങ്ങൾപോലും. ആരും ഇപ്പോൾ കുറിപ്പുകൾ എഴുതരുത്, ഇന്ന് കാഴ്ചകൾ നിറയ്ക്കുക, നാളെ എഴുതുക.

മേരി ജാൻ, മുരൻ, നിന്റെ ഒരുകൈ എന്നെത്തൊടാതെ പിന്നിലുണ്ടെന്ന് ഞാനറിഞ്ഞത് കൈകൾ വിട്ട് വീഴാൻ പോയപ്പോഴാണ്.

ഫോക്കസ് ഓൺ സേഫ്റ്റി, നിന്റെ ആജ്ഞ അപ്പോഴേക്കും വന്നു. നീയും ഞാനും മാത്രമുള്ള ഒരു യാത്ര ഒരു മാത്ര ഞാൻ സ്വപ്നം കണ്ടുപോയി. വീഴാൻ പോയങ്കിലെന്താ അപ്പോഴെങ്കിലും നിന്നെ തൊടാനായല്ലോ. അപ്പോഴും ഒന്നും സംഭവിക്കാത്തപോലെ നീ നിന്നു. വേറെ ആരെങ്കിലും ആയിരുന്നെങ്കിൽ ആ യാത്രയിൽ മുഴുവൻസമയം ചേർത്തുനിർത്തി യേനെ.

മേരി ജാൻ, മുരൻ, ഷില്ലോങ്ങിൽ ഇറങ്ങാതെ നാം നേരെ ചിറാപുഞ്ചി യിലേക്കാണ് പോയത്. വളരെ നീണ്ട യാത്ര. പർവ്വതനിരകൾ കയറിയും ഇറങ്ങിയും ആ കാഴ്ചകൾ മുഴുവൻ നമ്മൾ മനസ്സിലേക്ക് ആവാഹിച്ചു.

ചിറാപുഞ്ചി എത്തും മുമ്പേ മഴയുടെ ആരവങ്ങൾ അറിഞ്ഞുതുടങ്ങി. തുടർച്ചയായ മഴകളല്ല അവിടെ, രണ്ടോ മൂന്നോ മിനിറ്റുകൾ നീളുന്ന മഴ, എന്നാൽ വീഴുന്ന മഴത്തുള്ളിക്ക് കനത്ത ശക്തിയാണ്. ട്രക്കിൽനിന്ന് എല്ലാവർക്കും കുടകൾ നൽകി. നമ്മൾ മാത്രം കുടകൾ നിവർത്തിയില്ല. മഴ കൊള്ളാൻ ആണല്ലോ നമ്മൾ വന്നത്. എന്നാൽ കനത്ത മഴത്തു ള്ളികൾ ശരീരത്തിൽ കല്ലുകൾപോലെ പതിക്കാൻ തുടങ്ങിയപ്പോൾ, ശരീരം വേദനിക്കാൻ തുടങ്ങിയപ്പോൾ നമ്മളും കുട നിവർത്തി. സെവൻ സിസ്റ്റേഴ്സ് ഫാൾസ് കാണാൻ വീണ്ടും ഒരിക്കലെങ്കിലും നമുക്ക് ഒരുമിച്ചു പോകണം.

മറ്റൊരു ട്രെക്കിൽ കൊണ്ടുവന്ന ഭക്ഷണം കഴിച്ചു മടക്കയാത്ര. നാലുമണിക്കാണ് നാം ഷില്ലോങ്ങിൽ തിരിച്ചെത്തിയത്. രണ്ടുമണിക്കൂർ ഷോപ്പിംഗ്, നഗരം കാണൽ, ദൂരെയെങ്ങും പോകരുതെന്ന നിർദ്ദേശവും. ആറുമണിക്ക് ട്രക്ക് പോകും. എത്താത്തവർ സ്വന്തമായി വാടകവണ്ടി വിളിച്ചു വരണം. ഒന്നോർക്കുക അതൊരു മിലിറ്ററി പ്രദേശമാണ്, അവിടേക്ക് അധികമാരും വരില്ല. കാരണം, അവരുടെ വണ്ടികളുടെ മുഴുവൻ വിവരവും മിലിറ്ററി ശേഖരിക്കും. അല്ലെങ്കിൽ ബറാപാനി മുതൽ നടക്കാം. അതിനാൽ സമയത്തിനെത്തുക. നിങ്ങളെ ഞങ്ങൾ കാത്തു നിൽക്കില്ല. വളരെ കൃത്യമായ നിർദേശങ്ങൾ.

ചെറിയ ചെറിയ കടകൾ. പേശി വാങ്ങുന്ന ഉത്പന്നങ്ങൾ. നമ്മൾ അവിടത്തെ വസ്ത്രങ്ങളും കുറച്ചു കരകൗശല ഉത്പന്നങ്ങളും വാങ്ങി. അവിടെനിന്ന് കുടിച്ച വെള്ളച്ചായ നല്ല ഓർമ്മയുണ്ട്. അതിലെ ചായയിലയുടെ സുഗന്ധം നല്ലൊരു ഓർമ്മയാണ്.

നമ്മൾ ആറിന് മുമ്പേ ട്രക്കിൽ കയറി. രണ്ടു ആന്ധ്രക്കാർ വന്നിട്ടില്ല, പട്ടാളക്കാരിൽ ഒരാൾ വിസിൽ ഒന്നെടുത്തു ഉറക്കെ ഊതി. എവിടെ നിന്നോ പോലീസ്കാർ പ്രത്യക്ഷപെട്ടു, പട്ടാളക്കാർ പോലീസുമായി സംസാരിച്ചു, അവർ പോയി ഒരു മിനിറ്റിനകം അവർ രണ്ടുപേരുമായി

വന്നു, ഭക്ഷണം കഴിക്കുകയായിരുന്നു എന്ന് തോന്നുന്നു. കൈകൾ കഴുകിയിട്ടില്ല. പട്ടാളക്കാരന്റെ കണ്ണുകൾ ചുവന്നിരുന്നു. ഒന്നും മിണ്ടാതെ അവർ ട്രക്കിൽ ഓടിക്കയറി. അവർക്കറിയാം ഇതിന്റെ ശിക്ഷ നാളെ കാലത്തായിരിക്കും. ബൂട്ടുകൾക്കെട്ടി പുറത്തു ഭാരം കയറ്റി ഓടാം, ഗ്രൗണ്ടിൽ. എത്ര റൗണ്ടാണെന്ന് അപ്പോൾ മാത്രമറിയാം.

അസ്തമയസൂര്യന്റെ ഓരോ നിമിഷവും കണ്ണുകളിൽ ഒപ്പിയെടുത്തു ട്രക്കുകൾ ക്യാമ്പ് ലക്ഷ്യമാക്കി കുതിച്ചു. ഇനി ഇങ്ങനെയൊരു യാത്ര സ്വപ്നങ്ങളിൽ മാത്രം!

# തുറക്കാത്ത മനസ്സ്

മേരി ജാൻ, മുരൻ, അന്ന് രാത്രി നടക്കുമ്പോൾ ഞാൻ ചോദിച്ചു. "നാളെ കാലത്ത് ക്യാമ്പ് അവസാനിക്കുന്നു. നിനക്കൊന്നും എന്നോട് പറയാനില്ലേ?" നീയൊന്നു ചിരിച്ചു. എന്നിട്ട് ജീവനില്ലാത്ത ഒരു വസ്തു സംസാരിക്കുന്നതുപോലെ പറഞ്ഞു, "നോക്കൂ ഇവിടെ കണ്ടുമുട്ടിയില്ലേ അപ്രതീക്ഷിതമായി, അതുപോലെ വീണ്ടും കണ്ടുമുട്ടിയേക്കാം. ഈ വർഷത്തോടെ ബിരുദപഠനം തീരുകയാണ്, എൻസിസിയും, ഇനിയെ വിടെക്കാണാൻ". ഞാൻ നിന്നോട് ചേർന്ന് നടക്കാൻ ശ്രമിച്ചു, എന്റെ കൈവിരലുകൾ നിന്റെ കൈവിരലുകളിൽ സ്പർശിച്ചപ്പോൾ ഷോക്കടിച്ച പോലെ നീ നീങ്ങി നടന്നു.

മേരി ജാൻ, മുരൻ, പിറ്റേന്ന് നടന്ന ക്ലോസിങ് സെറിമണിയിൽ, ഞാൻ പ്രതീക്ഷിച്ചതുപോലെ നീതന്നെ ബെസ്ററ് കേഡറ്റ് ആയി. എനിക്ക് കിട്ടിയ രണ്ടാം സ്ഥാനം നീ തന്നതായാണ് എനിക്ക് തോന്നിയത്. കാരണം ഓരോ ഘട്ടത്തിലും മത്സരങ്ങൾക്ക് മുൻപ് നീയെന്നെ മാനസികമായി തയ്യാറാക്കിയിരുന്നു. അതുകൊണ്ടുതന്നെയാണ് നിന്റെ പേരിന് പിന്നാലെ എന്റെ പേരും കേൾക്കാനായത്. (അവർക്കു നമ്മുടെ പേരുകൾ ഒന്നിച്ചു പറഞ്ഞാൽ എന്തായിരുന്നു എന്ന് ഞാൻ മറ്റൊരിക്കൽ ചിന്തിച്ചിരുന്നു, പേരുകൾ ഒന്നിച്ചുകേൾക്കാനുള്ള ഒരു സുഖത്തിന്). എന്നാൽ ഇത്തവണയും ക്വിസ്സ് മത്സരത്തിൽ ഞാൻതന്നെ ഒന്നാമതെ ത്തി. ഒരുത്തരം തെറ്റിച്ചു നിന്നെ ഒന്നാമതെത്തിക്കാൻ ശ്രമിച്ചപ്പോൾ, നീ രണ്ടെണ്ണം തെറ്റിച്ച് എന്നെ തോൽപ്പിച്ചു. ഒന്നിലെങ്കിലും എന്നെ ഒന്നാമ തെത്തിക്കാനുള്ള നിന്റെ ശ്രമം ഞാൻ തിരിച്ചറിഞ്ഞിരുന്നു.

മേരി ജാൻ, മുരൻ, നീയറിയാതെ നിന്റെ ഒരു സിഗ്നേച്ചർ എന്റെ യൊപ്പമുണ്ട് ഇന്നും. അതെന്താണെന്നായിരിക്കും? ഷൂട്ടിംഗ് റേഞ്ചിൽ, അവസാനത്തെ റൈഫിൾ ഷൂട്ട് മത്സരത്തിൽ നീയായിരുന്നു ഒന്നാം സ്ഥാനത്ത്. മത്സരം കഴിഞ്ഞപ്പോൾ പട്ടാളക്കാർക്കൊപ്പം ഞാനും ചേർന്നാണ് ടാർഗറ്റ് ഷീറ്റുകൾ മാറ്റാൻ പോയത്. സ്കോറുകൾ മുമ്പേ എടുത്തതിനാൽ ആ ഷീറ്റുകൾ നശിപ്പിക്കുകയായിരുന്നു. എന്നാൽ നിന്റെ ഷീറ്റ് ഞാനെടുത്തു. ഉള്ളിലെ വട്ടത്തിൽ മാത്രം പതിഞ്ഞ നിന്റെ

ബുള്ളെറ്റുകൾ കടന്നുപോയ ആ ഷീറ്റ് ഒരു നിമിഷം ഞാൻ എന്നോട് ചേർത്തു. അവിടെ ആ ടാർഗെറ്റിൽ ഞാൻ നിൽക്കണമെന്നും, എന്റെ ഹൃദയം ലക്ഷ്യമാക്കി നീ ഉന്നംപിടിച്ചു നിറയൊഴിക്കണമെന്നും ഒരു ഭ്രാന്തിയെപ്പോലെ ഞാൻ ചിന്തിച്ചു. ഇത് എന്റെ ഷീറ്റാണെന്നും ഒരു ഓർമ്മക്കായി ഞാൻ എടുത്തോട്ടെ എന്നു ചോദിച്ചപ്പോൾ, ആരും കാണാതെ മടക്കി എന്റെ കീശയിൽ തിരുകാൻ പറഞ്ഞു. നിനക്കറിയാമോ, ആ ഷീറ്റ് ഫ്രെയിമിലാക്കി എന്റെ മുറിയിലുണ്ട്, എന്നും ഞാനതിൽ ചുംബിക്കും, ചിലപ്പോൾ കിടക്കുമ്പോൾ എന്റെ നെഞ്ചോട് ചേർത്തുവെച്ച് കിടക്കും. അതിലെ സുഷിരങ്ങൾ നീ എന്റെ നെഞ്ചിലാണ് തീർത്തത്.

മേരി ജാൻ, മുരൻ, ഗോഹട്ടിയിലേക്ക് തിരിച്ചുപോയ ബസ്സിലും അടുത്തിരിക്കാൻ സന്മനസ്സു കാണിച്ചതിന് നന്ദി. ഇനിയെന്ന് കാണാൻ, ഞാൻ കൂടുതൽ ധൈര്യം സംഭരിച്ചു നിന്റെ ഇടതു കൈവെള്ളയിലേക്ക് എന്റെ കൈകൾ ചേർത്ത് വിരലുകൾ ചേർത്തുപിടിച്ചു. ഒന്നഴിക്കാൻ ശ്രമിച്ചെങ്കിലും, നിന്റെ കരം ഗ്രഹിച്ചിരിക്കാൻ നീയെന്നെ അനുവദിച്ചു. എന്നിൽനിന്ന് നിന്നിലേക്കും, തിരിച്ചും ഊർജ്ജപ്രവാഹമായിരുന്നു. നമ്മുടെ ശരീരങ്ങളുടെ തരിപ്പ് വിറയൽ നാം രണ്ടുപേരും തിരിച്ചറിഞ്ഞു. എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി, കണ്ണുകൾ തുടയ്ക്കാൻ ഞാൻ നിന്റെ കൈകൾത്തന്നെ എന്റെ കണ്ണുകളിലേക്കു ചേർത്തു, എന്റെ ചുടുകണ്ണീർ നിന്റെ കൈകൾ കൊണ്ട് തുടച്ചു. അപ്പോൾ നീ നിന്റെ കണ്ണുകൾ അടച്ചു. എന്തൊരു നല്ല നിമിഷങ്ങളായിരുന്നു അത്. ജീവിതത്തിൽ ഒരിക്കലും വെട്ടിമാറ്റാൻ പറ്റാത്ത അത്ര നല്ലനിമിഷങ്ങൾ. ഈ വരികൾ എഴുതുമ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നു. അങ്ങനെ നിന്റെ കൈകൾ ചേർത്തുപിടിച്ചു ഞാൻ മയങ്ങിപ്പോയി. മയക്കത്തിൽ എപ്പോഴോ ഉണർന്നപ്പോൾ എന്റെ തല ചാഞ്ഞിരിക്കുന്നത് നിന്റെ കൈകളിലാണെന്ന് എനിക്ക് മനസ്സിലായി. എന്റെ തല ബസ്സിന്റെ സ്റ്റീൽ പൈപ്പുകളിൽ ഇടിക്കാതിരിക്കാൻ നീ കൈകൊണ്ടു സംരക്ഷണവലയം തീർത്തിരിക്കുകയാണെന്ന് മനസ്സിലായി. ഈ നിമിഷത്തിൽ നിന്റെ നെഞ്ചിൽ ചാരി കിടക്കാനായെങ്കിൽ എന്ന് ഞാൻ ചിന്തിച്ചു. ബസ്സിലായിപ്പോയി അല്ലെങ്കിൽ നിന്റെ എതിർപ്പും അവഗണിച്ചു ഞാനത് ചെയ്തേനെ.

മേരി ജാൻ, മുരൻ, നീ എനിക്ക് തരാതെപോയ ആ നല്ല നിമിഷങ്ങൾ എന്നാണ് നീ എനിക്ക് തിരിച്ചു തരിക?

മേരി ജാൻ, മുരൻ, ജീവിതത്തിൽ എല്ലാ പ്രതിസന്ധിഘട്ടങ്ങളിലും നിന്റെ മുഖമാണ് എന്നെ മുന്നോട്ടുനയിച്ചത്. ഈ മുഖത്തിന്റെ ഉടമ എവിടെയോ എനിക്കായി കാത്തിരിക്കുന്നുണ്ടാകാം, നിനക്ക് എഴുതിയെഴുതി തളരുമ്പോൾ, നിന്റെ ഒരു മറുപടിയും വരാതെയാകു

മ്പോൾ, എഴുതിയ കടലാസുകൾ വലിച്ചുകീറി, എഴുതിയ പേനകൾ കുത്തിയൊടിച്ചു ഞാൻ സമാധാനം കണ്ടെത്താൻ ശ്രമിച്ചു. എഴുതാൻ വെച്ച എത്രയോ കടലാസുകൾ എന്റെ കണ്ണുനീർ വീണു കുതിർന്നു.

മേരി ജാൻ, മുരൻ, ചിലയവസരത്തിൽ മഷിപ്പേനയുടെ മഷിയിൽ എന്റെ കണ്ണുനീർ കൂട്ടിക്കലർത്തി. എന്റെ വാക്കുകൾ വായിക്കുമ്പോളെ ങ്കിലും നീ എന്റെ കണ്ണുനീർ തിരിച്ചറിയാൻ. ഒരു മനുഷ്യനല്ലാത്ത നിനക്ക് ഇതൊന്നും മനസ്സിലാകില്ല.

ഗോഹട്ടി റെയിൽവേ സ്റ്റേഷനിലും തൊട്ടടുത്ത് ഇരിക്കാൻ കാണിച്ച സന്മനസ്സിനും നന്ദി, ഒപ്പം അവിടെനിന്നു വാങ്ങിത്തന്ന ചായയ്ക്കും. ആദ്യം വന്നത് നിങ്ങളുടെ ട്രെയിൻ ആയിരുന്നു. നീ കിറ്റും പെട്ടിയുമെടുത്ത് അകത്തു കയറി. പെട്ടിയും കിറ്റും വച്ച് നീ തിരിച്ചുവരുമെന്ന് ഞാൻ കരുതി. എന്റെ കൈകൾ കൂട്ടിപ്പിടിച്ചു എന്റെ കൈത്തലങ്ങളിൽ ഒരുമ്മ തരുമെന്ന് ഞാൻ കരുതി. നിന്റെ ട്രെയിൻ പോകുന്നതിന്റെ ഹോൺ മുഴങ്ങി, അത് ചലിക്കാൻ തുടങ്ങി, എനിക്ക് ഓടിവന്നു നിന്നെ ഒരിക്കൽക്കൂടി കാണണ മെന്നുണ്ടായിരുന്നു, അപ്പോഴേക്കും ട്രെയിൻ വേഗത പ്രാപിച്ചു. എന്നെ ഒറ്റയ്ക്കാക്കി ഒരു വാക്കുപോലും പറയാതെ, നീ അകന്നുപോയി.

# മഹാപ്രളയം

അതിരാവിലെ ജനൽ തുറക്കുമ്പോൾ ഞാൻ കേൾക്കുക കിളികളുടെ ശബ്ദമാണ്. ഇന്ന് ജനൽ തുറന്നപ്പോൾ ഞാൻ ഞെട്ടി. മുറ്റത്തു നിറയെ വെള്ളം. വാതിൽ തുറന്നപ്പോൾ വെള്ളം റോഡ് നിറഞ്ഞു കവിഞ്ഞിരിക്കുന്നു.

കിഴക്കേലെ പാപ്പന്റെ വീട്ടിൽ വെള്ളം കയറിയോ? ഞാൻ വെള്ളത്തിലൂടെ നടന്നു. തണുത്ത വെള്ളം, ഭാഗ്യം! വെള്ളം ഉള്ളിൽ കയറിയില്ല. വാതിലിൽ ആഞ്ഞടിച്ചു, വാതിൽ തുറന്നതും പറഞ്ഞു. എല്ലാ രേഖകളും എടുത്തോ ഇറങ്ങണം, ഇപ്പോൾത്തന്നെ.

ആദ്യം ധരിച്ചത് എല്ലാവരെയും എന്റെ വീടിന്റെ ഒന്നാംനിലയിൽ കയറ്റാമെന്നാണ്. സുനിലിനെ വിളിച്ചു. 50 കിലോ അരി, പിന്നെ എല്ലാം. 1000 ലിറ്റർ ടാങ്കിൽ ശുദ്ധജലം കോരി നിറച്ചു. എന്നാൽ വെള്ളം നിറയുകയായിരുന്നു. പാപ്പൻ പറഞ്ഞു, മോനെ ഇതു മലവെള്ളമാണ്, മഴവെള്ളമല്ല, ഇതിവിടെ നിൽക്കില്ല. പിന്നെ എല്ലാവരെയും കടത്താനായി ചിന്ത. വലിയ വഞ്ചിയില്ല, എന്നാലും കടക്കണം, വഞ്ചിയിൽ അരിപ്പാലം ചിറയിൽ എത്തിയപ്പോൾ അറിഞ്ഞു, വഞ്ചി ഇനി കടക്കില്ല.

ഒരു വലിയ ചെമ്പിൽ അച്ഛനെയിരുത്തി തള്ളുമ്പോൾ അറിഞ്ഞു, ഒഴുക്ക് വലുതാണ്. ഇനി അമ്മയെയും മറ്റുള്ളവരെയും കൊണ്ടുവന്നു കടത്തണം. പാലം കടന്നു വെള്ളത്തിലൂടെ നടക്കുമ്പോൾ, അച്ഛൻ വിറച്ചെന്ന് തോന്നി. സുതൻ ചേട്ടന്റെ പഴയ ഹോമിയോ ഹൗസിനു മുന്നിൽ അച്ഛനെയും മറ്റുള്ളവരെയും ഇരുത്തി ഞാൻ തിരിച്ചു.

വീട്ടിലേക്കുള്ള വഴിയിൽ വെള്ളം അരക്കുമേലെ. വയസ്സായ അമ്മയെ എടുത്തു, ബാക്കി എല്ലാവരും നടന്നു. അരിപ്പാലം ചിറ അമ്മയൊഴികെ എല്ലാവരും നടന്നു. ഒരു സൈലോക്കാരൻ അമ്മയെ വണ്ടിയിൽ കയറ്റി. എന്നാൽ വണ്ടി ഓട്ടത്തിന്നിടയിൽ നിന്നു. ബാക്കിയുള്ള യാത്രക്കാർ ചാടിയിറങ്ങി തള്ളി. ഭാഗ്യം! വണ്ടി മുന്നോട്ടു നീങ്ങി.

കുറച്ചധികനേരം കാത്തിരുന്നു വണ്ടി കിട്ടാൻ, എല്ലാവരും രക്ഷാസ്ഥാനം തേടി ഓടുകയാണ്. എല്ലാവരേയും ബന്ധുവീട്ടിലേക്കു കയറ്റിവിട്ടു ഞാൻ ആരണ്യകത്തിലേക്കു തിരിച്ചു.

കിണറിലേക്ക് വെള്ളം പൊങ്ങുന്നു, വേഗം തുണിയെടുത്തു മോട്ടറിന്റെ കഴയടച്ചു. മോട്ടോർ മുറിച്ചു മുകളിൽ കയറ്റി, വെള്ളം കയറുകയാണ്, കാലിൽ എന്തോ ചുറ്റി എന്നു തോന്നി, വടക്കേലെ ചേട്ടൻ അലറി, ഡാ പാമ്പാ... ഞാൻ സ്തംഭിച്ചുനിന്നു.

എയർ ഇന്ത്യയിൽ ഇതിനു മുമ്പ് കയറിയത് 23 വർഷം മുമ്പാണ്. കൊച്ചിയിലേക്ക് നേരിട്ടായതിനാൽ കയറി. ഭാഗ്യം നേരത്തിനുതന്നെ പൊങ്ങി, കൊച്ചിയിൽ എത്തുന്നതിനു മുമ്പേ കാലാവസ്ഥ പിടികിട്ടി, വിമാനം ആടിയുലയുന്നുണ്ടായിരുന്നു, കനത്ത മഴയാണ്, ഒന്നുരണ്ടു തവണ കറങ്ങി. ഒന്നെനിക്കുറപ്പാണ് ഇന്ത്യൻ ക്യാപ്റ്റൻ വിമാനം ഇറക്കിയിരിക്കും. വലിയ ഉലച്ചിലോടെ വിമാനം ഇറങ്ങി, സ്വാതന്ത്യദിന ത്തിലേക്കിനി പത്തു നിമിഷം. ആഗമനത്തിൽ അതാ ശ്രീനി. ഒരവധിയും വിടില്ല അല്ലെ, ശ്രീനി ചിരിച്ചു പറഞ്ഞു. ജീവിതത്തിൽ ഞങ്ങൾക്ക് ചെറിയ അവധികൾ അല്ലെ ഉള്ളൂ. നേരം വെളുത്തെ ശ്രീനി വരൂ എന്ന് പറഞ്ഞു. പുറത്തു മാമൻ വണ്ടിയുമായി ഉണ്ടായിരുന്നു.

നല്ല മഴയാ. മഴയെ കണ്ണാടി തുറന്ന് അധികം ആസ്വദിക്കാനായില്ല. നല്ല വിശപ്പ് എന്തങ്കിലും തിന്നാം. എല്ലാ കടയും അടഞ്ഞുകിടക്കുന്നു. വഴിയിൽ ഒരു മരം വീണുകിടക്കുന്നു. ഇതാണ് ഇവിടത്തെ സ്ഥിതി, ആരും വെട്ടിമാറ്റില്ല. ആരെങ്കിലും രാത്രി ഇതിനുമേലെ കയറി ചത്തോളും. അങ്കമാലി കഴിഞ്ഞു ഒരു കട തുറന്നു കണ്ടു. "വാങ്കെ എന്നാ വേണം?". ദോശ മതി. ഒരു ദോശയിൽ വിശപ്പ് തീർന്നില്ല. "ഒരു വെങ്കായ ദോശ കൊടുങ്കെ," ഞാൻ പറഞ്ഞു.

നോക്കൂ ഇതാണ് കേരളം. മലയാളികൾ കടയടച്ചു മൂടിപ്പുതച്ചു ഉറങ്ങി, തിരുനെൽവേലിക്കാരൻ ബാലു കട തുറന്നു മലയാളിയെ തീറ്റുന്നു. Who says there is no opportunity in Kerala! Someone is making use of it.

കടയിൽനിന്ന് ഇറങ്ങിയതും കൂറ്റൻ മഴ. എല്ലാ വലിയ വണ്ടികളും ഓരം ചേർന്നു പാർക്ക് ചെയ്തിരിക്കുന്നു, മഴ മാറാൻ കാത്തിരിക്കുകയാ യിരിക്കും.

ചാലക്കുടിയിൽനിന്നു തിരിയുമ്പോൾ കാരൂർ കൊമ്പിടി റോഡ് അടച്ചിട്ടിരിക്കുന്നു. നേരെ അഷ്ടമി, പിന്നെ കൊമ്പിടി, പിന്നെ വെള്ളാങ്ക ല്ലൂർ, പടിയൂർ. മഴ തകർക്കുന്നു, റോഡിൽ നിറയെ വെള്ളം. എങ്കിലും 3 മണിയോടെ വീട്ടിൽ എത്തി.

8 മണിക്ക് ഭാര്യ വിളിച്ചു. സൗദിയിലെയും നാട്ടിലെയും ഫോണുകൾ അടിച്ചുകൊണ്ടേയിരിക്കുന്നു. എല്ലാത്തിലും നിറയെ മിസ്സ്കോളുകൾ, എന്റെ ബോസ്സടക്കം. ഞാൻ തിരിച്ചു വിളിച്ചു – Hi man, Did you reach

home? Everyone says your airport is closed. ഞാൻ പറഞ്ഞു, I am home and safe. That's fine then. ബോസ് ഫോൺ വെച്ചു.

മോളേ ന്യൂസ് വെക്കൂ, ഞാൻ ചാടി എഴുന്നേറ്റു. കൊച്ചി വിമാനത്താവളം നാലു മണിക്ക് അടച്ചു. എല്ലാ വിമാനങ്ങളും വഴിതിരിച്ചു വിടുന്നു.

റിയാദിൽ കണ്ട ജോസഫിനെ ഓർത്തു, അവൻ കണക്ഷൻ ഫ്ലൈറ്റിൽ ആണ് വരുന്നത്, അബുദാബി വഴി. ഒരാഴ്ച കഴിഞ്ഞു മകളുടെ മിന്നുകെട്ടാണ്. അവൻ ഇറങ്ങിയോ ആവോ.

ആഗസ്റ്റ് 15, സ്വാതന്ത്ര്യദിനം! പരേഡ് സാവധാൻ, സലാമീ ശാസ്ത് ! 1983 ഡൽഹി റിപ്പബ്ലിക്ക് പരേഡ് ഇന്നും മുന്നിൽ. അതൊരു ഭ്രാന്തൻ കാലം! എല്ലാം വെട്ടിപ്പിടിക്കുന്ന കാലം. സീനിയർ അണ്ടർ ഓഫീസർ മുരളിയെ തേടി അവർ വന്നു, അന്നത്തെ കേഡറ്റുകൾ, ഇന്നലെയാണ് ആ ഗ്രൂപ്പിനെ കണ്ടത്. ജീവിതത്തിന്റെ പുണ്യം. മനസ്സിലൂടെ ഇടിവെട്ടുപോലെ ആ കാലം കടന്നുപോയി. കോർപൊറൽ യാദവ്, തോക്കിന്റെ സ്ലിങ് ആണ് കൈയിൽ, ചിൻ അപ്പ്, ലെഗ്സ് അപ്പ്, എഡി, പരേഡ് കഴിയുമ്പോൾ ഈ ഗ്രൗണ്ട് ഉഴുതുമറിഞ്ഞ ഭൂമിയാകണം.

അതൊരു കാലം. ക്രൈസ്റ്റ് കോളേജിന്റെ ഗ്രൗണ്ട് കാണുമ്പോൾ, കാലുകൾ ഇന്നും തരിക്കും. മഴ പെയ്യാൻ തുടങ്ങി. കനത്ത മഴ. മഴയിലേക്ക് കയറിയപ്പോൾ ഓർമ്മ വന്നത് വൈശാലിയിലെ ഗാനമാണ്, ദും ദും ധും ദുന്ദുഭിനാദം....

വെള്ളമെല്ലാം കിണറ്റിലേക്ക് ഭൂമിയെ വീണ്ടും നിറയ്ക്കാൻ വിടുന്നതിനാൽ കുത്തിച്ചാടുന്ന വെള്ളമില്ല. അവസാനം സ്റ്റോർ റൂമിന്റെ ഒരു പൈപ്പിൽ ചാഞ്ഞു നിന്നു, പഴയ ഓട് വീടിന്റെ പാത്തിയിലെ സുഖം കിട്ടിയില്ലെങ്കിലും, നെറുകയിൽ ആഞ്ഞു പതിക്കുന്നതായി തോന്നി.

കുളി കഴിഞ്ഞു പാടത്തെ ചിറയിലേക്കു നടന്നു. എന്റെ പറമ്പും ചിറയും മുങ്ങിയിരുന്നു. കൊച്ചുപെണ്ണ് അമ്മമ്മയുടെ വീടിന്റെ തറ മുങ്ങി. എല്ലാവരും പോയിക്കഴിഞ്ഞു.

"എന്താ മുരാ, തനിച്ച് ഈ പാടത്ത്? ഒക്കെ മുങ്ങി, വെള്ളം കയറുകയാ" ഞാൻ തിരിഞ്ഞു നോക്കി, പരിചിത ശബ്ദം, എന്നാൽ ആളെ കാണുന്നില്ല. വെള്ളത്തിലേക്കിറങ്ങി, ചിറയിലേക്കു നടന്നു.

അപ്പോൾ ഓർമ്മ വന്നത് കഞ്ഞിക്കലവുമായി പാടത്തേക്കു പോകുന്നതാണ്. വലിയ കലത്തിൽ നിറയെ കഞ്ഞി, മുകളിൽ പയർ പുഴുക്ക്, പപ്പടം, അച്ചാർ, പിന്നിൽ അമ്മ. പിത്തള കിണ്ണങ്ങളും, കുത്തിയ പ്ലാവില കോരികളുമായി. ചെരട തോടിന്റെ കരയിലിരുന്നു കഞ്ഞി പകർന്നു. പയർ പുഴുക്ക് ചേർത്ത്, വയലിൽ പണി ചെയ്യുന്നവരുടെ ഇടയി

ലിരുന്നു വലിച്ചുകുടിക്കുന്ന കഞ്ഞിയുടെ സ്വാദ് ആർക്കും തരാനാകില്ല. തിരിച്ചു കയറുമ്പോഴേക്ക് വെള്ളം കുറച്ചുകൂടി കേറി. പാടത്തും പരിസരത്തും ഞാൻമാത്രം.

"മുരാ, നീ പോവുകയാണോ, ഇതു ഞാനാ നിന്റെ പാറു മുത്തമ്മാമ്മ. ഞാനീ വെള്ളത്തിലുണ്ട്, പണ്ട് പള്ളിക്കൂടം വിട്ടു വരുമ്പോൾ ഞാൻ വിളിക്കാറില്ലേ, മുരാ വാ, കാച്ചിൽ പുഴുങ്ങി വെച്ചിട്ടുണ്ട്"............ ഒന്ന് പേടിച്ചോ..

ഒരാവേശത്തോടെ ഞാൻ വീട്ടിലേക്കു നടന്നു. ഇനി വെള്ളം കയറില്ല. മുമ്പ് ഇതിൽ കൂടുതൽ കയറിയിട്ടില്ല.

വൈകുന്നേരമായി. ഇരുട്ടിൽ നായകൾ ഗേറ്റ് നോക്കി വലിയ കുര, ഞാൻ ഗേറ്റിലേക്ക് നടന്നു, ഇടവഴിയിൽ വെള്ളം!. ആദ്യമായാണ്, ഇനിയും വെള്ളം കയറുമോ? ഏയ് ഇനി കേറില്ല, ഞാൻ എന്നോട് തന്നെ പറഞ്ഞു. തിരിഞ്ഞു നടക്കുമ്പോൾ മുത്തമ്മാമയുടെ ശബ്ദം, ഞാനിവിടെ ഉണ്ട്, എല്ലാവരെയും ഒന്ന് കാണാൻ വന്നതാ.

സുനിൽ പൂവേലി അടുത്ത സുഹൃത്ത് ആണ്. സൗദിയിൽ നിന്ന് വന്നാൽ ഒരു വിളി, ഒരു നീണ്ട ചർച്ച പതിവാ. അതിനിടയിൽ അറിഞ്ഞു ബസ്സുകൾ വളവനങ്ങാടിവരയേ ഉള്ളൂ, മതിലകത്ത് വെള്ളം കയറുന്നു.

വണ്ടിയെടുത്ത് തിരിച്ചു, സെൻറ് സെബാസ്റ്റിയൻ സ്കൂൾ കഴിഞ്ഞതും തെങ്ങുംമുട്ടി ആരോ റോഡിൽ ഇട്ടിരിക്കുന്നു, വെള്ളം അതിനു മേലെ ആണ്. വലിയ വെള്ളമില്ല ഞാൻ നേരെ വിട്ടു. മുഞ്ഞനാട്ടേക്കു തിരിയുമ്പോൾ വെള്ളം ഉണ്ട് എങ്കിലും ചവിട്ടിവിട്ടു.

ചർച്ച വണ്ടിയിൽ ആകാം, ഒന്ന് ഇരിഞ്ഞാലക്കുട പോകാമെന്നു തോന്നി. നേരെ മാരാംകുളം വഴി വിട്ടു. ചേലൂർ കാവിനു മുമ്പിൽ നിറയെ വെള്ളം, പറപ്പിക്കെന്നെ. ഡിസി ബുക്സിൽ കയറി പുസ്തകങ്ങൾ എടുത്തു. കൂടൽമാണിക്യം റോഡ് വഴി തിരിച്ചു. KSRTC യുടെ അവിടെ കടക്കുമെന്ന് തോന്നിയില്ല, രണ്ടും കല്പിച്ചു ചവിട്ടി, വണ്ടി ഒരു മുരൾച്ചയോടെ നീങ്ങി. 2000 മോഡൽ വാഗൺർ, വലിയ ശക്തിയൊന്നും ഇല്ല, എങ്കിലും വലിച്ചു.

പൂച്ചക്കുളം നിറഞ്ഞുകവിയുന്നതുപോലെ, ശക്തമായ മഴ. എടതിരിഞ്ഞിയിൽ വെള്ളം കയറിത്തുടങ്ങുന്നു. വീണ്ടും ഇടവഴിയിലൂടെ, വണ്ടി വെള്ളത്തിൽ മുങ്ങിത്താഴ്ന്നു. സുനിലിനെ വീട്ടിലിറക്കി. വെള്ളം പിന്നെയും പൊങ്ങിയിരുന്നു, തിരിച്ചുപോയേ മതിയാകൂ. ഒരു വിധം വളവനങ്ങാടി എത്തി.

വണ്ടിയിൽനിന്ന് വേറെ ശബ്ദമൊക്കെ വരുന്നു. നീ വെള്ളത്തിലൂടെ വണ്ടി ഓടിച്ചോ. ഉവ്വാ. എന്നാൽ അനുഭവിച്ചോ. ഓട്ടോക്കാരൻ പറഞ്ഞു. എന്തായാലും ഞാൻ വണ്ടി ഇടവഴിയിലൂടെ വീട്ടിൽ കയറ്റിയില്ല. അശോ

കേട്ടന്റെ വീട്ടിലേക്ക് കയറ്റിയിട്ടു.

വീട്ടിലെത്തിയപ്പോൾ ചാലക്കുടിയിൽനിന്ന് കൂട്ടുകാരന്റെ ഫോൺ. "നമ്മൾ സിനിമയിൽ കണ്ടിട്ടില്ലേ, തലയിൽ ബാഗുമായി വെള്ളപ്പൊക്കത്തിൽ നടക്കുന്നത്, ഞാൻ അതുപോലെ നടക്കുകയാണ്. തലയിൽ ബാഗ്, ചുമലിൽ മകൻ, ഭാര്യ കരഞ്ഞ് എന്നോടൊപ്പം നടക്കുന്നു, റോഡിൽ നെഞ്ചിനൊപ്പമാ വെള്ളം".

"നീ എന്തെ വിളിക്കാഞ്ഞേ", ഞാൻ ദേഷ്യപ്പെട്ടു, വെള്ളം ഇത്ര കയറും എന്നു കരുതിയില്ല. വണ്ടിയുംകൊണ്ട് ഇങ്ങോട്ടു വരാനാകില്ല. വെള്ളം കുറഞ്ഞാൽ റെയിൽവേ ലൈൻ വഴി കല്ലേറ്റുംകര എത്താം. നടക്കണം, നോക്കട്ടെ. കൂട്ടുകാരന്റെ വീട് റെയിൽവേ യുടെ തൊട്ടുപിറകിൽ ആണ്. ഒന്നും നടന്നില്ല, കൂട്ടുകാരനും കുടുംബവും മറ്റൊരു കൂട്ടുകാരന്റെ വീട്ടിൽ രണ്ടാംനിലയിൽ അഭയം തേടി.

ചാലക്കുടിയിൽ ഭയാനകമായി വെള്ളം നിറയുകയാണെന്നറിഞ്ഞു. കൂട്ടുകാരനെ വീണ്ടും വിളിച്ചു. എന്നാൽ ഫോൺ ഓഫ് ആയിരുന്നു. പെട്ടെന്ന് വൈദുതി നിലച്ചു. ക്രമേണ ഫോണുകളും ഓഫ് ആയി.

റോഡിൽ ഇറങ്ങിയപ്പോൾ ആളുകൾ മക്കളും വസ്ത്രങ്ങളുമായി പരക്കം പായുന്നു. വളവനങ്ങാടി സ്കൂൾ നിറഞ്ഞു, പടിയൂർ സ്കൂളിൽ പോകൂ, കുറേപ്പേര് അങ്ങോട്ട് നീങ്ങി. മുഞ്ഞനാട് മുങ്ങുകയാണ്, നൂറു കണക്കിന് ആളുകൾ വരുന്നു എന്ത് ചെയ്യും. എല്ലാവരും ബംഗാളികൾ താമസിക്കുന്ന ബിൽഡിങ്ങിലേക്കു കയറി. ഇന്നലെവരെ അവരെ കളിയാക്കിയതാ, ഇന്ന് എല്ലാവരും സമം. ബംഗാളിയും മലയാളിയും.

മഴ പിന്നെയും ആർത്തിയോടെ ശക്തമായി പെയ്തു, വെള്ളം കയറുകയാണ്. പതുക്കെ, എന്നാൽ എല്ലാവരുടെയും കണ്ണുകളിൽ ഒരു ഭീതി പടരുന്നപോലെ. അഭയം കിട്ടാത്ത ആളുകൾ റോഡിലൂടെ അഭയം തേടി അലഞ്ഞു, തലചായ്ക്കാൻ ഇടം തേടി എല്ലാവരും നടന്നു, ഒപ്പം മക്കളും, നായ്ക്കളും, മൃഗങ്ങളും.

രാവിലെ ഭാര്യ പറഞ്ഞു അളിയന്റെ മകന് സുഖമില്ല. എട്ടരയ്ക്ക് ഡോക്ടറെ കാണിക്കാൻ പോകണമെന്നു അമ്മ പറഞ്ഞു. അരിപ്പാലത്തെ സ്ഥിതി അറിയില്ല നമ്മുടെ വണ്ടി കടക്കുമെന്ന് തോന്നുന്നില്ല. റോഡിൽ എല്ലാവരും വണ്ടികൾ നോക്കുന്നു. ഒന്നും കാണുന്നില്ല.

തെക്കേലെ രമേഷ് പറഞ്ഞു ഒരു ഡീസൽ വണ്ടി പറഞ്ഞിട്ടുണ്ട്, ആടുകളെ കടത്തണം. ആടുകളെ കടത്തി വണ്ടി നീ തിരിച്ചു വിടണം, ഡോക്ടറിനെ കാണിക്കാനാ. വേഗം പോയി അമ്മയോടും മറ്റും തയ്യാറാവാൻ പറഞ്ഞു, കുറെ കാത്തു, വണ്ടി വന്നില്ല. രമേഷിനെ വിളിച്ചു, ചേട്ടാ വണ്ടി പകുതിക്കു വെള്ളത്തിൽ നിന്നു, തള്ളി കേറ്റി, സ്റ്റാർട്ട്

ആകുന്നില്ല. പെട്ടന്നാണ് ബിനു വന്നത്, കാറിൽ കപ്പേള വരെ, പിന്നെ ബൈക്കിൽ അരിപ്പാലം വെള്ളക്കെട്ട് കടത്തി. അശോകേട്ടന്റെ വീട്ടിനു മുന്നിൽ വലിയ തിരക്ക്. എല്ലാവരും സോളാറിൽ നിന്ന് ഫോൺ ചാർജ് ചെയ്യുകയാണ്. അശോകേട്ടൻ സോളാർ പാനൽ വച്ചതു മഹാഭാഗ്യം!

വെള്ളം മെയിൻ റോഡിൽ ആയി. ഇപ്പോഴും പടിഞ്ഞാറുനിന്ന് ആളുകൾ വരുകയാണ്, ഭീതിദമായ മുഖങ്ങൾ. തൊട്ടടുത്ത ക്യാമ്പ് നിറഞ്ഞിരിക്കുന്നു. ഇനി ക്യാമ്പുകളിൽ സ്ഥലമില്ല. എല്ലാവരും അലൂമിനിയം റൂഫ് അടിച്ച വീടുകൾക്ക് മുകളിലേക്ക് കയറിത്തുടങ്ങി. തൊട്ടടുത്ത അഞ്ചു വീടുകളിൽ 30ൽ അധികം കുടുംബങ്ങൾ. തെക്കേലെ അബൂബക്കറിന്റെ വീട്ടിന് മുകളിൽ നൂറിലേറെ ആളുകൾ കാണും.

അരിപ്പാലത്തെ കാര്യം അശോകേട്ടനെ ധരിപ്പിച്ചു, അവിടെ വഞ്ചിയൊന്നുമില്ല, ആളുകൾ വട്ടച്ചെമ്പു നോക്കി ബാബു മാഷുടെ വീട്ടിൽ പോയിട്ടുണ്ട്. പടിഞ്ഞാറുനിന്നും കിഴക്കുനിന്നും വന്ന വെള്ളം കാര്യങ്ങാട്ടി തോട് ഭാഗം മുക്കി.

അശോകേട്ടൻ പറഞ്ഞു. പ്ലാൻ ബി റെഡി അല്ലെ?. രണ്ടടികൂടി പൊങ്ങിയാൽ ഇവിടെ നിൽക്കാനാവില്ല, നീ വേഗം അച്ഛനേം അമ്മയെയും മാറ്റൂ.

കണ്ട എല്ലാവരേം കൂട്ടി വീട്ടിലേക്കു നടന്നു. വടക്കേ പറമ്പു നിറയുന്നു, വേഗം വണ്ടികൾ മാറ്റണം. ചെറിയ തോടിനുമേൽക്കൂടി 3 വണ്ടികളും പൊക്കി കടത്തി.

അപ്പോഴേക്കും അമ്മയും മറ്റുള്ളവരും ഡോക്ടറെ കണ്ടുവന്നു, അരിപ്പാലത്തെ വെള്ളം കണ്ടതിനാൽ വേഗം പോകാൻ തയ്യാറായി.

പശുവിനെ കൊണ്ടുപോകാൻ വന്ന ടെമ്പോയിൽ അവർ വലിഞ്ഞു കയറി. വണ്ടി നിറയെ ആൾക്കാർ. വേഗം വിട്ടോ, വെള്ളം പൊങ്ങുന്നതിനു മുമ്പ് അരിപ്പാലം പാലം കടക്കണം.

വീട്ടിലേക്കു വന്ന ഞാൻ പറഞ്ഞു ഇനി നേരമില്ല, ഇപ്പോഴിറങ്ങണം. വണ്ടി നോക്കട്ടെ.

രമേഷ് പറഞ്ഞു ഇനി വണ്ടി വരില്ല നമുക്ക് ചെമ്പിൽ കടത്താം, ഒഴുക്ക് കൂടുകയാണ് .

പതിവിന് വിപരീതമായി വെള്ളം വടക്ക് നിന്നാ വന്നിരുന്നേ, ചിമ്മിനിയും പീച്ചിയും ഒന്നിച്ചു തുറന്നെന്നും KLDC ബണ്ട് പൊട്ടിയെന്നും പിന്നീടറിഞ്ഞു. എടതിരിഞ്ഞി, മതിലകം, കെട്ടുചിറ എല്ലാം നിറഞ്ഞിരിക്കുന്നു, കടക്കാവുന്ന ഒരു വഴി അരിപ്പാലം ചിറ നീന്തുക.

വീട്ടുകാരെ അപ്പുറം കടത്തുമ്പോൾ ഒരുപാട് കാഴ്ചകൾ ഉണ്ടായിരുന്നു. വീട്ടുകാർ അഴിച്ചുവിട്ട ലാബ്രഡോർ, ജർമൻ ഷെപ്പേർഡ് നായകൾ

റോഡിൽ നിന്ന് യജമാനന്മാർ നടന്നകലുന്നതും നോക്കി കുരച്ചു, നാടൻ നായകൾ അവർക്കൊപ്പം നിന്തി.

തിരിച്ചു വരുമ്പോൾ സുനി പറഞ്ഞു, ചേട്ടാ ക്യാമ്പിൽ അരി ഇല്ല. എനിക്കെടുത്തുവച്ച അരിയും സാധനങ്ങളും അവർക്ക് കൊടുത്തോളൂ എന്ന് പറഞ്ഞു.

അപ്പോഴാണ് കണ്ടത് പഴയ നാലു സൈക്കിൾച്ചക്രത്തള്ളുവണ്ടിയിൽ അരി കയറ്റി വരുന്നത് ക്യാമ്പിലേക്കാണ്.

വലിയ ചക്രങ്ങൾ ഉള്ള കാളവണ്ടികൾ പെട്ടെന്ന് ഓർമ്മയിൽ വന്നു. വരുമ്പോൾ പാർത്ഥൻ പറഞ്ഞു, വഴിയിൽ പശുക്കളെ കെട്ടിയിട്ടുണ്ട് കുത്തില്ല. ഞാൻ പറഞ്ഞു, അവിടെ വെള്ളം കയറുകയാണ് അവറ്റകളെ റോഡ്വക്കിൽ കെട്ടൂ.

വെള്ളം കയറുന്നതു കണ്ട് നായകൾ ടോബിയും, ടോമിയും കുര തുടങ്ങി. കൂട്ടിലേക്ക് ഇനിയും ഉയരമുണ്ട്. പിന്നെ അൽപ്പം ഉയർത്തി കിടക്കാൻ പലക വച്ചിരിക്കുന്നതിനാൽ അവർക്കു കുഴപ്പമില്ല. കൊടുത്ത ബിസ്ക്കറ്റ് അവർ കൂടടക്കുന്നതിനു മുമ്പെ തീർത്തു.

വെള്ളം ഏതാണ്ട് പോർട്ടിക്കോയിലേക്കായി. പെട്ടെന്നാണ്. മീൻ വെട്ടുന്ന ശബ്ദം കേട്ടത് ചെടികൾക്കിടയിൽ ബ്രാൽ ആയിരിക്കണം. ഒരു കട്‌ലകൂട്ടം വിഹരിക്കുന്നതു കണ്ടു, വാരിയെറിഞ്ഞ ചോറ് അവർ തിന്നു, പിന്നെയെങ്ങോ മറഞ്ഞു.

ചോറുമായി വന്നപ്പോൾ വിഷ്ണു പറഞ്ഞു ക്യാമ്പിൽ ഉള്ളവർ റോഡിൽ വല വീശുന്നു നിറയെ കട്‌ല കിട്ടി, ആരുടെയോ ഫിഷ് ഫാം തകർന്നു പോന്നതായിരിക്കും.

കുറെ സാധനങ്ങൾ ഞങ്ങൾ മുകളിലേക്ക് കയറ്റി. ബാക്കിയുള്ളത് വെള്ളം അവസാനത്തെ ചവിട്ടുപടി ആയാൽ എടുക്കാം എന്നു തീരുമാനിച്ചു. കനത്ത മഴയും കാറ്റും തുടരുകയാണ്. ഞങ്ങൾ അടയാളം വച്ച് വെള്ളം ഉയരുന്ന അളവ് നോക്കി, പൊങ്ങുകതന്നെയാണ്.

ഞാൻ പറഞ്ഞു, എല്ലാവരും ഒന്നിച്ചുറങ്ങണ്ട, രണ്ടുപേരെങ്കിലും ഉണർന്നിരുന്നു വെള്ളത്തിന്റെ ലെവൽ നോക്കണം. വളരെ കൂടിയാൽ എല്ലാവരെയും വിളിക്കണം .

കിടന്നതും ഞാനുറങ്ങി.

രമേഷിന്റെ അയ്യോ എന്ന നിലവിളി കേട്ട് ഞങ്ങൾ ഞെട്ടിയുണർന്നു.

രമേഷിന്റെ കാലിൽ മസിൽ കയറിയതാ. തലേന്ന് വെള്ളത്തിലൂടെ ഒരുപാടു നടന്നതിന്റേതാകും. കാല് പിടിച്ചു കുടഞ്ഞപ്പോൾ ശരിയായി. പിന്നെ ആരും ഉറങ്ങിയില്ല.

ഒരു കട്ടനൊക്കെ അടിച്ചു വെള്ളത്തിന്റെ ലെവൽ നോക്കി, പതുക്കെ ഉയരുകതന്നെയാണ്. രാവിലെ ഭാര്യ വിളിച്ചു വെള്ളം താന്നോ, ഇല്ല. ചാലക്കുടിയിൽ വെള്ളമിറങ്ങിയെന്നു ടീവീയിൽ പറയുന്നു. ഇവിടെ ഇറങ്ങിയില്ല, ഞാൻ പറഞ്ഞു.

കിഴക്കേ ഇടവഴിയിൽ ആരോ വഞ്ചി തുഴയുന്നു.

ഉച്ചയോടെ വെള്ളം നിശ്ചലാവസ്ഥ ആയപോലെ. പക്ഷെ വെള്ളം കുറഞ്ഞില്ല.

അതിനിടക്ക് KSEBകാർ വന്നു റോഡ് സൈഡിൽ വൈദുതി പുനഃസ്ഥാപിച്ചു. അർജുൻ അവർക്കു വേണ്ട ഭക്ഷണവും സഹായവും ചെയ്തു. വൈകിട്ട് ക്യാമ്പിൽ മിലിറ്ററി ഡോക്ടർ വന്നു മരുന്നുകൾ നൽകി. ആകെ ഒരിഞ്ച് വെള്ളം കുറഞ്ഞു.

അതിനിടയിൽ പറയാൻ മറന്നു, തലേന്ന് എന്റെ കാലിൽ ചുറ്റിയ പാമ്പ് തിരിച്ചറിഞ്ഞു, എനിക്ക് അവനെക്കാൾ വിഷമുണ്ടെന്ന്, അതിനാൽ പതുക്കെ ചുറ്റഴിച്ചു നീന്തി പോയി.

രാത്രി ക്യാമ്പിൽനിന്നു വലിയ ശബ്ദം കേട്ടു, പിറ്റേന്നറിഞ്ഞു, ആളുകൾ തമ്മിൽത്തല്ലായി പോലീസ് വന്നു ആരെയൊക്കെയോ കൊണ്ടുപോയി എന്നൊക്കെ.

പിറ്റേന്ന് വീണ്ടും വെള്ളം വലിഞ്ഞു, എന്നാൽ മുറ്റം നിറയെ ചെളി.

എല്ലാവരുംകൂടി ചേച്ചിയുടെയും പാപ്പന്റെയും വീടുകൾ വൃത്തിയാക്കി.

അരിപ്പാലത്തു വെള്ളം കുറഞ്ഞു, കാറുമായി തുമ്പൂരിൽ പോയി. അച്ഛൻ അക്ഷമനായി കാത്തുനിൽക്കുന്നു.

പടിയൂരിലെ വീട്ടിൽ എത്തിയപ്പോൾ അച്ഛൻ പറഞ്ഞു 99ൽ ഈ പടിവരെയെ വെള്ളം വന്നുള്ളു, അച്ഛൻ വിതുമ്പി. ഞാൻ അച്ഛനെ ചാരുകസേരയിൽ ഇരുത്തി. വീണ്ടും പോയി ബാക്കിയുള്ളവരെയും കൊണ്ടുവന്നു.

സത്യത്തിൽ ഈ പ്രളയത്തിൽ എല്ലാം നഷ്ടപെട്ടവരുണ്ട്, മറഞ്ഞു പോയ ജന്മങ്ങൾക്കു ആദരാഞ്ജലികൾ. അടുത്ത പെരുമഴയുടെ ആരവം കാത്തു ഞാൻ തിണ്ണയിൽ കണ്ണടച്ചു കിടന്നു.

ഓർമ്മ

# ആനകൾക്കിടയിലേക്ക്

**അ**യാളുടെ ജീവിതത്തിൽ കാടുകളും കാട്ടാറുകളും ഇടംപിടിക്കാനുണ്ടായ ഒരു കാരണം, കോളേജിൽ പഠിക്കുമ്പോൾ അതിരപ്പിള്ളിയിലെ വാഴച്ചാലിൽവെച്ച് രാജുമാമൻ പറഞ്ഞു പങ്കെടുത്ത കാടറിയാനുള്ള ഒരു യാത്രയാണ്. ഉഷേച്ചിയും, ഉണ്ണിയേട്ടനും, ലതേച്ചിയും അയാളുടെ ദൃഢസൗഹൃദങ്ങളും സഹോദരതുല്യരാവുന്നതും കാടിനുള്ളിലേക്കുള്ള ആ യാത്രയിലാണ്.

ഉഷേച്ചി തിരുവനന്തപുരത്തേക്ക് പോയെങ്കിലും, ഉണ്ണിയേട്ടനും, ലതേച്ചിയുമായി ഒല്ലൂരിലെ വീട്ടിലുള്ള സൗഹൃദം, വിവാഹം കഴിഞ്ഞ്, ഭാര്യയുമായും, മക്കളുമായും തുടർന്നുകൊണ്ടിരുന്നു.

ഒല്ലൂരിലെ മണലാറ്റിൽ എന്ന് പുറത്തെഴുതിവെച്ച കാടുപോലത്തെ ആ പറമ്പിലേക്ക് പലയാത്രകൾ തുടർന്നപ്പോൾ, അയാളുടെ വീടിന്റെ പേര് ആരണ്യകം എന്നായി.

"മസനഗുഡിയിലേക്ക് പോകാം, അതിരാവിലെ തൃശൂരിൽ എത്താമോ?" ഉണ്ണിയേട്ടൻ വിളിച്ചു. ഏഴുമണിക്ക് മൈസൂർ സൂപ്പർഫാസ്റ്റ് തൃശ്ശൂരിൽ നിന്നുണ്ട്. അതിന് പോയാൽ തെപ്പെക്കാട് ഇറങ്ങിയാൽ ജീപ്പ് വിളിച്ചു പോകാം.

അവർ അഞ്ചുപേർ ആ ബസ്സിന്റെ മുന്നിലുള്ള സീറ്റുകളിൽ ഇരുപ്പുറപ്പിച്ചു. മുന്നിലുള്ള വിശാലമായ കാഴ്ചകൾ കാണാം.

രാവിലെയുള്ള കുളിര് മുഴുവൻ ബസ്സിന്റെ ഉള്ളിലേക്ക് പടർത്തി ബസ്സ് മുന്നിലേക്ക് പാഞ്ഞു.

നിലമ്പൂർ തേക്കിൻതോട്ടങ്ങൾ ഇവിടെ ഇറങ്ങുന്നില്ലേ എന്ന് ചോദിച്ചു. ഒരിക്കൽ വരും എന്ന് മനസ്സിൽ പറഞ്ഞു.

വഴിക്കടവിൽ വണ്ടി നിന്നു. ചുരം കയറുന്നതിന് മുമ്പ് എല്ലാവരും ഭക്ഷണം കഴിച്ചു. പത്തുമണിക്ക് ബിരിയാണി വിളമ്പുന്ന ഇടമാണ്

വഴിക്കടവ്. എല്ലാവരും മറ്റുള്ളവരുടെ ഉപദേശത്തെ മാനിച്ചു, നന്നായി ഭക്ഷണം കഴിച്ചു, കുടിക്കാനുള്ള വെള്ളവും വാങ്ങി.

ഗൂഡല്ലൂർ വരെയുള്ള യാത്ര കാടിനു നടുവിലൂടെ, മരങ്ങളും, പച്ചപ്പും, മലനിരകളും ആസ്വദിച്ചങ്ങനെ.

ഗൂഡല്ലൂർ മുതൽ തെപ്പെക്കാട് വരെ മുതുമല വനമേഖലയിലൂടെ, ആനകളുടെ വിഹാരകേന്ദ്രങ്ങൾ, അന്നവിടെ ആനകൾക്ക് ചികിത്സയും മറ്റുമൊക്കെയുണ്ട്, നീണ്ട ചങ്ങലകളിൽ അവർ അങ്ങനെ അഴിഞ്ഞു നടക്കും. മകൾ കൂടെ ഉള്ളതിനാൽ ഏതെങ്കിലും മൃഗത്തെ കണ്ടാൽ ഡ്രൈവർ വണ്ടി പതുക്കെയാക്കി കൈചൂണ്ടി കാണിക്കുമായിരുന്നു. മാനുകളും മയിലുകളും മകളുടെ മനസ്സ് നിറച്ചു.

തെപ്പെക്കാടുനിന്ന് ജീപ്പിലാണ് മസനഗുഡിയിലേക്ക് പുറപ്പെട്ടത്.

വഴി പലതവണ ഫോണിൽ ചോദിച്ചാണ് ജീപ്പ് പോയികൊണ്ടിരുന്നത്.

വണ്ടി നിന്നത് ഒരു സാധാരണവീടിന് പിറകിൽ, അടുക്കളപോലെ ഒരു മുറി വേറെയുണ്ട്.

വീട്ടിൽനിന്ന് തണുപ്പിൽ മൂടിപ്പുതച്ച് ഒരാൾ വന്നു. ഉണ്ണിയേട്ടനും ലതേച്ചിയെയും അദ്ദേഹം വാത്സല്യപൂർവ്വം സ്വീകരിച്ചു.

മാർക്ക് ദാവീദാർ ഉണ്ണിയേട്ടൻ പറഞ്ഞു.

അധികമൊന്നും അന്ന് അറിയാതിരുന്ന അദ്ദേഹത്തെ ഒരുമണിക്കൂറിനകം മുഴുവനായിത്തന്നെ അറിഞ്ഞു. ആനകൾക്കും, മൃഗങ്ങൾക്കും മാത്രമായി ജീവിക്കുന്ന ഒരു മനുഷ്യൻ.

വീടിന്റെ മറുപുറത്ത് ഒരു വരാന്ത, അതിൽ കുറച്ചു കസേരകൾ. താഴേക്ക് ഇറക്കംപോലെ കാഴ്ചയാണ്, ആ സ്ഥലത്തിന്റെ അതിരിലായി ഒരു അരുവിയൊഴുകുന്നുണ്ട്. അരുവിക്കപ്പുറം കാടാണ്, എന്നാൽ മാർക്കിന്റെ സ്ഥലത്തിന് മൃഗങ്ങൾ വരാതിരിക്കാൻ അതിരുകൾ ഒന്നും കെട്ടിയിട്ടില്ല, ഇറക്കത്തിൽ നിറയെ മരങ്ങൾ.

ഭക്ഷണം ഉണ്ടാക്കുന്ന സുകു കോഴിക്കോട് നിന്ന് പുറപ്പെട്ടിട്ടുണ്ട്, എങ്കിലും നമുക്കൊരുമിച്ചു ചായയും, മറ്റെന്തെങ്കിലും കഴിക്കാൻ ഉണ്ടാക്കാം. മാർക്ക് പറഞ്ഞു. വേറെയും രണ്ടുപേരുണ്ട്, മുകളിലെ മുറിയിൽ, അവർക്കുകൂടിയുള്ളത് ഉണ്ടാക്കണം.

അയാൾ വരാന്തയിൽ ഒരു കസേരയിൽ ഇരുന്നു. അകത്തുനിന്ന് ഒരു പട്ടി അയാളെ എത്തിനോക്കി, അകത്തേക്ക് പോയി. വീണ്ടും പട്ടി വന്നു അയാളെത്തന്നെ നോക്കി നിന്നു.

മാർക്ക് പറഞ്ഞു, അത് ഈശ്വരിയുടെ സീറ്റ് ആണ് അതാണ് നിങ്ങളെ വന്നു നോക്കുന്നത്. അയാൾ ഉടനെ തിണ്ണയിലേക്ക് മാറിയിരുന്നു.

ഈശ്വരി വേഗം ഓടിവന്നു ആ കസേരയിൽ ചുരുണ്ടുകൂടി കിടന്ന് അയാളെ നോക്കി ഒന്ന് ചിരിച്ചപോലെ മുഖം പിറകോട്ട് വലിച്ചു.

ചായയും ഭക്ഷണവും ഉണ്ടാക്കിക്കഴിഞ്ഞപ്പോൾ മാർക്ക് മറ്റുള്ള രണ്ടു അതിഥികളെ വിളിച്ചു. അവർ സ്വിറ്റ്സർലാൻഡിൽനിന്നുള്ള സുഹൃത്തുക്കൾ ആണ്.

എനിക്ക് നൂറുശതമാനം അറിയുന്ന സുഹൃത്തുക്കളെമാത്രമേ ഞാൻ ഇങ്ങോട്ടു വരാൻ പറയാറുള്ളൂ. നിർബന്ധമായും ഫോൺ ഓഫ് ചെയ്യണം, ഉച്ചത്തിൽ ശബ്ദമുണ്ടാക്കരുത്. ചിത്രങ്ങൾ എടുക്കാം, ഫ്ളാഷ് പാടില്ല.

പ്രകൃതിയുമായി ഇഴുകിച്ചേർന്നുള്ള ഒരു ധ്യാനമാണ് ഇവിടത്തെ ജീവിതം, അതിന് നിങ്ങൾ പൂർണ്ണമായി നിങ്ങളുടെ മനസ്സ് സമർപ്പിക്കണം.

ഒരു റിസോട്ടിലല്ല, മറിച്ച് കാടിനെ പ്രണയിക്കുന്ന, പ്രകൃതിയിലേക്ക് ഇഴുകിച്ചേർന്ന ഒരു സന്യാസിവര്യന്റെ അരികിലാണെന്നത് ബോധ്യപ്പെട്ടു.

മാർക്കിനൊപ്പം ഞങ്ങൾ അതിർത്തിയിൽ ഒഴുകുന്ന അരുവിയിലേക്ക് നടക്കാൻ തുടങ്ങുകയായിരുന്നു. അവിടെയുണ്ടായിരുന്ന എല്ലാ മരങ്ങളിലും വാഹനങ്ങളുടെ ടയർ കെട്ടിത്തൂക്കിയിട്ടിരിക്കുന്നു.

ഇതെന്തിനാണ്, അയാൾ ചോദിച്ചു.

ആനകൾക്ക് കളിയ്ക്കാൻ. അവർ വരും, അവർ വരുമ്പോൾ അവർ തുമ്പികൈകൊണ്ട് ഈ ടയറുകൾ തട്ടിക്കളിക്കും. എല്ലാ ആനകൾക്കും മാർക്ക് പേരുകൾ നൽകിയിട്ടുണ്ട്. കാർലോസ്, റൊണാൾഡോ, റിവാൾഡോ എന്നിങ്ങനെ പോകുന്നു. എല്ലാവരും ഫുട്ബോൾ കളിക്കാർ.

റിവാൾഡോയാണ് മാർക്കിന്റെ ഏറ്റവും അടുത്ത സുഹൃത്ത്. ഇംഗ്ലീഷിൽ ആണ് അവരുമായുള്ള സംഭാഷണങ്ങൾ. റിവാൾഡോ വീടിന്റെ വരാന്തയിൽ വന്നു മാർക്കുമായി കുറേനേരം സംസാരിച്ചാണ് പോവുക. ചിലപ്പോൾ ചില ആനകളെ ഒന്നുരണ്ടു ദിവസം കാണാതെയാകും. അപ്പോൾ മാർക്കിന് ആധിയാണ്, അതിനെന്തെങ്കിലും പറ്റിയോ എന്ന ആധി. കാണാതായവരെ വരുന്നതും കാത്ത് വളരെയധികം മണിക്കൂറുകൾ മാർക്ക് ആ വരാന്തയിൽ കാത്തിരിക്കും. റിവാൾഡോ വരുമ്പോൾ, നീ അവരെ കണ്ടോ എന്ന് ചോദിക്കും.

മരങ്ങൾക്ക് നടുവിൽ ടാങ്കുകൾ കെട്ടി വെള്ളം നിറച്ചിട്ടുണ്ട്. പ്രധാനമായും വേനൽക്കാലത്ത് ആനകൾക്കും മറ്റു മൃഗങ്ങൾക്കും വെള്ളം കുടിക്കാൻ ആ ടാങ്കുകൾ എപ്പോഴും നിറച്ചിടും.

ഞങ്ങൾ അരുവിയിലെ ഒഴുക്കിലൂടെ കുറെ നടന്നു. പ്രകൃതിയുടെ തണുപ്പ് തലയിലേക്ക് ഇരച്ചു കയറുന്നു. അരുവിക്കപ്പുറത്തു മാനുകൾ മേയുന്നുണ്ട്. ചിലപ്പോൾ അവർ കൂട്ടമായി മാർക്കിനെ കാണാൻ വരും.

വൈകുന്നേരം കുറെ ആനകൾ ഒരുമിച്ച് അരുവിയിലെത്തി, ഓരോരുത്തരെയും ചൂണ്ടിക്കാണിച്ചു മാർക്ക് അവരുടെ പേരുകൾ പരിചയപ്പെടുത്തി.

രാത്രിയിൽ ശബ്ദമുണ്ടാക്കാതെ വരാന്തയിൽ ഇരുന്നാൽ മതി. കാടും, കാട്ടിലെ മൃഗങ്ങളും ആ മുറ്റത്തേക്കും, പറമ്പിലേക്കും കടന്നുവരും. അവരെ അലോസരപ്പെടുത്താതെ അവരെ കാണുക, അവരുടെ രീതികൾ അറിയുക. ഒരു ചെറിയ അനക്കം മതി, അവർ ഓടിമറയാൻ.

അപ്പോഴേക്കും കോഴിക്കോടുനിന്ന് സുകു എത്തി, കുറെ മത്തിയും കൊണ്ടുവന്നിട്ടുണ്ട്. എല്ലാവരുംകൂടി അതൊക്കെ വേഗം നന്നാക്കി ഭക്ഷണമൊരുക്കി. മരങ്ങൾക്ക് ചുറ്റും കെട്ടിയ പടവുകളിൽ ഇരുന്നാണ് എല്ലാം തയ്യാറാക്കിയത്, അതൊരു പുതിയ അനുഭവമായിരുന്നു. അടച്ച അടുക്കളയിൽ നിന്ന് പുറത്തേക്കുള്ള ഒരു ചാടൽ.

അടുക്കളയെന്താ ഇത്ര ചെറുത് എന്നതിന് സുകു തന്നെയാണ് ഉത്തരം പറഞ്ഞത്. വലുതായിരുന്നു. ഒരിക്കൽ ഞാൻ കോഴിക്കോട് നിന്ന് വരുമ്പോൾ ഒരു പഴുത്ത ചക്ക കൊണ്ടുവന്നു. രാത്രിയിൽ ആണ് എത്തിയത്. അടുക്കളയിൽ വെച്ച് കിടന്നു. കുറച്ചു കഴിഞ്ഞപ്പോൾ അറിഞ്ഞു, ആരോ അടുക്കള പൊളിക്കുന്നു. ചക്കയും കൊണ്ട് പൊളിച്ചയാൾ പോയി. പിന്നെ അത്ര വലുതാക്കിയില്ല, ഭക്ഷണം എടുത്തു വെക്കാൻ മാത്രം ഒരിടം, പിന്നെയെല്ലാം, പ്രശാന്തസുന്ദരമായ പ്രകൃതിയിലെ തുറന്ന അടുക്കളയിൽ.

പിറ്റേന്ന് മാർക്ക് ആനകളോട് ആരാണ് അടുക്കളപൊളിച്ചു ചക്കയെടുത്തതെന്നു ചോദിച്ചു. ആരും ഒന്നും പറഞ്ഞില്ല. മാർക്ക് പൊട്ടിച്ചിരിച്ചു, പഴുത്ത ചക്കയുടെ മണം എങ്ങനെ സഹിക്കാൻ അല്ലേ!

രാത്രിയിൽ കനത്ത തണുപ്പാണ്. രണ്ടുകമ്പിളിയെങ്കിലും പുതയ്ക്കണം. രാത്രിയിൽ കാട്ടുമൃഗത്തേക്കാൾ വലിയ ശബ്ദത്തിൽ ഒരാൾ കൂർക്കം വലിക്കും, ഭയക്കേണ്ട. ഉണ്ണിയേട്ടൻ പറഞ്ഞു.

ഞങ്ങൾ ചെറിയ വർത്തമാനത്തിൽ ആയിരുന്നു. അപ്പോഴാണ് മാർക്ക് പറഞ്ഞത്, നിശ്ശബ്ദരാകൂ, പുള്ളിപ്പുലിയുടെ ശബ്ദം കേൾക്കുന്നു. ജനലിൽ രണ്ടുകണ്ണുകൾ മാത്രം ചേർത്തുവെക്കാവുന്ന ഒരു പാളിയുണ്ട്, അത് തുറന്ന് ഞങ്ങൾ കാത്തിരുന്നു. അരുവിയുടെ അപ്പുറത്തുള്ള പൊന്തയിലെ തിളങ്ങുന്ന രണ്ടുകണ്ണുകൾ മാർക്ക് പറഞ്ഞുതന്നു. ചിലപ്പോൾ ഇങ്ങോട്ട് വന്നേക്കാം, നിശ്ശബ്ദരായിരിക്കണം. അവൻ ഇങ്ങോട്ട് വരുമോ, കാലിൽ നിന്ന് ഒരു ഭയം ഉരുണ്ടുകയറിയപോലെ.

വരാന്തയിൽ നിറഞ്ഞ മഞ്ഞിലേക്കാണ് ഞങ്ങൾ ഉണർന്നത്. ചായ കുടിച്ചു മാർക്ക് അവിടെയിരുന്നു. റിവാൾഡോ വന്നിരുന്നു. ഞങ്ങൾ

കുറച്ചുനേരം സംസാരിച്ചു. ഭയക്കേണ്ട എന്ന് കരുതി നിങ്ങളെ വിളിച്ചില്ല. മഞ്ഞിപ്പോൾ മാറും. കുറച്ചുനേരം അവൻ ടയറുകൾ തട്ടിക്കളിച്ചേ പോകൂ. ഇവിടെ ഇരുന്നു കണ്ടാൽ മതി.

സുകു കൊണ്ടുവെച്ച ചായ കുടിച്ചുകൊണ്ട് ഞങ്ങൾ റിവാൾഡോയുടെ കളികൾ നോക്കിയിരുന്നു. മകൾക്ക് റിവാൾഡോയെ വലിയ ഇഷ്ടമായി, മാർക്ക് അങ്കിളിനോട് റിവാൾഡോയെ അവൾക്ക് കൊടുക്കുമോ എന്ന് ചോദിച്ചു.

മാർക്കും മകൾക്കൊപ്പം കുറേനേരം ചിലവഴിച്ചു. കാട്ടിൽ നിന്ന് കിട്ടിയ തൂവലുകളും മറ്റും അവൾക്ക് സമ്മാനമായി നൽകി.

ഉച്ചക്ക് ഭക്ഷണം കഴിച്ചു കഴിഞ്ഞു ജീപ്പ് വന്നപ്പോഴാണ് പോകാൻ സമയമായി എന്ന് തിരിച്ചറിഞ്ഞത്.

ഒരിക്കലും തിരിച്ചുപോകാൻ തോന്നാത്തൊരിടം. എന്നാൽ ജീവിതത്തിന്റെ അനാവശ്യതിരക്കുകളിലേക്ക് നമുക്ക് തിരിച്ചുപോയല്ലേ മതിയാകൂ.

യാത്രപറയുമ്പോൾ കണ്ണുകൾ നിറഞ്ഞിരുന്നു. കാറ്റിലാടുന്ന ടയറുകൾ നോക്കി ഞാൻ പറഞ്ഞു, ടാറ്റ റിവാൾഡോ!

ലതേച്ചിയും മാർക്ക് ദാവീദാറും കാലയവനികൾക്കുള്ളിൽ മറഞ്ഞുകഴിഞ്ഞു. പ്രകൃതിക്കും, പുഴയ്ക്കും മൃഗങ്ങൾക്കും വേണ്ടി ജീവിതം മുഴുവൻ പൊരുതിയ രണ്ടുപേർ. ഉണ്ണിയേട്ടനുമായി ബന്ധപ്പെട്ടിട്ടു കുറച്ചധികം നാളായി.

വായനയുടെ തുടർച്ചയായി ഇന്നലെ ജയമോഹന്റെ ആന ഡോക്ടർ വായിച്ചു. അവതാരിക എഴുതിയ എൻ എ നസീർ മാർക്കിനെ അതിൽ അനുസ്മരിക്കുന്നുണ്ട്. അപ്പോഴാണ് ദശകങ്ങൾക്ക് മുമ്പ് നടന്ന ഈ യാത്ര ഓർമ്മ വന്നത്.

പല യാത്രകളും ജീവിതത്തിലെ നിയോഗങ്ങളും അനുഗ്രഹങ്ങളും ആയിരുന്നെന്ന് ഇപ്പോൾ തിരിച്ചറിയുന്നു.

# യുദ്ധാനന്തരം

അയാളുടെ ജീവിതം എന്നും ഒരു യുദ്ധമായിരുന്നു. അയാൾ മാത്രമായിരുന്നു ആ യുദ്ധക്കളത്തിലെ പോരാളിയും.

ചിലപ്പോൾ അയാൾക്ക് മദയാനയാകണമെന്നണ് തോന്നും. സർവ്വതും തല്ലിത്തകർത്തു വലിച്ചെറിയുന്ന മദയാന.

സമാധാനത്തിലേക്കുള്ള വഴി പലപ്പോഴും യുദ്ധമായിരുന്നല്ലോ!

ലോകമഹായുദ്ധങ്ങൾ പോലും ഒരു മനസ്സിലെ കലഹത്തിൽ നിന്ന് തുടങ്ങുകയും, പിന്നെ സമാനമായ ചിന്തകൾ ഉള്ളവരെ അവരവരുടെ ചേരിയിലേക്ക് ചേർക്കുകയും, എല്ലാം തകർത്തെറിഞ്ഞു പലരാജ്യങ്ങളെ നശിപ്പിച്ചു കുത്തുപാളയെടുപ്പിക്കുകയും ചെയ്യുമ്പോൾ ചിലരുടെ കലിപ്പ് തീരുകയും, അവർ സമാധാനത്തിന്റെ വെള്ളക്കൊടികൾ ഉയർത്തിക്കാണിക്കുകയും ചെയ്യും.

അയാളും അത് തന്നെയായിരുന്നു, എന്നാൽ അയാളുടെ യുദ്ധങ്ങൾ, അയാളുടെ മനസ്സിൽ ആയിരുന്നു.

ഇഷ്ടമില്ലാത്ത വാർത്ത കേൾക്കുമ്പോൾ അയാൾ ഒരു ദുഷ്ടമൃഗത്തെപ്പോലെ മുരളും. പലതും കേട്ടുമറക്കാവുന്ന വാർത്തകളാവും, എന്നാൽ അതിനെ വിശകലനം ചെയ്തു, കുടൽമാല കീറി, വിഷയത്തിൽനിന്ന് വ്യതിചലിച്ചു, എവിടെയോ എത്തുന്ന ചിന്തകൾ.

പിന്നെ ഭക്ഷണം വേണ്ട, വെള്ളം വേണ്ട.

ഉത്തരം ഒന്ന് മതി, എന്തുകൊണ്ട് താൻ തോറ്റു!

"എന്നെ തോൽപ്പിച്ച സമൂഹമേ, നിന്നെ ഞാൻ വെറുക്കുന്നു".

മറ്റുള്ളവരെ വെറുത്തു, സ്വയം എന്ത് നേടുന്നു എന്നൊന്നും അപ്പോൾ തോന്നില്ല. അല്ലെങ്കിലും തലച്ചോറിലെ കൊള്ളിയാനും, ഇടിവെട്ടും, കുത്തിയൊലിക്കുന്ന പെരുമഴയും ഒളിപ്പിക്കാൻ അയാൾക്കറിയില്ല.

മനസ്സിനെ സ്വന്തം കരുത്തിൽ അടക്കിനിർത്താൻ അയാൾക്കൊരിക്കലും കഴിഞ്ഞില്ല. ഹിമാലയയാത്രകൾ അയാൾക്കൊരു വഴികാണിച്ചുകൊടുത്തില്ല, അല്ലെങ്കിൽ ഹിമാലയത്തെക്കാൾ വലുതായിരുന്നോ അയാളുടെ ഉള്ളിലെ അഗ്നിപർവ്വതങ്ങൾ!

നമുക്കൊരിക്കലും സ്വയം അളക്കാൻ കഴിയാറില്ല, എന്താണ് എന്റെ ഉള്ളിലെ ചൂട്? എന്തുകൊണ്ട്? ഞാൻ തണുക്കാനുള്ള വഴികൾ എന്തൊക്കെയാണ്?

ദീർഘദൂര ഓട്ടങ്ങൾ, കഠിന വ്യായാമം, പർവ്വതാരോഹണങ്ങൾ, നീണ്ട നടത്തങ്ങൾ, ആത്മീയയാത്രകൾ, ധ്യാനങ്ങൾ, യോഗാഭ്യാസം എന്തൊക്കെ ചെയ്തില്ല. എന്നിട്ടും യുദ്ധത്തിലാണ്.

എഴുതിത്തീർത്ത പേജുകൾ അയാൾ എന്നും രാത്രി കീറിയെറിയും.

ഉറക്കമില്ലാത്ത രാത്രികളിൽ റോഡിലേക്ക് ഇറങ്ങി അയാൾ ഉള്ളിലെ ക്രോധങ്ങൾ ഒരു മുള്ളൻപന്നിയെപ്പോലെ ഊതിവീർപ്പിച്ചു മുന്നിൽ കാണുന്ന മരത്തിലേക്ക് മുള്ളുകൾ എയ്തു പിടിപ്പിക്കാൻ ശ്രമിക്കും, പിന്നീടാണ് തന്റെ കൈവിരൽകൊണ്ടു താൻ മരത്തിന്റെ തൊലി മാന്തിപ്പറിക്കുകയാണെന്നു തിരിച്ചറിയുക.

ഈ ലോകം മുഴുവൻ തന്നെ തോൽപ്പിക്കാനാണ് തനിക്ക് ചുറ്റും തഴച്ചു വളരുന്നത്.

മനസ്സിൽ വേവുന്ന ചിന്തകൾ എന്ന് പൊട്ടിത്തെറിക്കും എന്നാണ് പേടി. സ്വയം തകർന്നില്ലാതാകുന്ന നിമിഷങ്ങൾ മനുഷ്യർ മുമ്പേ തിരിച്ചറിയാത്തത് എന്തുകൊണ്ടാണ്?

എന്തുകൊണ്ടാണ് എന്റെ ഉള്ളിലെ സ്നേഹം ഞാൻ തിരിച്ചറിയാത്തത്, അത് കൊണ്ടാണോ മറ്റാരും തന്നെ സ്നേഹിക്കാത്തത്?

ഭൂമിയിലേക്ക് കത്തിപ്പടരാൻ പതിക്കുന്ന മിന്നൽപിണരുകൾ, പിറകെ ഭൂകമ്പം പോലുള്ള ഇടിവെട്ടിന്റെ ശബ്ദം, കോരിച്ചൊരിയുന്ന മഴ. മഴയിൽ തണുക്കാൻ ശ്രമിച്ചു ചങ്ങലയിൽ തളച്ചിട്ട വേലായുധൻ മരത്തെ കെട്ടിപ്പുണർന്നു. മഴ പെയ്തുകൊണ്ടേയിരിക്കട്ടെ, തന്റെ ഉള്ളിലെ ഭ്രാന്ത് ഒരിക്കലും തണുത്തു തീരില്ല.

ഇരുട്ടിൽ നിന്ന് ആത്മാക്കൾ വേലായുധനെ നോക്കി പൊട്ടിച്ചിരിച്ചു, അവരുടെ ചിരികൾ, ഇടിമുഴക്കത്തിൽ അലിഞ്ഞുചേർന്നു.

# അവൻ

**വെ**ള്ളിയാഴ്ചയുടെ ആലസ്യത്തിൽ നിന്ന് ആരോ വിളിച്ചുണർത്തിയത് പോലെയാണ് ചാടിയെഴുന്നേറ്റത്.

ജോലിത്തിരക്കിൽ പുറത്തേക്കൊന്നും ഇറങ്ങാറേ ഉണ്ടായിരുന്നില്ല. വളരെ നാളുകൾക്കു ശേഷം വാരാന്ത്യമല്ലേ എന്ന് കരുതി ലുലു സൂപ്പർ മാർക്കറ്റിലേക്കും, അലക്കിത്തേക്കാൻ കൊടുത്ത വസ്ത്രങ്ങളും വാങ്ങാൻ ഓഫീസിൽ നിന്ന് വൈകി ഇറങ്ങിയിട്ടും അങ്ങോട്ട് തന്നെ വെച്ചുപിടിച്ചു.

രാത്രി എട്ടുമണിയായിട്ടെന്താ, പ്രധാന നിരത്ത് നിറഞ്ഞു കവിഞ്ഞു വാഹനങ്ങൾ, ഇഴഞ്ഞിഴഞ്ഞു നീങ്ങുന്ന ജീവിതം. വാരാന്ത്യത്തിന്റെ തിരക്ക് കൂടി ആകാം. ജോലിയിലെ അസ്വാരസ്യങ്ങൾ, വീട്ടിലെത്തി വസ്ത്രങ്ങളും ബാഗും വലിച്ചെറിഞ്ഞു നീണ്ടകുളി കാത്തു നിൽക്കുന്നവർ, വഴിയിൽ അഞ്ച് നിരയിൽ പതുക്കെ വണ്ടികൾ നീങ്ങുമ്പോൾ പരസ്പരം നോക്കുന്നു, എല്ലാവർക്കും അറിയാം ക്ഷമയുടെ നെല്ലിപ്പലക എപ്പോൾ വേണമെങ്കിലും തകരാമെന്ന്. അതൊഴിവാക്കാൻ അവർ ഓരോരുത്തരും ദീർഘനിശ്വാസങ്ങളിൽ അഭയം തേടുകയാണ്.

മാസാവസാനം, ആഴ്ചയവസാനം, മിക്കവർക്കും ശമ്പളം എത്തിയെന്ന് തോന്നുന്നു, അത്രയധികം തിരക്കുണ്ട്. വണ്ടി പാർക് ചെയ്യാനും, സാധനങ്ങൾ എടുക്കാനുള്ള ട്രോളിക്കും കാത്തുനിൽക്കേണ്ടിവന്നു.

ചെറുനാരങ്ങ, ഇഞ്ചി, വെളുത്തുള്ളി, വെള്ളരി എന്ന കുക്കുമ്പർ, പഴം, ആപ്പിൾ, ഓറഞ്ച് ആരോഗ്യസംരക്ഷണത്തിന്റെ ആ പഴയനാളുകൾ വീണ്ടെടുക്കേണ്ടിയിരിക്കുന്നു. കാരറ്റിനോട് എന്തോ വിരക്തി തോന്നുന്നു.

മറ്റെങ്ങോട്ടും നോക്കിയില്ല, നോക്കിയാൽ ഓഫറിൽ വീണ് ആവശ്യമില്ലാത്തതൊക്കെ വാങ്ങിക്കൂട്ടും, എന്നിട്ടും, വെള്ളയിൽ താഴേക്ക് വരയുള്ള ഒരു ടീഷർട് കണ്ണിൽ കുടുങ്ങി, കുറെ നാളായില്ലേ എനിക്കായി എന്തെങ്കിലും വാങ്ങിയിട്ട് എന്ന് സ്വയം പറഞ്ഞു ആശ്വസിച്ചു, അതും വാങ്ങി. രാത്രിയിൽ മേൽപ്പാലത്തിൽനിന്ന് പ്രധാനനിരത്തിലേക്ക് ഇറങ്ങുമ്പോൾ ഒരു കാഴ്ചയുണ്ട്, വിവിധ വാഹനങ്ങളുടെ പിന്നിലെ ചുവപ്പ് വെളിച്ചം ഒരു ചുവന്ന കടൽപോലെ മുന്നിൽ. റോഡിൽ തടസ്സമുണ്ടെങ്കിൽ, ചുവന്ന കടൽക്കാഴ്ച നീണ്ടുനിൽക്കും.

മുറിയിൽ എത്തുമ്പോൾ സമയം പതിനൊന്ന് കഴിഞ്ഞിരുന്നു, കുളിച്ചു ഭക്ഷണം കഴിച്ചു കിടക്കുമ്പോൾ മണി പന്ത്രണ്ട്, ഇതൊന്നും തനിക്ക് പതിവില്ലാത്തതാണ്, നേരത്തെ ഉറങ്ങണം, നേരത്തെ ഉണരണം. സാരമില്ല, നാളെ വെള്ളിയാഴ്ചയല്ലെ, പതിവ് അലാറം ഓഫ് ചെയ്തെന്ന് രണ്ടുതവണ ഉറപ്പാക്കി.

അങ്ങനെ കിടന്നതാണ്, എന്നിട്ടും അതിരാവിലെ ഞെട്ടി എഴുന്നേറ്റു. ഒരിക്കൽ ഉണർന്നാൽ പിന്നെ ഉറക്കം കിട്ടില്ല. കുളി കഴിഞ്ഞപ്പോൾ ഓഫീസിൽ പോകാം എന്ന് തോന്നി, ഒരുപാട് ജോലികൾ ബാക്കിയാണ്, തനിക്കാണെങ്കിൽ ശരിയായി വിശ്രമിക്കാനും അറിയില്ല.

ഒഴിഞ്ഞ പ്രധാന പാത, വളരെ ചുരുക്കം വണ്ടികൾ മാത്രം. വളരെ പതുക്കെയാണ് കാർ ഓടിച്ചത്, പെട്ടെന്ന് മുന്നിൽ വണ്ടികൾ എല്ലാം നിന്നു. അപകടം നടന്നിരിക്കും.

അപകടം തന്നെ; ഒരു ലോറി, മുന്നിൽപോയ ലോറിയിൽ ഇടിച്ചു മുൻവശം തകർന്നു തരിപ്പണമായിരിക്കുന്നു. ഡ്രൈവറുടെ ക്യാബിൻ മുഴുവനായി ഞെരിഞ്ഞമർന്നിരിക്കുന്നു. തീർച്ചയായും അതിനുള്ളിലെ മനുഷ്യനും ജീവനും ഞെരിഞ്ഞമർന്നിരിക്കും. വണ്ടിയുടെ മുകളിലേക്ക് കയറിയ ഒരു സ്വദേശിയുടെ കൈകൊണ്ടുള്ള ആംഗ്യം അത് സ്ഥിതീകരിച്ചു. അപകടം നടക്കാൻ ഒരു സാധ്യതയുമില്ലാത്ത ഇടം. പ്രധാന നിരത്തിലാണെങ്കിൽ അധികം വണ്ടികളും ഉണ്ടായിരുന്നില്ല.

പിന്നെ എന്ത് സംഭവിച്ചിരിക്കാം? ഒന്നുകിൽ ഉറങ്ങിപ്പോയിരിക്കും, അതല്ലെങ്കിൽ മുമ്പിലെ വണ്ടിയോട് ചേർത്തോടിച്ചു ആ വണ്ടി എന്തെങ്കിലും കാരണത്താൽ പെട്ടെന്ന് നിർത്തിയപ്പോൾ ഇടിച്ചിരിക്കാം. എന്നാൽ വണ്ടിയുടെ അപകടത്തിന്റെ ആഘാതം കണ്ടാൽ അറിയാം, വളരെ വേഗത്തിൽ ചെന്നിടിച്ചപോലെയാണെന്ന്.

അയാൾ ഏത് നാട്ടുകാരനായിരിക്കും, അയാളുടെ വീട്ടിൽ ആരൊക്കെ അയാളെ കാത്തിരിക്കുന്നുണ്ടാകും. ഒരു പക്ഷെ വണ്ടി ഓടിക്കുന്നതിനിടയിൽ അയാൾ വീട്ടുകാരോട് സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നോ?

പ്രണയപൂർവം സംസാരിച്ചു വണ്ടിയോടിച്ചപ്പോൾ ശ്രദ്ധ തെറ്റിയതാണോ, അതോ വീട്ടുകാരോട് കലഹിച്ചു ജീവൻ ഒടുക്കിയതാണോ?

ഒരുപക്ഷെ എവിടെയും എത്താത്ത ജീവിതം അയാളുടെ ചിന്തകളെ കലുഷിതമാക്കിയോ, കടം കയറി പെരുകിയ ജീവിതം അവസാനിപ്പിച്ചതാണോ, അതുമല്ലെങ്കിൽ ഒരു നിമിഷത്തിന്റെ അശ്രദ്ധ.

ആ അപകടം വീണ്ടും വീണ്ടും ഒരായിരം ചോദ്യങ്ങൾ ഉയർത്തിക്കൊണ്ടുവന്നു. അവൻ, അവൻ നമുക്ക് പിറകെയോ മുന്നിലോ ഉണ്ട്!

# ഉരുകിത്തീരുന്ന ജീവിതം

മുറിയിൽനിന്ന് വരാന്ത വഴി പുറത്തേക്കിറങ്ങിയപ്പോൾ തീയിലേക്കാണ് കാല് വെക്കുന്നത് എന്ന് അയാൾക്ക് തോന്നി. ചൂട് ഇന്നലെ നാല്പത്തി യെട്ട് ഡിഗ്രി ആയിരുന്നു. ഇന്ന് ഒന്നുകൂടി കൂടിയോ?

ഭക്ഷണം കഴിക്കാൻ കൂടി മനുഷ്യന് പുറത്തിറങ്ങാൻ വയ്യാത്തത്ര ഭൂമി കത്തിക്കൊണ്ടിരിക്കുകയാണ്. ഇത്തവണ മരുഭൂമി ശരിക്കും കത്തി ജ്ജ്വലിക്കുകയാണ്.

സൂര്യനെ നോക്കാനേ വയ്യ.

പൊള്ളുന്ന ചൂടിൽ താൻ ഉരുകിത്തീരുമോ എന്നയാൾ ഭയന്നു.

എത്രയോ കൊല്ലമായി ഈ മരുഭൂമിയിൽ താൻ ജീവിക്കുന്നു. എന്നാൽ ഇത്തവണ ചൂട് അതിന്റെ മൂർദ്ധന്യതയിലേക്ക് കുതിക്കുകയാണ്.

എത്ര വെള്ളം കുടിച്ചാലും തീരാത്തത്ര ദാഹം. കുടിച്ചവെള്ളമെല്ലാം ശരീരത്തിൽനിന്നുതന്നെ ആവിയായി പോകുന്നതുപോലെ.

കെട്ടിടങ്ങളുടെ നിഴൽപ്പറ്റി അയാൾ നടക്കാൻ ശ്രമിച്ചു. കെട്ടിടങ്ങളിൽ ഘടിപ്പിച്ച എയർ കണ്ടിഷൻ യന്ത്രങ്ങളിൽനിന്ന് പുറന്തള്ളുന്ന ചൂട് ആവി തള്ളുന്നതിന്റെ നിഴൽ രൂപങ്ങൾ മുന്നിലൂടെ പാറിപ്പറന്നുപോകുന്നു.

ഭൂമി കത്തുന്ന കാലം വിദൂരമല്ലെന്ന് തോന്നുന്നു.

എന്തോ അപായകാലങ്ങൾക്കായി നാം കാത്തുനിൽക്കുകയാണോ.

കാലത്ത്, അവധിയുടെ ആലസ്യത്തിൽനിന്ന് ഉണരാനേ തോന്നി യിരുന്നില്ല. പ്രാതൽ മുറിയിൽ ഉണ്ടായിരുന്ന പഴങ്ങളിൽ ഒതുക്കി. മറ്റ് പാനീയങ്ങൾ എത്ര കഴിച്ചാലും ദാഹം മാറുന്നില്ല, അതിനാൽ വെള്ളം കുപ്പികൾ തീർന്നുകൊണ്ടേയിരുന്നു.

അതിരാവിലെ കുളിക്കുമ്പോൾ ചൂടുവെള്ളമാണ് പൈപ്പിൽനിന്ന് വരുന്നത്. ഇന്നലത്തെ ചൂട് മാറാതിരിക്കുന്നതോ, അതോ അതിരാവി ലെത്തന്നെ സൂര്യൻ കത്തിജ്ജ്വലിച്ചു കെട്ടിടത്തിന്റെ മുകളിലെ ടാങ്ക് തിളപ്പിച്ചോ. ബക്കറ്റിൽ പിടിച്ചുവെച്ച വെള്ളംപോലും ചൂടാറുന്നില്ല.

ഇന്നലെ പകൽ കുറച്ചുനേരം വൈദ്യുതി നിലച്ചു. മുറിയും, വരാന്തയും എല്ലാം ഇരുട്ടിലായി. കെട്ടിടത്തിന് പുറത്തേക്കിറങ്ങിയപ്പോൾ കനത്ത

ചൂട്കാറ്റ് വീശുന്നു. തണലിന് ഒരു മരംപോലും അടുത്തില്ല. അവസാനം കാറിൽക്കയറി വണ്ടി സ്റ്റാർട്ട് ചെയ്തു, എസി ഓണാക്കി.

നാട്ടിൽ വിളിച്ചു, കനത്ത മഴയാണത്രെ. ഇവിടെ തീ മഴയാണെന്ന് മാത്രം.

ഇവിടെ നല്ല ചൂടാണെന്ന് പറഞ്ഞാൽ, അത് സാധാരണമല്ലെ എന്നാണ് നാട്ടിലുള്ളവരുടെ നിഗമനം. അവരുടെ നിഗമനങ്ങൾ അങ്ങനെത്തന്നെയിരിക്കട്ടെ. കനത്ത ചൂടായാലും, അതികഠിനമായ തണുപ്പായാലും, അതെല്ലാം ഗൾഫ് മലയാളിയുടെ സമ്പാദ്യങ്ങൾ ക്കൊപ്പം ചേർക്കാനുള്ളതാണ്, പണമെല്ലാം നാട്ടിലെ ബാങ്കിലേക്കും, കനത്ത ചൂടും തണുപ്പുമെല്ലാം സ്വന്തം ശരീരത്തിനും സ്വന്തം. കാലാകാലങ്ങളായി നേടിയെടുക്കുന്ന ഷുഗറും പ്രഷറും കൊളസ്ട്രോളുമെല്ലാം ദേശീയ പുരസ്കാരങ്ങൾപോലെ ഗൾഫ് മലയാളികൾ സ്വന്തം ദേഹത്ത് ആഘോഷിച്ചു കൊണ്ടുനടക്കുന്നു. ഈ രോഗങ്ങളെല്ലാംഎപ്പോൾ വേണമെങ്കിലും അവരെ ഈ ഭൂമിയിൽനിന്ന് ഒളിച്ചുകടത്തുമെന്ന് തിരിച്ചറിഞ്ഞുതന്നെ.

ചോറും പച്ചമോരും മാത്രം കൂട്ടിക്കഴിച്ചപ്പോൾ ഹോട്ടലുകാരന് വിഷമം, അല്ലെങ്കിലേ ചൂടാണ്, ഇനി ചൂട് കൂടിയ ഭക്ഷണങ്ങൾക്കൂടി കഴിച്ചാൽ ശരീരം പഴുത്തുകത്തുന്ന കൊല്ലന്റെ ആലപോലെയാകും.

ഉച്ചഭക്ഷണം കഴിച്ചു തിരിച്ചുനടക്കുമ്പോൾ, ഈ കത്തുന്ന ചൂടിൽ റോഡരുകിൽ ഇന്നത്തെ ജോലിക്കായി ആരെങ്കിലും വിളിക്കും എന്ന് കാത്തിരിക്കുന്ന അഫ്ഗാനികളെ കണ്ടു. മനുഷ്യർ അങ്ങനെയാണ്, കത്തുന്ന ചൂടിലും അവന്റെ ഉള്ളിൽ നാട്ടിലെ വീടും, വീട്ടുകാരുമാണ്. താൻ കത്തിക്കരിഞ്ഞു തീർന്നാലും അവർ നന്നായി ജീവിക്കണമെന്ന കൊതി.

ബഹുഭൂരിപക്ഷവും കെട്ടിടങ്ങളുടെ തണുപ്പിൽ അഭയം തേടുമ്പോഴും, കുറേപ്പേർ ചൂടിന്റെ തീയിൽ കിട്ടുന്ന ജോലിക്കായി കാത്തുനിൽക്കുകയാണ്, അന്നന്നത്തെ അന്നത്തിനായി.

# ഭുയ്യാൻ

1995-ൽ ആണ് ഭുയ്യാനെ ആദ്യമായി കാണുന്നത്. സൗദിയിൽ ഞാൻ വന്നിട്ട് രണ്ട് വർഷമാകുന്നു. ഒരുപാട് തൊഴിലാളികൾ ജോലിക്കായി ആവശ്യമുള്ള പദ്ധതിയാണ്. വിവിധ രാഷ്ട്രങ്ങളിൽനിന്ന് ദിവസവും ധാരാളംപേർ വന്നുകൊണ്ടിരിക്കുന്നു.

ഭുയ്യാൻ ചെറുപ്പം, നല്ല ഉഷാർ, ബംഗ്ലാദേശിലെ കോമില്ല ജില്ലയിൽ നിന്നാണ്. കൊടുക്കുന്ന ജോലിയെല്ലാം വളരെ വേഗത്തിൽ തീർക്കും. അതിനാൽ ഭുയ്യാനെ എനിക്കിഷ്ടമായിരുന്നു.

നാട്ടിൽ മരപ്പലകകൾകൊണ്ട് നിർമ്മിച്ച വീട്ടിലാണ് താമസം. അമ്മ മാത്രമേയുള്ളൂ, നല്ലൊരു വീടുണ്ടാക്കണം അതിനാണ് വന്നത്.

അമ്മയുടെ കത്തിൽ വരുന്ന വിശേഷങ്ങൾ പറയുമായിരുന്നു. ഒരിക്കൽ പറഞ്ഞു, നാട്ടിൽ ആകെ പ്രശ്നങ്ങൾ ആണ്. രാഷ്ട്രീയക്കാർ പരസ്പരം ഏറ്റുമുട്ടി വീടുകൾ കത്തിക്കുന്നു. അമ്മ ആകെ വിഷമത്തിലാണ്. കൂട്ടുകാർ ആണ് തമ്മിൽത്തല്ലി മരിക്കുന്നത്.

ലോകം മുഴുവൻ അശാന്തിയാണ്, ഞാൻ സമാധാനിപ്പിച്ചു.

ഒരാഴ്ചയായി അമ്മയുടെ കത്തൊന്നും വന്നില്ല. ഭുയ്യാൻ ആകെ സങ്കടത്തിൽ ആയിരുന്നു.

ഓഫീസിലെ ഗോവക്കാരനായ ഡഗ്ളസ് ആണ് സ്ഥിരമായി പോസ്റ്റോഫീസിൽ പോയി കമ്പനിയുടെ പോസ്റ്റ് ബോക്സിൽ നിന്ന് കത്തുകളുമായി വരിക. വന്നയുടനെ കാറെടുത്തു ചുറ്റി എല്ലാവർക്കും കത്തുകൾ എത്തിക്കുന്ന ഒരു നല്ല സ്വഭാവം ഡഗ്ളസ്സിന് ഉണ്ടായിരുന്നു. അതിനുമാത്രമായിരുന്നു അയാൾ നല്ലയാൾ, പിന്നെ കുതികാൽ വെട്ട്, ഏഷണി, പാര വെയ്പ്പ് തുടങ്ങിയ കലാപരിപാടികളുടെ തലതൊട്ടപ്പനും.

അന്ന് ഡഗ്ളസ് കൊടുത്ത കത്ത് പൊട്ടിച്ചു വായിച്ചു ഭുയ്യാൻ നിലത്തു വീണു വലിയവായിൽ ഉറക്കെ കരയാൻ തുടങ്ങി. ഡഗ്ളസ് ആകെ ഭയന്നുപോയി.

അടുത്തുണ്ടായിരുന്ന ബംഗ്ലാദേശി ഭുയ്യാന്റെ കൈകളിൽനിന്ന് വഴുതിപ്പോയ കത്തെടുത്തു വായിച്ചു പറഞ്ഞു. "അവന്റെ അമ്മ

മരിച്ചുപോയി സർ, കഴിഞ്ഞ ആഴ്ചയായിരുന്നു, ആരോ വീട് കത്തിച്ച താണ്".

ഡഗ്ളസ് ഭുയ്യാനെ കാറിൽ കയറ്റി ഓഫീസിൽ കൊണ്ടുവന്നു. എന്നെ ക്കണ്ടതും അവന്റെ കരച്ചിൽ കൂടി.

ഒന്നാശ്വാസമായപ്പോൾ ചോദിച്ചു, ഒരാഴ്ചയായില്ലേ, ചടങ്ങുകൾ ഒക്കെ കഴിഞ്ഞു കാണില്ലേ, നീ നാട്ടിൽ പോകുന്നുണ്ടോ?

ഇനി ഇവിടെ നിൽക്കുന്നില്ല. നാട്ടിൽ പോകണം. അമ്മക്ക് വീട് വെക്കാനാണ് ഞാൻ ഇങ്ങോട്ട് വന്നത്. കലാപം കൂടിയപ്പോൾ അമ്മയോട് അവിടെനിന്ന് മാറിനിൽക്കാൻ പറഞ്ഞതാണ്, എന്റെ മകന്റെ വീട് എന്ന് പറഞ്ഞ് അമ്മ അവിടെത്തന്നെ നിന്നു, അമ്മ വീടിനോടൊപ്പം കത്തിച്ചാമ്പലായി.

"ഇളയമ്മയാണ് കത്തെഴുതിയിരിക്കുന്നത്, അവർക്ക് ഇവിടത്തെ ഫോൺ നമ്പർ ഒന്നുമറിയില്ല. എപ്പോഴോ അമ്മ അവരുടെ വീട്ടിൽ മറന്നു വെച്ച എന്റെ ഒരു കത്തിൽനിന്നാണ് ഇവിടത്തെ വിലാസം കിട്ടിയതുത ന്നെ. ആരെ കുറ്റം പറയാൻ, വിധി ഇതാണ് എനിക്കായി കാത്തുവെച്ചത്."

പോകണം, എന്തിനായാണോ ഇവിടെ വന്നത്, അത് ഇനി ആവശ്യമില്ല

പലപ്പോഴായി അമ്മക്കായി വാങ്ങിയ തുണികളും മറ്റു സാധനങ്ങളും കൂട്ടുകാരുടെ അമ്മമാർക്ക് നല്കാൻ പറഞ്ഞു കൊടുത്തു, വെറുംകൈയ്യോടെ ഭുയ്യാൻ നാട്ടിലേക്ക് തിരിച്ചുപോയി.

ഇന്നലെയാണ് മെസ്സഞ്ചറിൽ ഓർക്കുന്നുണ്ടോ സാബ് എന്ന സന്ദേശം കണ്ടത്.

ഭുയ്യാൻ!

സാബ്, ഞാനിപ്പോൾ ഇന്ത്യക്കാരനാണ്, കാശ് കുറെ ചെലവായി, എങ്കിലും,ഞാനിപ്പോൾ ഷില്ലോങ്ങിൽ ഉണ്ട്. ഞങ്ങൾ ഇവിടെ എത്തിയിട്ട് കുറച്ചു വർഷങ്ങൾ ആയി. നാട്ടിൽ കലാപത്തിന് കുറവൊന്നും വന്നില്ല, ഞാനപ്പോൾ ഇളയമ്മയെ കൂട്ടി ധാക്കയിലേക്ക് മാറി. ഒരു ഇന്ത്യൻ കമ്പനിയുമായി തുണിക്കച്ചവടം തുടങ്ങി. അത് വളർന്നു വലുതായി. അവരൊക്കെ സഹായിച്ചു, അങ്ങനെ റേഷൻ കാർഡും, വോട്ടർ കാർഡും ഒക്കെയായി രക്ഷപ്പെട്ടു.

കമ്പനി ഞാൻ ഇന്ത്യയിലും ബംഗ്ലാദേശിലും നടത്തുന്നുണ്ട്. നന്നാ യിപ്പോകുന്നു.

അതൊന്നുമല്ല സന്തോഷം, അമ്മയുടെ പേരിൽ ആരുമില്ലാത്ത അമ്മ മാർക്കായി ഞാൻ ഒരു സ്ഥാപനം നടത്തുന്നുണ്ട്. അമ്പതോളം അമ്മമാർ ഉണ്ടവിടെ. അവർക്കു വേണ്ടതെല്ലാം കൊടുക്കുന്നു. ഒരമ്മയ്ക്കു പകരം

അമ്പത് അമ്മമാർ, എന്റെ അമ്മ സ്വർഗ്ഗത്തിൽ ഇരുന്ന് ഇതെല്ലാം കണ്ട് സന്തോഷിക്കുന്നുണ്ടാകും സാബ്.

സാബ്, കോളേജിൽ പഠിക്കുമ്പോൾ ഇവിടെ വന്നിട്ടുണ്ടല്ലേ, എൻ.സി. സി ക്യാമ്പിന്, സാബ് എഴുതിയത് ഞാൻ വായിച്ചു. ബറാപാനിയും ഉംറായികാണ്ടും എനിക്കറിയാം.

നാട്ടിൽ വരുമ്പോൾ വരണം. പണ്ട് വന്ന വഴികളിലൂടെ ഒക്കെ ഒന്നുകൂടി നടക്കാം, ചിറാപുഞ്ചിയിലെ കനത്ത മഴ കൊള്ളാം, പിന്നെ എന്റെ അമ്മമാരെയും കാണാം.

ഞാൻ തീർച്ചയായും വരും. സുകൃതം ചെയ്ത ജന്മമാണ് നിന്റേത്.

# ഗതിവിഗതികൾ

**കെ**ട്ടിടത്തിന്റെ ഏറ്റവും താഴെയുള്ള നിലയിലാണ് എനിക്കുള്ള കാർ പാർക്കിംഗ്. അതിന്റെ പുറത്തേക്കുള്ള വഴി പ്രധാന നിരത്തിലേക്ക് തുറക്കുന്നതിനാൽ അഞ്ച്മണി കഴിഞ്ഞാൽ പിന്നെ അവിടെനിന്ന് പുറത്തിറങ്ങാൻ കഴിയില്ല. അതുകൊണ്ട് നാലുമണിക്ക് കാർ എടുത്ത് പുറത്തിടും. തദ്ദേശീയർ നാലുമണി മുതൽ പോയിത്തുടങ്ങുന്നതിനാൽ പുറത്തെ ഇടവഴിയിലേക്ക് മാറ്റിയിടാൻ ഒഴിവു കിട്ടും, അല്ലെങ്കിൽ എട്ടുമണി വരെ കാത്തിരിക്കേണ്ടി വരും ഒന്ന് പുറത്തിറങ്ങാൻ.

അങ്ങനെ പുറത്തിറങ്ങുമ്പോൾ അല്പം ശുദ്ധവായു കൂടി ശ്വസിക്കാം. കുറച്ചു നേരം പുറത്തൊക്കെ നടന്നാണ് വീണ്ടും ഓഫീസിലേക്ക് കയറുക.

അങ്ങനെ കയറുമ്പോൾ ആണ് ഒരാൾ മുന്നിൽ പോകുന്നത് ശ്രദ്ധിച്ചത്. രൂപവും ഭാവവും നടത്തവും കണ്ടാൽ അറിയാം, മലയാളിതന്നെ.

ഞാൻ കയറാൻ പോയ ലിഫ്റ്റിന് മുന്നിൽനിന്ന് അദ്ദേഹം ചിരിച്ചു.

"മലയാളി ആണല്ലേ? ഏതു നിലയിലേക്കാണ്"? ഞാൻ ചോദിച്ചു.

"ഏതാ നിലയെന്നറിയില്ല, പുറത്തേക്ക് പോകണം".

"മൂന്നാമത്തെ നിലയിൽനിന്ന് പുറത്തേക്കു പോകാം, അത് ഈ കെട്ടിടത്തിൽ നിന്ന് നിങ്ങളെ പുറത്തു പോകാൻ സഹായിക്കും".

"എന്റെ കൈയിൽ ലിഫ്റ്റ് കാർഡ് ഇല്ല, ടോയ്‌ലറ്റ് ഉപയോഗിക്കാൻ മറ്റൊരാൾ സഹായിച്ചു ഇവിടെയെത്തി" അദ്ദേഹം പറഞ്ഞു.

"സാരമില്ല ഞാൻ സഹായിക്കാം" ലിഫ്റ്റിൽ കയറി ഞാൻ മൂന്നമർത്തി.

അദ്ദേഹത്തിന്റെ രൂപവും ഭാവവും കണ്ടപ്പോൾ ഞാൻ ചോദിച്ചു. "എത്ര കൊല്ലമായി ഇവിടെ"

"ഇരുപത്തിയേഴ്"

"ഓ, അപ്പോൾ എനിക്ക് കൂട്ടുണ്ടല്ലേ"

ഞങ്ങൾ രണ്ട്പേരും ചിരിച്ചു. മൂന്നാമത്തെ നിലയിൽ എത്തിയപ്പോൾ മുകളിലേക്ക് പോകാതെ ഞാൻ അദ്ദേഹത്തോടൊപ്പം പുറത്തേക്കിറങ്ങി. ലോബിയിലെ സോഫയിൽ ഇരുന്നു.

അബ്ദു അതാണ് അദ്ദേഹത്തിന്റെ പേര്, പാലക്കാട് സ്വദേശി.

ഞങ്ങൾ പരസ്പരം പരിചയപ്പെട്ടു.

"നാട്ടിൽ പോകണ്ടേ" ഞാൻ ചോദിച്ചു.

"പോയിട്ട് എന്ത് ചെയ്യാനാ" അബ്ദു ഭായ് പറഞ്ഞു.

ഞാൻ ഇവിടെനിന്ന് കുറെ സമ്പാദിച്ചു, നല്ല ജോലിയായിരുന്നു. നാട്ടിൽപോയി അവിടെ ഒരു ബിസിനസ് ആരംഭിച്ചു. അഞ്ചുകൊല്ലം, അപ്പോഴേക്കും ഞാൻ പരിപൂർണ്ണ കടക്കാരനായി, വീണ്ടും ഇവിടേക്ക് തന്നെ തിരിച്ചുവന്നു.

ദാ, അറുപത്തഞ്ചാമത്തെ വയസ്സിൽ ഇവിടെ ടാക്സി ഓടിക്കുന്നു. കടം വീട്ടിക്കഴിയുമ്പോൾ പോകണം, ആരോഗ്യം സമ്മതിക്കുകയാണെങ്കിൽ ഒരു ഓട്ടോറിക്ഷ വാങ്ങി ഓടിക്കണം.

ഇപ്പോൾ തോന്നുന്നു എന്തിനാണ് ഇങ്ങോട്ട് വന്നതെന്ന്, അന്നേ ഒരു ഓട്ടോറിക്ഷ വാങ്ങി ഓടിച്ചിരുന്നെങ്കിൽ നാട്ടിൽ കുടുംബത്തോടൊപ്പം എങ്കിലും ജീവിക്കാമായിരുന്നു.

എല്ലാവരും നന്നായി ജീവിക്കണം, മക്കൾ നന്നായി പഠിക്കണം, എന്ന മോഹം നമ്മളെയെല്ലാം ഈ മരുഭൂമിയിൽ എത്തിച്ചു. എന്തെങ്കിലും സമ്പാദ്യം ഒക്കെ ആയി നാട്ടിൽ ചെറിയ രീതിയിൽ എങ്കിലും ബിസിനസ് ചെയ്തു ജീവിക്കാം എന്ന് കരുതി തിരിച്ചു പോയപ്പോഴാണ്, നാം നാട്ടിൽ ബിസിനസ് ചെയ്തു ജീവിക്കാൻ അയോഗ്യർ ആണെന്ന് തിരിച്ചറിഞ്ഞത്, അപ്പോഴേക്കും പാപ്പരായി.

വണ്ടിയുടെ വളയം പിടിച്ച് ഈ മഹാനഗരത്തിന്റെ തിരക്കിലൂടെ ഓടുമ്പോൾ, ശരീരം തളരരുതേ എന്ന പ്രാർത്ഥനയാണിപ്പോൾ.

നിങ്ങളെക്കുറിച്ചൊന്നും പറഞ്ഞില്ല അബ്ദു ഭായ് പറഞ്ഞു.

"ഈ മാസം കഴിഞ്ഞാൽ ജോലിയുണ്ടോ എന്ന് ഒരു ഉറപ്പുമില്ല, കുറച്ചു വർഷങ്ങളായി മൂമ്മുന്നു മാസം നീണ്ടു കിട്ടുന്ന ജോലി. ജീവിതവും ജോലിയും സമ്മർദ്ദത്തിൽ തുടരുന്ന ദിവസങ്ങൾ. ചിലപ്പോൾ വിഷാദത്തിൽ മുങ്ങിപ്പോകുന്നു എന്ന് തോന്നും. പലപ്പോഴും വലിച്ചെറിഞ്ഞിട്ടു പോകാൻ തോന്നിയിട്ടുണ്ട്, അങ്ങ് പറഞ്ഞതുപോലെ നാട്ടിൽ ചെന്നിട്ട് എന്ത് ചെയ്യാൻ? അവിടെയുള്ളവർക്കുതന്നെ ജോലിയില്ല. ഇവിടെ നിന്ന് പോയവർ പറയുന്നത്, ഇവിടെത്തന്നെ പിടിച്ചുനിൽക്കാനാണ്". ഞാൻ പറഞ്ഞു.

"വാച്ചിലെ നാഴികമണികൾക്കൊപ്പമാണ് നമ്മുടെ ജീവിതം, ഇന്ന് കഴിഞ്ഞോ ഭാഗ്യം! നാളെയുണ്ടോ, പടച്ചോൻ നിശ്ചയിക്കട്ടെ". അബ്ദുഭായി

പറഞ്ഞു. "എന്റെ യാത്രക്കാരൻ എത്തി, വീണ്ടും എവിടെയെങ്കിലും വെച്ച് കാണാം". അബ്ദു ഭായി പറഞ്ഞു.

യാത്ര പറഞ്ഞു പിരിയുമ്പോൾ, വലിയ ആവേശത്തോടെ അദ്ദേഹം എന്നെ കെട്ടിപ്പിടിച്ചു.

അഞ്ചോ പത്തോ നിമിഷങ്ങൾ. അതിനുള്ളിൽ ഞങ്ങൾ ഞങ്ങളുടെ ജീവിതങ്ങൾ അധികം പറയാതെത്തന്നെ തിരിച്ചറിഞ്ഞിരിക്കുന്നു.

മരുഭൂമിയുടെ ജീവിതസ്പന്ദനങ്ങൾ അറിഞ്ഞവർക്ക് തുറന്ന് പറയാതെത്തന്നെ എല്ലാവരുടെയും ജീവിതങ്ങൾ ആഴത്തിൽ തിരിച്ചറിയാൻ കഴിയും.

ലിഫ്റ്റിലേക്ക് നടക്കുമ്പോൾ അബ്ദു ഭായിയുടെ വാക്കുകൾ എന്നിൽ മുഴങ്ങിക്കൊണ്ടിരുന്നു.

"ഇന്ന് കഴിഞ്ഞോ ഭാഗ്യം! നാളെയുണ്ടോ, പടച്ചോൻ നിശ്ചയിക്കട്ടെ".

# സമ്മർദ്ദം

ജീവിതത്തെ പലപ്പോഴും അയാൾക്ക് മുൻകൂട്ടി കാണാൻ കഴിഞ്ഞിരുന്നു. അല്ലെങ്കിൽ അയാളുടെ അന്തഃജ്ഞാനം അയാളുടെ ചിന്തകളെ ശരിയായ ദിശയിൽ നയിച്ചിരുന്നു.

നല്ലതാകട്ടെ, ചീത്തയാകട്ടെ എന്താണ് വരുന്നതെന്ന് അയാളുടെ മനസ്സ് അയാളോട് കൃത്യമായി പ്രവചിച്ചിരുന്നു. എന്നാൽ ആ അന്തഃജ്ഞാനത്തെ എല്ലാവരെയുംപോലെ അയാളും പലപ്പോഴും അവഗണിച്ചിരുന്നു. പിന്നീടു മനസ്സ് പറഞ്ഞപോലെ ആ കാര്യങ്ങൾ നടക്കുമ്പോൾ, അയാൾ അയാളെത്തന്നെ കുറ്റപ്പെടുത്തി. താൻ തന്നെയല്ലാതെ മറ്റാരെയാണ് വിശ്വസിക്കുന്നത് എന്ന് അയാൾ പരിതപിച്ചിരുന്നു.

ഇന്നത്തെ ദിവസം അയാൾക്ക് പ്രധാനപ്പെട്ടതാണ്. ഒരു സുപ്രധാന വാർത്ത വരുന്നതും കാത്തിരിക്കുകയാണ് അയാൾ. കോവിഡിന് ശേഷം ലോകം പഴയപടിയായെങ്കിലും അയാളുടെ ജോലി ഒരു ഉറപ്പും ഉണ്ടായിരുന്നില്ല. ഓരോ മൂന്നുമാസം കൂടുമ്പോൾ വരുന്ന നീട്ടൽ തുടങ്ങിയിട്ട് കുറച്ചധികം കാലമായി. പലപ്പോഴും അവസാനദിനമാണ് വീണ്ടും നീട്ടി എന്നറിയുക.

എന്നാണ് ഇനി ഈ ജോലി കുറച്ചധികം കാലത്തേക്ക് ഉണ്ടാവുക എന്ന് യാതൊരു ഉറപ്പുമില്ല. നീട്ടിയില്ലെങ്കിൽ കഴിഞ്ഞു, കട്ടയും പടവും മടക്കി നാട്ടിലേക്ക് പോകാം.

ആ ദിവസം വരും എന്ന് അയാൾ തിരിച്ചറിയാൻ തുടങ്ങിയിട്ട് ഒരുപാട് നാളായി. എത്രയോ ലക്ഷം പേരാണ് കോവിഡ് കാലത്ത് നാട്ടിലേക്കു കയറിപ്പോയത്. എന്നിട്ടും താൻ പിടിച്ചുനിന്നില്ലേ.

നാട്ടിൽ പോയാൽ തന്റെ തലച്ചോറ് എങ്ങനെ സജീവമായും ക്രിയാത്മകമായും ഉപയോഗിക്കും എന്ന് അയാൾ ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ആ ഗവേഷണത്തിൽ ഒരുപക്ഷെ ഇപ്പോൾ ഒരു പിഎച്ച്ഡി എടുക്കാനുള്ള പഠനമൊക്കെ അയാൾ നടത്തിക്കഴിഞ്ഞു.

പക്ഷെ നാട്ടിൽ പോയ കൂട്ടുകാർ പറയുന്നത് പറ്റിയാൽ നീ ഒരു വിസ ശരിയാക്ക്, നാട്ടിൽ നിന്നിട്ട് ജീവിതം ശരിയാകുന്നില്ല എന്നാണ്.

അത് കേൾക്കുമ്പോൾ അതുവരെ അയാൾ സ്വരുക്കൂട്ടിവന്ന ആത്മവിശ്വാസമൊക്കെ നഷ്ടമാകും.

"ഞങ്ങളോ പെട്ടു, നീയവിടെത്തന്നെ നിന്നാൽ മതി". ആ വാക്കുകൾ ചിലപ്പോൾ ഒരു ആജ്ഞയായും തോന്നിയിരുന്നു.

എങ്കിലും മുമ്പിലേക്ക് വന്ന ഇമെയിൽ അയാൾ വായിച്ചു. അടുത്ത മാസത്തോടെ ജോലി അവസാനിക്കുന്നു.

എത്രതന്നെ തയ്യാറെടുത്തിട്ടും ആ വാക്കുകൾ അയാൾക്ക് വിശ്വാസമായില്ല. നാട്ടിൽ മാത്രമേ ജോലിയിൽ നിന്ന് വിരമിക്കലുള്ളൂ, ഗൾഫിൽ വിരമിക്കലില്ല എന്നാണ് ഓരോ മനുഷ്യനും വിശ്വസിച്ചുറപ്പിച്ചിരിക്കുന്നത്.

ആ വിശ്വാസം മനസ്സിൽ സിമെന്റ് ഇട്ട് ഉറപ്പിച്ചിരിക്കുകയായിരുന്നു. അപ്പോഴാണ് ദാ കത്ത് മുന്നിൽ.

തിരിച്ചു ഒന്നും പറയാനില്ല. ആരും തനിക്കായി വാദിക്കാനുമില്ല.

ഓഫീസിന്റെ വലിയ ജനലിലൂടെ പുറത്തെ വിശാലമായ ലോകം നോക്കി അയാൾ നിന്നു. തന്റേത് എന്ന് കരുതി ഇത്ര കാലം കൊണ്ടുനടന്ന ഒരു ലോകം തന്നിൽനിന്ന് അപ്രത്യക്ഷമാകുന്നു.

നാളെമുതൽ ഉണരുമ്പോൾ ഇനി ദിവസങ്ങൾ എണ്ണിത്തീർക്കാം. കണക്ക് ക്ലാസിൽ താഴോട്ട് അക്കങ്ങൾ എഴുതിപ്പഠിച്ചപോലെ, 31, 30, 29 അങ്ങനെ.

പിന്നിലേക്ക് പോകുന്തോറും മുന്നിൽ എന്തെന്നറിയാത്ത ജീവിതം.

ഇതൊക്കെ താങ്ങാൻ തനിക്കാകില്ലെ? ആകണം. സമ്മർദ്ദങ്ങൾ നേരിട്ടല്ലെ മതിയാകൂ.

ഇനി പുതിയ ജോലിയൊന്നും തേടി നടക്കാനാവില്ല. പുഴയിലേക്കുള്ള വരമ്പ് തീർന്നു. ഇനി വെള്ളത്തിലേക്ക് എടുത്തു ചാടാം, കുളിക്കാം, മുങ്ങാംകുഴിയിടാം. കൈകൾ കുഴയുന്ന വരെ നീന്താം. കര കാണണമെന്നില്ല.

മറ്റൊരാൾ തീരുമാനിക്കുന്ന കാര്യങ്ങളുടെ അടിമകളായി നാം ജീവിക്കുന്നിടത്തോളം ഒന്നും നമ്മുടെ വഴിയേ അല്ല നീങ്ങുന്നത്. അതിനാൽ അവനവന്റെ വഴി അവനവൻ തന്നെ നേരത്തെ കണ്ടെത്തണം. ചിലർക്ക് താൻ അഭിരമിച്ച ജീവിതത്തിൽനിന്ന് പുറത്തുകടക്കാനാണ് പാട്.

പെട്ടി കെട്ടി പേര് ഒട്ടിച്ചു കഴിഞ്ഞപ്പോൾ അയാൾ അയാളോടുതന്നെ ചോദിച്ചു.

ഇനി എന്താ പരിപാടി?

ഇനിയും ജീവിക്കുക. മുമ്പിൽ വരുന്ന കർമ്മമെന്തായാലും ചെയ്യല്ലേ മതിയാകൂ.

കുറച്ചധികം കൊല്ലങ്ങളായി താൻതന്നെ തളച്ചിടുകയായിരുന്നില്ലേ? ഒരുപക്ഷെ ഇനി സ്വയം അഴിച്ചുവിടാനുള്ള സമയമായിരിക്കും.

ജീവിതത്തിൽ എന്തിനും ഒരു കാരണമുണ്ട്.

# തിരിച്ചുപിടിക്കുമ്പോൾ

ഭൂതകാലത്തിലേക്ക് ഓർമ്മകൾ എന്നെ വലിച്ചുകൊണ്ടുപോവുകയായിരുന്നു. എവിടെനിന്നോ പാഞ്ഞുവന്ന കയറുകൾ എന്നെ പിടിച്ചുകെട്ടി, കണ്ണുകൾ അടച്ചുകെട്ടി, പുഴകളുടെ ആഴങ്ങളിലൂടെ, സമുദ്രാന്തർഭാഗങ്ങളിലൂടെ ശ്വാസം മുട്ടിച്ചു, കുതറിത്തെറിക്കാൻ ശ്രമിക്കുന്ന എന്നെ വരിഞ്ഞുമുറുക്കി കൊണ്ടുപോവുകയായിരുന്നു.

അടഞ്ഞ കണ്ണുകളിലൂടെ അബോധമനസ്സ് എന്നിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്നു. കായലും കടലും ചുഴികളും കനത്ത തിരമാലകളും എല്ലാം ഞാൻ തിരിച്ചറിയുന്നുണ്ടായിരുന്നു.

എപ്പോഴൊക്കെയോ എന്റെ കാലുകൾ കടലിന്റെ അടിത്തട്ടിലുള്ള മണലിൽ ഉരഞ്ഞു. ഉപ്പിന്റെ കണങ്ങൾ രക്തത്തിൽ സ്പർശിച്ചപ്പോൾ ശരീത്തിൽ പടർന്നുകയറിയ നീറ്റൽ അസഹ്യമായിരുന്നു.

അവരെന്നെ എത്തിച്ചത് പണ്ട് ഞാൻ ജോലിചെയ്തിരുന്ന ഒരിടത്താണ്. അന്ന് മരുഭൂമിയിൽ വളരെ വലിയ ഒരു നഗരം സൃഷ്ടിക്കുകയായിരുന്നു ഞങ്ങളുടെ ജോലി. വളരെയധികം വെല്ലുവിളികൾ നിറഞ്ഞ പദ്ധതി.

ഞങ്ങൾ അവിടെച്ചെല്ലുമ്പോൾ വെറും മരുഭൂമി മാത്രം. മലകളും കുന്നുകളും പാറക്കെട്ടുകളും ചൂഴ്ന്നിറങ്ങുന്ന മണൽകാറ്റുമാണ് ഞങ്ങളെ വരവേറ്റത്.

നാലുവശവും മലകളും അതിനു നടുവിൽ ഒരു വലിയ സമതലവും. ശത്രുരാജ്യങ്ങൾക്ക് പെട്ടെന്ന് കാണാൻ കഴിയാത്ത ഒരു സുരക്ഷിത നഗരം എന്ന അന്വേഷണം അവിടെയാണ് അവസാനിച്ചത്.

ഞങ്ങൾക്ക് പിറകെ ചങ്ങലകൾ കിലുങ്ങുന്ന ശബ്ദങ്ങളുമായി കൂറ്റൻ ഉപകരണങ്ങൾ കൂട്ടമായി അങ്ങോട്ട് ആർത്തടുത്തു. അവരെല്ലാം ചിന്നം വിളിച്ചലറുന്ന കാട്ടാനക്കൂട്ടങ്ങൾ ആയാണ് ചില സമയത്ത് തോന്നിച്ചത്. ആ കാട്ടാനക്കൂട്ടങ്ങൾ രണ്ടാഴ്ചകൊണ്ട് കുന്നുകളും തോടുകളും പാറക്കൂട്ടങ്ങളും നിറഞ്ഞ ആ പ്രദേശം നിരപ്പാക്കിയെടുത്തു.

ഒരു അമേരിക്കക്കാരൻ ആയിരുന്നു ആ പദ്ധതിയുടെ തലവൻ. എവിടെയും എപ്പോഴും എല്ലാവരെയും ഉത്തേജിപ്പിക്കുന്ന വ്യക്തിത്വം.

അദ്ദേഹത്തിന്റെ വാക്കുകൾ കേട്ടാൽത്തന്നെ മതി, ഒരു മനുഷ്യനിൽ ഉള്ള എല്ലാ ഉത്സാഹതൽപ്പരതകളും ഒന്നിച്ചു മുന്നോട്ട് കുതിക്കും.

പ്രൊജക്റ്റ് മാനേജരുടെ ഓഫീസിലാണ് ഞാൻ ജോലിചെയ്തു കൊണ്ടിരുന്നത്, അതിനാൽത്തന്നെ അദ്ദേഹവുമായി വളരെ അടുപ്പത്തിലായിരുന്നു. എന്നും അദ്ദേഹത്തെ കണ്ട് ഗുഡ് മോർണിംഗ് പറയുന്നതുതന്നെ മനസ്സിന് വളരെ ഉത്സാഹം നൽകിയിരുന്നു. ഓരോ ജോലിക്കാരന്റെയും പരമാവധി കഴിവുകൾ എങ്ങനെ പുറത്തെടുക്കണമെന്ന് അദ്ദേഹത്തിന് നന്നായി അറിയാമായിരുന്നു.

ഒന്നാംവർഷം ആദ്യഭാഗം തുറന്നുകൊടുത്തു വലിയ ഉൽഘാടനം തന്നെ കമ്പനി നടത്തി. അതിനോടനുബന്ധിച്ചു വലിയ ഉത്സവമേളങ്ങളും നടത്തി. രാവേറെ നീണ്ടുനിന്ന പാർട്ടിയായിരുന്നു.

എന്നാൽ അതിന്നിടയിൽ ആ വാർത്ത വന്നു, പാർട്ടിക്കിടയിൽ പ്രൊജക്റ്റ് മാനേജർ തളർന്നുവീണു.

എല്ലാവരും നടുങ്ങിപ്പോയി. പ്രധാനഹാളിൽ എല്ലാവരും വെറുങ്ങലിച്ചു നിൽക്കുന്നു. പെട്ടെന്ന്ത്തന്നെ ആംബുലൻസ് എത്തി. ഡോക്ടർ അദ്ദേഹം മരണപ്പെട്ടതായി പ്രഖ്യാപിച്ചു.

ഞാൻ ഉറക്കത്തിൽനിന്ന് ചാടിയെഴുന്നേറ്റു. കുറെ വെള്ളം കുടിച്ചു ഞാൻ വീണ്ടും കിടന്നു. അദ്ദേഹത്തിനൊന്നും സംഭവിക്കാതിരിക്കട്ടെയെന്ന് മനസ്സ് പ്രാർത്ഥിച്ചു.

അഞ്ചുമണിക്കുതന്നെയല്ലേ അലാറം വെച്ചിരിക്കുന്നതെന്ന് ഒന്നുകൂടെ നോക്കി. വീണ്ടും എപ്പോഴോ ഉറങ്ങിപ്പോയി.

ഫോൺ ബെല്ലടിക്കുന്നത് കേട്ട് വീണ്ടും ഞെട്ടിയുണർന്നു. നാട്ടിൽ നിന്നാരോ വിളിക്കുന്നു. അതിരാവിലെ നാട്ടിൽ നിന്നുള്ള ഫോൺ വിളികൾ എപ്പോഴും നമ്മെ ഭയചകിതരാക്കും.

അപ്പോഴേക്കും ഫോൺ കട്ടായി. ഉണർന്നു ഫോണെടുത്തു നോക്കി. കൂട്ടുകാരനാണ്. തിരിച്ചു വിളിച്ചു. "എടാ ഇന്ന് നിന്റെ പിറന്നാളാണ്, പിറന്നാൾ ആശംസകൾ പറയാൻ വിളിച്ചതാണ്, പിന്നെയാണ് നിന്റെ സമയം രണ്ടര മണിക്കൂർ പിന്നിലാണെന്ന് ഓർമ്മ വന്നത്".

"നന്ദി, ഞാൻ കുറച്ചുകൂടെ ഉറങ്ങട്ടെ" എന്ന് പറഞ്ഞു ഫോൺ വെച്ചു.

അർത്ഥങ്ങൾ അറിയാത്ത ഒരു ദുഃസ്വപ്നം, ഉറക്കത്തിൽ നിന്ന് ഞെട്ടിയുണർത്താൻ ഒരു ഫോൺ കോൾ.

പിന്നെ ഉറക്കം വന്നില്ല, എഴുന്നേറ്റ് കുളിച്ചു, ഒന്ന് നടക്കാൻ ഇറങ്ങി.

നേരം വെളുത്തില്ല, കുളിരിന്റെ പ്രഭാതത്തിൽ തണുപ്പ് കാതുകളെത്തഴുകി കടന്നുപോകുന്നു.

കഴിഞ്ഞുപോയതെല്ലാം മായ്ചുകളഞ്ഞു പുതിയ ദിവസത്തിലേക്ക് നീങ്ങാം. ഓരോ അടി മുന്നോട്ടു വെക്കുംതോറും അയാളിലെ ആത്മവിശ്വാസം കൂടിക്കൂടി വന്നു. താൻ രണ്ടു കാലുകളിൽ നടക്കുന്നു. തനിക്കു കണ്ണ് കാണാം, കാതുകൾ കേൾക്കാം, നന്നായി ശ്വസിക്കുന്നു. മറ്റു ബുദ്ധിമുട്ടുകൾ ഇല്ലാതെ ജീവിക്കുന്നു. സത്യത്തിൽ തനിക്കുള്ളതിനൊക്കെ ജീവിതത്തിനോടും ഈ പ്രകൃതിയോടും നന്ദിയല്ലേ പറയേണ്ടത്?

ആ നടത്തം ഒരു മണിക്കൂറിലേറെ നീണ്ടു. പെട്ടെന്നാണ് ഡിജിറ്റൽ വാച്ചിൽനിന്ന് ആ സന്ദേശം കണ്ടത്, പതിനായിരം അടികൾ നടന്നിരിക്കുന്നു, അഭിനന്ദനങ്ങൾ.

# 6.58 ബദ്ലാപ്പൂർ സെമിഫാസ്റ്റ്

പഴയ ഒരു ഓർമ്മയാണ്, തൊണ്ണൂറുകളിലെ, മുംബൈയിലെ ജീവിതകാലം. ഓർമ്മ പുതുക്കാൻ എന്നവണ്ണം അംബർനാഥിൽനിന്നും ചേച്ചിയുടെ മകൻ വിളിച്ചു, ഒരു പഴയ പുലിയെ സിപി ഉണ്ണികൃഷ്ണൻ സാറിനെ മൊബൈലിന്റെ മുന്നിലേക്ക് തരികയും ചെയ്തു. നിനക്കെന്നെ ഓർമ്മയുണ്ടോ എന്ന ചോദ്യത്തിൽനിന്ന് തുടങ്ങി, പരാതികൾ പറഞ്ഞു.

"കൊല്ലമെത്ര ആയെടാ കണ്ടിട്ട്, നിനക്ക് വല്ലപ്പോഴും ഈ വഴി ഒന്ന് വന്നുകൂടെ, മരണം കാത്തിരിക്കുന്ന വൃദ്ധന്മാർ കുറച്ചുകൂടി ബാക്കിയുണ്ടിവിടെ".

അന്നും ഇന്നും തറച്ചുകയറുന്ന വാക്കുകൾ ഉപയോഗിക്കുന്ന ഉണ്ണികൃഷ്ണൻ സർ. നിഷ്ക്രിയത്വം എന്ന വാക്കിനെ അധികരിച്ചു സർ നടത്തിയ ഒരു പ്രഭാഷണം ഇന്നും ഓർമ്മയിലുണ്ട്, അറിവിന്റെ നിറകുടങ്ങൾ ആയിരുന്നു അവരെല്ലാം. ശരിയാണ് ഇനി എത്രപേരാണ് ബാക്കി, എനിക്കറിയില്ല. എന്നെങ്കിലും വീണ്ടും ഒരിക്കൽ പോകണം, എന്നാണെന്നറിയില്ല. ആ വഴികളിലൂടെയൊക്കെ ഒന്നുകൂടി നടക്കണം. പണ്ട് ജോലി ചെയ്തിരുന്ന കമ്പനിയിൽ ഒന്ന് പോകണം, ആരൊക്കെ ബാക്കികാണുമോ ആവോ?

മൂന്നു പതിറ്റാണ്ടുകളുടെ മാറ്റങ്ങൾ തന്നെ കാത്തിരിക്കുന്നുണ്ട്. അംബർനാഥ് മാത്രമല്ല, എല്ലാ നഗരപ്രാന്തങ്ങളിലൂടെയും ഒന്നുകൂടി യാത്ര ചെയ്യണം. അന്നതിലൂടെ അതിവേഗത്തിൽ സഞ്ചരിച്ചിരുന്ന എല്ലാ മനുഷ്യരെയും തനിക്കിന്നും കാണാൻ കഴിയുന്നു.

ഓർമ്മകൾ പ്രകാശവേഗത്തിലാണ് പിന്നിലേക്ക് സഞ്ചരിക്കുക!

അപ്പോൾ ഞാൻ എപിജിയുടെ ഇടതു കൈ, എന്റെ വലതു കൈയിൽ ബലമായി പിടിച്ചു അംബർനാഥിലെ പ്രശസ്തമായ അയ്യപ്പന്റെ അമ്പലത്തിലേക്ക് നടക്കുകയാണ്. എപിജിക്ക് പ്രമേഹമുള്ളതിനാൽ കുറച്ചു തളർച്ചയുണ്ട്, എന്നാൽ എന്നോടൊപ്പം നടക്കാൻ വലിയ ഇഷ്ടമാണ്, ഒപ്പം നടക്കാൻ എനിക്കും.

എപിജി നടക്കുന്ന ഒരു എൻസൈക്ലോപീഡിയ ആണ്, നെഹ്രുവിന്റെ ആത്മകഥയൊക്കെ കാണാപ്പാഠമാണ്. സാഹിത്യത്തെക്കുറിച്ച് എന്തും

ചോദിക്കാം, എൻ.എൻ. പിള്ളയുടെ നാടകങ്ങളോട് ഭ്രാന്തമായ ആവേശമായിരുന്നു. എപിജിയുടെ കൈകളിൽനിന്ന് അറിവ് എന്നിലേക്ക് പ്രവഹിക്കുന്നത് ഞാൻ അനുഭവിച്ചിട്ടുണ്ട്.

അംബർനാഥ് കേരള സമാജം, മൂന്നു കൊല്ലം അവിടത്തെ പുസ്തകങ്ങളെ പ്രണയിച്ചുനടന്നു. അതൊരു കാലമായിരുന്നു, ഗുരുസ്ഥാനീയരായ ഒരുപാടുപേർ, തിരക്കുപിടിച്ച ജീവിതത്തിൽനിന്നും, കലയും, സംസ്കാരവും, നാടകവും, എഴുത്തും, ജീവിതം തിരിച്ചുപിടിക്കാൻ മത്സരബുദ്ധിയോടെ നടക്കുന്ന ഒരുകൂട്ടം മനുഷ്യർ. എഴുതിത്തീരാത്തത്ര ഓർമ്മകൾനിറഞ്ഞ ജീവിതകാലം. "ഇനി ഞാൻ ഉറങ്ങട്ടെ" എന്ന പുസ്തകം അംബർനാഥിലെ റെയിൽവേ പ്ലാറ്റ്ഫോമിലിരുന്ന് വായിക്കാൻ തുടങ്ങി, പല ലോക്കൽ ട്രെയിനുകൾ വന്നുപോയെങ്കിലും ഞാൻ ഒന്നിലും കയറിയില്ല. വായന തുടർന്നു. അന്ന് ജോലിക്കു പോകാതെ അവിടെയിരുന്നു തന്നെ ആ പുസ്തകം വായിച്ചുതീർന്നു.

വായനകളിൽ മുഴുകി മുടങ്ങിപോകുന്ന യാത്രകൾ അന്ന് ധാരാളമായിരുന്നു. താനെയിലും, കല്യാണിലും, അന്നത്തെ വിക്ടോറിയ ടെർമിനസിലും, മാഹിമിലും, ദാദറിലും ഒക്കെ പുസ്തകങ്ങൾ മാത്രമായിരുന്നു കൂട്ട്. എത്ര തിരക്കിലും അന്ന് വായിക്കാൻ കഴിയുമായിരുന്നു.

അതല്ലെങ്കിൽ ഏത് സാഹചര്യത്തിലും ജീവിക്കാൻ മുംബൈ പഠിപ്പിച്ചുതന്നിരുന്നു.

അഞ്ചുരൂപയുടെയും അഞ്ചുനിമിഷത്തിന്റെയും വില ഒരേപോലെ പഠിപ്പിച്ച മഹാനഗരം.

6.58ന്റെ ബദ്‌ലാപ്പൂർ സെമിഫാസ്റ്റ് വരുന്നതിന്റെ അറിയിപ്പ് വന്നു, ഞാൻ ആനന്ദിന്റെ "ആൾക്കൂട്ടം"എന്ന പുസ്തകം അടയാളം വച്ച് മടക്കി, പ്ലാറ്റ്ഫോമിലെ ഇരുമ്പ് ബെഞ്ചിൽനിന്ന് എഴുന്നേറ്റു.

# യുദ്ധം

എനിക്ക് എന്നോടുതന്നെയാണ് ഏറ്റവും വലിയ വെറുപ്പ്. അതല്ലെങ്കിൽ, മറ്റുള്ളവരിലെ വെറുപ്പിന്റെ ആഴം അളക്കുന്നത് എന്റെ എന്നോടുള്ള വെറുപ്പിന്റെ ആഴം താരതമ്യം ചെയ്താണ്.

നിങ്ങൾക്ക് തോന്നും ഞാൻ എന്താണ് വെറുപ്പിനെക്കുറിച്ച് സംസാരിക്കുന്നതെന്ന്.

സ്നേഹവും പ്രണയവും ഇതേ തോതിൽത്തന്നെയാണ്. ഞാൻ എന്നെത്തന്നെയാണ് കൂടുതൽ സ്നേഹിക്കുന്നതും പ്രണയിക്കുന്നതും.

എല്ലാം എനിക്ക് ഭ്രാന്തമായ വികാരങ്ങൾ ആണ്. സ്നേഹിക്കുകയാണെങ്കിൽ അതിന്റെ പൂർണ്ണതോതിൽ, വെറുക്കുകയാണെങ്കിൽ അതിന്റെ പൂർണ്ണതോതിൽ. രണ്ടിനും ഇടയിലൂടെയുള്ള യാത്രകൾ ഇല്ലെന്നല്ല അതിനർത്ഥം.

പുഞ്ചപ്പാടത്ത് കൃഷിയിറക്കും മുമ്പ്, ആദ്യം വെള്ളം അടിച്ചുവറ്റിക്കും, പിന്നെ വലിയ വരമ്പിലൂടെ നടന്ന്, ഇടവരമ്പിലൂടെ നടന്ന്, വയലിലെ ഉഴുതുമറിച്ച ചെളിയിലേക്കിറങ്ങും. ആ ചെളിയും ജീവിതവും ഒന്നുതന്നെയാണ്. ചവിട്ടിക്കുഴച്ച ചേറിലൂടെ പാടുപെട്ട് കാലുകൾ എടുത്തുവെച്ചു നടക്കുമ്പോൾ. ഉഴുതുമറിഞ്ഞ ജീവിതത്തിന്റെ വിയർപ്പുകൾ നല്ല സൂര്യപ്രകാശത്തിൽ നമ്മിൽനിന്ന് കുടുകുടെ ഒഴുകും. ഒഴുകിപ്പോകുന്ന ഓരോ വിയർപ്പിലും ഒരായിരം നീണ്ട നിശ്വാസങ്ങളുടെ, കടിച്ചമർത്തിയ ജീവിതപ്രതിഷേധങ്ങളുടെ കനവും കനലും നമ്മിൽനിന്ന് ഒലിച്ചുപോകും. ചേറിൽ ഞാറുകുത്തുമ്പോൾ ജീവിതത്തിന്റെ പുതിയ നാമ്പുകൾ ആണ് നാം നടുന്നത്. ഞാറുനട്ടുകഴിയുമ്പോൾ നമ്മുടെ കണ്ണിൽ പ്രകാശം വിരിയുന്നത് നാമറിയുന്നു. ക്ഷീണിച്ചു വയൽവരമ്പിലിരുന്ന് കഞ്ഞികുടിക്കുമ്പോഴും, കഞ്ഞിവെള്ളം മോന്തുമ്പോഴും, ഉഴുതുമറിച്ച പുതിയ ജീവിതത്തിന്റെ പ്രതീക്ഷകൾ നമ്മുടെ ഹൃദയങ്ങളിൽ ത്രസിക്കും. ക്ഷീണിച്ചവശനായി വീട്ടിൽവന്നു കുളിച്ചുറങ്ങുമ്പോൾ നമ്മളിൽ നിന്ന് ഇന്നലെകൾ ഇറങ്ങിപ്പോയിരുന്നു.

ഇന്ന് നമ്മൾ വിയർക്കാറുമില്ല, നന്നായി ഉറങ്ങാറുമില്ല. ഇന്നലെകളിൽ മഥിച്ചു, തനിക്കു നല്ല സുഭിക്ഷമായ, സന്തോഷസുരഭിലമായ,

ജീവിതം നൽകാത്ത തന്നോടും മറ്റുള്ളവരോടും പകയും വിദ്വേഷവും വളർന്നു വളർന്നു തികച്ചും ഏതുനിമിഷവും പൊട്ടിത്തെറിക്കാവുന്ന അഗ്നിപർവ്വതങ്ങൾ മാത്രമാണ് നാം. നിനക്കെന്നോട് സ്നേഹമുണ്ടോ എന്ന് ഒരാളോടും ചോദിക്കാനാവില്ല. കാരണം എന്റെയുള്ളിൽ കരുണ അവശേഷിക്കുന്നുണ്ടോ എന്ന് എനിക്കുതന്നെ സംശയമാണ്.

ആവേശകരമായ വികാരവായ്പ്പുകളിലൂടെ കടന്നുപോകാൻ എനിക്കിഷ്ടമാണ്, അത് എന്നിലെ പ്രാകൃതനെ പുറത്തെടുക്കുന്നു. ജീവിതത്തിന്റെ സങ്കീർണ്ണതകൾ നമ്മെ ആകുലചിത്തരാക്കുന്നുണ്ട്.

അനാവശ്യമായി നൽകിയ സ്വപ്നസുന്ദരലോകം ഒരിക്കലും വരില്ല എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയേണ്ടിയിരിക്കുന്നു. എന്നുവെച്ച് പുരോഗതിയും സമൃദ്ധിയും വരില്ലയെന്നല്ല. വരും, വന്നേ മതിയാകൂ, അതിന്റെ തോത് കുറച്ചുകൂടി കുറഞ്ഞ രീതിയിൽ സ്വപ്നം കാണാൻ നാം പഠിക്കേണ്ടിയിരിക്കുന്നു. ഒന്നും എപ്പോഴും സൗജന്യമായി കിട്ടില്ല, ഭക്ഷണം മാത്രമല്ല, ജീവിതംപോലും. ജീവിച്ചിരിക്കാൻ നികുതികൊടുക്കേണ്ടിവരുന്ന കാലം വിദൂരമല്ല.

സൂത്രധാരന്മാരാണ് ഇപ്പോൾ ചർച്ചകൾ കൊഴുപ്പിക്കുന്നത്, കാണുന്നതും കേൾക്കുന്നതുമല്ല യഥാർത്ഥലോകം. എന്നിലേക്കുള്ള എന്റെ പ്രയാണങ്ങൾപോലും എന്നെ അലോസരപ്പെടുത്തുന്നു. എല്ലാ അലോസരങ്ങൾക്കിടയിലും നിങ്ങൾക്ക് നിങ്ങളെ വിശ്വാസമുണ്ടോ? എനിക്കുണ്ട്.

പുറത്ത് അഞ്ചു കുതിരകളെ പൂട്ടിയ തേര് വന്നുനിന്നത് ഞാനറിയുന്നു. ഇനി യുദ്ധമാണ്. യുദ്ധഭൂമിയിൽ ഞാൻമാത്രമാണ്, എന്നാൽ പട പൊരുതി ജയിക്കേണ്ടതും എന്നോടുതന്നെയാണ്.

# കടൽ

**ജീ**വിത അതിർത്തികൾ തേടി ഓരോ മനുഷ്യനും പാഞ്ഞുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ ജീവിതമുണ്ടെന്ന് അവനറിയാം, പക്ഷെ അതവനവന്റെ ജീവിതമായതിനാൽ അവൻ അത് അവഗണിക്കുകയാണ് പതിവ്.

"എനിക്ക് ഇവിടെനിന്ന് മാറ്റമാണ്, വടക്കേ ഇന്ത്യയിലെക്ക്, ഒരു കേന്ദ്ര ഗവൺമെൻറ് ജീവനക്കാരി ആയതിനാൽ ഞാൻ ഇത് ഏത് നിമിഷവും പ്രതീക്ഷിച്ചിരുന്നതാണ്, നിന്നോട് എങ്ങനെ പറയണമെന്ന് എനിക്ക് അറിയില്ലായിരുന്നു, പിന്നെത്തോന്നി അറിയിക്കാതെ പോകുന്നത് ശരിയല്ലല്ലോ എന്ന്, നീയാണെങ്കിൽ ജോലിസംബന്ധമായി നിരന്തരയാത്രയിലുമായിരുന്നു". അയാളുടെ മുറിയുടെ ജനാലയിൽ പിടിച്ചു കടലിൽനിന്ന് വരുന്ന കാറ്റിനെ ആവാഹിച്ചുകൊണ്ട് അവർ പറഞ്ഞു.

ആരും ബന്ധുക്കാരായി ഇല്ലാത്തതിനാൽ ആരോടും പറയാനില്ല. ഒരു സുഹൃത്ത് എന്നനിലയിൽ നിന്നെ വന്നുകണ്ടു പറയണമെന്ന് തോന്നി. മൂന്നുകൊല്ലം കൂടുമ്പോൾ മാറ്റം ഉറപ്പായതിനാൽത്തന്നെ എവിടെയും ഞാൻ വീടും വാങ്ങിയില്ല. വാടകവീടുകൾ എന്നാൽ എനിക്ക് വലിയ ഇഷ്ടമാണ്. വളരെ വേഗം ഞാനവയോട് പൊരുത്തപ്പെടാറുണ്ട്. മറ്റു ബന്ധങ്ങൾ ഇല്ലാത്തതുകൊണ്ടാകാം, വീടുകളെ ഞാൻ അത്രയേറെ ഇഷ്ടപ്പെടുന്നത്.

ജീവിതത്തിൽ ഇന്നുവരെ ഞാൻ മറ്റൊരാളുടെ മുറിയിലേക്ക് പോയിട്ടില്ല, നിന്റെ ഈ മുറി ഒഴികെ. ചെറുപ്പത്തിൽ ഒരേ ക്ലാസ്സിൽ പഠിച്ചിരുന്നെങ്കിലും നാം സംസാരിച്ചത് ഇവിടെവെച്ച് കണ്ടപ്പോഴാണ്. ധൈര്യത്തോടെ എടാ എന്ന് എനിക്ക് നിന്നെ വിളിക്കാനായി, സധൈര്യം നിന്നോടെന്തും പറയാം എന്ന് വിശ്വാസമായപ്പോഴാണ് ഞാൻ നിന്റെ മുറിയിലേക്ക് വന്നതും.

ഇവിടെ നിന്റെ മുറിയിൽനിന്ന് കാണാവുന്ന കടൽ കണ്ടുനിൽക്കാൻ എനിക്ക് വലിയ ഇഷ്ടമാണ്. നമ്മുടെ മനസ്സുകളെല്ലാം വലിയ കടലുകളാണല്ലോ, അതിന്റെ അടിത്തട്ടിൽ എന്താണെന്ന് നമുക്ക് മാത്രമറിയാം.

പുറമെ കാണുകയും പ്രകടിപ്പിക്കുകയും ചെയ്യുന്ന മനുഷ്യരല്ലല്ലോ നമ്മളാരും. നമ്മുടെ ഉള്ളിൽ ഒരാളെ നാം എപ്പോഴും ഒളിപ്പിച്ചു കൊണ്ടു നടക്കുന്നുണ്ട്. ആരും കാണാത്ത ഒരാൾ. ആരുടെ മുമ്പിലും പ്രദർശിപ്പിക്കാത്ത ഒരാൾ. അയാളാണ് നമ്മുടെ ഉള്ളിലുള്ള യഥാർത്ഥമനുഷ്യൻ.

കഴിഞ്ഞ ആഴ്ച്ച ഞാൻ വാങ്ങിയ ഉടുപ്പ് നിന്റെ മകൾക്കു ഇഷ്ടമായി എന്നറിഞ്ഞതിൽ സന്തോഷം. അവളുടെ ചിത്രങ്ങളിൽ കൈ തഴുകുമ്പോൾ അവളുടെ ചിരി എനിക്ക് അനുഭവിക്കാൻ കഴിയുന്നുണ്ട്. ജീവിതത്തിൽ മകൻ മകൾ എന്നു പറഞ്ഞ് ആരെയും ലാളിച്ചുവളർത്താൻ കഴിഞ്ഞില്ല, എന്നുവെച്ചു ജീവിതത്തോട് എനിക്ക് വെറുപ്പൊന്നുമില്ല.

എന്റെ സ്വാതന്ത്ര്യം മുഴുവനായി അനുഭവിക്കാൻ ഞാൻ ഈ വഴി തിരഞ്ഞെടുത്തു എന്നുമാത്രം. ജോലികളുടെ തുടർച്ചയായ മാറ്റങ്ങൾക്കിടയിൽ ഒരു കുടുംബം വേണമെന്ന് ഞാൻ എപ്പോഴോ മറന്നുപോയിരുന്നു.

എന്തുകൊണ്ട് നിന്റെ മകൾക്ക് എന്റെ പേരിട്ടു എന്ന് ഞാൻ ചോദിക്കുന്നില്ല. ജീവിതത്തിന്റെ മുൻദശകങ്ങളിൽ നാം അറിയാതെയും പറയാതെയും പോയ താൽപര്യങ്ങൾ ജീവിതത്തിൽ ഇന്ന് നമ്മെ ഇവിടെ കൊണ്ടുവന്നു.

ഞാൻ പോകുന്നതിന്റെ തലേ ദിവസം നീ എന്റെ ഓഫീസിലേക്ക് ഒന്ന് വരണം. നിന്റെ മകൾക്കായി ഒരു മാല പണിയാൻ കൊടുത്തിട്ടുണ്ട്. അതൊരു പാലക്കമാലയാണ്. ചെറുപ്പത്തിലേ അങ്ങനെയൊന്ന് വാങ്ങണമെന്ന് എനിക്ക് വലിയ കൊതിയായിരുന്നു. പിന്നെയത് മറന്നു. ആ മാല നിന്റെ മകൾക്ക് ഇഷ്ടമാകും. ഏതൊരു കൗമാരക്കാരിയും ഈ പ്രായത്തിലാണ് നല്ല ആഭരണങ്ങൾ അണിയാൻ ആഗ്രഹിക്കുക. നിനക്ക് ലോട്ടറി അടിച്ച കാശുകൊണ്ട് വാങ്ങിയതാണെന്ന് പറഞ്ഞാൽ വിശ്വസിക്കില്ലേ?

സത്യത്തിൽ ഇപ്പോൾ കുറച്ചുകൂടി നന്നായി ജീവിക്കണമെന്ന് തോന്നുന്നു. സമയം ഒരുപാട് കഴിഞ്ഞുപോയല്ലേ?

തനിയെയുള്ള ഈ യാത്ര പരാജയമാണെന്ന് ഞാൻ ഒരിക്കലും പറയില്ല. ഒരുപാടു സ്വാതന്ത്ര്യം ഉണ്ട്. എന്നാൽ ചിലപ്പോൾ തോന്നും കെട്ടുപാടുകളും അസ്വാതന്ത്ര്യങ്ങളും നിഷേധങ്ങളും വാഗ്വാദങ്ങളും ഒക്കെ ജീവിതം എന്ന ഉത്സവത്തിന്റെ ഭാഗമല്ലേയെന്ന്. അതെല്ലാം ജീവിതത്തിന്റെ കാവടിയാട്ടങ്ങളോ, തകിലടികളോ, ബാന്റുമേളങ്ങളോ ഒക്കെയാണ്.

നിരർത്ഥകമായിരുന്നോ എന്റെ ജീവിതം? അല്ല അല്ലെ? നിന്റെ കഷ്ടപ്പാടുകൾ കാണുമ്പോൾ ചിലപ്പോൾ ഞാൻ അസൂയപ്പെടാറുണ്ട്. മകൾക്ക് ഒരു മാല വാങ്ങികൊടുക്കാൻ നിനക്കിതുവരെ കഴിഞ്ഞില്ലെന്ന് പറഞ്ഞ

പ്പോൾ നിന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു. ആ കണ്ണീരിന് ഒരച്ഛന്റെ സ്നേഹത്തിന്റെ തിളക്കമുണ്ടായിരുന്നു.

മനുഷ്യന്റെ നിസ്സഹായാവസ്ഥകളാണ് ജീവിതം എന്താണെന്ന് കൃത്യമായി നമ്മെ പഠിപ്പിക്കുക.

എല്ലാം നേടിയിട്ടും ഒന്നും എന്റെ കൈകളിൽ ഇല്ല.

കൂടുതൽ നന്നായി ജീവിക്കാമായിരുന്നു, എന്നാൽ സമയം ഇനിയെത്രയുണ്ടെന്ന് നമുക്കറിയില്ലല്ലോ.

ഞാൻ പോകുന്നു. ഞാനിവിടെ വന്നുകൊണ്ടിരുന്നത് ഈ കടലിനെ കാണാനാണ്.

അല്ലെങ്കിൽ ഈ കടൽത്തന്നെയാണ് ഞാൻ, നിഗൂഢമായ കടൽ.

# തടവറകൾ

**പോ**കാൻ മറ്റൊരിടമില്ലാത്തത് മനുഷ്യനെ അവനവന്റെ തടവറയിൽ തളച്ചിടുന്നു.

അയാളും വ്യത്യസ്തമായിരുന്നില്ല. മണലാരണ്യത്തിലെ തുറക്കാൻ പറ്റുന്ന ജനലുകൾ ഇല്ലാത്ത ആ മുറിയിൽ വായു നിലനിർത്തിയിരുന്നത് എയർ കണ്ടിഷൻ യൂണിറ്റ് ആണ്. അതിനാൽത്തന്നെ മുറിയിലേക്ക് കയറിയാൽ ഉടനെത്തന്നെ അയാൾ എസി ഓൺ ചെയ്യും, മുറിയിൽ വായുസഞ്ചാരമായി എന്നുറപ്പാക്കാൻ.

വർഷത്തിൽ ഒരിക്കലോ മറ്റോ ആണ് കറണ്ട് പോയത്, എസി നിന്നതും അയാൾക്ക് ശ്വാസം മുട്ടുന്നതായി തോന്നി, അതിവേഗം വാതിൽ തുറന്നു, ഇടനാഴിയിലൂടെ അയാൾ ആ കെട്ടിടത്തിനുപുറത്തേക്ക് നടന്നു. അയാൾ മാത്രമല്ല ആ വലിയ കെട്ടിടത്തിലെ തമ്മിൽ പരിചയമില്ലാത്ത വിവിധ രാജ്യക്കാരായ മനുഷ്യരെല്ലാം അന്നായിരിക്കാം ആദ്യമായി നേരിൽ കണ്ടിരിക്കുക.

എല്ലാവരും തമ്മിൽ ചിരിച്ചു, ഭൂരിപക്ഷം പേരും ഉടനെത്തന്നെ അവരവരുടെ കാറുകളിൽ കയറി വണ്ടിയും എസിയും സ്റ്റാർട്ട് ചെയ്തു, കുറേപേർ പുറത്തേക്കു വണ്ടിയോടിച്ചു പോയി.

അയാൾ കുറച്ചുനേരം ആ കാർ പാർക്കിങ്ങിൽ നടന്നു. കുറച്ചുപേർ പുകവലിക്കുന്നുണ്ട്, അവരുടെ ശ്രദ്ധ മുഴുവൻ പുകയെടുക്കുന്നതിലും അത് മനോഹരമായി ഊതി വിടുന്നതിലുമാണെന്ന് തോന്നി. ആരോടോ ഉള്ള രോഷം പോലെ അതിശക്തമായി അവർ അകത്തേക്ക് വലിക്കുന്നു, ഒരുപക്ഷെ ഉള്ളിലുള്ള രോഷംകൂടി ചേർത്താകണം പുറത്തേക്കു വിടുന്നത്, കാരണം, പുകയുടെ അവസാനം വളരെ ശക്തിയോടെ അവസാനിപ്പിക്കുമ്പോൾ അവർ സ്വയം ഒരു ആശ്വാസം കണ്ടെത്തുന്നുണ്ട്.

മനുഷ്യർക്ക് ഇപ്പോൾ മറ്റുള്ള മനുഷ്യരെ കാണുന്നത് അലർജിയായോ എന്നുപോലും തോന്നിപോകുന്നു. ആരുംതന്നെ മറ്റാരോടും സംസാരിക്കുന്നില്ല. ശരിയായിരിക്കാം, താനെന്തിനാണ് എന്റെ കാര്യം അന്വേഷിക്കുന്നത് എന്ന ഭാവം എല്ലാ മുഖങ്ങളിലുമുണ്ട്.

എന്താണ് തന്റെ ജീവിതം എന്നതിന് ഒരു ആഖ്യാനം കണ്ടെത്താൻ അയാൾ വളരെ നാളായി പരിശ്രമിക്കുന്നു. കടന്നുപോകുന്ന ഒരു ദിവസത്തിനുപോലും ഒരു വ്യതിയാനവുമില്ല. പുറത്തെ കാലാവസ്ഥാവ്യതിയാനങ്ങൾപോലും താൻ വളരെ വിരളമായേ അറിയാറുള്ളൂ. തണുപ്പായാലും ചൂടായാലും അതയാളെ കാര്യമായി ബാധിക്കാറില്ല. കാലത്തിനൊപ്പം മാറുന്ന കാലചക്രങ്ങൾ.

നാട്ടിലെ ജീവപര്യന്തകാലയളവ് കണക്കാക്കുകയാണെങ്കിൽ താനിപ്പോൾ രണ്ട് ജീവപരന്ത്യം ഒന്നിച്ച് അനുഭവിച്ചുകഴിഞ്ഞിരിക്കുന്നു.

ശരിയാണ്, അവരെപ്പോലെത്തന്നെ തനിക്കും ഇടക്കിടെ പരോളുകൾ ഉണ്ട്. തിരിച്ചുവരും എന്നുറപ്പുള്ള പരോളുകൾ.

കൊലനടത്തിയത് ആരെയെന്ന് ചോദിച്ചാൽ കണ്ണാടിയിൽ കാണിക്കാൻ ഒരാളുണ്ട്, ഒന്നല്ല, രണ്ടുതവണ അയാൾ കൊലചെയ്യപ്പെട്ടുകഴിഞ്ഞു. കൊലചെയ്യപ്പെട്ടതും ശിക്ഷ അനുഭവിച്ചതും അയാൾതന്നെയാണെന്നത് വിരോധാഭാസമായി തുടരുന്നു.

ആരെയും കുറ്റപ്പെടുത്താനില്ല, സ്വയം ഏറ്റെടുത്ത ഈ ജീവിതം എവിടെ വരെ പോകും എന്നൊന്നും ആർക്കും പ്രവചിക്കാനാവില്ല. ഒരു ചെറിയ വൈറസ് ഈ ലോകംതന്നെ രണ്ടുവർഷത്തോളം നിശ്ചലമാക്കി. ഒരു യുദ്ധമാണെങ്കിൽ ഒന്നാം വാർഷികം കഴിഞ്ഞും അതെ നിലയിൽ തുടരുന്നു. അവിടത്തെ നിസ്സഹായരായ മനുഷ്യരെക്കുറിച്ചുള്ള വാർത്തകളെല്ലാം നിലച്ചിരിക്കുന്നു. ദുരന്തങ്ങൾ അനുഭവിക്കുക, അതിന്റെ അവസാനം മരണം പുൽകുക എന്നതായിരിക്കുന്നു അവരുടെ വിധി.

ലോകം മുഴുവൻ മാന്ദ്യത്തിന്റെ പിടിയിലേക്ക് അമരുകയാണെന്ന് നാമെന്നും വായിക്കുന്നു. ദാരിദ്ര്യം തൊട്ടടുത്ത ഗുഹകളിൽ ഒളിച്ചിരിക്കുകയാണ് തക്കസമയത്ത് ഒരു നീരാളിയായി വളർന്ന് ലോകം കീഴടക്കാൻ.

സാമ്പത്തികവിദഗ്ധർ ലോകം ഒരിക്കലും ഒരേ ശ്രേണിയിലുള്ള വളർച്ചയിൽ അല്ലെന്നും, ഉയർച്ചതാഴ്ചകൾ ഒരു യാഥാർത്ഥ്യമാണെന്നും ശക്തിയുക്തം സമർത്ഥിക്കുന്നു. കോവിഡിന് ശേഷം അമ്പത് ശതമാനത്തിന് മുകളിൽ ആളുകൾക്ക് വിഷാദം ബാധിച്ചിട്ടുണ്ടെന്ന് പറയുന്നു. അതിലൊന്നാണോ താനും? അതോ ജീവിതത്തിന്റെ നീരാളിപ്പിടുത്തങ്ങളിൽനിന്ന് തനിക്കിനിയും കുടഞ്ഞെറിഞ്ഞു സ്വാതന്ത്രനാകാൻ കഴിഞ്ഞില്ലെന്നോ? സ്വതന്ത്രനായിട്ട് തന്നെ എന്തിനാണ്? ജീവിതത്തിന്റെ തമാശകൾ നാം എന്നും അനുഭവിച്ചല്ലേ മതിയാകൂ?

# മരുഭൂമിയുടെ വായനകൾ

"ഒട്ടകങ്ങൾക്കെന്തു വായന" അയാൾ പൊട്ടിച്ചിരിച്ചു. അത് നയിക്കുന്ന വഴിയേ പോകുന്നു. മേയാൻ വിട്ടാൽ അതിനു തോന്നുന്നപോലെയും, നമ്മുടെയെല്ലാം ജീവിതംപോലെ. മരുഭൂമി തുറന്നുവെച്ച വലിയൊരു പുസ്തകംപോലെയാണ്. അതിന്റെ വിശാലതയിലേക്കിറങ്ങുമ്പോൾ നാം അത്ഭുതപ്പെടുന്നു. പഴുത്ത് ഉഷ്ണിച്ചുണങ്ങിയ ഈന്തപ്പഴംപോലെ ജീവിതത്തിന്റെ കാർക്കശ്യങ്ങൾ അനുഭവിക്കുകയും, വിയർത്തൊലിച്ചു മരുഭൂമിക്കൊപ്പം പഴുക്കുകയും ചെയ്തു പാകപ്പെടുത്തിയ ജീവിതം.

നാളെ എന്ന സ്വപ്നത്തിലേക്ക് മാത്രമായുള്ള ജീവിതം. ഇന്നുകൾ ഇല്ല എന്നുതന്നെ പറയാം. ഓർമ്മയുടെ ജിന്നുകൾ ബാധിച്ച് ഉറക്കം നഷ്ടമായ ഒരുപാടുപേർ.

ഓരോ മണൽക്കാറ്റിലും അതിന്റെ ചുഴികളിൽ അമർന്നുതീരാൻ അവർ കൊതിക്കാറുണ്ട്. കണ്ണടച്ചു നിൽക്കുമ്പോൾ തന്നിലേക്ക് ഇരച്ചു കയറുന്ന മണൽധാര, മുക്കിലേക്കും ചെവിയിലേക്കും വരെ തുളച്ചുകയറുന്ന മണൽത്തരികൾ.

ഓരോ തരികളും ഉരസുമ്പോൾ ആ മണൽ കാറ്റിന് ആരോടോ കടുത്ത രോഷം ഉള്ളതുപോലെ. അതോ, അത് എനിക്ക് എന്നോട് തന്നെയുള്ള രോഷമാണോ? ആകാം. ഒറ്റപ്പെട്ടുപോയവന്റെ രോദനങ്ങൾ ഓരോ മണൽക്കാറ്റിലും ഉണ്ട്.

ആരും കേൾക്കാതെ ഉള്ളിന്റെയുള്ളിൽ അലറിവിളിക്കുന്ന ഒരു ശബ്ദമുണ്ട്. അന്തരീക്ഷത്തിൽ മുഴങ്ങുന്ന നിശബ്ദനിലവിളികൾ. ആരോടെന്നില്ലാതെ, അവനവന്റെ ജീവിതസാഹചര്യങ്ങളെ പരിതപിച്ചു കേഴുന്ന രോദനങ്ങൾ.

ആകാശത്തേക്ക് അവന്റെ കണ്ണുകൾ പലപ്പോഴും നീളും. "എന്നാണ് താൻ രക്ഷപ്പെടുക" എന്ന ചോദ്യത്തിന് ഒരുത്തരം കിട്ടുവാൻ.

ഉത്തരമില്ല എന്ന് അറിയുന്നതിനാൽ അവൻ അവനവനോട് തന്നെ മന്ദഹസിക്കും.

അങ്ങനെ മന്ദഹസിക്കുവാൻ കഴിയുന്നവൻ ഒരുപക്ഷെ നീണ്ട ചിരികളിലേക്ക് എത്തിച്ചേരും. അല്ലാത്തവർ ഒട്ടകങ്ങളെപ്പോലെ മരുഭൂമിയി>ലേക്ക് നോക്കി നീട്ടി നിലവിളിക്കും.

ഉത്തരങ്ങളില്ലാത്ത അവരുടെ നിലവിളികൾ തുടർന്നുകൊണ്ടേയിരിക്കും.

# മഴവില്ലുകൾ നിറയുമ്പോൾ

**ഫോ**ൺ വിളിക്കുമ്പോൾ ആരെയും കിട്ടാതാകുമ്പോൾ, അയാൾ തന്റെതന്നെ ഒരു ഫോണിൽനിന്ന് അയാളുടെതന്നെ മറ്റൊരു ഫോണിലേക്കു വിളിക്കും, ഫോണുകളും നെറ്റ്‌വർക്കും ഒക്കെ ശരിയല്ലേ എന്ന് നോക്കാൻ. പിന്നെ വിളിച്ചവരൊക്കെ തിരക്കിലാണെന്നു അയാൾ സമാധാനപ്പെടും! മനുഷ്യനല്ലേ, ചില സമയത്ത് അയാൾ വിഷാദത്തിലേക്കു വീണുപോകും. കുതറിമാറാൻ അയാൾ പലപ്പോഴും ശ്രമിക്കാറുണ്ട്. നീണ്ട ഒരു നടത്തമോ, നീണ്ട ഒരു യാത്രയോ, ചിലപ്പോൾ അയാൾക്ക് അയാളിലെ വിഷാദങ്ങളിൽനിന്ന് മോചനം കൊടുക്കാറുണ്ട്!

ചിലപ്പോൾ അയാൾ തിരക്കുള്ള മാളിലേക്കിറങ്ങും, അവിടത്തെ തിരക്കിൽ ഒറ്റപ്പെടുമെങ്കിലും, ആരൊക്കെയോ എന്തൊക്കെയോ അരികിലൂടെ ഒഴുകിനടക്കുന്നതായി അയാൾക്കുതോന്നും. അയാൾ തിരയുന്ന മുഖങ്ങൾ കാണാത്തതുകൊണ്ട്, അയാൾ വീണ്ടും തന്നിൽ നിന്നുള്ള കുതറിമാറ്റങ്ങളിൽ പരാജയപ്പെടുന്നു.

ചൂടുഭക്ഷണത്തിന്റെ കൗണ്ടറിനു മുന്നിൽ അയാൾ കുറെ നേരം നിൽക്കും, അതിൽനിന്നുയരുന്ന സ്വാദിന്റെ വൈവിധ്യമാർന്ന ഗന്ധങ്ങൾ ആസ്വദിക്കുമ്പോൾ അയാളിൽ ചില മാറ്റങ്ങൾ വരും. നിരന്നിരിക്കുന്ന ഭക്ഷണങ്ങളിൽ എന്തെടുക്കണം എന്നറിയാതെ അയാൾ കുഴങ്ങും. എന്നാൽ ഒരു വൈവിധ്യത്തിനും ശ്രമിക്കാതെ, അറിയുന്ന എന്തെങ്കിലും ഭക്ഷണമെടുത്ത് അയാൾ പുറത്തിറങ്ങും.

മാളിലെ വാട്ടർ ഫൗണ്ടൻ ആണ് അയാൾക്ക് ഏറ്റവും ഇഷ്ടമുള്ള ഇടം. മുകളിലെ നിലയിൽനിന്നും താഴേക്ക് വർത്തുളാകൃതിയിൽ പൊഴിയുന്ന വെള്ളത്തിൽ സ്വാഗതം എന്ന് ഇംഗ്ലീഷിൽ വിവിധ വർണ്ണങ്ങളിൽ പെയ്തിറങ്ങുന്ന ഒരു മഴപോലെ. അതിനു മഴവില്ലിന്റെ നിറമാണെന്നു പിന്നീടാണ് അയാൾ തിരിച്ചറിഞ്ഞത്. വണ്ടിയിലേക്ക് കയറുമ്പോൾ ആ മഴവില്ലു മാത്രമായിരുന്നു അയാളുടെ ഉള്ളിൽ.

മുറിയിൽ വന്നു ഉറക്കത്തിലേക്കു നടന്നടുക്കുമ്പോൾ, നാട്ടിൽ വിശാലപുഞ്ചപ്പാടത്തിന്റെ കിഴക്കേ മാനത്ത് ഏഴുവർണ്ണങ്ങളിൽ വിരിഞ്ഞുനിൽക്കുന്ന മഴവില്ലുകളുടെ ഒരു സ്വപ്നത്തിലേക്ക് അയാൾ വഴുതിവീണു.

# തിരിച്ചുപോകുന്നവർ

**റാം** ബഹാദൂർ റാണ, എയർപോർട്ടിലെ കൗണ്ടറിൽനിന്നും പാസ്സ്പോർട്ടിൽ എക്സിറ്റ് സ്റ്റാമ്പടിച്ചു, തിരിഞ്ഞുനിന്ന് കൈവീശി. റാണ രക്ഷപ്പെട്ടിരിക്കുന്നു!

വന്നിട്ടു വെറും രണ്ടു വർഷമേ ആയുള്ളൂ. നേപ്പാളിലെ ഏതോ ഗ്രാമത്തിൽനിന്നാണ്. കാഠ്മണ്ഡുവിൽ ഇറങ്ങി, പിന്നെ ഒരു ദിവസത്തോളം ബസ്സിൽ മലകയറി പോകണം.

എന്തെ പോകാൻ തീരുമാനിച്ചെ? എക്സിറ്റ് ഇന്റർവ്യൂവിന്റെ ഭാഗമായും, വ്യക്തിപരമായും ഞാൻ ചോദിച്ചു.

റാണയെ എനിക്കു വലിയ ഇഷ്ടമായിരുന്നു. നല്ല വൃത്തിയും വെടിപ്പുമുള്ള വ്യക്തി. ഒരാൾ എന്തിനാണ് തന്നെ സമീപിക്കുന്നതെന്ന് തിരിച്ചറിയാനുള്ള വിവേകം അവനിലുണ്ടായിരുന്നു. ഒരു ഓഫീസ്ബോയ് എങ്ങനെയായിരിക്കണം എന്ന് ഇതുവരെ ഒന്നും പഠിപ്പിക്കേണ്ടി വന്നില്ല. ഒരിക്കലും ദേഷ്യപ്പെടേണ്ടിയും വന്നില്ല.

നാട്ടിൽ പോകണം സർ, പണമൊന്നും ഉണ്ടായിട്ടല്ല, നാട്ടിൽ പോയി കൃഷി ചെയ്യും, പറ്റിയാൽ ചെറിയ മറ്റു പണികൾ കണ്ടെത്തണം. മകനെ സ്കൂളിൽ കൊണ്ടുപോകണം, ഒപ്പമിരുന്നു പഠിപ്പിക്കണം, അവനൊടൊപ്പം കളിക്കണം. അച്ഛന്റെയും അമ്മയുടെയും, ഭാര്യയുടെയും കൂടെ അവരുടെ കാര്യങ്ങൾ ഒക്കെ നോക്കിനടത്തണം.

ഒരുനിമിഷം ഞാൻ വിറങ്ങലിച്ചിരുന്നുപോയി. രണ്ടര പതിറ്റാണ്ടുകാലം കഴിഞ്ഞിട്ടും, ഞാനീ തീരുമാനമെടുത്തില്ല. റാണയെപ്പോലെ രണ്ടു കൊല്ലത്തിനായി വന്നതാണ് ഞാനും!

നാളെ എന്ന ഭയം മാത്രമാണ് എന്നെ നയിക്കുന്ന എന്റെ ജീവിതവിചാരം!

രണ്ടു കൊല്ലം, പിന്നെ പത്തായി, ഇരുപതായി, ഇപ്പോഴും തുടരുന്നു...

"ജിത്തേ രെഹോ ബേട്ടാ റാണ" യാത്രക്കാരുടെ ഭാഗത്തേക്ക് കടക്കുമ്പോൾ കെട്ടിപ്പിടിച്ചു പറഞ്ഞു. നാട്ടിൽചെന്ന് നിന്റെ നമ്പർ അയയ്ക്കണം, ഞാൻ വരും, നിന്റെ നാടൊക്കെ കാണാൻ.

ഇതേ വാക്കുകൾ ഞാൻ എത്രയോ പേരോട് പറഞ്ഞിരിക്കുന്നു.

കയ്യിലെടുത്ത സാധനങ്ങളുടെ ചെക്കിങ് കഴിഞ്ഞു, റാണാ ഒന്നുകൂടി കൈകൾ വീശി. ഞാൻ അവന് എല്ലാ ആശംസകളും അനുഗ്രഹങ്ങളും നേർന്നു.

റാണ രക്ഷപ്പെട്ടിരിക്കുന്നു, എന്നാണ് ഞാൻ രക്ഷപ്പെടുക?

# ഓർമ്മകളുടെ ഉത്സവങ്ങൾ

വടക്കേപുറത്തുനിന്ന് നാരായണി അമ്മൂമ്മ ഓല കെട്ടിയിറക്കിയ പുറത്തെ അടുക്കളയിലേക്കു നടന്നു. അടുക്കളയുടെ മേൽക്കൂരയിലെ ഓലക്കീറിനിടയിൽ തിരുകിവച്ച ഓരോരോ അരിവാളുകളായി എടുത്തു. ചെറിയ കരിങ്കല്ലുകൾ കൊട്ടിയുണ്ടാക്കിയ കരിങ്കൽപ്പൊടിയെടുത്തു അമ്മിക്കല്ലിന്റെ വശങ്ങളിൽ ചെറുതായി വിതറി. അരിവാളുകൾ അമ്മി ക്കല്ലിന്റെ വശങ്ങളിൽ കരിങ്കൽ പൊടിയോട് ചേർത്ത് തേച്ചു മൂർച്ചകൂട്ടി. കഴിഞ്ഞ കൊയ്ത്തുകഴിഞ്ഞ് എടുത്തുവെച്ചതാണ്. എങ്കിലും, കുറച്ചു തേച്ചപ്പോഴേക്കും തിളക്കവും മൂർച്ചയും തിരിച്ചുവന്നു. അതിന്റെ തിളക്കം നാരായണി അമ്മൂമ്മയുടെ കണ്ണുകളിൽ കാണാമായിരുന്നു.

നാളെ കൊയ്യുന്നത് 90, 100 ദിവസത്തെ വിയർപ്പാണ്. വെള്ളം വറ്റിച്ചു, പാടം പാകമാക്കി, വിത്തെറിഞ്ഞു, ഞാറു പറിച്ചു നട്ട്, തുടർച്ച യായി വെള്ളവും വളവുമിട്ട്, പുഴു വന്നോ, ചാഴി വന്നോ എന്നൊക്കെ കണ്ണിമയ്ക്കാതെ നോക്കി വളർത്തിയ നെൽച്ചെടികൾ കൊയ്തെടുക്കാൻ സമയമായിരിക്കുന്നു.

നാളേക്ക് പാടാനുള്ള കൊയ്ത്തുപാട്ടുകൾ ഒന്നുകൂടെ ഓർത്തെടു ത്തു. ഉറക്കം വന്നില്ല, എന്താ നേരം വെളുക്കാത്തെ എന്ന് ആധിപൂണ്ടു. പാതിരകഴിഞ്ഞു എപ്പോഴോ ഒന്ന് മയങ്ങി.

കോഴി ആദ്യം കൂവിയപ്പോൾത്തന്നെ എഴുന്നേറ്റു, കുളിച്ചു. ചുമരിൽ തൂക്കിയിരുന്ന ദൈവങ്ങളുടെ മുന്നിൽ വിളക്ക് വെച്ചു പ്രാർത്ഥിച്ചു, "ഈശ്വരാ എല്ലാവരെയും രക്ഷിക്കണേ".

ചായ വെച്ച് കുടിച്ചു നേരം വെളുക്കുന്നതിന് കാത്തിരുന്നു. ഇത്തവണ തണ്ടാര് പാടത്ത് എത്തുന്നതിന് മുമ്പേ തെക്കുനിന്നു കൊയ്ത്തുതുട ങ്ങണം.

തണ്ടല് വളഞ്ഞു കൂടിയെങ്കിലും നേരം വെളുത്തതും വീറോടെ അരിവാളുമായി അവർ പാടത്തേക്കു നടന്നു.

എന്നാൽ പാടത്ത് കണ്ട കാഴ്ച അവരെ തളർത്തി, അവരെത്തുന്നതിന് മുമ്പേ ആ പാടം കൊയ്ത്തുകഴിഞ്ഞിരിക്കുന്നു. ഭീമാകാരനായ ഒരു യന്ത്രം പാടത്ത് ഭ്രാന്തനെപ്പോലെ ഓടിനടന്നു കൊയ്യുകയാണ്.

ഒന്നും മിണ്ടാതെ അവർ തിരിഞ്ഞുനടന്നു, തന്റെ പാടം തനിക്കു നഷ്ടമായിരിക്കുന്നു. നെഞ്ചിൽ നീറുന്ന വേദനയുമായി നിറഞ്ഞ കണ്ണുകളുമായി അവർ നടന്നു.

പോകുന്ന വഴിക്കാണ് തണ്ടാരുടെ വീട്. അങ്ങോട്ട് ഒന്ന് കയറി. പുറത്ത് ആരുമില്ല. പണ്ട് കൊയ്ത്തുദിനങ്ങൾ ഒച്ചയും ബഹളങ്ങളും നിറഞ്ഞതായിരുന്നു. "ഭാഗ്യം, കൊയ്ത്തുമെഷീൻ ഇന്ന് വന്നത്, കൊയ്ത്ത് ഇന്ന് ഉച്ചയോടെ തീരും. പണ്ടത്തെപ്പോലെ പണിക്കാരെയൊക്കെ വിളിച്ചു കൊയ്യുകയാണെങ്കിൽ ഒരാഴ്ചയെടുത്തേനേ" എന്ന് വീടിന്നകത്തു നിന്നാരോ പറഞ്ഞു.

നാരായണി അമ്മൂമ്മ ആ വീടിന്റെ തെക്കേ ഭാഗത്തേക്ക് നടന്നു. തണ്ടാരെ അടക്കിയ മണ്ണിന് മുമ്പിൽ ഒരു നിമിഷം നിന്നു. "പാടത്തുണ്ടാവുമെന്നു കരുതി, കണ്ടില്ല. നേരത്തെ പോയത് നന്നായി തണ്ടാരെ, ഇതൊന്നും കാണേണ്ടല്ലോ"

# വാഴയിലയിലെ ചോറ്

വാഴയിലയിലെ ചോറ് കഴിക്കണമെന്നു കുറച്ചു നാളായി സുഹൃത്ത് പറഞ്ഞുതുടങ്ങിയിട്ട്. പല കാരണങ്ങൾകൊണ്ട് നീണ്ടുപോയി. ബത്ത വരെ വണ്ടി ഓടാൻ കുറച്ചു ദൂരമുണ്ട്, പിന്നെ തിരക്കും. എങ്കിലും ഈ ശനിയാഴ്ച അതിനായി തിരഞ്ഞെടുത്തു.

വാഴയിലയിൽ ചോറ് വിളമ്പുമ്പോൾ കുറച്ചു നിമിഷത്തേക്കെങ്കിലും വീട്ടിലെത്തും. മരുഭൂമിയിൽനിന്നുള്ള ഒരു ചെറിയ രക്ഷപ്പെടൽ. ചെറുകറികൾ ഓരോന്നായി ഇലയിൽ വീഴുമ്പോഴേ രുചിയറിയാനുള്ള തിരക്കായി, ചോറ് വിളമ്പി സാമ്പാർകൂടി ഒഴിക്കുമ്പോൾ ഉണ്ടാകുന്ന ഒരു നിറവുണ്ട്, അത് മനസ്സിന്റെ നിറവാണ്. അതിനിടയിലാണ് അടുത്ത മേശയിൽ ഇരിക്കുന്ന ഒരാളുടെ കീശയിലേക്കു കണ്ണുകൾ പാഞ്ഞത്. ഒരു വിമാനടിക്കറ്റ്, ആ കീശയിൽ പുറത്തേക്കു തള്ളിനിൽക്കുന്നു. ഞാൻ നാട്ടിലേക്കു പോകുന്നു എന്ന ഒരു വിളംബരംപോലെ.

അദ്ദേഹത്തിന് വയസ്സായിരിക്കുന്നു. നാട്ടിൽ പോകുന്ന സന്തോഷം ആ മുഖത്ത് നിറഞ്ഞുനിന്നിരുന്നു.

ടിക്കറ്റ് കീശയിൽ ഇരിക്കുന്നതിനാൽത്തന്നെ അതിലൂടെ നടന്നുപോയവരെല്ലാം ഒരേ ചോദ്യം ചോദിച്ചു, നാട്ടിൽ പോവുകയാണോ, അതെ ഇന്ന് രാത്രി.

എല്ലാം തീരുമാനിച്ചോ? എതിരെ ഇരുന്നയാൾ ചോദിച്ചു. മതിയെടോ, മൂന്നു പതിറ്റാണ്ടായി, ഇനി തിരിച്ചില്ല.

കാലം വൈറസ് ആയും, മറ്റ് രോഗങ്ങളുമായും ചുറ്റിലുമുണ്ട്, ഇനിയും ഒരു മടക്കയാത്ര വയ്യ.

ചോറ് ഇടണോ, വിളമ്പുന്ന ആൾ അയാളോട് ചോദിച്ചു. വേണ്ട ഇത് മതി. പായസവും കുടിച്ചു, കൈകൾ കഴുകി, തിരിച്ചു വണ്ടിയോടിക്കുമ്പോൾ അയാൾക്ക് ഒരേയൊരു ചിന്തയെ ഉണ്ടായിരുന്നുള്ളൂ.

എന്നാണ് തന്റെ മടക്കയാത്ര?, തിരിച്ചുവരാത്ത മടക്കയാത്ര?

# ഫറോക് ഒരോർമ്മ

തൃശൂർ റെയിൽവേ സ്റ്റേഷനിലേക്ക് വണ്ടിയിൽ കൊണ്ടുവിടാമെന്ന് മാമനും രമേശും പറഞ്ഞതാണ്, എന്തോ ബസ്സിൽ പോകാം എന്നു തോന്നി. പടിഞ്ഞാറേ റോഡിൽ നിൽക്കുമ്പോൾ വണ്ടി പതിവിലും വൈകി. വണ്ടി തെക്കോട്ടു പോയിട്ടുണ്ടെന്നു സ്റ്റോപ്പിൽ ഇരുന്ന ഒരു യാത്രക്കാരി പറഞ്ഞു. തെക്കോട്ടു പോയിട്ടുണ്ടെങ്കിൽ വടക്കോട്ടു വരും, എങ്കിലും ഓരോ നിമിഷവും ഞാൻ അക്ഷമനായിരുന്നു, കാരണം പന്ത്രണ്ട് ഇരുപത്തഞ്ചിന് പരശുറാം എക്സ്പ്രസ്സ് തൃശൂർ വിടും. സമയം പതിനൊന്നു പതിനഞ്ചായിരിക്കുന്നു. ഇനി വണ്ടി വിളിച്ചാൽത്തന്നെയും വൈകാം.

തിരക്ക് കുറഞ്ഞ വഴി ആയതിനാൽ ബസ്സുകാർക്ക് കുറച്ചു വൈകിയാലും കുഴപ്പമില്ല. മേൽക്കൂര മുറിച്ചു മാറ്റിയ ആ ബസ്റ്റോപ്പിൽ ആരും അക്ഷമരായിരുന്നില്ല, ഞാനൊഴികെ, ഒരു ചേച്ചി അതിനിടക്ക് മറന്നു വച്ച എന്തോ വീട്ടിൽ പോയി എടുത്തു തിരിച്ചെത്തുകയും ചെയ്തു.

വണ്ടി വരുന്നതുംകാത്തു, ഞാൻ തെക്കോട്ടു നോക്കിയിരിക്കുകയാണ്. പെട്ടെന്ന് എല്ലാവരും എഴുന്നേറ്റു, ബസ് വളവ് തിരിഞ്ഞിരിക്കുന്നു. എത്തിയല്ലോ ഭാഗ്യം.

വണ്ടിയിൽ വളരെ കുറച്ചു പരിചിതമുഖങ്ങൾമാത്രം. ഉത്തരവാദി ഞാൻ മാത്രമാണ്, കാൽ നൂറ്റാണ്ടിൽ അധികമായിരിക്കുന്നു പ്രവാസം!

അപരിചിതത്വം ഒരു നീരാളിപോലെ എനിക്ക് ചുറ്റുമുണ്ട്. എങ്കിലും ഞാൻ എല്ലാവരോടും മന്ദഹസിക്കാൻ ശ്രമിച്ചു പരാജയപ്പെട്ടു. യാത്രക്കാരെല്ലാം അവരവരുടെ ലോകത്തായിരുന്നു.

നീണ്ട പ്രവാസം ഒരു തമാശയല്ല. തിരിച്ചുപിടിക്കാൻ ശ്രമിക്കുന്തോറും, അറുത്തു മാറ്റപ്പെടുന്ന ബന്ധങ്ങളും ബന്ധനങ്ങളും പ്രവാസിക്ക് എന്നും ഒരു പ്രഹേളികയാണ്. തന്റെ പഴയ ഇടവഴികളിലും, പാടവരമ്പുകളിലും സ്കൂൾ മുറ്റത്തും, അമ്പലങ്ങളിലും, പള്ളികളിലും അവൻ കൊത്തിക്കിളക്കുന്നത്, സാകൂതം നോക്കി നിൽക്കുന്നത്, അതിന്നടിയിൽ കിടക്കുന്ന ഓർമ്മകൾ എന്നെങ്കിലും പൊങ്ങിവരും എന്ന് കരുതിയാണ്.

കോടംകുളം എത്തിയപ്പോൾ കിഴക്കുനിന്നും ഒരു ചേച്ചി ഓടി വരുന്നു. അടുത്ത വണ്ടിക്കു ഇനിയും ഒരു മണിക്കൂർ കാക്കണം. വണ്ടി അവർക്കായി കാത്തുനിന്നു. എന്നിലെ അക്ഷമ കൂടിക്കൂടിവന്നു.

പതിനൊന്ന് മുക്കാലോടെ ഉന്തിയും തള്ളിയും, എനിക്ക് യാതൊരു തിരക്കുമില്ല, നിങ്ങള്ക്ക് തിരക്കുണ്ടെങ്കിൽ എനിക്കതൊരു പ്രശ്നമല്ല എന്ന നിലക്ക് വണ്ടി ഇരിഞ്ഞാലക്കുടയിൽ എത്തി.

ബസ്സ്സ്റ്റാന്റിലേക്കു വളഞ്ഞു തിരിയുമ്പോൾ ഒരു തൃശൂർ ലിമിറ്റഡ് സ്റ്റോപ്പ് തൊട്ടു മുന്നിൽ, എന്നാൽ ചാടി ഇറങ്ങാനോ, ചാടിക്കയറാനോ ആയില്ല.

ഇന്ന് എന്റെ ദിവസമല്ലെന്നു തോന്നി. ബസ് സ്റ്റാൻഡിൽ ഇറങ്ങിയപ്പോൾ തൃശൂർ ഓർഡിനറി നിൽക്കുന്നു. എന്തായാലും അടുത്ത ലിമിറ്റഡിന്റെ കാക്കാം. രണ്ട് ഓർഡിനറി പോയി, ലിമിറ്റഡിനെ കാണുന്നില്ല.

പതിനൊന്നു അമ്പത്തിനു ഒരു ബസ്സു വന്നു. ഭാഗ്യത്തിന് സീറ്റ് കിട്ടി. മോശമല്ലാത്ത വേഗത്തിലാണ് വണ്ടി പോയത്. ഓരോ പോയിന്റ് കടക്കുമ്പോഴും, ഞാൻ വാച്ചിൽ നോക്കി. പന്ത്രണ്ടു ഇരുപത്തഞ്ചും എന്റെ യാത്രയും ബസ്സിന്റെ വേഗവും ചന്ദ്രനിലേക്ക് പോകാൻ ഇസ്രോ കൗണ്ട് ഡൗൺ ചെയ്യുന്ന പോലെ, ഞാൻ ഓരോ നിമിഷവും, സമയം അളന്നു കൊണ്ടിരുന്നു.

പെരുമ്പിള്ളിശ്ശേരി എത്തുന്നതിനുമുമ്പേ ഞങ്ങൾ രണ്ട് ഓർഡിനറി ബസ്സുകളെയും മറികടന്നു. കൂർക്കാഞ്ചേരിയിൽ എത്തിയപ്പോൾ പതിവ് വഴിതടസ്സം. എങ്ങനെയൊക്കെയോ വിദഗ്ധമായി വണ്ടികടന്നു, കൊക്കാലെയിലെ വഴി തടസ്സത്തിന് കാത്തുനിൽക്കാതെ വണ്ടിനിർത്തിയ ഇടത്തുനിന്ന് ഓട്ടോ പിടിച്ചു. സമയം പന്ത്രണ്ട് ഇരുപത്. അഞ്ചു നിമിഷം മാത്രം, അതിനിടയിൽ ടിക്കറ്റ് എടുക്കണം.

ടിക്കറ്റ് കൗണ്ടറിനു മുന്നിൽ ഒരു പൂരത്തിന്റെ ജനക്കൂട്ടം. കണ്ണുകൾ അടച്ചു ഞാൻ വരിയിൽ നിന്നു, പല വണ്ടികൾ പോകുന്നതിന്റെയും വരുന്നതിന്റെയും വിളിച്ചറിയിപ്പുകൾ മുഴങ്ങുന്നു. മുന്നിൽ കയറാൻ ശ്രമിച്ച ഒരാളോട് എല്ലാവരും ആക്രോശിച്ചു. മാവേലിക്കാ, വണ്ടി ഇപ്പോ വരും. മറ്റുള്ളവർ പറഞ്ഞു, ഞങ്ങളും മാവേലിക്കാ, പറയുന്നതിനിടയിൽ മാവേലി ഒന്നാം നമ്പർ പ്ലാറ്റുഫോമിൽ വന്നുനിന്നു.

കൗണ്ടറിലെ ആൾ ഒരു വിദഗ്ധനായിരുന്നു, എത്ര പെട്ടെന്നാണ് മുന്നിലെ ആളുകൾ ഒഴിയുന്നത്.

ഒരു ഫറോക്, ഞാൻ പറഞ്ഞു. ടിക്കറ്റ് എടുത്തു, രണ്ടാം നമ്പർ പ്ലാറ്റുഫോമിലേക്കു ഓടി. നിറയെപ്പേർ മേൽപ്പാലത്തിലെ പടികളിൽ മറ്റുള്ളവർക്ക് വേഗത്തിൽ കയറിപ്പോകാനാകാതെ ഇരിക്കുന്നു.

രണ്ടാം നമ്പർ പ്ലാറ്റുഫോറം നിറഞ്ഞുകവിഞ്ഞിരിക്കുന്നു, വീർപ്പുമുട്ടുന്ന യാത്രക്കാർ. ഒരു കുപ്പി വെള്ളം വാങ്ങി ഒന്നിരുന്നപ്പോൾ വിളിച്ചറിയിപ്പുവന്നു. രണ്ടാം നമ്പർ പ്ലാറ്റുഫോറത്തിൽ മംഗള എത്തുന്നു. തിരക്ക് കണ്ടപ്പോൾ ഞാൻ മാറി നിന്നു. മംഗള പോയതും, പ്ലാറ്റഫോറം ഏതാണ്ട് കാലിയായി.

പിന്നെ വന്നത് വേണാട് ആണ്. ഒരു തിരക്കുമില്ലാതെ, ഒഴിഞ്ഞ കസേരകളുമായി വേണാട് വന്നുനിന്നു. എന്തായാലും ഷൊർണൂർവരെ വേണാടിൽ പോകാം. ബാക്കി പരശുവിൽതന്നെ, പരശു പിറകെവരുന്നുണ്ടല്ലോ.

തീവണ്ടിക്കാഴ്ചകൾക്ക് ഒരിക്കലും അവസാനമില്ല. വീടുകളും, നാടുകളും പിന്നിലേക്കാക്കി വേണാട് മുന്നോട്ടു കുതിച്ചു. ഭാരതപ്പുഴയിൽ നിറയെ വെള്ളമുണ്ട്. പുഴയിൽനിന്ന് വന്ന കാറ്റിന് നദിയുടെ തണുപ്പുണ്ടായിരുന്നു, മണമുണ്ടായിരുന്നു. എന്നെ വിട്ടു നീ എങ്ങോട്ടാണ് പോകുന്നതെന്ന് കാറ്റു ചോദിച്ചു ഉത്തരമില്ലാതെ, ഞാൻ പുഴയിൽ കണ്ണുനട്ടിരുന്നു.

ഷൊർണൂർ ഇറങ്ങുമ്പോൾ നാലാം നമ്പർ പ്ലാറ്റഫോറത്തിൽ ചെന്നൈ മംഗലാപുരം വണ്ടി കിടക്കുന്നുണ്ടെന്നറിഞ്ഞു. സീറ്റ് നോക്കി നടക്കുന്നതിനിടയിൽ ഒരു ടിക്കറ്റ് എക്സാമിനറിനെ കണ്ടു. ഫറോക്കിൽ നിർത്തുമോ, ഞാൻ ചോദിച്ചു. നിറുത്തും, കയറിക്കോ, റിസർവേഷൻ ഞാൻ എഴുതിത്തരാം. വണ്ടി ഇളകി, പിറകെ ടിക്കറ്റ് എക്സാമിനറും വന്നു. ആളെക്കണ്ടതും, ആ ബോഗിയിൽനിന്നും ഭൂരിപക്ഷം പേരും അപ്രത്യക്ഷരായി.

പുഴകൾക്കും, തോടുകൾക്കും, വയലുകൾക്കും, പച്ചപ്പിനും ഇടയിലൂടെയുള്ള യാത്ര, ഓടിമറയുന്ന നിരവധി ഗ്രാമങ്ങൾ. പ്രയാണങ്ങൾ നമ്മളെ എങ്ങോട്ടാണ് നയിക്കുന്നത്? സന്തോഷങ്ങളിലേക്കോ അതോ സന്താപങ്ങളിലേക്കോ, രണ്ടും ഉണ്ടാകാം, വരവുകളെല്ലാം സന്തോഷങ്ങളും, തിരിച്ചുള്ള യാത്രകളെല്ലാം സന്താപങ്ങളുമാണ്, നാം തിരഞ്ഞെടുത്ത വഴികൾ, നാം തിരഞ്ഞെടുത്ത ജീവിതം, നല്ലതിനെ തള്ളിമാറ്റി, വല്ലതിലേക്കുമുള്ള യാത്രകൾ.

ഫറോക്കിൽ നേരത്തെത്തന്നെ വണ്ടിയെത്തി. കാത്തിരിക്കാൻ കൂട്ടുകാരൻ പറഞ്ഞതിനാൽ അവിടെത്തന്നെ ഇരുന്നു. പിറകെത്തന്നെ പരശുറാം എക്സ്പ്രസ്സ് എത്തി, നല്ല തിരക്കായിരുന്നു അതിൽ. മുമ്പിലത്തെ വണ്ടിയിൽ വന്നത് നന്നായി. പരശുറാം മുന്നോട്ടു നീങ്ങി, പ്ലാറ്റുഫോറം ഒഴിഞ്ഞു. ഞാനിരുന്ന ബെഞ്ചിൽ ഒരു വൃദ്ധനും ഞാനും മാത്രം. അവശനാണ്, കൈയിൽ ഒരു സഞ്ചിയും ഒരു വടിയുമുണ്ട്.

എന്തെ വണ്ടിയിൽ പോയില്ല? ഞാൻ ചോദിച്ചു. ഞാനിപ്പോൾ

പോകില്ല, കുറെക്കഴിഞ്ഞു അഞ്ചരക്കുള്ള പാസ്സഞ്ചറിൽ പരപ്പനങ്ങാടിയിലേക്കു പോകും, അവിടെയാ താമസം.

പിന്നെന്താ ഈ വശത്തിരിക്കുന്നത്? കാലത്തു വന്നപ്പോൾ ഇരുന്നതാ, വൈകീട്ട് തിരിച്ചു പോകും.

പേര് മണി, കണ്ണിനു കാഴ്ച കുറവ്, മറ്റു രോഗങ്ങളുമുണ്ട്, മുമ്പ് പണം കൊടുത്തു ഉപയോഗിക്കുന്ന ശൗച്യാലയത്തിനു മുന്നിൽ കാശു വാങ്ങാൻ ജോലി ചെയ്തിരുന്നു, അന്ന് മുന്നൂറുരൂപ കിട്ടുമായിരുന്നു. ഇപ്പോൾ വിളിക്കാറില്ല.

പരപ്പനങ്ങാടിയിലെ ഹോട്ടലുകളിലും ജോലി ചെയ്തിരുന്നു, ബംഗാളികൾ അധികമായതോടെ വിളിക്കാതെയായി.

താമസിക്കാൻ മുറിയുണ്ടോ? ഉണ്ട്, അവർ കരുണയുള്ളവരാണ്, രണ്ടു മാസമായി വാടക കൊടുത്തിട്ട്, കിട്ടുമ്പോൾ കൊടുക്കുമെന്നറിയാം, അതിനാൽ ഇറങ്ങിപ്പോകാൻ പറഞ്ഞിട്ടില്ല.

ഇന്ന് ഭക്ഷണം എന്തെങ്കിലും കഴിച്ചോ ഞാൻ ചോദിച്ചു. അതൊക്കെ കഴിച്ചു എന്ന് പറഞ്ഞു. നേരോ നുണയോ എനിക്കറിയില്ല, നുണയായിരിക്കും.

ജീവിതത്തിന്റെ ഒരു ആകാംക്ഷയോ, പ്രസരിപ്പോ ഒന്നുമില്ലാതെ ഒരു മുഖം. നാളെ എന്നൊന്നുണ്ടോ എന്നറിയാത്ത നിറം മങ്ങിയ കണ്ണുകൾ. ആ നിമിഷത്തിൽ ജീവിതത്തിന്റെ എല്ലാ അർത്ഥങ്ങളും അർത്ഥമില്ലായ്മകളും മുന്നിലേക്കൊന്നിച്ച് ഒരു കടൽപോലെ ഇറങ്ങിവന്നു.

അർത്ഥമില്ലാത്ത ചിന്തകൾ, ഉത്തരമില്ലാത്ത ജീവിതപ്രശ്നങ്ങൾ. നിസ്സഹായനായ മനുഷ്യൻ.

കൂട്ടുകാരൻ എത്താറായെന്ന് വിളിച്ചറിയിച്ചു.

ഒരു ചെറിയ തുക കൈയ്യിൽ കൊടുക്കുമ്പോൾ മണിചേട്ടൻ പറഞ്ഞു

ദൈവം അനുഗ്രഹിക്കട്ടെ!

# സൂര്യോദയങ്ങൾ

ഇന്നലെ സ്വദേശിയായ സുഹൃത്ത് പറഞ്ഞതാണ്, നാളെ കനത്ത തണുപ്പായിരിക്കും, ചിലപ്പോൾ മഴയുമുണ്ടാകാം. മറ്റുള്ളവരുടെ വാക്കുകൾ അവഗണിക്കുക എന്നത് നമ്മുടെ സഹജമായ വാസനയാണല്ലോ. ഉണർന്നെണീക്കുമ്പോൾ ഹീറ്റർ ഓണാക്കിയതിനാൽ പുറത്തെ തണുപ്പ് അറിഞ്ഞതേയില്ല. അവധിയായതിനാൽ സാധാരണ പാന്റും ഒരു ടീഷർട്ടുമാണ് അയാൾ ഇട്ടിരുന്നത്, അതിനാൽത്തന്നെ പുറത്തിറങ്ങിയതും, ശരിയായ തണുപ്പ് എന്താണെന്നറിഞ്ഞു. വിരലുകൾ കോച്ചിവിറച്ചു, വീശിയടിക്കുന്ന തണുത്ത കാറ്റ് ഒന്ന് പിടിച്ചു കുടഞ്ഞപോലെ തോന്നി, കാറിനുള്ളിൽ ആറു ഡിഗ്രി ആണെന്ന് കാണിച്ചു, ജാക്കറ്റ് എടുക്കാഞ്ഞത് വലിയ അബദ്ധമായെന്ന് അയാൾ തിരിച്ചറിഞ്ഞു.

കാറിന്റെ കണ്ണാടിച്ചില്ലിലൊന്നും തൊടാൻ വയ്യ, അതെല്ലാം തണുത്തുറഞ്ഞിരിക്കുന്നു. വണ്ടിയിലെ ഹീറ്റർ ഓണാക്കിയെങ്കിലും അതിൽനിന്നും ചൂടൊന്നും വരുന്നതായി തോന്നിയില്ല. അല്ലെങ്കിലും വേണ്ട നേരത്തു ഒന്നും പ്രവർത്തിക്കില്ലല്ലോ.

അവധിയുടെ ഈ വെളുപ്പാൻ കാലത്തു തനിക്കു മറ്റുള്ളവരെപ്പോലെ മൂടിപ്പുതച്ചു കിടന്നുറങ്ങിക്കൂടെ? അയാൾ അയാളോടുതന്നെ ചോദിച്ചു! അതിനു ഉറക്ക വിസക്കൊന്നുമല്ലലോ താനിവിടെ വന്നത്. ജീവിച്ചിരിക്കുമ്പോൾ പ്രവർത്തിക്കുക, പ്രവർത്തിച്ചുകൊണ്ടേയിരിക്കുക. അയാൾക്ക് ഭ്രാന്താണെന്ന് മറ്റുള്ളവർ പറയും, അതിനെന്താ, അവനവന്റെ പ്രവർത്തിമണ്ഡലങ്ങൾ ശ്രദ്ധിക്കുക, ജോലിക്കപ്പുറവും അയാൾ പിന്തുടരുന്ന ഒരുപാട് ലോകങ്ങൾ ഉണ്ട്, അതൊക്കെ എത്തിപ്പിടിക്കാൻ അയാൾക്ക് സമയമുണ്ടാകാറില്ല.

എല്ലാ ദിവസവും അയാൾ ഉറക്കം ബാക്കി വയ്ക്കും, പിറ്റേന്ന് അതിവേഗത്തിൽ തളർന്നുറങ്ങാൻ, ചിലപ്പോൾ ഉറക്കക്കുറവ് അയാളെ കനത്ത തലവേദനയിലേക്കും നയിക്കും. എപ്പോൾ ഉറങ്ങിയാലും അതിരാവിലെ ഉള്ള അലാറം അയാൾ മാറ്റാറില്ല, അതടിക്കുമ്പോൾ അയാൾക്കറിയാം, തനിക്കിന്ന് ഒരുപാടു കാര്യങ്ങൾ ചെയ്തുതീർക്കാനുണ്ട്. ഓരോ ദിവസവും യുദ്ധമാണ്, അയാളും സമയവും തമ്മിലുള്ള യുദ്ധം. എത്ര ക്രമീകരി

ച്ചാലും സമയം അയാളെ കീഴടക്കിയിരുന്നു, അയാളിലെ യോദ്ധാവിനാണെങ്കിൽ സമയത്തിന്നതീതമായി ഒരുപാടു കാര്യങ്ങൾ ചെയ്തുതീർക്കണം.

അവധിയാണെങ്കിലും ഹൈവേയിൽ വണ്ടികളുണ്ടായിരുന്നു. നിർമ്മാണത്തൊഴിലാളികളെ വഹിക്കുന്ന വലിയ ബസ്സുകൾ നിരനിരയായുണ്ട്, അതിന്നർത്ഥം, നഗരത്തിൽ ഒരുപാട് നിർമ്മാണപദ്ധതികൾ നടക്കുന്നു എന്നാണ്. വളരെ കൃത്യമായ പദ്ധതികളുമായി തലസ്ഥാനനഗരത്തിലെ പ്രവർത്തനങ്ങൾ എങ്ങും ദൃശ്യമാണ്, അവർക്കൊരു ലക്ഷ്യമുണ്ട്, അവരതിലേക്കു കൃത്യമായി കുതിക്കുന്നു.

ഓഫീസ് കെട്ടിടത്തിന്റെ അടിയിലുള്ള കാർ പാർക്കിങ്ങിലേക്ക് കടന്നപ്പോൾ തണുപ്പ് കുറഞ്ഞു, ഓഫീസിൽ സ്വദേശിയായ സെക്യൂരിറ്റി മുഴുനീളെയുള്ള തണുപ്പകറ്റാനുള്ള കനത്ത കുപ്പായമിട്ടിരിക്കുന്നു. അഭിവാദ്യം ചെയ്തപ്പോൾ അയാൾ ചോദിച്ചു, നിനക്ക് തണുക്കുന്നില്ലേ? ഉണ്ടെന്നു അയാൾ പറഞ്ഞു, ഇതുപോലെയൊന്ന് വാങ്ങൂ, നൂറു റിയാലേ ഉള്ളൂ; അങ്ങനെയാണെങ്കിൽ ഒന്ന് വാങ്ങണം, നാട്ടിൽ തണുത്തപ്രദേശങ്ങളിലേക്ക് യാത്ര പോകുമ്പോൾ നല്ലതാണ്.

സൂര്യൻ ഇനിയും ഉദിച്ചുണർന്നില്ല. കണ്ണാടിയിൽ നോക്കി അയാൾ അയാളോടുതന്നെ ചോദിച്ചു, തനിക്കു തിരക്കാണല്ലേ, ഒന്നും ഓർക്കാതിരിക്കാനുള്ള തിരക്ക്, മറ്റൊന്നും ചിന്തിക്കാതിരിക്കാനുള്ള തിരക്ക്, തന്നെക്കുറിച്ചുപോലും തിരിഞ്ഞു നോക്കാതിരിക്കാനുള്ള തിരക്ക്. അയാളുടെ ഉത്തരം, ഒരു മന്ദഹാസമായിരുന്നു.

ഓഫീസിന്റെ കണ്ണാടിപ്രതലങ്ങളിൽ സൂര്യന്റെ ആദ്യ സുവർണ്ണ രശ്മികൾ പതിച്ചു, പതിവുപോലെ അയാൾ ആവേശത്തോടെ വലിയ കണ്ണാടി ജനലയുടെ അവിടെനിന്ന് സൂര്യോദയം കണ്ടു, ഉദിച്ചുയരുന്ന സൂര്യനുനേരെ കൈകൾ കൂപ്പി, ഈ ജഗത്തിനു ഊർജവും പ്രകാശവും പകരുന്ന സൂര്യഗോളമേ, നിനക്ക് നന്ദി, മറുപടിയായി, സൂര്യൻ ആയിരം സൂര്യരശ്മികളാൽ അയാളെ ആലിംഗനം ചെയ്തു.

# അഹങ്കാരത്തിന്റെ ആഘോഷങ്ങൾ

ചൂടിന്റെ വരവറിയിച്ചു കുറച്ചു ദിവസമായി മേഘങ്ങൾ ഒരു മഴയ്ക്കായി കോപ്പുകൂട്ടുന്നു. ഒന്നും സംഭവിച്ചില്ല. എങ്കിലും മഴയൊന്നു തൂളിപ്പോയെന്നു കാറിന്റെ ചില്ലിലെ പുള്ളിക്കുത്തുകൾ പറഞ്ഞു.

അതിരാവിലെ കാറിന്റെ ചില്ലൊക്കെ തുറന്നിട്ട് പതുക്കെ വണ്ടിയോടിക്കാൻ ഒരു സുഖമാണ്. തണുത്ത ഇളംകാറ്റ് എന്തൊക്കെയോ പറയാനുണ്ടായിരുന്നു എന്ന് പറഞ്ഞു തലോടി പോകുമ്പോൾ, ആരൊക്കെയോ അദൃശ്യമായി തലോടി പോകുന്നത്പോലെ.

സിനിമ കൊട്ടകകൾ തുറന്നതിൽപ്പിന്നെ അതിന് പിറകെയാണ്. പണ്ട് തൃശ്ശൂർ രാഗത്തിൽ, മൈ ഡിയർ കുട്ടിച്ചാത്തൻ കാണാൻ പോയതാണ് ഓർമ്മ വരുന്നത്. പത്തു മണിയുടെ മോർണിംഗ് ഷോക്കാണ് പോയത്, ടിക്കറ്റ് കിട്ടിയത് മൂന്നുമണിയുടെ ഷോക്കും, എന്തുതന്നെയായാലും കണ്ടേ മടങ്ങൂ എന്ന, ചെറുപ്പത്തിന്റെ വാശി.

ഇന്നിപ്പോൾ കൊട്ടകകളുടെ നീളവും രൂപവും മാറി, ചെറുതു മുതൽ വളരെ വലുത് വരെ. ഇവിടെയെല്ലാം ചെറിയചെറിയ കൊട്ടകകളാണ്, വിവിധ രാജ്യക്കാർ, അവർക്കായി, ചെറിയചെറിയ തുരുത്തുകൾ!

അവരവരുടെ സ്വത്വത്തിലേക്കുള്ള തിരിച്ചുപോകലുകൾ, തിരിച്ചു നടക്കലുകൾ. കഥാപാത്രങ്ങളിൽ, കഥകളിൽ, അവനവന്റെ മുഖം തിരയുന്നവർ. കഥാപാത്രങ്ങളുടെ വേദനകളിൽ തങ്ങളുടേതുകൂടിയുണ്ടെന്ന അറിവിൽ സമാധാനിക്കുന്നവർ. ഓരോ സിനിമയും ശുഭപര്യവസായിയാകുന്നപോലെ തന്റെ ജീവിതവും ശുഭപര്യവസായിയായിരിക്കും എന്ന് സ്വയം വിശ്വസിക്കുന്നവർ.

സിനിമകൾ തീരല്ലേയെന്നും, സിനിമയിലെ നല്ല ജീവിതങ്ങൾ തുടരട്ടെയെന്നും കൊതിക്കുന്നവർ, യഥാർത്ഥ ജീവിതത്തിലേക്ക് തിരിച്ചു പോകാൻ ആഗ്രഹിക്കാത്തവർ.

ഇന്നത്തെ സിനിമ അഹങ്കാരത്തിന്റെ ആഘോഷങ്ങൾ നിറഞ്ഞതായിരുന്നു. എങ്കിലും അട്ടപ്പാടി, താവളം വഴി, മുള്ളിയിലേക്കും, മഞ്ചൂരിലേക്കും, ഊട്ടിയിലേക്കും ഒരു യാത്രപോകണം, അനേകം ഹെയർപിൻ റോഡുകൾ കടന്നു, കാട്ടിലൂടെ, കുറച്ചു ദൂരമെങ്കിലും, തമിഴ്നാട്ടിലെ

"ചെറിയ ബസ്സിൽ" (small bus) ഒന്ന് പോകണം, ബസ്സിന്റെ നമ്പറുകൾ ഒന്നും ഇതുവരെ കണ്ടെത്താനായില്ല. ഒരു തവണയേ അട്ടപ്പാടിയിൽ പോയിട്ടുള്ളൂ എങ്കിലും, കൺനിറയെ ആ കാഴ്ചകൾ ഇന്നുമുണ്ട്, അന്ന് ആനക്കട്ടിയിലേക്കു എത്തിയില്ല. സിനിമ അട്ടപ്പാടിയിലേക്കുള്ള രണ്ടാമത്തെ യാത്രയായിരുന്നു, ഒപ്പം തോൽക്കാൻ മനസ്സില്ലാത്ത കുറെ ജീവിതങ്ങളും.

എല്ലാവർക്കും ജയിക്കേണ്ട ഒരു ഭൂമിയിലാണ് നാമെല്ലാവരും ജീവിക്കുന്നത്. ചെറിയ വിജയങ്ങളിൽ അഹങ്കരിച്ചു, മറ്റുള്ളവരുടെ തകർച്ചകൾ നാം ആഘോഷിക്കുന്നു, അവർ അറിഞ്ഞും, അവരറിയാതെയും.

സത്യത്തിൽ അട്ടപ്പാടിയുടെ ജീവിതങ്ങളുടെ തകർച്ചയിൽ, ആഘോഷിക്കുന്നവർ അന്നാട്ടുകാരല്ല, ദൂരെയെവിടെയോ ഇരുന്ന് അവരുടെ ജീവിതങ്ങൾ നിയന്ത്രിക്കുന്നവരാണ്.

അല്ലെങ്കിൽ ഒരു മനുഷ്യൻ ഭക്ഷണത്തിനായി, നിരവധി മാടമ്പാരുടെ പിടിയിൽപ്പെട്ട് ഞെരിഞ്ഞുതീരില്ലായിരുന്നു.

# ഖുറൂജ് (Exit)

സർ ഞാൻ വിമാനത്തിനുള്ളിൽ കയറി, പതറിയ ശബ്ദത്തിൽ കരീം പറഞ്ഞു. പ്രതികരിക്കാൻ വാക്കുകളില്ലാതെ ഞാൻ നിശ്ശബ്ദനായിരുന്നു. ഉം എന്ന് മൂളി. ചെയ്തുതന്ന സഹായങ്ങൾക്കെല്ലാം നന്ദി, സർ ഉണ്ടായ തിനാൽ കുറച്ചു സഹായമൊക്കെ കിട്ടി. ഞാൻ വീണ്ടും മൂളി. മറ്റൊന്നും പറയാനില്ലായിരുന്നു.

ഇരുപതു വർഷത്തെ പ്രവാസജീവിതം കഴിഞ്ഞു, വെറുംകൈയോടെ മടങ്ങിപ്പോകുന്ന മനുഷ്യനോട് എന്താണ് പറയുക. പലരുടെയും കാരുണ്യ ത്താൽ കഴിഞ്ഞ പത്തു മാസങ്ങൾ തള്ളിനീക്കി. പല രീതിയിൽ ശ്രമിച്ചു, ജോലി ചെയ്തിരുന്നിടത്തെ വ്യാപാരമാന്ദ്യം, ഒരു വഴിയും തുറന്നില്ല, ഒന്നും നടന്നില്ല. അവരെ കുറ്റം പറയാനാകില്ല, കമ്പനികൾക്ക് പെട്ടന്നാണ് കോൺട്രാക്ടുകൾ നഷ്ടമാകുന്നത്. വലിയ തുക കൊടുക്കേണ്ടതിനാൽ മറ്റൊരു കമ്പനിയിലേക്ക് മാറാനും ആയില്ല. അവസാനം അവർക്ക് ചെലവായ കണക്കു കാണിച്ചു, തിരിച്ചു തരാൻ ഒന്നുമില്ലായിരുന്നു.

പ്രവാസജീവിതം അനിർവ്വചനീയമാണ്. എത്ര നല്ല ജോലിയായാലും, എത്ര വലിയ കമ്പനി ആയാലും, നാളെ ജോലിയുണ്ടോ എന്ന്, നാളെ നേരം വെളുക്കുമ്പോൾ ഓഫീസിൽ ചെല്ലുമ്പോൾ മാത്രം അറിയാം.

അനിശ്ചിതത്വം അതിന്റെ പേരാണ്, പ്രവാസം!

ഇന്നോ നാളെയോ, എപ്പോൾ വേണമെങ്കിലും ജോലി നഷ്ടപ്പെടാം. വളരെപ്പെട്ടെന്ന് ഒരു ജോലിയുമില്ലാതെ പുറത്തേക്കിറങ്ങുമ്പോൾ അയാൾ ഒന്നുമല്ലാതാകുന്നു, സാരമില്ല നമുക്ക് വേറെ നോക്കാം എന്ന് ചുമലിൽ കൈ വച്ച് പറയാൻ ആരും കാണില്ല, കാരണം, കൂടെയുള്ള വരും ഊഴം കാത്തു നിൽക്കുകയാകും.

മകളുടെ കല്യാണം കഴിഞ്ഞു, കടം വീട്ടാനാണ് കരീം, ശരീരം ഇനിയില്ല എന്ന് പറഞ്ഞിട്ടും വീണ്ടും വന്നത്, കഷ്ടിച്ച് രണ്ടു മാസം ജോലി ഉണ്ടായിരുന്നു. പത്തുമാസം കാത്തിരുന്നു, ഒന്നും ശരിയായില്ല.

പെട്ടെന്നൊരു ദിവസം വിളിച്ചു പറഞ്ഞു. ഖുറൂജ് അടിച്ചു, മെസ്സേജ് കിട്ടി, ഇനി കാത്തിരിക്കുന്നില്ല, നാട്ടിൽ പോകണം. എത്രയൊക്കെ വിഷമ

മുണ്ടായാലും പുഞ്ചിരിച്ചേ കരീം സംസാരിക്കൂ. ഈ മുഖാവസ്ഥ എങ്ങനെ വളർത്തിയെടുത്തു എന്ന് ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്.

ഇന്ന് എത്ര വലിയ ജോലി ചെയ്താലും, എത്ര വലിയ ശമ്പളം വാങ്ങിയവനായാലും, നാളെ ജോലിയില്ലാതെയാകുമ്പോൾ പ്രവാസി അനാഥനാകുന്നു. ഈ ലോകം ഉപേക്ഷിച്ചു വലിച്ചെറിഞ്ഞ ഒരനാഥൻ! അയാളിൽ നിറയുന്ന അസ്വസ്ഥതകൾ, അയാൾക്ക് സ്വയം നിയന്ത്രിക്കാൻ ആവുന്നതിൽ അധികമായിരിക്കും.

ആകുലതകൾ മാത്രം സമ്മാനിച്ച് അയാൾ അനാഥനായി, ഏകനായി നടക്കും, സ്വന്തം നിഴലുകൾപോലും ഭയപ്പെട്ടു, വഴികളില്ലാത്ത വൻമതിലുകൾക്കുമുന്നിൽ അറച്ചുനിന്ന്, തിരിച്ചറിയാത്ത വഴികളിലൂടെ, സ്വയം പോലും തിരിച്ചറിയാതെ, അസ്ഥിരതയുടെ ജീവിതത്തിലേക്ക്.......

●●●

# "തുന്നിച്ചേർക്കാത്ത വിരൽ" ഒരു പഠനം

**ജീ**വിതം തുന്നിച്ചേർക്കുന്ന ഓർമ്മകളും യാത്രകളും സാമ്പ്രദായിക സാഹിത്യത്തിന് പുതിയ ശാഖകളും വഴികളും നിത്യേനയെന്നോണം സംഭവിക്കുന്ന ഒരു കാലത്തിലൂടെയാണ് ലോകം സഞ്ചരിച്ചുകൊണ്ടി രിക്കുന്നത്. നമ്മുടെ ജീവിതപരിസരങ്ങളിൽ ഭയത്തിന്റെ വിത്തുമുളപ്പി ച്ചുകൊണ്ടും ആകസ്മികവിധികളെ ഓർമ്മപ്പെടുത്തിയും കടന്നുപോയ കൊവിഡ് വർഷങ്ങൾ ശാസ്ത്രപുരോഗതിയിലും സാങ്കേതികതയിലും കാര്യമായ ചലനങ്ങളുണ്ടാക്കിയെന്നത് തർക്കങ്ങൾക്കിടനല്കുന്നില്ല. എങ്കിലും ജീവിതത്തിന്റെ സമസ്തമേഖലകളും താറുമാറാക്കിയ ഒരു കാലത്തിന്റെ പ്രിയതരമായ ഒരു സംഭാവന എന്താണെന്നു ചോദിച്ചാൽ അത് സാഹിത്യപരമായ വളർച്ചയാണെന്ന് ചൂണ്ടിക്കാട്ടേണ്ടിവരും.

ചുരുങ്ങിയത് മലയാളത്തിലെങ്കിലും. കഥ, കവിത, നോവൽ തുടങ്ങിയ പരമ്പരാഗത സാഹിത്യരചനകൾക്കപ്പുറം ഓർമ്മയുടെയും യാത്രയുടെയും ഏകാന്തതയുടെയും അവനവൻകുറിപ്പുകൾ സാഹിത്യ ത്തിൽ കുറച്ചു കാലങ്ങളായി വളർച്ച നേടിയിട്ടുണ്ടെങ്കിലും ഇതെല്ലാം ഒത്തുചേരുന്ന കാല്പനികമായ ആഖ്യാനങ്ങൾ കൊവിഡാനന്തരകാലത്ത് മലയാളി എഴുത്തുപരിസരങ്ങളിൽ കൂടുതൽ സജീവമായിക്കഴിഞ്ഞിട്ടുണ്ട്. എഴുത്തിന്റെ പുതിയ വഴികളിലൂടെ സഞ്ചരിക്കുന്നവരുടെ മുൻനിരയിലേ ക്കുള്ള പ്രയാണം എളുപ്പമാകില്ലെന്ന തിരിച്ചറിവ് അനുഭവങ്ങളിൽനിന്ന് സ്വായത്തമാക്കാൻ കഴിഞ്ഞിട്ടുള്ളവരായതുകൊണ്ടാവാം യാതൊരുവിധ മാത്സര്യബുദ്ധിയും ബാധ്യതയാകുന്നില്ലെന്ന സ്വതന്ത്രമായ അവസ്ഥയി ലൂടെ കടന്നു പോകാൻ അവർക്കു കഴിയുന്നുണ്ട്. ഓർമ്മയിലൂടെ നടന്ന വഴികളും പഠിച്ച നാളുകളും പ്രവാസത്തിന്റെ അതിജീവനദേശങ്ങളും ജീവിതത്തിന്റെ ഏതു വേവുകളിലും കൊടുംശൈത്യത്തിലും സ്വന്തം അച്ഛനിൽ നിന്നുമാത്രം കണ്ടെടുക്കാനാവുന്ന സഹനവും അനുഗ്രഹ ങ്ങളും പ്രണയത്തിന്റെ അപൂർവ്വതയിൽ നിന്നുമാത്രം ലഭ്യമായേക്കാവുന്ന ബൗദ്ധികമായ തിരിച്ചറിവുകളും ആത്മാവിന്റെ രക്ഷാമാർഗ്ഗങ്ങളായി രൂപപ്പെടുന്നുവെന്ന കണ്ടെത്തലാണ് കാവല്ലൂർ മുരളീധരൻ എഴുതിയ

'തുന്നിച്ചേർക്കാത്ത വിരൽ 'എന്ന ആത്മകഥാപരമായ പുസ്തകത്തിനെ സവിശേഷമായ ഒരു വായനാനുഭവമാക്കുന്നത്.

വിശന്നുകരഞ്ഞ വളർത്തുപശുവിനെ വെള്ളം കുടിക്കാൻ അഴിച്ചു വിടുമ്പോൾ, വിശപ്പിനും ദാഹത്തിനും പരിഹാരമായി സ്വാതന്ത്ര്യത്തിലേക്ക് ഇടം തേടിയോടുന്ന അതേ പശുവിന്റെ ചവിട്ടേറ്റ് വിരൽ നഷ്ടപ്പെടുന്ന അച്ഛന്റെ നിസ്സംഗതയും അതു തുന്നിച്ചേർക്കാൻ ശ്രമിക്കാതെ മുറിവുകഴുകി വൃത്തിയാക്കി ഒന്നും സംഭവിക്കാത്തതുപോലെ ജീവിതത്തിലേക്ക് സാധാരണപോലെ ചുവടുവയ്ക്കുന്നിടത്താണ് ഓർമ്മകളുടെ തുടക്കം.

വിദ്യാഭ്യാസകാലവും ബോംബെയിൽ ജോലി ചെയ്ത തൊണ്ണൂറുകളുടെ തുടക്കവുമാണ് രണ്ടാം ഘട്ടം. ഓർമ്മകളുടെയും നേടലുകളുടെയും നഷ്ടപ്പെടലുകളുടെയും പ്രവാസപർവ്വമാണ് മൂന്നാം ഘട്ടം.

അച്ഛനുമൊത്തുള്ള ആത്മസ്പർശിയായ അനുഭവക്കാഴ്ചകളുമായി ആരംഭിക്കുന്ന പുസ്തകം യാത്രകളുടെയും പ്രണയത്തിന്റെയും ഓർമ്മകളുടേതുമായി മാറുന്നു. പലപ്പോഴും ബോധധാരാ സമ്പ്രദായത്തിലുള്ള ഒരു ആഖ്യായികയുടെ വായനസുഖത്തിലേക്ക് അനുവാചകരെ കൈപിടിച്ചുനടത്തുന്നു.

തിരികെ പടിയൂരിലെ ആരണ്യകം എന്ന വീട്ടിലേക്കും അച്ഛന്റെ ജീവിതത്തിലേക്കും ഓർമ്മയിലേക്കും തിരിച്ചെത്തുന്നു. കാലഹരണപ്പെട്ട ഇടങ്ങളും പുണ്യപാപങ്ങളും തേടി അതിർത്തി കടന്നോടുന്ന സഞ്ചാരവഴികൾ. തിരികെ ആരണ്യകത്തിൽ അമ്മയെയും സഹോദരങ്ങളെയും തിരക്കിട്ട പ്രദക്ഷിണവഴികളിൽ കണ്ടുമുട്ടുന്ന സുഹൃത്തുക്കളെയും നാട്ടുവഴികളെയും പരിചയപ്പെടുത്തുന്നു.

പ്രളയവും പകർച്ചവ്യാധിയും നാട്ടിലും പ്രവാസജീവിതത്തിലുമുണർത്തുന്ന ആകുലതകളും അതിജീവന സാധ്യതകളും പങ്കുവയ്ക്കുന്നു. ഒപ്പം,പിന്നിടുന്ന ഓരോ യാത്രയും ഓരോ ഋതുവും ഓരോ അനുഭവമാണെന്ന തോന്നൽ വായനക്കാരിലും അവശേഷിപ്പിക്കുന്ന കൃതഹസ്തത തുളുമ്പിനിൽക്കുന്ന ആഖ്യാനത്തിന്റെ ഭംഗിയും.

ആരോ എഴുതിത്തയ്യാറാക്കിയ ഒരു പുരാവൃത്തത്തിലെ ജീവിതം അനുഭവിക്കാൻ വിധിക്കപ്പെടുന്ന പ്രവാസികളെ എഴുത്തുകാരന്റെ കാഴ്ചപ്പാടിലൂടെ വീണ്ടെടുക്കാനുള്ള ശ്രമങ്ങൾ ഈ പുസ്തകത്തിന് വേറിട്ട ദിശാബോധവും ദൃശ്യഭംഗിയും നല്കുന്നുണ്ട്. പലനാടുകളിൽ നിന്ന് പല കാരണത്താൽ പ്രവാസികളാവുന്നവരെ എഴുത്തുകാരൻ കണ്ടെത്തി അവതരിപ്പിച്ചിട്ടുണ്ട്. പ്രവാസം ഒരു അവസ്ഥയാണെന്നും അത് പലർക്കും പല അനുഭവങ്ങളും പാഠങ്ങളുമാണ് സമ്മാനിക്കുന്നതെന്നുമാണ് എഴു

ത്തുകാരൻ സൂചിപ്പിക്കുന്നത്. ഒരിക്കൽ എത്തിപ്പെട്ടാൽ തിരിച്ചുപോകാൻ സാധിക്കാത്തവരാണധികവും. വർഷങ്ങൾ തങ്ങി തിരിച്ചുപോയാലും വീണ്ടും തിരികെയെത്തുന്നവരും നഷ്ടബോധങ്ങളില്ലാതെ തിരിച്ചുപോകുന്നവരുമെല്ലാം നിയതിയുടെ കളിപ്പാട്ടമാവുകയാണ് പ്രവാസജീവിതത്തിൽ, എന്ന കണ്ടെത്തലും എഴുത്തുകാരൻ പങ്കുവെക്കുന്നുണ്ട്.

ആഖ്യായികയുടെ ചാരുതയും യാത്രകൾ നല്കുന്ന ദൃശ്യഭംഗിയും അനുഭവങ്ങളുടെ ചൂടും ചൂരും ഈ പുസ്തകത്തിലൂടെ സമ്മാനിക്കാൻ എഴുത്തുകാരൻ വിജയകരമായി ശ്രമിച്ചിട്ടുണ്ടെന്നത് ശ്രദ്ധേയമാണ്.

ഒരർത്ഥത്തിൽ പ്രവാസം, വിരഹം എന്നിവയെല്ലാം, അറിഞ്ഞോ അറിയാതെയോ തുന്നിച്ചേർക്കാനാവാത്ത വിധത്തിൽ നഷ്ടപ്പെട്ടു പോയ വിരലാണ്. പുസ്തകത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചിട്ടുള്ള, സ്വാതന്ത്ര്യത്തിനും ഭക്ഷണത്തിനുമായി പാഞ്ഞുപോകുന്ന പശുജീവിതമാണ് മറ്റൊരർത്ഥത്തിൽ പ്രവാസം.

അതിന്റെ വേദനിക്കുന്ന ഓർമ്മയിൽ ചലനമറ്റു പോയതെങ്കിലും ചോരയൊലിക്കുന്ന വിരൽ ഹൃദയത്തോടു ചേർത്തുവയ്ക്കുന്നവരുടെ വേദന ആരും തിരിച്ചറിയാതെ പോകുന്നു. പ്രവാസവും വിരഹവും നഷ്ടമായ ഒരു വിരലിന്റെ ഓർമ്മപോലെ മനുഷ്യജീവിതത്തെ പിന്തുടർന്നുകൊണ്ടേയിരിക്കും. എത്ര ഹൃദയത്തോടു ചേർത്തുവെച്ചാലും ഒരിക്കലും തുന്നിച്ചേർക്കാനാവാത്ത വിധം ആ വിരൽ പ്രവാസിയുടെ ജീവിതം പോലെ പിടഞ്ഞു നിശ്ചലമാകുമെങ്കിലും.

കാവല്ലൂർ മുരളീധരന്റെ 'തുന്നിച്ചേർക്കാത്ത വിരൽ' വായനക്കാരെ പിന്തുടരാൻ പ്രേരിപ്പിക്കുന്ന ഒരു കൃതിയാണ്. പ്രവാസികൾക്ക് സ്വന്തം അനുഭവപരിസരങ്ങളിൽ നിന്നും വീണ്ടെടുക്കാനാവുന്നതെങ്കിലും വ്യത്യസ്തനായ ഒരെഴുത്തുകാരന്റെ ഹൃദയസ്പർശിയായ ജീവിതവീക്ഷണങ്ങൾ ഈ പുസ്തകത്തിന് അസാധാരണമായ ചന്തം നല്കുന്നുണ്ട്.

**രാധാകൃഷ്ണൻ വെട്ടത്ത്**

# തുന്നിച്ചേർത്ത ഹൃദയം

**എ**ട്ടാം 'കാലത്തിൽ' എഴുത്തുകാരൻ ഇന്ദുഗോപനെക്കുറിച്ചെഴുതിയപ്പോൾ ഞാനിങ്ങനെ എഴുതിയിരുന്നു, 'കാലം എപ്പോഴും ഒരുപോലിരിക്കില്ല. ഒരാളെ കണ്ടുമുട്ടുമ്പോൾ അയാളുടെ ജീവിതത്തിൽ എന്തൊക്കെ മാറ്റങ്ങൾ കാലം കൊണ്ടുവരുമെന്നു പ്രവചിക്കാൻ ബുദ്ധിമുട്ടാണ്' എന്ന്. പത്താം കാലത്തിന്റേയും മുഖവുര മറ്റൊന്നല്ല. പക്ഷേ, കൂട്ടിച്ചേർക്കാനുണ്ട്; കാലമെന്ന പ്രവാഹത്തെ തടഞ്ഞുനിർത്താൻ കഴിയില്ലെങ്കിലും അതിനെ മെരുക്കാൻ കഴിയുന്ന ചിലരുണ്ട്. അതവരുടെ കഠിനാധ്വാനവും നിശ്ചയദാർഢ്യവും ചേർന്ന് നേടിക്കൊടുക്കുന്ന അസാധാരണ കഴിവാണ്.

മുരളീധരൻ എന്നു പേരായ ഒരു സുഹൃത്ത് എനിക്കുണ്ടായിരുന്നു, സഹപാഠിയുമാണ്. പ്രീഡിഗ്രിക്ക് ക്രൈസ്റ്റ് കോളജിൽ ഞങ്ങളൊരുമിച്ചാണ് പഠിച്ചത്. അയൽക്കാരനാണ് എന്നും പറയാം. വളവനങ്ങാടിക്കടുത്താണ് മുരളീധരന്റെ വീട്. കോളജിൽ പോയിത്തുടങ്ങിയപ്പോഴാണ് പടിയൂരിൽനിന്നുള്ള വലിയൊരു സുഹൃത്സംഘം രൂപപ്പെട്ടത്. വളവനങ്ങാടി സ്കൂളിനു സമീപം വീടിനായി ആരോ പണിതിട്ടിരിക്കുന്ന ഒരു തറയായിരുന്നു ഞങ്ങളുടെ സങ്കേതം. അതുകൊണ്ടുതന്നെ നാട്ടുകാർ ഞങ്ങളെ 'തറക്കമ്പനി' എന്നു വിളിച്ചുപോന്നു. ആ പേരിൽ ഞങ്ങൾ അഭിമാനംകൊണ്ടു.

സുനിൽ പൂവേലി, വിജു, സഹോദരങ്ങളായ രമേശ്, രതീഷ്, രാജേഷ്, സഹോദരങ്ങൾതന്നെയായ സിൻസ്കുമാറെന്ന സിൻസും റപ്പായി എന്നു വിളിപ്പേരുള്ള ബിജുവും, മുരളീധരന്റെ അടുത്ത ബന്ധുക്കളായ ഇല്ലിച്ചും, സുഭാഷും, ആപ്പി എന്നു പ്രസിദ്ധനായ റഫീക്ക്, ചെണ്ട ബാബുവെന്ന സതീഷ് ബാബു, സതീശൻ, മുരളീധരൻ രണ്ടാമൻ (ഓട്ടോ മുരളി), വാവ (സുധി), മനോജ് എന്ന മനു, സുനിലിന്റെ വല്ല്യച്ചന്റെ മകൻ സാജൻ, മുരളീധരൻ കാവല്ലൂർ എന്ന കഥാപുരുഷൻ, പിന്നെ ഞാനും. ഇത്രയും സജീവാംഗങ്ങൾക്കു പുറമേ അഫിലിയേറ്റഡായ നിരവധി പേർ വേറേയുമുണ്ടായിരുന്നു, തറകമ്പനിയിൽ ഇടക്കിടെ സന്ദർശനം നടത്തുന്നവർ. മൊത്തത്തിൽ ഒരു വലിയ സംഘം. ഗൂഗിളിൽ തിരഞ്ഞാൽ കെട്ടുചിറ, വളവനങ്ങാടി, മതിലകം കടവ്, മുഞ്ഞനാട്, രണ്ടാം നിലംപതി വരെ വ്യാപിച്ചു കിടക്കും സംഘാംഗങ്ങളുടെ താവളങ്ങൾ.

കോളജ് വിട്ടുവന്നാൽ വോളിബോൾ, ക്രിക്കറ്റ്, ഫുട്ബോൾ, കബഡി, ബാഡ്മിന്റൺ എന്നിങ്ങനെ സീസണനുസരിച്ച് കളികൾ (ചീട്ടുകളിക്കാരുടെ പേരുകൾ വെളിപ്പെടുത്തില്ല) വായനശാലാ പ്രവർത്തനം, സിനിമ കാണൽ, കിലോമീറ്റേഴ്സ് ആൻഡ് കിലോമീറ്റേഴ്സ് സൈക്കിൾ ചവിട്ടി എടതിരിഞ്ഞിയിലുള്ള കള്ളുഷാപ്പിൽ പോയി വല്ലപ്പോഴും കള്ളുകുടി (അടിയന്തരഘട്ടത്തിൽ കെട്ടുചിറ ഷാപ്പും സന്ദർശിക്കാറുണ്ട്). വൈക്കത്തെ ഉത്സവത്തിനും വിഷുവിനും സിനുവിന്റേയും വിജുവിന്റേയും വീട്ടിൽ സോമരസം നുകരൽ, ക്രിസ്മസ്, ഈസ്റ്റർ കാലഘട്ടത്തിൽ എന്റെ വീട്ടിൽ വൈനാട്ടം. മദ്യപിക്കാത്തവരും കൂട്ടത്തിലുണ്ടെങ്കിലും എല്ലാവരും ഒത്തുചേരും. കുടിച്ചു പാസായവരെ (പൂസായി എന്നു പറയാൻ പാടില്ല) വീട്ടിലെത്തിക്കണ്ടേ!.

എന്നെ സംബന്ധിച്ചിടത്തോളം ജീവിതം അത്രത്തോളം സുന്ദരവും ആസ്വാദ്യകരവുമായുള്ള ഒരു കാലഘട്ടം ഉണ്ടായിട്ടില്ലെന്നു പറയാം. അഞ്ചുവർഷം അതു നീണ്ടു. ഡിഗ്രി കഴിഞ്ഞപ്പോഴേക്കും സംഘം പിരിഞ്ഞു. ഓരോരുത്തർ ഓരോ വഴിക്കായി.

മുരളീധരന് ആരോ, എപ്പോഴോ മുരൻ എന്നു പേരിട്ടിരുന്നു. സുനിൽ ആണെന്നാണ് കരുതുന്നത്. അതോ ചെറുപ്പത്തിലേ വീട്ടിൽ വിളിച്ചിരുന്ന ഓമനപ്പേരാണോ എന്ന് ഓർമയില്ല. മുരൻ ഒരു അസുരന്റെ പേരാണ്. മുരനെ വധിച്ചതിനാലാണല്ലോ മഹാവിഷ്ണുവിന് മുരാരി എന്ന പേര് സിദ്ധിച്ചത്. അതുകൊണ്ടുതന്നെ മുരളിക്ക് ഈ പേരു വിളിയിൽ ആദ്യം വലിയ ഇഷ്ടമൊന്നുമുണ്ടായിരുന്നില്ല. (കഥ, കഥപോലെ പറഞ്ഞാൽ ഏകാദശി എന്ന ദേവിയാണ് മുരനെ വധിച്ചത്. മുരനുമായി യുദ്ധം ചെയ്ത് തളർന്ന വിഷ്ണുവിനെ മുരൻ കൊല്ലാനൊരുങ്ങുകയായിരുന്നു. വൺ, റ്റു, ത്രീ... ബ്രഹ്മാസ്ത്രം വച്ച് ഉന്നം നോക്കുന്നതിനിടെ ഏകാദശി വന്ന് ചറപറാ അമ്പെയ്ത്ത് നടത്തി. മുരൻ ഡും. പക്ഷേ ക്രെഡിറ്റ് വിഷ്ണുവിനാണ് ലഭിച്ചതെന്നു മാത്രം. അതങ്ങനെയാണല്ലോ! അവരൊക്കെ വല്യവല്യ ആളുകൾ).

മുരളിയുടെ അച്ഛൻ കണിശക്കാരനായിരുന്നു. വീട്ടിൽ അച്ചടക്കം നിർബന്ധം. കൂട്ടത്തിലിരിക്കുമ്പോഴും മുരളിയുടെ ശ്രദ്ധ സൂര്യൻ പടിഞ്ഞാറോട്ട് ചായുന്നതിലായിരുന്നു. വീട്ടിലെത്താനുള്ള സമയംകൂടി കണക്കാക്കി കൃത്യസമയത്ത് സൈക്കിൾ വിടും. എൻസിസി കാഡറ്റ് കൂടിയായപ്പോൾ അച്ചടക്കം അങ്ങേത്തലക്കെലെത്തി. (ഞാനും മുരളിയും ഒരുമിച്ചാണ് എൻസിസിയിൽ ചേർന്നതെങ്കിലും ഞാൻ ഒട്ടും താമസിയാതെ ആയുധം വച്ച് കീഴടങ്ങി). മുരളി ആരോഗ്യദൃഢഗാത്ര

നായിരുന്നു. സൈക്കിൾ ചവിട്ടും ഓട്ടവുമായിരുന്നു പ്രധാന വിനോദം. പടിയൂരിലെ പല വീടുകളിലുമെന്നപോലെ മുരളിയുടെ വീട്ടിലും നെൽകൃഷി ഉണ്ടായിരുന്നു. പാടത്തെ പണിക്ക് മുരളിക്ക് നിർബന്ധമായും പങ്കെടുക്കേണ്ടിയിരുന്നു. ഇതെല്ലാം ചേർന്നായിരിക്കണം മുരളി ഒരു മുരടനും അതുവഴി മുരനും ആയിത്തീർന്നത്.

തറക്കമ്പനിയിൽ സജീവാംഗമായിരുന്നെങ്കിലും കൂട്ടത്തിലെ ഒറ്റയാനായിരുന്നു മുരളി. ചിരി കുറവ്, എപ്പോഴും ഗൗരവം. മുരളിയുടെ വീട്ടിലന്ന് സാമ്പത്തികനില അത്ര ഭദ്രമായിരുന്നില്ല. അതുകൊണ്ടുതന്നെ പണം ചെലവാക്കുന്നതിൽ നല്ല പിടുത്തം. ചിട്ടയായ ജീവിതം. പെൺകുട്ടികളെക്കുറിച്ചുള്ള ചർച്ചകളിലെല്ലാം മൂപ്പർക്ക് മൗനം. തറക്കമ്പനിക്കാർ പരസ്പരം കളിയാക്കുന്നതിൽ അതീവവൈദഗ്ദ്യം നേടിയവരായിരുന്നു. കൂട്ടത്തിൽ മുരളിയേയും കളിയാക്കും. പക്ഷേ ഒരു ചിരിയോ പുരികക്കൊടി ഉയർത്തലോ ഇല്ലാതെ മുരളി അതെല്ലാം സ്വീകരിക്കും, നിർവികാരനായി. തിരിച്ച് ആർക്കെതിരേയും ആയുധമെടുക്കില്ല. സുനിലുമായുള്ള സഹവാസംമൂലമാണെന്നു തോന്നുന്നു, സാഹിത്യത്തിൽ കമ്പം കയറിത്തുടങ്ങി. എൻസിസിയിൽ മുരളി ഉയരങ്ങൾ കീഴടക്കി. ഞങ്ങളെല്ലാവരും പ്രതീക്ഷിച്ചത് മുരളി ഒരു പട്ടാളക്കാരനാകുമെന്നായിരുന്നു. പക്ഷേ പട്ടാളത്തിലേക്ക് തിരിഞ്ഞുനോക്കാതെ, ഉന്നത പഠനത്തിന് നിൽക്കാതെ ഡിഗ്രി കഴിഞ്ഞ് മുരളി തൊഴിലന്വേഷിച്ച് ബോംബെയ്ക്ക് പോയി. വീടിന്റെ ഭാരമെല്ലാം മുരളിയുടെ ചുമലിലായതായിരിക്കാം കാരണം.

തറക്കമ്പനിയിൽ പിന്നീട് മുരളിയുടെ ബന്ധം സുനിൽ മാത്രമായി ചുരുങ്ങി. ബോംബെയിലെ കഷ്ടപ്പാട് നിറഞ്ഞ ജീവിതത്തിനുശേഷം മുരളി സൗദി അറേബ്യയിലെത്തി. ഒരിക്കൽ ലീവിന് വന്നപ്പോൾ സുനിലിനോടൊപ്പം വീട്ടിൽ വന്നു. കൂളിമുട്ടം കടപ്പുറത്ത് കുറച്ച് സ്ഥലം വാങ്ങുന്ന കാര്യം അന്നു പറഞ്ഞു. പിന്നീട് സുനിലാണ് പറഞ്ഞത്, മുരളിയുടെ ജീവിതം ആകെ മാറിമറിഞ്ഞെന്ന്. നാട്ടിലെ ഭേദപ്പെട്ട ധനവാന്മാരിൽ ഒരാളായി മുരളി മാറിയിരിക്കുന്നു. പലയിടത്തും സ്ഥലങ്ങൾ വാങ്ങിയിട്ടുണ്ടെന്നും സാമ്പത്തികനില ഭദ്രമാണെന്നും പറഞ്ഞത് ബന്ധുകൂടിയായ ഇല്ലിച്ചാണ്. പടിയൂരിലെ അക്കാലത്തെ ഏറ്റവും സുന്ദരിയായ പെൺകുട്ടിയെ സഹധർമിണിയാക്കി മുരളി പലരേയും ഞെട്ടിച്ചു.

കാലത്തിന്റെ ഒരു വഴിത്തിരിവ് അതാണ്. പക്ഷേ എന്നെ അദ്ഭുതപ്പെടുത്തിയത് സുനിൽ വീട്ടിൽ കൊണ്ടുതന്ന കാവല്ലൂർ മുരളീധരൻ എഴുതിയ പുസ്തകമാണ്. 'തുന്നിച്ചേർക്കാത്ത വിരൽ' എന്നാണ് പുസ്തകത്തിന്റെ പേര്. മുരളിയുടെ ആത്മകഥയെന്നു തന്നെ അതിനെ വിശേഷിപ്പിക്കാം. മുരളി

ഒരു പുസ്തകമെഴുതി എന്നതായിരുന്നു ആദ്യത്തെ വിസ്മയം. പുസ്തകം പുറത്തിറങ്ങിയ വിശേഷം പങ്കുവച്ച് രമേശ് പറഞ്ഞു, 'ഞാനവനൊരു സ്പോർട്സ്കാരനാകുമെന്നു കരുതിയിരുന്നു. എഴുത്ത് ഒരിക്കലും പ്രതീക്ഷിച്ചില്ല, കാക്കിക്കുള്ളിലെ കവിഹൃദയം എന്നു പറഞ്ഞാൽ ഇതാണ്'.

പുസ്തകത്തിലേക്കു വന്നാൽ, ഹൃദയം പകുത്തുനീട്ടിയ പെൺകുട്ടിയെ മരവിച്ച മുഖത്തോടെ നോക്കിനിന്നവനെ കാണാം. ഒരുപാട് വർഷങ്ങൾക്കു ശേഷം അവളവനെഴുതിയ കുറിപ്പിൽ എത്രമനോഹരമായി മുരളിയെ ചിത്രീകരിച്ചിരിക്കുന്നു. 'അവസാന വിജയങ്ങൾ മാത്രമാണ് നിന്റെ ലക്ഷ്യങ്ങൾ. അപ്പോഴും ഒരു വികാരവുമില്ലാതെ ഒരു മരംപോലെ നീ നിന്നു. വിജയങ്ങൾ എന്നും ഉള്ളിൽ മാത്രം ആഘോഷിക്കുന്നവൻ. പുറത്തേക്ക് ഒന്നുംതന്നെ കാണിക്കാതെ എങ്ങനെയാണ് നീ മുന്നോട്ടു പോകുന്നത്. എന്നാണ് നിന്നെ ഒന്നു ചിരിച്ചു കാണുക? നീ പട്ടാളത്തിൽത്തന്നെയായിരുന്നു ചേരേണ്ടിയിരുന്നത്.'

കഠിനഹൃദയനെന്നു ഞാൻ കരുതിയിരുന്ന മുരളിയുടെ അച്ഛനെക്കുറിച്ച് മുരളി വരച്ചുവയ്ക്കുന്ന ചിത്രം മറ്റൊന്നാണ്. അച്ഛനായിരുന്നു മുരളിയുടെ പ്രപഞ്ചത്തിന്റെ നക്ഷത്രശോഭ. ആ പ്രകാശം ഇപ്പോഴിതാ മക്കളിലേക്കും പ്രവഹിക്കുന്നു. മറ്റുള്ളവരെല്ലാം, അമ്മയും ഭാര്യയുംപോലും അവിടെ അതിഥികളാണ്. എന്നാൽ അച്ഛന്റെ മരണത്തെ, ശേഷക്രിയകളെ എത്ര സ്വാഭാവികമായും സമചിത്തതയോടെയുമാണ് മകൻ സമീപിക്കുന്നത്.

പ്രളയത്തെക്കുറിച്ചും കൊവിഡിനെക്കുറിച്ചും പ്രവാസജീവിതത്തെക്കുറിച്ചും പരാമർശിക്കുന്ന പുസ്തകത്തിൽ മുരളിയുടെ ഹൃദയം പ്രണയംകൊണ്ട് പൂത്തുലഞ്ഞു നിൽക്കുന്ന കാഴ്ചകണ്ട് ഞാനമ്പരന്നു. വാക്കുകൾ വർണശലഭങ്ങളായി പറന്നുനടക്കുന്നു. എനിക്കോ എൻസിസി ക്യാമ്പിൽ വച്ച് മുരളിയുമായി ഏകപക്ഷീയ പ്രണയത്തിൽ വീണ പെൺകുട്ടിക്കോ പരിചയമുണ്ടായിരുന്ന മുരനായിരുന്നില്ല അത്. എപ്പോഴോ മുരൻ മുരാരിയായി മാറി, അല്ലെങ്കിൽ നേരത്തെ തന്നെ അങ്ങനെ ആയിരുന്നോ? മുരന്റെ ഉള്ളിൽ ആരേയും കാണിക്കാതെ മറ്റൊരാളെ ഒളിപ്പിച്ചു വച്ചിരുന്നോ?

ആനന്ദിന് വിഹരിക്കാൻ ഇത്രയേറെ സ്ഥലം മുരളി അനുവദിക്കരുതായിരുന്നു എന്നാണെന്റെ ഏക അഭിപ്രായവ്യത്യാസം – ചങ്കിലും എഴുത്തിലും.

തുന്നിച്ചേർക്കാത്ത വിരൽ മുരളിയുടെ അച്ഛന്റേതായിരുന്നു. വീട്ടിലെ നന്ദിനിപ്പശു ചവിട്ടി അച്ഛന്റെ കാൽവിരലൊടിഞ്ഞ് അറ്റുവീണു. അതെടുത്ത് ഷർട്ടിന്റെ കീശയിലിട്ട് മുറിവ് സ്വയം വച്ചുകെട്ടി. തെങ്ങിന്റെ

തടത്തിൽ ഒരു കുഴി കുഴിച്ച് വിരലവിടെ സംസ്കരിച്ചു.

വായിക്കുമ്പോൾ വല്ലാത്ത കുളിരു കോരും. അറ്റുപോയ വിരൽ എന്നല്ല, തുന്നിച്ചേർക്കാത്ത വിരലെന്നാണ് മുരളി പുസ്തകത്തിന് പേരിട്ടത്. ചോര ചോരയെ തിരിച്ചറിയുമ്പോൾ മറ്റൊരു പേരെങ്ങിനെയിടും മേരീ ജാൻ?

**ബിജോ സിൽവേരി**



**കാവല്ലൂർ മുരളീധരൻ**

# തുന്നിച്ചേർക്കാത്ത വിരൽ

കാവല്ലൂർ മുരളീധരന്റെ കഥകളിലെ മരതകകാന്തി മനുഷ്യസ്നേഹത്തിന്റെ ഉദ്ദീപനങ്ങളിൽ അധിഷ്ഠിതമാണ്. അനൗപചാരിക കൂട്ടായ്മകളാണ് ഏറ്റവും പ്രകടമായ സാമൂഹ്യ സുരക്ഷാസംവിധാനങ്ങൾ എന്നത് അനുഭവസാക്ഷ്യമായി ഇതിൽ വെളിപ്പെടുന്നു. തളരുന്ന തലമുറയ്ക്ക് താങ്ങാവുന്ന മനുഷ്യബന്ധങ്ങളിലെ backward linkageന് അപ്രമാദിത്വം നൽകുന്ന ഈ എഴുത്തുകാരൻ മൂല്യബോധത്തിന്റെ സംരക്ഷകനായി രൂപാന്തരപ്പെടുന്നു.

₹ 200

സാഹിതി പബ്ലിക്കേഷൻസ്
ഇഷാര കോംപ്ലക്സ്
ഇലവുംതിട്ട പി.ഒ., പത്തനംതിട്ട
Reg. No. PTM/TC/23/2022
www.sahithisangama.com

ISBN: 978-93-94587-61-8
9 789394 587618 01